VIII. റൂൾ 300 അനുസരിച്ചുള്ള സ്റ്റേറ്റുമെന്റ്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ) : സർ, റൂൾ 300 അനുസരിച്ച് ഒരു സ്റ്റേറ്റുമെന്റ് സഭയിൽ സമർപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. എല്ലാ സംസ്ഥാന സർവ്വീസ് പെൻഷൻകാർക്കും ഫാമിലി പെൻഷൻകാർക്കും ഇടക്കാലാശ്വാസം നൽകാൻ തീരുമാനിച്ചിരിക്കുകയാണ്. സംസ്ഥാന സർവ്വീസ് പെൻഷനേഴ്സിന് പ്രതിമാസം 50 രൂപയും പാർട്ട് ടൈം കണ്ടിജൻസി എംപ്ലോയിസ് പത്തുരൂപയും ഫാമിലി പെൻഷനേഴ്സ് 30 രൂപയുമാണ് പ്രതിമാസ ഇടക്കാല അലവൻസ്. ഇത് 1-4-1996 മുതൽ നടപ്പിലാകുന്നതാണ്. രണ്ടുലക്ഷത്തി ആയിരത്തി മുന്നൂറ്റി തൊണ്ണൂറ്റി ഒന്ന് (2,01,391) പെൻഷൻകാർക്കും ഒരു ലക്ഷത്തി ആറായിരത്തി അഞ്ഞൂറ്റി ഇരുപത്തിമൂന്ന് (1,06,523) ഫാമിലി പെൻഷൻകാർക്കും 2000 പാർട്ട് ടൈം കണ്ടിജൻസി പെൻഷൻകാർക്കും ഈ ആനുകൂല്യം ലഭിക്കും. ഉത്തരവ് ഉടനെ പുറപ്പെടുവിക്കുന്നതാണ്. സർക്കാർ ജീവനക്കാർക്ക് പ്രതിമാസം 100 രൂപ ഇടക്കാലാശ്വാസം നൽകിയതുവഴി സർക്കാരിനുണ്ടായ ബാദ്ധ്യത പ്രതിവർഷം 60 കോടി രൂപയാണ്. അതിനു പുറമേയാണ് ഈ തീരുമാനം. ഈ തീരുമാനം മൂലം 16 കോടി രൂപയുടെ പ്രതിവർഷ കമ്മിറ്റുമെന്റ് ഗവൺമെന്റിനുണ്ടാകുന്നതാണ്. സഭയിൽ ഉന്നയിക്കപ്പെട്ട ഒരു വിഷയമായതുകൊണ്ടും സഭ നടന്നുവരുന്ന സമയമായതുകൊണ്ടുമാണ് ഞാനിത് സഭയിൽ പ്രസ്താവിക്കുന്നത്. സഭ ഇത് സഹർഷം സ്വാഗതം ചെയ്യുമെന്ന് പ്രത്യാശിക്കുന്നു.

IX ധനകാര്യം

1996-97 സാമ്പത്തികവർഷത്തേക്കുള്ള ഇടക്കാല ബഡ്ജറ്റിനെപ്പറ്റി പൊതുചർച്ച (തുടർച്ച)

ശ്രീ. തമ്പാനൂർ രവി : സർ, ഇവിടെ ബഹുമാന്യനായ ധനകാര്യമന്ത്രി ശ്രീമാൻ സി. വി. പത്മരാജൻ അവതരിപ്പിച്ച ഇടക്കാല ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായി അനുകൂലിക്കുകയാണ്. അഞ്ചുവർഷം പൂർത്തിയാക്കുന്ന ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് നടത്തിയ വികസന പ്രവർത്തനങ്ങളുടേയും സംസ്ഥാനത്തിന് കൈവരിക്കാൻ കഴിഞ്ഞ സാമ്പത്തിക വളർച്ചയേയും വ്യക്തമാക്കുകയാണ് ഈ വർഷത്തെ ഇടക്കാല ബഡ്ജറ്റ്. അഴിമതി വിരുദ്ധവും സംശുദ്ധവുമായ ഭരണമാണ് ഇപ്പോഴും കേരളത്തിൽ നടക്കുന്നതെന്ന് എല്ലാവരും സമ്മതിക്കുമെന്നാണ് എന്റെ പ്രതീക്ഷ. കേരളത്തിന്റെ സമഗ്ര വികസനത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഗണ്യമായി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനിടയിൽ യു.ഡി.എഫ്. ബഹുദൂരം മുൻപോട്ടു പോയിയെന്ന കാര്യത്തിൽ ആർക്കെങ്കിലും സംശയമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. ജനങ്ങൾ ഈ ഗവൺമെന്റിനോടൊപ്പമുള്ളതുകൊണ്ടാണ് പ്രതിപക്ഷം ഈ ഗവൺമെന്റിനെതിരെ നിരന്തരമായി നടത്തിയ എല്ലാ സമരങ്ങളും പരാജയപ്പെട്ടത്. വിളനിലം പ്രശ്നം തൊട്ട് ഏറ്റവും അവസാനം എൽ.കെ.ജി. കുട്ടികളുടെ വിദ്യാഭ്യാസ ബന്ത് വരെ കേരളത്തിലെ ജനങ്ങൾ ഒറ്റക്കെട്ടായി പരാജയപ്പെടുത്തി. അഞ്ചുവർഷം മുൻപ് യൂറോപ്യൻ രാജ്യങ്ങളിൽ ആരംഭിച്ച കമ്മ്യൂണിസ്റ്റ് തകർച്ചഇൻഡ്യയിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെയും ബാധിച്ചുവെന്നാണ് എനിക്ക് തോന്നുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

പശ്ചിമ ബംഗാളിലെ ജ്യോതിബസു മന്ത്രിസഭ അഴിമതിയുടെ കൂടാര മാണെന്ന് ആ മന്ത്രിസഭയിൽ 20 വർഷക്കാലം അംഗമായിരുന്ന കമ്മ്യൂണിസ്റ്റ് പോളിറ്റ്ബ്യൂറോ അംഗമായ സഖാവ് വിനോദ് ചൗധരി പറയുകയുണ്ടായി. പശ്ചിമ ബംഗാളിലെ ജ്യോതിബസു ഗവൺമെൻറിനെക്കുറിച്ച് അദ്ദേഹം പറഞ്ഞ വാക്കുകൾ Government of the Contractors, by the Contractors and for the Contractors എന്നാണ്. കോൺട്രാക്ടർമാർക്കുവേണ്ടി കോൺട്രാക്ടർമാർ ഭരിക്കുന്ന ഗവൺമെൻറാണ് പശ്ചിമ ബംഗാളിലെ ജ്യോതിബസു ഗവൺമെൻറ് എന്നാണ് 20 വർഷക്കാലം ജ്യോതിബസുവിൻെറ കൂടെ മന്ത്രിയായിരുന്ന പോളിറ്റ്ബ്യൂറോ അംഗമായ വിനോദ് ചൗധരി പറഞ്ഞിരിക്കുന്നത്. മാർക്സിസ്റ്റ് പാർട്ടിക്ക് അഭിപ്രായ സ്വാതന്ത്ര്യമില്ല. ആരെങ്കിലും അഭിപ്രായം പറഞ്ഞാൽ അവർക്ക് ഉടനെ അസുഖമാണ്. എൻെറ സംശയം തെരഞ്ഞെടുപ്പ് വരാൻ പോവുകയാണ്. തെരഞ്ഞെടുപ്പ് കഴിയുമ്പോൾ ആരെങ്കിലും അഭിപ്രായം പറഞ്ഞാൽ അതിൻെറ പേരിൽ എത്ര പേർക്ക് അനാരോഗ്യം കൽപ്പിച്ച് ഇവിടെ മൽസരിക്കാൻ സീറ്റ് കൊടുക്കുമെന്ന് സംശയിക്കുന്ന ഒരാളാണ് ഞാൻ. അതാണ് ശ്രീ. വിനോദ് ചൗധരിക്കുണ്ടായിരിക്കുന്നത്. കേരളത്തിൻെറ സാമ്പത്തികസ്ഥിതി നമുക്ക് നോക്കാം. 1957 മുതലുള്ള ചരിത്രം പരിശോധിക്കുമ്പോൾ ഇന്ന് കേരളം ഭരിക്കുന്ന ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിന് പരിമിതികൾക്കകത്തു നിന്നുകൊണ്ട് സാമ്പത്തിക രംഗത്ത് ബഹുദൂരം മുൻപോട്ടു പോകാൻ കഴിഞ്ഞുവെന്ന് കാണാൻ കഴിയും. ഇൻഡ്യയുടെ സാമ്പത്തിക രംഗത്ത് ലോകത്തിലെ 6-ാമത്തെ ശക്തിയാണ് ഇൻഡ്യ. നാം നാലാമത്തെ ശക്തിയായി മാറാനുള്ള ശ്രമങ്ങൾ ഇൻഡ്യയിൽ നടക്കുകയാണ്. 1991-ൽ ശ്രീ. പി. വി. നരസിംഹറാവു ഇൻഡ്യയുടെ പ്രധാനമന്ത്രിയായി അധികാരമേൽക്കുമ്പോൾ വിദേശനാണയ കരുതൽ കേവലം ഒരു മില്യൺ ഡോളറായിരുന്നു. നാണയപെരുപ്പം 17% വർദ്ധിച്ചു. ആ പ്രതിസന്ധിയെ നേരിട്ടുകൊണ്ട് ശ്രീ. പി. വി. നരസിംഹറാവു ഗവൺമെൻറ് ലോകം മുഴുവൻ അംഗീകരിക്കുന്ന ഒരു പുതിയ സാമ്പത്തിക നയവുമായി മുൻപോട്ടു വന്നിട്ടുണ്ട്. ലോകപ്രശസ്ത നോവലിസ്റ്റായ വിക്ടർ ഹ്യൂഗോ പറഞ്ഞിട്ടുള്ളത് "No power order can stop an idea whose time had come" എന്നാണ്. അർഹമായ സമയത്ത് നടപ്പിലാക്കിയ പുതിയ സാമ്പത്തിക പരിഷ്ക്കാരം എന്ന ആശയത്തെ തടഞ്ഞു നിർത്താൻ ഒരു ശക്തിക്കും കഴിഞ്ഞില്ല, കഴിയുകയുമില്ല. അതുകൊണ്ട് എന്തെല്ലാം പ്രശ്നങ്ങളുണ്ടായിട്ടും എന്തെല്ലാം എതിർപ്പുണ്ടായിരുന്നുവെങ്കിലും വിക്ടർ ഹ്യൂഗോ പറഞ്ഞതുപോലെ ജനങ്ങൾക്കുവേണ്ടി സമയത്ത് തുടങ്ങിയ പരിപാടികൾ തടസ്സമില്ലാതെ ഇന്ന് ഇൻഡ്യയിൽ മുന്നോട്ടുപോയി. ഈ രാജ്യത്തെ സാധാരണക്കാരൻെറ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്ന ഒരു ഗവൺമെൻറായി നമുക്ക് മുൻപോട്ടുപോകാൻ കഴിയണം. ഈ സാമ്പത്തിക പരിപാടികൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയണം. 1991-ൽ നമ്മുടെ വിദേശ നാണയ കരുതൽ രണ്ടായിരംകോടി രൂപയായിരുന്നുവെങ്കിൽ ഇന്ന് അത് 73,000 കോടി രൂപയാണ്. നാണയപെരുപ്പം 1991-ൽ 17% ആയിരുന്നുവെങ്കിൽ അത് ഇന്ന് 4.5% ആയി. 1980-ൽ ഏതാണ്ട് 34 കോടി ജനസംഖ്യ ഉണ്ടായിരുന്ന ഇൻഡ്യയിൽ നമുക്ക് ഭക്ഷ്യധാന്യങ്ങൾ വിദേശത്തുനിന്നു വാങ്ങേണ്ടി വന്നുവെങ്കിൽ 1994-95-ൽ 94 കോടി ജനസംഖ്യയുള്ള ഇൻഡ്യയിൽ ഏതാണ്ട് 19 കോടി ടൺ ഭക്ഷ്യോല്പാദനം നമുക്കുണ്ടാക്കാൻ കഴിഞ്ഞിരിക്കുകയാണ്. ഭക്ഷ്യധാന്യങ്ങൾ വൻതോതിൽ കയറ്റി അയയ്ക്കുന്ന രാജ്യമായി നമ്മുടെ രാജ്യം മാറിയിരിക്കുന്നു. ഇന്ന് ഗോഡൗണുകളിൽ അരി 13 കോടി ടൺ ഉണ്ട്. ഗോതമ്പ് 16 കോടി ടൺ ഉണ്ട്. 29 കോടി ടൺ ഭക്ഷ്യധാന്യ ശേഖരമുള്ള ഒരു വലിയ രാജ്യമായി ഇൻഡ്യയ്ക്ക് മാറാൻ കഴിഞ്ഞത് കാർഷിക

LIBRARY ARCHIVES Kerala Legislative Assembly

രംഗത്തും സാമ്പത്തിക രംഗത്തുമൊക്കെ നടത്തിയ വിപ്ലവകരമായ മാറ്റങ്ങളുടെ ഫലമായിട്ടാണ്. 1991-92-ൽ ശ്രീ. നരസിംഹറാവു അധികാരം ഏറ്റെടുക്കുമ്പോഴത്തെ നമ്മുടെ വ്യാവസായിക വളർച്ച മുരടിച്ച ഒരു സ്ഥിതിയിലായിരുന്നു. 1993-94-ൽ 6% വളർച്ച നമുക്ക് ഉണ്ടാക്കുവാൻ കഴിഞ്ഞു. 1994-95-ൽ അത് 8.6 ശതമാനമായി വളർന്നിരിക്കുകയാണ്. 1995-96-ൽ അതിന്റെ വളർച്ചാനിരക്ക് ഏതാണ്ട് 12 ശതമാനമായി ഉയർന്നിരിക്കുകയാണ്. വിദേശനിക്ഷേപം 1991-92-ൽ 20 കോടി ഡോളർ ആയിരുന്നുവെങ്കിൽ 1994-95-ൽ 500 കോടി രൂപയായിരിക്കുകയാണ്. വിദേശകുത്തകകൾക്ക് രാഷ്ട്രത്തെ അടിയറവയ്ക്കുന്നുവെന്ന പ്രചാരണമാണ് ഇപ്പോഴും പ്രതിപക്ഷം പറയുന്നത്. ചൈന ഉൾപ്പടെയുള്ള രാഷ്ട്രങ്ങളിൽ വിദേശ കുത്തകകളുടെ നിക്ഷേപം ഇന്ത്യയിൽ ഉള്ളതിനേക്കാൾ എത്രയോ കൂടുതലാണ്. 1991-ൽ ഇന്ത്യയിലെ വിദേശ കടത്തിന്റെ വർദ്ധന 8 മില്ല്യൻ ഡോളർ ആയിരുന്നു. 1995-ൽ രണ്ട് മില്ല്യൻ ഡോളറായി. വിദേശകടത്തിന്റെ തോത് നമുക്ക് കുറയ്ക്കാൻ കഴിഞ്ഞു. ചൈനയിൽ വിദേശകുത്തകകളുടെ യൂണിയനുകളായ യൂണിലിവർ, ഐ.ബി.എം. തുടങ്ങിയ വൻപിച്ച കുത്തക കമ്പനികൾക്ക് അവിടെ ഇഷ്ടംപോലെ വളരുവാനുള്ള അവസരം കൊടുത്തു. കുത്തക മുതലാളിത്വത്തെ പ്രോൽസാഹിപ്പിക്കുന്ന സമീപനമാണ് ചൈനയിൽ സ്വീകരിച്ചിരിക്കുന്നത്. ഇന്ത്യയിലുണ്ടായ ഈ മാറ്റത്തെക്കുറിച്ചോ കുത്തക മുതലാളിത്വത്തിന്റെ പ്രീണനത്തെക്കുറിച്ചോ ഒരക്ഷരം മിണ്ടുവാൻ ഇവിടത്തെ പ്രതിപക്ഷം തയ്യാറായിട്ടില്ലായെന്ന യാഥാർത്ഥ്യം നമ്മുടെ മുൻപിലുണ്ട്. ചാരായ നിരോധനത്തെ കുറിച്ച് പറയുകയുണ്ടായി.

ശ്രീ. ടി. ശിവദാസമേനോൻ : വിദേശമൂലധനം ഇന്ത്യയിൽ വന്നടിയുന്നു. ചൈനയിൽ വരുന്നില്ല, അതിനെപ്പറ്റി ഒന്നും പറയുന്നില്ല. ചൈന ഉൾപ്പെടെയുള്ള വികസിത മുതലാളിത്വ രാജ്യങ്ങളും മറ്റ് വികസ്വര രാജ്യങ്ങളും വിദേശ മൂലധനത്തെ നിയന്ത്രിക്കുന്നതിനെയാണ് സ്വാഗതം ചെയ്യുന്നത്. അനിയന്ത്രിതമായി സ്വാഗതം ചെയ്താൽ മെക്സിക്കോയുടെ ഗതി വരുമെന്നാണ് ഞങ്ങൾ ഭയപ്പെടുന്നത്. കൺട്രോൾ ഇല്ലാത്ത സ്വകാര്യ നിക്ഷേപ മൂലധനം ഇവിടെ അല്ലാതെ വേറെ ഇല്ല.

ശ്രീ. തമ്പാനൂർ രവി : വിശക്കുന്നവന് വേണ്ടത് ആഹാരമാണ്, ആശ്വാസ വാക്കുകൾ അല്ല. ചൈനയിലുണ്ടായ മാറ്റം പോലെ, ലോകത്തുണ്ടായ മാറ്റങ്ങൾക്ക് അനുസൃതമായി സാമ്പത്തിക രംഗത്ത് കാര്യമായ മാറ്റങ്ങൾ വേണമെന്ന് ഇന്ത്യാഗവൺമെന്റ് ആഗ്രഹിക്കുകയും അതിനനുസൃതമായി ഒരു പുതിയ സാമ്പത്തികമാർഗ്ഗം കൊണ്ടുവരികയും ചെയ്തു. നിയന്ത്രണമില്ലാത്ത സാമ്പത്തികനയം വേണമെന്ന് ആരും പറയുന്നില്ല. നിയന്ത്രണം ആവശ്യമാണ്, നിയന്ത്രണമില്ലാതിരുന്നാൽ അങ്ങ് പറഞ്ഞ ഗതികേടുണ്ടാകും. ഇക്കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ അനുഭവങ്ങളിൽ നമ്മുടെ പരീക്ഷണം ഒരു വലിയ വിജയമായിരിക്കുന്നു. അതുകൊണ്ട് ഇത്തരം യാഥാർത്ഥ്യബോധമുള്ള കാര്യങ്ങളിൽ രാഷ്ട്രീയത്തിന്റെ പേരിൽ എതിർക്കാതെ ഒരു നല്ല സമീപനം നിങ്ങളുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. മാത്യൂ സ്റ്റീഫൻ : ബഹുമാനപ്പെട്ട ശിവദാസമേനോൻ സൂചിപ്പിച്ചതുപോലെ നമ്മുടെ രാജ്യത്ത് നടത്തുന്ന ഇൻവെസ്റ്റ്മെന്റും നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യവും അധികാരവും നമ്മുടെ കൈയിലിരിക്കുന്നിടത്തോളം കാലം അതിന്റെ ഒരു നിയന്ത്രണം നമുക്കുണ്ട്. ആ നിയന്ത്രണം ഇല്ലായെന്ന് പറഞ്ഞിട്ട് കാര്യമില്ല. ആ നിയന്ത്രണം ഇന്ത്യാഗവൺമെന്റിനും സംസ്ഥാനഗവൺമെന്റിനും ഉണ്ട്. അതുകൊണ്ട് എത്രമാത്രം പണം അവിടെ

LIBRARY ARCHIVES Kerala Legislative Assembly

ഇൻവെസ്റ്റ് ചെയ്യട്ടെ നിയന്ത്രണം നമ്മുടെ ഗവൺമെൻറിൽ ഇരിയ്ക്കുന്നിടത്തോളം കാലം ശ്രീ. തമ്പാനൂർ രവി ഇവിടെ സൂചിപ്പിച്ചതുപോലെ സാമ്പത്തികമായ വളർച്ചയിലേക്ക് നമുക്ക് പോകാൻ കഴിയും.

ശ്രീ. തമ്പാനൂർ രവി : ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ശിവദാസമേനോൻ പ്രഗൽഭനായ ഒരു മെമ്പറാണ്. അദ്ദേഹത്തിന് ഈ കാര്യങ്ങളൊന്നും അറിയാഞ്ഞിട്ടല്ല. രാഷ്ട്രീയമായ കാരണങ്ങളാൽ സമ്മതിക്കാൻ വയ്യ എന്നല്ലാതെ മനസ്സുകൊണ്ട് ഇതൊക്കെ സ്വാഗതം ചെയ്യുന്നുവെന്നാണ് എൻെറ പ്രതീക്ഷ.

ശ്രീ.ഇ.പി. ജയരാജൻ : ജമ്മുകാശ്മീരിൻെറ നിയന്ത്രണം ഇന്ത്യയ്ക്കാണ്. അവിടെ ടെറിറിസമാണ്. ഒരു സാമ്പത്തിക മേഖലയിലുണ്ടാകുന്ന വിദേശ സ്വാധീനത്തിൻെറ മറ്റൊരു പ്രതിഫലനമാണ്. ഇന്ത്യയുടെ വിദേശനാണയത്തിൽ വന്നിരിക്കുന്ന പണമെന്നുപറയുന്നത് ഉല്പാദനം വർദ്ധിച്ച് കയറ്റുമതിയുടെ ഫലമായിട്ട് ഉണ്ടായിട്ടുള്ളതല്ല. ഷെയർ മാർക്കറ്റിൽ ഓഹരി എടുക്കുന്നതിനുവേണ്ടി വിദേശ കുത്തക കമ്പനികൾ കൊണ്ടുവന്ന് നിക്ഷേപിച്ചിട്ടുള്ള പണമാണ്. ആ പണം വന്നതുപോലെ തിരിച്ചുപോകും. അത് രാജ്യത്തിൻെറ അഭിവൃദ്ധിയായി കണക്കാക്കാൻ പറ്റുന്നതല്ല. ഇന്ത്യയുടെ പുതിയ ഉദാരവൽക്കരണനയത്തിൻെറ ഫലമായിട്ട് ഇന്ത്യയുടെ പൊതുപ്രശ്നങ്ങൾ അല്പം പോലും മുന്നോട്ടുപോകാൻ സാധിക്കുന്നില്ലായെന്ന് 8-ാം ധനകാര്യകമ്മീഷൻെറ ഇടക്കാല റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ശ്രീ. നരസിംഹറാവുവിൻെറ സാമ്പത്തിക നയത്തിൻെറ തകർച്ചയാണ് ഇത് വെളിവാക്കുന്നത്.

ശ്രീ. തമ്പാനൂർ രവി : ഉല്പാദന വർദ്ധനവിൽ നാം പിറകോട്ടുപോയിട്ടില്ലെന്ന് മാത്രമല്ല ഇന്ത്യ ഇപ്പോൾ അംഗീകരിച്ചിരിക്കുന്ന ഉദാരവൽക്കരണ സമീപനം എല്ലാ രംഗത്തും വൻപിച്ച നേട്ടം ഉണ്ടാക്കിയിരിക്കുകയാണ്. 1950-കളിൽ അന്യരാജ്യത്തുനിന്ന് ഭക്ഷ്യശേഖരം കൊണ്ടു വന്നിരുന്നുവെങ്കിൽ ഇന്ന് നമുക്ക് 29 കോടി ടൺ ഭക്ഷ്യധാന്യം മിച്ചമാണ്. അരി 13 കോടി, ഗോതമ്പ് 19 കോടി, സാമ്പത്തികരംഗത്തു മാത്രമല്ല, സാമൂഹ്യ ശാസ്ത്രീയ രംഗങ്ങളിലും പുതിയ സാമ്പത്തിക സമീപനം കൊണ്ട് നമുക്ക് വളരെയധികം മുന്നോട്ട് പോകാൻ കഴിഞ്ഞുവെന്ന യാഥാർത്ഥ്യം അംഗീകരിച്ചേ മതിയാകൂ. 1956-ലാണ് കേരള പിറവി, 1957-ൽ ശ്രീ. ശങ്കരൻ നമ്പൂതിരിപ്പാടിൻെറ ഗവൺമെൻറ് അധികാരത്തിൽ വന്നു. അന്നുമുതൽ ശ്രീ. എ. കെ. ആൻറണി ഭരിക്കുന്ന ഈ ഗവൺമെൻറ് വരെ കേരളത്തിൽ ധാരാളം സാമൂഹ്യപരിഷ്ക്കാരങ്ങൾ നടത്തിയിട്ടുണ്ട്. അതിന് ഇന്ത്യയിലെ ഏത് നിയമസഭയേക്കാളും കൂടുതൽ അംഗീകാരവും കൂടുതൽ നേട്ടവും ഈ സഭയ്ക്കുണ്ടെന്ന് നമുക്ക് എല്ലാപേർക്കും അറിയാം. കേരളത്തിൻെറ ചരിത്രത്തിൽ ആദ്യമായിട്ടാണ് ശ്രീ. എ.കെ. ആൻറണിയുടെ നേതൃത്വത്തിലുള്ള ഒരു സംസ്ഥാന മന്ത്രിസഭ ഏറ്റവും വലിയ സാമൂഹ്യപരിഷ്ക്കാരമായ ചാരായ നിരോധനം കൊണ്ടു വന്നത്, ബജറ്റിൽ 300 കോടി രൂപയുടെ നഷ്ടം വരുമെങ്കിലും അത് അംഗീകരിച്ചുകൊണ്ട് ഈ രാജ്യത്തെ ലക്ഷക്കണക്കിന് അമ്മമാർക്ക്, സഹോദരിമാർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടിയാണ് ഈ നടപടി സ്വീകരിച്ചത്. മദ്യപാനം എന്ന സാമൂഹ്യവിപത്തിനെതിരെ വളരെ ശക്തിയായി മുന്നോട്ടു പോകണം. അതിന് രാഷ്ട്രീയം വേണ്ട. സോവിയറ്റ് റഷ്യ ഇന്ന് തകർന്നിരിക്കുകയാണ്. ഓസ്ക്കാർ സംസ്ക്കാരം വളർന്നുവന്നതുകൊണ്ട് അവിടെ ഉള്ള ആളുകൾ ജോലി ചെയ്യാതെ അലസൻമാരായി, മടിയൻമാരായിത്തീർന്നു. ഈ സംസ്ക്കാരം വന്നതുകൊണ്ടാണ് അവിടെ ആ സംഭവമുണ്ടായത്. ഇറാക്കിൽ നിന്നാണ് അറാക്ക് എന്ന മദ്യമുണ്ടായത്. അറാക്ക് എന്നുപറയുന്ന മദ്യം ഈന്തപ്പഴത്തിൽ നിന്നും എടുക്കുന്ന മദ്യമാണ്. രാജ്യഭരണത്തിൽ താല്പര്യം കാണിക്കാതിരിക്കുന്നതിനുവേണ്ടി സദ്ദാംഹുസൈൻ ചെറുപ്പക്കാരുടെ മനസ്

LIBRARY ARCHIVES Kerala Legislative Assembly

മാറ്റുവാൻ വേണ്ടി സ്ക്കോച്ചുവിസ്ക്കിയേക്കാൾ വില കുറച്ച് അരാക്ക് എന്നുപറയുന്ന ഈത്തപ്പഴത്തിൽ നിന്നെടുക്കുന്ന മദ്യം വാരിക്കോരി കൊടുത്തിട്ടുണ്ട്. നിങ്ങൾ സദ്ദാംഹുസൈനെ പിന്തുണ കൊടുത്ത ആളുകളാണ്. ഇറാനെ അമേരിക്ക സഹായിക്കുന്നുവെന്നു പറഞ്ഞുകൊണ്ട് നിങ്ങൾ ചില വിഭാഗങ്ങളുടെ വോട്ട് കിട്ടുവാൻ വേണ്ടി അന്ന് സദ്ദാംഹുസൈനെ ജില്ലാ കൗൺസിൽ തെരഞ്ഞെടുപ്പിൽ ജയിപ്പിച്ച ആളുകളാണ്. അതിൽ ജയിച്ചപ്പോൾ ഇനി അധികാരം കിട്ടുമെന്ന് വിചാരിച്ച് അന്നത്തെ നിയമസഭ പിരിച്ചുവിട്ടു. കേരളത്തിൽ ചാരായ നിരോധനം വേണമോ ? കേരളത്തിൽ ഏത് ഗവൺമെൻറ് ഭരിച്ചാലും കാലാകാലങ്ങളിൽ ഭരിക്കുന്ന ഗവൺമെൻറുകളുടെ കാര്യങ്ങൾ ജനങ്ങളിൽ എത്തിക്കുന്ന ഒരു ഡിപ്പാർട്ടുമെൻറാണ് പി.ആർ.ഡി. 1987-88-ൽ ഇംഗ്ലീഷിൽ 37 പ്രസിദ്ധീകരണങ്ങളും മലയാളത്തിൽ 56 പ്രസിദ്ധീകരണങ്ങളും ഇറക്കിയിട്ടുണ്ട്. 1988-89-ൽ ഇംഗ്ലീഷിൽ 76 പ്രസിദ്ധീകരണങ്ങളും മലയാളത്തിൽ 109 പ്രസിദ്ധീകരണങ്ങളും ഇറക്കി. 1989-90-ൽ ഇംഗ്ലീഷിൽ 101, മലയാളത്തിൽ 145, 1990-91-ൽ നേട്ടങ്ങൾ ഒറ നോട്ടത്തിൽ ഫോൾഡർ 5 ലക്ഷം. അഞ്ചാം വർഷത്തിലേക്ക് പോസ്റ്റർ രണ്ടുലക്ഷം. ആ ഗവൺമെൻറ് തന്നെ വീണ്ടും വരുമെന്നു ധരിച്ച് പി.ആർ.ഡി ഉപയോഗിച്ചുകൊണ്ട് ഇഷ്ടം പോലെ നിങ്ങൾ കാശ് ചെലവാക്കി പി.ആർ.ഡി. പ്രസിദ്ധീകരിക്കുന്നത് ചാരായത്തിൻെറ കാര്യത്തിനായിരുന്നാലും ഏത് തരത്തിലായിരുന്നാലും എല്ലാ ഗവൺമെൻറുകളും ചെയ്യുന്ന കാര്യങ്ങളാണ്. നിങ്ങളുടെ ഭരണകാലത്ത് ഇംഗ്ലീഷിൽ മാത്രം 121 ലഘുലേഖകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മലയാളത്തിൽ 215 ലഘുലേഖകൾ പ്രസിദ്ധീകരിച്ചു. ഞങ്ങളുടെ കാലത്ത് ലഘുലേഖ പ്രസിദ്ധീകരിക്കുന്നത് കെ.പി.സി.സി. ഓഫീസിൽ നിന്നല്ല. ഞങ്ങൾ ഉദ്യോഗസ്ഥൻമാർക്ക് വിട്ടുകൊടുക്കുകയാണ് ചെയ്യുന്നത്. ലഘുലേഖ നിങ്ങൾ പ്രസിദ്ധീകരിക്കുമ്പോൾ അതിന് മാപ്പ് തയ്യാറാക്കുന്നതിന് എ.കെ.ജി. സെൻറർ ഉപയോഗിക്കുന്നു. അങ്ങനെയുള്ള വ്യത്യാസമില്ലാതെ കഴിഞ്ഞ ഗവൺമെൻറിനെയും ഈ ഗവൺമെൻറിനെയും താരതമ്യപഠനം നടത്തിയാൽ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെൻറു വഴി ഏറ്റവും കൂടുതൽ രൂപയുടെ പ്രസിദ്ധീകരണങ്ങൾ പ്രസിദ്ധീകരിച്ച ഒരു ഗവൺമെൻറാണ്. നിങ്ങളുടേത്. ഇതൊക്കെ ഈ ഭരണത്തിൻെറ ഭാഗമാണ്, ഇതൊക്കെ ആവശ്യമാണ്. നല്ലതിനെ നല്ലതായി കാണുവാനും അതിനെ അംഗീകരിക്കുവാനും തയ്യാറാകുന്നതിനു പകരം നല്ല കാര്യങ്ങൾ പോലും തെറ്റായ രീതിയിൽ കാണുന്നത് ശരിയല്ല. അതുകൊണ്ട് ഇത്തരം കാര്യങ്ങളിലെങ്കിലും ക്രിയാത്മകമായ സമീപനം പ്രതിപക്ഷത്തിൻെറ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ഗവൺമെൻറ് ശ്രീ. ഉമ്മൻചാണ്ടിയെ ബജറ്റവതരിപ്പിക്കുമ്പോൾ ഇവിടത്തെ കമ്മി 100 കോടി രൂപയായിരുന്നു. പ്രകൃതിക്ഷോഭത്തിനു വേണ്ടി ഏതാണ്ട് 56 കോടി രൂപ അധികം ചിലവാക്കേണ്ടിവന്നു. റേഷൻ സബ്സിഡി കൊടുക്കേണ്ടിവന്നു. ശ്രീ. നായനാർ കൊടുക്കാതെ പോയ കേന്ദ്ര പാരിതോഷികം, പെൻഷൻ ആനുകൂല്യങ്ങൾ, പെൻഷൻകാർക്ക് കുടുംബത്ത എന്നിവ നൽകി, ജീവനക്കാരുടെയും പാവപ്പെട്ടവരുടെയും പ്രശ്നങ്ങൾക്ക് സമയബന്ധിതമായി പരിഹാരം കാണുവാൻ സാമ്പത്തികം മോശമാണെങ്കിലും ആ കാര്യങ്ങളിലൊക്കെ ഉദാരമായ ഒരു സമീപനമാണ് ഐക്യജനാധിപത്യ മുന്നണി സ്വീകരിച്ചിട്ടുള്ളത്. ഈ ഗവൺമെൻറ് 5 വർഷക്കാലം വളരെ അച്ചടക്കത്തോടുള്ള ഭരണമാണ് കാഴ്ചവച്ചിട്ടുള്ളത്. ഫിനാൻഷ്യൽ ഡിസിപ്ലിൻ, ഫിനാൻഷ്യൽ എക്സ്പെർട്ടൈസ് ഫിനാൻഷ്യൽ മാനേജ്മെൻറ്, ഇതിൻെറയൊക്കെ ഫലമായി കേരളത്തിൻെറ ചരിത്രത്തിൽ ആദ്യമായി സാമ്പത്തിക അച്ചടക്കമുള്ള ഒരു ഗവൺമെൻറായി ഈ ഗവൺമെൻറിനു പോകാൻ കഴിഞ്ഞു. നിങ്ങളുടെ കാലത്ത് പദ്ധതി അടങ്കൽ തുക

LIBRARY ARCHIVES Kerala Legislative Assembly

എത്രയായിരുന്നു. 1987-88-ൽ നിങ്ങളുടെ പദ്ധതി അടങ്കൽ 440 കോടി രൂപ, ചെലവാക്കിയത് 380 കോടി രൂപ. 1988-89-ൽ നിങ്ങളുടെ വാർഷിക അടങ്കൽ 500 കോടി രൂപ ചെലവാക്കിയത് 425 കോടി രൂപ, 1989-90-ൽ വാർഷിക അടങ്കൽ 526 കോടി രൂപ, ചെലവാക്കിയത് 475 കോടി രൂപ, 1991-92-ൽ വാർഷിക അടങ്കൽ 80 കോടിരൂപ ചിലവാക്കിയത് 626 കോടി രൂപ. ഏതുകാലമെടുത്താലും ഇതുതന്നെ. പദ്ധതി അടങ്കലിൽ പറഞ്ഞിരുന്ന മുഴുവൻ തുകയും ചെലവഴിക്കാത്ത ഗവൺമെൻറാണ് നിങ്ങളുടെ ഗവൺമെൻറ്. ഞങ്ങളെക്കുറിച്ചു കേൾക്കണ്ടേ. ശ്രീ. ഉമ്മൻ ചാണ്ടിയുടെയും ശ്രീ. പത്മരാജന്റേയും കഴിവു കേൾക്കണമോ ? ശ്രീ. കരുണാകരന്റേയും, ശ്രീ. എ. കെ. ആന്റണിയുടേയും കഴിവ് കേൾക്കണമോ ? കേട്ടോളൂ. 1992-93-ൽ പദ്ധതി അടങ്കൽ 913 കോടി രൂപ ചെലവഴിച്ചത് 103 ശതമാനം. 913 കോടി രൂപ ചിലവഴിച്ചിട്ട് 3 ശതമാനം കൂടുതൽ ചെലവഴിച്ചു. 1993-94-ൽ പദ്ധതി അടങ്കൽ ആയിരം കോടി രൂപ. ചെലവഴിച്ചത് 109 ശതമമാനം. 1994-95-ൽ പദ്ധതി അടങ്കൽ 1260 കോടി രൂപ. ചിവഴിച്ചത് 108 ശതമാനം. ഇപ്പോഴും നടപ്പുവർഷം പദ്ധതി അടങ്കൽ 1563 കോടി രൂപ. ചിലവഴിച്ചത് അതിനേക്കാളും കൂടുതൽ. മാത്രമല്ല 1996-97-ൽ ബഡ്ജറ്റിൽ 2100 കോടി രൂപയുടെ വാർഷിക അടങ്കലാണ് വച്ചിരിക്കുന്നത്. നടപ്പു സാമ്പത്തിക വർഷത്തേക്കാൾ ഏതാണ്ട് 35 ശതമാനം വാർഷിക അടങ്കൽ. റവന്യൂ പിരിവിന്റെ കാര്യത്തിൽ, കളക്ഷന്റെ കാര്യത്തിൽ എല്ലാം എന്താണ് സ്ഥിതി ? റവന്യൂ വരുമാനം 1991-92-ൽ 1908.67 കോടിരൂപ. 1992-93-ൽ 2166.36 കോടി രൂപ. 1993-94-ൽ 2167.36 കോടിരൂപ. 1994-95-ൽ 3195 കോടി രൂപ. നികുതി പിരിവിലും ഈ ഗവൺമെൻറ് ശുഷ്ക്കാന്തി കാണിച്ചുവെന്നു മാത്രമല്ല കേരളത്തിൽ ഭരിച്ചിരുന്ന എല്ലാ ഗവൺമെൻറിനെക്കാളും റിക്കാർഡാണ് നികുതി പിരിക്കുന്ന കാര്യത്തിൽ ഈ ഗവൺമെൻറ് കാണിച്ചിരിക്കുന്നത്. ആളോഹരി വരുമാനം 1992-93-ൽ 1932 കോടി രൂപയായിരുന്നു വെങ്കിൽ 1993-94-ൽ 2401 കോടി രൂപയായി. ഇത് ചൂണ്ടിക്കാണിക്കുന്നത് ഏതു മേഖലയെടുത്തു പരിശോധിച്ചാലും വളരെ കൃത്യമായ, ആത്മാർത്ഥതയുള്ള, കാര്യക്ഷമമായ ഫിനാൻഷ്യൽ മാനേജ്മെൻറ് കൊണ്ട് സമയബന്ധിതമായി പരിപാടി നടപ്പിലാക്കുന്നതുകൊണ്ട് എല്ലാ രംഗത്തും നമുക്ക് മുൻപോട്ടു പോകാൻ കഴിഞ്ഞിരിക്കുന്നു. പദ്ധതിയുടെ നടത്തിപ്പിന്റെ കാര്യത്തിൽ, നമ്മുടെ കാർഷികരംഗം, ആരോഗ്യരംഗം, വിദ്യാഭ്യാസരംഗം, അങ്ങനെ ഏതു രംഗമെടുത്തുനോക്കിയാലും ജനങ്ങളെ ബാധിക്കുന്ന, സാധാരണക്കാരന്റെ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുന്ന എല്ലാ രംഗങ്ങളിലും വളരെ ശക്തമായി മുൻപോട്ടു പോകുന്നതു കാണാൻ സാധിക്കും. അങ്ങനെ എല്ലാ രംഗങ്ങളിലും നല്ല കാര്യങ്ങൾ കാഴ്ച വച്ചുകൊണ്ട് മുൻപോട്ടു പോകുന്ന ഈ ഗവൺമെൻറിനു വേണ്ടി ശ്രീ. പത്മരാജൻ ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ സർവാത്മനാ സ്വാഗതം ചെയ്യുന്നു.

ശ്രീ. ഇ. കെ. നായനാർ : സർ, ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ ശക്തിയായി എതിർക്കുകയാണ്. കേന്ദ്ര സാമ്പത്തിക നയങ്ങളുടേയും, കേന്ദ്ര ബഡ്ജറ്റിന്റെയും ചുവടുപിടിച്ചാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. പത്മരാജൻ ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. കേന്ദ്രഗവൺമെൻറ് ഈ രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥ തകർത്തതുകാരണം നാലുലക്ഷം ഫാക്ടറികൾ ഇവിടെ പൂട്ടിക്കിടക്കുകയാണ്. ഒന്നുകിൽ രോഗഗ്രസ്തമാണ്. അല്ലെങ്കിൽ പൂട്ടിക്കിടക്കുകയാണ്. 22 ലക്ഷം തൊഴിലാളികൾ തെരുവിലാണ്. അതാണ് കേന്ദ്ര പോളിസി. ആ പോളിസിയുടെ ചുവടുപിടിച്ചാണ് ഇവിടെ കേരളത്തിലും

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക സംവിധാനം കൈകാര്യം ചെയ്യാൻ ഈ ഗവൺമെൻറ് മുതിർന്നിട്ടുള്ളത്. അതാണ് ബഡ്ജറ് ചൂണ്ടിക്കാണിക്കുന്നത്. ഉദാരവൽക്കരണവും സ്വകാര്യവൽക്കരണവുമാണല്ലോ 991-ൽ അംഗീകരിച്ച കേന്ദ്ര പോളിസി. കടം വാങ്ങുക, അതിൻെറ പലിശ കൊടുക്കാൻവേണ്ടി വീണ്ടും കടം വാങ്ങുക, അതിൻെറ മുകളിൽ വീണ്ടും ജനങ്ങളിൽ നികുതിഭാരം ചുമത്തുക. ഇതാണ് കേന്ദ്രപോളിസി. ഇതാണ് കേന്ദ്രബഡ്ജറിൻെറ പിന്നിലെ സാമ്പത്തിക ശാസ്ത്രം. ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥയോട് സ്വീകരിച്ച സമീപനവും ഇതാണ്. ഈ സമീപനം തന്നെയാണ് കേരള ബഡ്ജറിലും സ്വീകരിച്ചിട്ടുള്ളത്. കേന്ദ്ര ബഡ്ജറിനെ അസന്തുലിതമാക്കിയിരിക്കുകയാണ്. വർദ്ധിച്ചു വരുന്ന ധനകാര്യ കമ്മിയും റവന്യുകമ്മിയും 1991-ൽ പുതിയ സാമ്പത്തികനയം നരസിംഹറാവു ഗവൺമെൻറ് ആവിഷ്കരിച്ച ബഡ്ജറ് അവതരിപ്പിക്കുമ്പോൾ ശ്രീ. മൻമോഹൻസിംഗ് കോൺഗ്രസ് നേതാവല്ലായിരുന്നു; വേൾഡ് ബാങ്കിൻെറ ഓഫീസറായിരുന്നു. പിന്നീടാണ് ശ്രീ. മൻമോഹൻസിംഗിനെ ധനകാര്യവകുപ്പ് മന്ത്രിയാക്കിയത്. അദ്ദേഹത്തിന് കോൺഗ്രസുമായി യാതൊരു ബന്ധവുമുണ്ടായിരുന്നില്ല. ധനകാര്യകമ്മി 3 ശതമാനമായി കുറയ്ക്കുമെന്നു പറഞ്ഞു. ജി.ഡി.പി.യുടെ 5.9 ശതമാനമായി വർദ്ധിച്ച കമ്മി 3 ശതമാനമായി കുറയ്ക്കുമെന്ന് ശ്രീ. മൻമോഹൻ സിംഗ് പറഞ്ഞുവെങ്കിലും അത് 5.9 ശതമാനമായി നിലനിൽക്കുക മാത്രമല്ല 64.010 കോടി രൂപയായി വർദ്ധിക്കുകയും ചെയ്തു. റവന്യൂ കമ്മിയാകട്ടെ 1990-91 ൽ 18.526 കോടിരൂപയിൽ നിന്ന് 33.331 കോടി രൂപയായി വർദ്ധിച്ചു. ഇതാണ് റവന്യു കമ്മിയുടെ കണക്ക്. അടുത്തവർഷം 1996-97-ൽ ഇത് 33.495 കോടി രൂപയായി ഉയരുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. വായ്പകൾ വികസന പ്രവർത്തനങ്ങൾക്കല്ല, മാറാവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നതെന്ന് ഈ കണക്കുകൾ വളരെ വ്യക്തമാക്കുന്നുണ്ട്. ഒരു വികസനവും ഇവിടെ നടക്കുന്നില്ല. കടം വാങ്ങുക, പലിശ കൊടുക്കുക, ഈ പ്രക്രിയ മാത്രം നടക്കുന്നു. ഇൻഡ്യൻ ഇക്കണോമിയുടെ പ്രക്രിയ അതാണ്. കേന്ദ്രവരുമാനത്തിൻെറ 26 ശതമാനം വായ്പകളിൽ നിന്നാണ്. വിദേശ വായ്പ, ആഭ്യന്തര വായ്പ, റിസർവ് ബാങ്കിൽ നിന്നുള്ള വായ്പ. ഇതാണ് ഇൻഡ്യാ ഗവൺമെൻറിൻെറ പൊതുവരുമാന മാർഗ്ഗം. സംസ്ഥാനങ്ങൾക്ക് പദ്ധതി നടത്തിപ്പിന് സഹായമായി നിൽക്കുന്നത് മൊത്തം വരുമാനത്തിൻെറ 8 ശതമാനമാണ്. കേന്ദ്രബഡ്ജറിൽ പദ്ധതി ചെലവിന് മൊത്തം 50,521 കോടി രൂപ നീക്കിവച്ചപ്പോൾ പലിശ കൊടുക്കാൻ മാത്രം പദ്ധതിക്ക് നീക്കിവച്ചത് 50,521 കോടി രൂപയാണ്. എന്നാൽ പലിശ കൊടുക്കേണ്ടത് 60,000 കോടി രൂപയാണ്. പലിശ 60,000 കോടി രൂപ കൊടുക്കണം. പദ്ധതിക്ക് നീക്കിവച്ചത് 50,521 കോടി രൂപയാണ്. അപ്പോൾ പലിശയാണോ പദ്ധതിയാണോ അധികം. 5 വർഷം മുൻപ് 1,00,000 കോടി രൂപയായിരുന്ന വിദേശ കടം ഇപ്പോൾ മൂന്നര ലക്ഷം കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ മൊത്തം ആഭ്യന്തര ഉൽപ്പാദന വളർച്ചാനിരക്ക് ജി. ഡി.പി. 6.2 ശതമാനമായി വർദ്ധിച്ചുവെന്ന അവകാശവാദമാണ് ഇവിടെ ഇൻഡ്യയിൽ ഉണ്ടായിരിക്കുന്നത്. വളർച്ചാനിരക്കിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിൽ അത് ഇൻഡ്യൻ ജനജീവിതത്തെ സ്പർശിക്കണം. അതിൽ പ്രതിഫലിപ്പിക്കണം. അവശ്യ വസ്തുക്കളുടെ വിലനിലവാരം കണക്കുകൂട്ടിയാൽ ഇന്നത്തെ സ്ഥിതി നമുക്ക് മനസിലാകും. ജനജീവിതത്തെ കാർന്നുതിന്നുന്നതിലേക്കാണ് എത്തിനിൽക്കുന്നത്. വളർച്ചാനിരക്കിനെക്കുറിച്ചുള്ള വിലയിരുത്തൽ നടത്തുന്നത് നന്നായിരിക്കും. പത്തോ ഇരുപതോ വൻകിട കുത്തകകുടുംബങ്ങൾക്ക് ലാഭമുണ്ടായിട്ടുണ്ട്. അതു ഞാൻ നിഷേധിക്കുന്നില്ല. സർ, ഇന്ത്യയിലെ 95-ഓളം കുത്തകക്കാരിൽ ഏറ്റവും വളർന്ന 20 ആളുകൾ, അവരിൽ വളർന്ന 10 ആളുകൾ അങ്ങനെയാണ് ഇന്ത്യൻ മോണോപ്പൊളിയുടെ

LIBRARY ARCHIVES Kerala Legislative Assembly

ഡെവലപ്മെൻറ്. ആ വളർച്ചയിൽ ഐ.ടി.സി. ഒരു കുത്തകയാണ്. ഐ. ടി. സി. യ്ക്ക് 1990-ൽ 670 കോടി രൂപ നിക്ഷേപമുണ്ടായിരുന്നത് 1994-ൽ 1865 കോടി രൂപയായി വർദ്ധിച്ചു. ഇന്ത്യൻ ഇക്കണോമിയുടെ ഗതി അങ്ങനെയാണ്. ജനങ്ങൾക്ക് ഒരു ഭാഗത്ത് തകർച്ച, കുത്തകക്കാർക്ക് ലാഭം കൂട്ടുക ഇതാണ് ശ്രീ. നരസിംഹറാവു ഗവൺമെൻറിൻെറ പദ്ധതി. അതുപോലെ റിലയൻസ് ഇന്ത്യയിലെ ഒരു മോണോപ്പോളിയാണ്. ആ മോണോപ്പോളിയ്ക്ക് 1990-ൽ 2553 കോടി രൂപ നിക്ഷേപമുണ്ടായിരുന്നത് 1994-ൽ 8121 കോടി രൂപയായി വർദ്ധിച്ചു. 2,000-ൽ നിന്ന് 8,000 ആയി വർദ്ധിച്ചു. ലാഭമെത്ര ? 252 കോടിയിൽ നിന്ന് 831 കോടി ലാഭം വർദ്ധിച്ചു ഇന്ത്യൻ കുത്തകയ്ക്ക്. റാറാറാ അയൺസ് 1990-ൽ 2957 കോടി രൂപയാണ് നിക്ഷേപം. 1994-ൽ 7342 കോടി രൂപയായി വർദ്ധിച്ചു. ലാഭം 295 കോടിയിൽനിന്ന് 399 കോടിയായി വർദ്ധിച്ചു. ഈ മൂന്നു കണക്കും പരിശോധിച്ചാൽ ഇന്ത്യൻ ഇക്കണോമി ആരെയാണ് സഹായിച്ചത്. ആർക്ക് ലാഭമുണ്ടാക്കിക്കൊടുത്തു ? ആരുടെ വരുമാനം കൂട്ടി ? ഈ രാജ്യത്ത് ജീവിതത്തോത് തകർന്നു. സാധാരണക്കാർ തകരുമ്പോഴും മറുഭാഗത്ത് കുത്തകക്കാരെ വളർത്തുന്ന ഒരു ഇക്കണോമിയാണ് കഴിഞ്ഞ അഞ്ചുവർഷം നരസിംഹറാവു ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്. അതാണ് കേരളത്തിലും വളർത്തിയിട്ടുള്ളത്. ഇന്ത്യ കുത്തകക്കാരുടെ ഏജൻസി പണിയാണ് ചെയ്യുന്നത്, കോൺഗ്രസ്സിലെ ശ്രീ. നരസിംഹറാവുവും ഇവിടെ ഇരിക്കുന്ന ശ്രീ. ഹസ്സനുമടക്കം ഈ ഏജൻസിയുടെ പണിയാണ് നടത്തുന്നത്. ടാറാറാ അയൺ ആൻറ് സ്റ്റീൽ ഇൻഡസ്ട്രീസിന് 359 കോടി രൂപ ആദായമുണ്ടാക്കിയത് ഇത്തരം വൻകിടക്കാരുടെ ആസ്തിയിലും ലാഭത്തിലുമുള്ള വിഹിതം വർദ്ധിപ്പിച്ചതുകൊണ്ടാണ്. ജനറൽ ഡവലപ്മെൻറ് ആർക്കാണ് ? ജനറൽ ഡെവലപ്മെൻറ് ജനങ്ങൾക്കല്ല, ഇന്ത്യ കുത്തകക്കാരെ വികസിപ്പിച്ചുവെന്നാണ്. രാജ്യത്തെ കടക്കെണിയിലാഴ്ത്തി സാധാരണക്കാരൻെറ തകർച്ചയുടെ ചിത്രം വരച്ചുകാട്ടുന്നതാണ് കേന്ദ്ര ബഡ്ജറ്റ്. ഇതിൻെറ ഒരു ചെറിയപതിപ്പാണ്. ശ്രീ. പത്മരാജൻ അവതരിപ്പിച്ച ഈ ബഡ്ജറ്റ്. വായ്പയിലും നികുതി ഭാരത്തിലും അധിഷ്ഠിതമാണ് ഇവിടത്തെ യു.ഡി.എഫ്. ഗവൺമെൻറ് ആ ഗവൺമെൻറിൻെറ സ്ഥിതി എന്താണ് ? സാമ്പത്തിക മാനേജുമെൻറിൻെറ സാമർത്ഥ്യത്തെക്കുറിച്ച് ചില പ്രസ്താവനകൾ ബഡ്ജറ്റിൻെറ പ്രസംഗത്തിൽ 40-ാം ഖണ്ഡികയിൽ കാണാം. സാമ്പത്തിക മാനേജുമെൻറിൻെറ അതാണ് ശ്രീ. പത്മരാജൻ എഴുതിവച്ചത്. ഗവർണ്ണറുടെ പ്രസംഗത്തിൻെറ തുടക്കത്തിൽ എൽ. ഡി. എഫ്. ഗവൺമെൻറ് അധികാരമൊഴിയുമ്പോൾ 100 കോടി രൂപ കമ്മിയായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. ഇത് സത്യവിരുദ്ധമാണ്. ഖജനാവ് മിച്ചമാക്കി, ഭദ്രമാക്കി ഇടതുപക്ഷ ഗവൺമെൻറിന് കൈമാറുമെന്നാണ് ഇപ്പോഴത്തെ അവകാശവാദം. സ്വന്തം സാമർത്ഥ്യം സമർപ്പിക്കാനുള്ള വ്യഗ്രതയിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറിനെ മാത്രമല്ല മുൻ ധനകാര്യവകുപ്പുമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയേയും കശക്കിയിരിക്കുകയാണ്. അത് ശ്രീ. ഹസ്സനു മനസ്സിലായിട്ടില്ല. ശ്രീ. ഉമ്മൻ ചാണ്ടിയേയും നമ്മളേയും കശക്കി. എൽ.ഡി.എഫ്. ഗവൺമെൻറ് അധികാരം ഒഴിയുന്നതിനു തൊട്ടുമുൻപ് 1991 മാർച്ചിൽ ക്ലോസിംഗ് ക്യാഷ് ബാലൻസ് 13.66 കോടി രൂപ മിച്ചമായിരുന്നു. അത് ഈ അസംബ്ലിയിൽ കാണിച്ചതാണ്. ഇവിടെ തന്നിട്ടുള്ള ബഡ്ജറ്റ് ഇൻ ബ്രീഫ് പുസ്തകത്തിൽ 24-ാം പേജിൽ കാണാം. ഓവറാൾ ബഡ്ജറ്റ് പ്രൊവിഷൻ എന്നുപറഞ്ഞ് ഒരു ഖണ്ഡികയുണ്ട്. ആ പ്രൊവിഷനിൽ പറയുന്നത്, 100 കോടി രൂപ കമ്മിയായിരുന്നുവെന്ന്. അല്പമെങ്കിലും ലജ്ജ വേണ്ടേ നിങ്ങൾക്ക് ? പ്രചരണത്തിനു കൊള്ളാമെങ്കിലും വസ്തുതാപരമായി ശരിയല്ല. അവാസ്തവമാണ്. വായ്പയിലും നികുതി ഭാരത്തിലും അധിഷ്ഠിതമാണ് ഈ

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റ് എന്നു വെറുതെ പറയുന്നതല്ല. കണക്കുവച്ച് പറയുന്നതാണ്. മൊത്തം വികസനേതര ചിലവ് ഈ ഗവൺമെൻറ് അവതരിപ്പിച്ച ബഡ്ജറ്റിൽ 2763 കോടി രൂപ. അതിൽ 1107 കോടി രൂപ 40.04 ശതമാനം പലിശ കൊടുക്കാനാണ് ഈ സർക്കാർ നീക്കിവച്ചത്. 1990-91-ൽ 341 കോടി രൂപയായിരുന്നു പലിശ കൊടുത്തതെങ്കിൽ, അന്നത്തെ കേരളാ ബഡ്ജറ്റിൽ നീക്കി വച്ചതെങ്കിൽ, വരും വർഷം നിങ്ങൾ നീക്കി വയ്ക്കുന്നത് 1107 കോടി രൂപയാണ്. കഴിഞ്ഞ 5 വർഷക്കാലം വായ്പയെടുത്തതിൽ അഭൂതപൂർവ്വമായ വർദ്ധനവാണ് ഈ കണക്കുകൾ ചൂണ്ടിക്കാണിക്കുന്നത്. മികച്ച ധനകാര്യ മാനേജ്മെൻറ് എന്നാൽ വായ്പാധിഷ്ഠിത മാനേജ്മെൻറ് എന്നാണ് യു. ഡി എഫ്. ഗവൺമെൻറിൻെറ ഭാഷ്യം. വായ്പ വാങ്ങാനുള്ള കഴിവുണ്ടോ എന്നാണ്. ഒരു ഗവൺമെൻറിൻെറ കഴിവ് അതാണ്. വായ്പ വേണമെങ്കിൽ സർക്കാരിന് പണയം വച്ചാൽ എവിടെ നിന്നും കിട്ടും. നിങ്ങൾക്ക് ബാങ്കിൽ നിന്നും തരില്ലായിരിക്കും. അതാണല്ലോ ശ്രീ. ആൻറണി ഈയിടെ പണം കിട്ടുന്നില്ല എന്നു പറയാൻ കാരണം. അതൊരു കഴിവല്ല. നികുതി ഭാരം അടിച്ചേൽപ്പിക്കുന്ന ബഡ്ജറ്റ് നിങ്ങളുടെ കഴിവാണ്. ഭരണം കൈയിലുണ്ടാകുമ്പോൾ നികുതി അടിച്ചേൽപ്പിക്കുവാൻ കഴിവ് വേണമോ ? ബുദ്ധി വേണമോ ? നികുതി കുറയ്ക്കുന്നതിനാണ് ബുദ്ധി വേണ്ടത്. വികസനം നടത്തുക എന്നതിനാണ് ബുദ്ധി വേണ്ടത്. അതുപോലെ വിൽപ്പന നികുതിയിനത്തിൽ 359 കോടി രൂപയും സ്റ്റാമ്പ് രജിസ്ട്രേഷൻ ഫീസിനത്തിൽ 125 കോടി രൂപയും അധികമായി ഈടാക്കാൻ പോകുകയാണ്. അടുത്ത വർഷം 1990-91-ൽ 897 കോടി രൂപയായിരുന്ന വിൽപ്പന നികുതി വരുമാനം ഈ കാലയളവിൽ 2500 കോടി രൂപയായി വർദ്ധിപ്പിച്ചു. എന്നുവച്ചാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെൻറിൻെറ കാലത്തേക്കാൾ മൂന്നു മടങ്ങോളം നികുതിഭാരം ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് ജനങ്ങളുടെ തലയിൽ ചുമത്തി എന്നാണ്. അത് മനസ്സിലാകുന്നവരാരെങ്കിലും ഉണ്ടോ അപ്പുറത്ത് ? കുറവാണ്.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. ഇസ്ഹാക് കുരിക്കൾ]

അതുകൊണ്ടാണ് നികുതിഭാരം അടിച്ചേൽപ്പിക്കുന്നതാണ് ഈ ബഡ്ജറ്റ് എന്നു ഞങ്ങൾ വിമർശിക്കാൻ കാരണം. ഇതൊരു നല്ല ബഡ്ജറ്റല്ല. ഗവൺമെൻറിൻെറ ധനകാര്യ കെടുകാര്യസ്ഥതയിലേക്കാണ് ഈ ബഡ്ജറ്റ് വെളിച്ചം വീശുന്നത്. ഞങ്ങൾ ട്രഷറി പൂട്ടിയിട്ടില്ല, കടം വാങ്ങിച്ചിട്ടില്ല എന്നൊക്കെ ശ്രീ. പത്മരാജൻ ഇവിടെ പ്രസംഗിച്ചു. എന്താണ് വസ്തുത എന്നറിയാമോ ? യഥാർത്ഥ വസ്തുത മറിച്ചാണ്. ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കാം. 1990-91-ലെ റവന്യൂ കമ്മി 422 കോടി രൂപയായിരുന്നു. 1995-96-ൽ ഈ കമ്മി 820 കോടി രൂപയായി. 1996-97-ൽ ഇത് 1072 കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. അപ്പോൾ ടാക്സ് റേറ് താഴ്ന്നു. റവന്യൂ കമ്മിയിലെ ഈ വർദ്ധനവും മൂലധനച്ചിലവിലെ കുറവും വികസന പ്രവർത്തനങ്ങൾ മന്ദഗതിയിലാക്കി. ഇവിടെ ഒരു വികസനവും നടന്നിട്ടില്ല. ഒന്നേ നടന്നിട്ടുള്ളൂ. ചുറായ്മ കൂടിക്കൂടി. ബഡ്ജറ്റ് പരിശോധിച്ചാൽ ഒരു വികസനവും നടന്നിട്ടില്ല. പ്രസംഗത്തിൽ പറഞ്ഞിട്ട് കാര്യമില്ല. കേന്ദ്ര നികുതി തീരുവ ഇനങ്ങളിൽ നിന്നും നമുക്ക് ലഭിക്കുന്ന ഓഹരിവരവ് 1990-91-ൽ 486 കോടി രൂപയായിരുന്നത് 1995-96-ൽ 1045 കോടി രൂപയായി. 1996-97-ൽ 1161 കോടിയായി വർദ്ധിക്കുകയാണ്. 400 കോടി രൂപ കരാറുകാർക്ക് കൊടുക്കാനില്ലേ ? ക്ഷേമപദ്ധതികൾക്കുള്ള കുടിശികയില്ലേ ? ഡി. എ. കുടിശ്ശിക കൊടുക്കാനില്ലേ ? ശമ്പള പരിഷ്ക്കരണം നിങ്ങൾ സ്റ്റോപ്പാക്കിയില്ലേ ? ഇതെല്ലാം കണക്ക് കൂട്ടിയാൽ എത്രയാണ് ? നിങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

കണക്കനുസരിച്ച് 28.64 കോടിയാണ് കമ്മി. എന്നാൽ കോൺട്രാക്ടർമാർക്ക് കൊടുക്കാനുള്ള 400 കോടിയും ചാരായത്തിന്റെ വകയിലുള്ള 300 കോടി രൂപയുടെ കമ്മിയും തൊഴിലില്ലായ്മ വേതനം ഇനത്തിൽ കൊടുക്കാനുള്ള 56 കോടിയും കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശികയായ 30 കോടിയും കൂടി കൂട്ടിയാൽ ഡെഫിസിറ് 792 കോടി രൂപയാണ്. 792 കോടി രൂപയാണ് വെട്ടിക്കുറച്ച് 28.64 കോടി രൂപ ആക്കിയത്. ഇവിടത്തെ കമ്മിയുടെ കണക്ക് മനസ്സിലായില്ലേ ? ശ്രീ. മാണി പറയും ഡെഫിസിറും സർപ്ലസും ഒരുപോലെയാണെന്ന്. ശ്രീ. കരുണാകരൻ അതിനെ സപ്പോർട്ട് ചെയ്യുമായിരുന്നു. ഇത് എന്ത് കണക്കാണ് ? 792 കോടി രൂപ കമ്മിയുടെ സ്ഥാനത്ത് 28 കോടി രൂപ കമ്മി എന്ന് എഴുതി വച്ചിരിക്കുകയാണ്. നികുതിഭാരത്തിലധിഷ്ഠിതമായ ബഡ്ജറ് അവതരിപ്പിച്ചിട്ടാണ് നേട്ടങ്ങളെക്കുറിച്ച് പറയുന്നത്. വൈദ്യുതി ഉൽപ്പാദനത്തിന്റെ വളർച്ചാ നിരക്ക് 9.1 ശതമാനമാണെന്ന് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരിക്കുകയാണ്. അതു കൊണ്ടാണ് ഇവിടെ ഇരുട്ടും വ്യാവസായിക തകർച്ചയും ഉണ്ടായത്. നാണയപ്പെരുപ്പം കുറഞ്ഞുവരുന്നുവെന്നു പറയുന്നു. അങ്ങനെ കുറഞ്ഞുവരുന്നതു കൊണ്ടാണോ ഇവിടെ അവശ്യ സാധനങ്ങളുടെ വില കുറയാത്തത്. ഉരുപ്പികയുടെ വില എത്രയാണ് ? ഒരു ഡോളറിന് 38 രൂപ. 4 വർഷംമുമ്പ് 17 രൂപയായിരുന്നു. നാണയവില സാങ്കേതികമായി ചെയ്തിരിക്കുകയാണ്. ഡോളറിന്റെ വില കയറിക്കൊണ്ടുപോകുന്നു. കള്ളഡോളർ കൊച്ചിയിൽ ഇഷ്ടം പോലെ കിട്ടും. ഉരുപ്പികയ്ക്കും കോൺഗ്രസ്സിനും ഇന്ന് വിലയില്ല. ആഭ്യന്തര ഉൽപ്പാദനം വളർച്ചാനിരക്ക് 6.2 ശതമാനമായി വർദ്ധിച്ചതുകൊണ്ടാണ് തൊഴിലില്ലായ്മ പെരുകിയത്. തൊഴിലില്ലാത്തവരുടെ എണ്ണം 48 ലക്ഷം എന്നുള്ളത് കട്ട് ചെയ്താണ് നിങ്ങൾ 32 ലക്ഷമാക്കിയത്. അസത്യമായ കണക്ക്. 8-ാം പദ്ധതിയിൽ 5460 കോടി രൂപ ചെലവഴിക്കുമെന്നാണ് പറയുന്നത്. അത് ഗവൺമെന്റിന്റെ വിവിധ വകുപ്പുകളുടെ ധൂർത്തിനും ചെലവിനും മാത്രമാണ്. യു.ഡി.എഫ്.ഗവൺമെന്റും പ്ലാനിംഗ് ബോർഡും ചേർന്ന് രൂപം നൽകിയ എട്ടാം പദ്ധതി 23000 കോടി രൂപയുടേതായിരുന്നു. അതിൽ കേന്ദ്ര പൊതുമേഖലയിലും സംസ്ഥാന പൊതുമേഖലയിലും സ്വകാര്യ പൊതുമേഖലയിലുംകൂടി എത്ര ചെലവഴിച്ചു എന്ന് ഗവൺമെന്റ് വ്യക്തമാക്കണം. നിങ്ങൾ അത് വ്യക്തമാക്കിയിട്ടില്ല. 23,000 കോടി രൂപയുടെ അടങ്കലിൽ പകുതിയെങ്കിലും പദ്ധതിക്ക് വേണ്ടി വിനിയോഗിച്ചോ ? ഇല്ല. എത്രത്തോളം ഭൗതിക വികസനം നേടാൻ നിങ്ങൾ ഉപയോഗിച്ചു. വൈദ്യുതിയെക്കുറിച്ച് പറഞ്ഞു. ബഡ്ജറിന്റെ 14-ാംപേജ് വായിച്ചാൽ ഈ ഗവൺമെന്റ് വൈദ്യുതി ഉൽപ്പാദനത്തിനുവേണ്ടി മാത്രമാണ് നിലനിൽക്കുന്നതെന്നു തോന്നും. ജലവൈദ്യുത പദ്ധതികൾ, ഡീസൽ പദ്ധതികൾ, ചെറുകിട-വൻകിട പദ്ധതികൾ, കാറ്റിൽ നിന്നുള്ള പദ്ധതികൾ, സൂര്യവെളിച്ചത്തിൽ നിന്നുള്ള പദ്ധതികൾ തുടങ്ങി എന്തെല്ലാം പദ്ധതികളാണ്. ഈ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ഒരു യൂണിറ് വൈദ്യുതി കൂടുതൽ ഉൽപ്പാദിപ്പിക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ ? പശ്ചിമ ബംഗാളിലെ വൈദ്യുത പദ്ധതിയെക്കുറിച്ചാണ് ഈ ഘട്ടത്തിൽ ഞാൻ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നത്. 1995 നവംബർ 26-ാം തീയതിയിലെ ദി വീക്ക് എന്ന പ്രസിദ്ധീകരണത്തിൽ പറയുന്നത്.

The Changes in power sector : West Bengal.

But the changes in the power sector have been electrifying since that black day. In fact, West Bengal is the only major State which is surplus in power today.

LIBRARY ARCHIVES Kerala Legislative Assembly

ജ്യോതി ബസുവിന്റെ നേതൃത്വത്തിലുള്ള പശ്ചിമ ബംഗാൾ ഗവൺമെന്റ് മാത്രമാണ് ഇൻഡ്യയിൽ ഇന്ന് വൈദ്യുതിയുടെ കാര്യത്തിൽ സർപ്ലസുള്ള ഏക സംസ്ഥാനം. ഞാൻ ശ്രീ. ആൻറണിയോട് പറഞ്ഞതാണ് നമുക്ക് വെസ്റ്റ് ബംഗാളിനെ സമീപിക്കാമെന്ന്. ഞങ്ങളും ശുപാർശ ചെയ്യാമെന്ന് പറഞ്ഞു. എന്നാൽ ജ്യോതിബസു മാർക്സിസ്റ്റ് ആയതുകൊണ്ടായിരിക്കും ആൻറണി അതിൽ താൽപ്പര്യമെടുത്തില്ല. അവിടെ മിച്ചം വരുന്ന വൈദ്യുതി ഇപ്പോഴും കേന്ദ്ര ഗവൺമെൻറിനാണ് നൽകുകയാണ്. The only major State surplus in electricity is West Bengal- പത്തിരുപത് വർഷത്തെ ഭരണത്തിന്റെ നേട്ടമാണിത്. ഇവിടെ ശ്രീ. കരുണാകരനും ശ്രീ. ആൻറണിയും മാറി മാറി ഭരിച്ചിട്ട് 75 ശതമാനം വിദ്യുച്ഛക്തികിട്ടാണ്. അതേ സമയം ബംഗാളിൽ വൈദ്യുതി രംഗത്തുണ്ടായിരിക്കുന്ന നേട്ടം അത്ഭുതാവഹമാണ്. അവിടെ വൈദ്യുതി സർപ്ലസ് ആയതുകൊണ്ടാണ് വ്യവസായം നടത്താൻ എല്ലാ മുതലാളിമാരും അങ്ങോട്ട് പോകുന്നത്. ഈ ഗവൺമെൻറ് വൈദ്യുതി യുടെ കാര്യത്തിൽ മാത്രമല്ല എല്ലാ രംഗത്തും പരാജയമാണ്. ഇക്കണോമിക് റിവ്യൂവിൽ പറയുന്ന ചില കാര്യങ്ങൾ ഞാൻ പറയാം. 1995-ൽ പ്രതിശീർഷ വരുമാനം ദേശീയ ശരാശരി 2401 രൂപ ആയിരുന്നുവെങ്കിൽ കേരളത്തിൽ 2103 രൂപ ആയിരുന്നു. അരിയുടെ ഉൽപ്പാദനം 1992-93-ൽ 11 ലക്ഷം ടണ്ണായിരുന്നുവെങ്കിൽ ഇപ്പോഴത് ഒൻപതേമുക്കാൽ ലക്ഷം ടണ്ണായി കുറഞ്ഞിട്ടുണ്ട്. ഇടതുപക്ഷ ഗവൺമെൻറ് അധികാരമൊഴിഞ്ഞതിന്റെ തൊട്ടടുത്ത വർഷമാണ് 1992-93. Rice production which was 10.84 Lakhs tonnes in 1992-93 has plummetted to an all time low of 9.75 lakh tonnes during 1994-95. ടാപ്പിയോക്കോയുടെയും പയറുവർഗ്ഗങ്ങളുടെയും ഉൽപ്പാദനവും ഈ ഗവൺമെൻറിന്റെ കാലത്ത് ഗണ്യമായി കുറഞ്ഞു. The plight of pulses and tapioca, the other important food crops in Kerala has also been more or less similar, both losing production substantially. 1992-93-ൽ പയറുവർഗ്ഗങ്ങളുടെ പ്രൊഡക്ഷൻ 17070 ടണ്ണായിരുന്നത് ഇപ്പോൾ 16,567 ടണ്ണായി കുറഞ്ഞു. അങ്ങനെ കാർഷിക മേഖല പരിപൂർണ്ണമായും നിങ്ങൾ തകർത്തു. കേന്ദ്ര പൊതുമേഖലാ നിക്ഷേപം 1990-ൽ ഒന്നരശതമാനമായിരുന്നത് 1994 ആയപ്പോൾ 1.29 ആയി കുറഞ്ഞു. അത് വർദ്ധിപ്പിക്കണമെന്ന ആവശ്യംപോലും നിങ്ങളുടെ ബഡ്ജറ്റ് പ്രസംഗത്തിൽ ഇല്ല. അങ്ങനെ എല്ലാ മേഖലയിലും കെടുകാര്യസ്ഥത മാത്രമേ പറയാനുള്ളൂ. പെൻഷൻകാരുടെ ആവശ്യങ്ങളോട് നിങ്ങൾ നീതി കാണിച്ചില്ല. പ്ലാനിംഗ് കമ്മീഷൻ നിങ്ങൾ നിർത്തലാക്കി. ബഡ്ജറ്റ് പ്രസംഗത്തിൽ 41-ാം ഖണ്ഡികയിൽ ഇപ്രകാരം പറയുന്നു. "ക്രമസമാധാനം സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നത് ഗവൺമെൻറിന്റെ അടിസ്ഥാന കടമയാണ്. കഴിഞ്ഞ 5 വർഷക്കാലയളവിൽ വർഗ്ഗീയ സംഘട്ടനങ്ങളും അവമൂലമുള്ള കൊലപാതകങ്ങളും ഗണ്യമായി കുറഞ്ഞിട്ടുണ്ട് എന്ന വസ്തുത നമുക്ക് സംതൃപ്തി നൽകുന്നതാണ്." 849 വർഗ്ഗീയ സംഘട്ടനങ്ങൾ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ നടന്നതായി ഗവൺമെൻറ് തന്നിട്ടുള്ള കണക്കുകൾ തന്നെ വെളിപ്പെടുത്തുന്നു. എന്നിട്ടാണ് അവാസ്തവവും സത്യവിരുദ്ധവുമായ പ്രസ്താവന ഇതിൽ എഴുതിവച്ചത്. ഇത്രയധികം അഴിമതി നടന്നിട്ടുള്ള ഒരു കാലഘട്ടവും മുൻപ് ഉണ്ടായിട്ടില്ല. പുതിയ മന്ത്രിമാരിൽ ഒന്നോ രണ്ടോ പേർ കൈക്കൂലി വാങ്ങില്ല എന്നൊഴിച്ചാൽ ബാക്കി മുഴുവൻ മന്ത്രിമാരും അഴിമതിക്കാരാണ്. ഈ മന്ത്രിസഭയിലെ ഒരു മന്ത്രി മിനിയാന്നാണ് 40 ലക്ഷം രൂപയ്ക്ക് സിറിയിൽ ഒരു വീട് വാങ്ങിയത്. ബിനാമി ഫ്ലർപ്പാടാണ്. ആളിന്റെ പേര് ഞാൻ ഇപ്പോൾ പറയില്ല. ഇലക്ഷൻ ടൈമിൽ പറയും. ശ്രീ. ആൻറണി

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷിക്കാൻ തയ്യാറായാൽ ആളെ കിട്ടും. ശ്രീ. ഹസ്സനുമറിയാം ആളാരാണെന്ന്. അയാളും എന്റെയും ഒരു സ്നേഹിതനാണ്. ശ്രീ. കരുണാകരനെതിരെ ആറരക്കോടി രൂപയുടെ പാമോയിൽ അഴിമതി കൊണ്ടുവന്നപ്പോൾ നിങ്ങൾ അന്വേഷിച്ചോ? ശ്രീ. കരുണാകരൻ വർക്കിംഗ് കമ്മിറ്റി മെമ്പർ കൂടിയാണ്. ശ്രീ. നരസിംഹറാവു മൂന്നരക്കോടി രൂപയുടെ അഴിമതി നടത്തി. രണ്ടു മുൻ കേന്ദ്ര മന്ത്രിമാർ ഇപ്പോൾ ജയിലിലാണ്. ശ്രീ. ബൂട്ടാസിംഗും ശ്രീ. ധവാനും അഴിമതിയുടെ പേരിൽ പിടിക്കപ്പെട്ടിരിക്കുന്നു. അഴിമതി നടത്തുകയോ കൈക്കൂലി വാങ്ങുകയോ ചെയ്യാത്തത് ഇടതുപക്ഷ പാർട്ടികൾ മാത്രമാണ്. ജനതാദളിന്റെ പ്രസിഡന്റ് ബൊമ്മെ അഴിമതി നടത്തിയതായി തെളിഞ്ഞപ്പോൾ ഞങ്ങൾ ആക്ഷേപിക്കുകയുണ്ടായല്ലോ. അദ്ദേഹം 60 ലക്ഷം രൂപയുടെ അഴിമതി നടത്തി. കാസർകോട് കോൺഗ്രസ്, ആർ. എസ്. എസ്.-ബി. ജെ. പി.-യുമായി കൂട്ടുകൂടി; മുസ്ലീംലീഗും ബി. ജെ. പി.യുമായിട്ട് കൂട്ടുകൂടി. വരുന്ന തെരഞ്ഞെടുപ്പിൽ വടകരയും, ബേപ്പൂരും ആവർത്തിക്കാനല്ലേ കൂട്ടുപിടിക്കുന്നത്? അതിനു വേണ്ടിയല്ലേ, വഞ്ചന നിറഞ്ഞ, കാപട്യം നിറഞ്ഞ ഈ ബഡ്ജറ്റ് അവതരിപ്പിച്ചത്? ഈ രാജ്യത്തെ കള്ള കണക്കാണ് ഈ ബഡ്ജറ്റ്. കഴിഞ്ഞ അഞ്ചുവർഷക്കാലവും ജനങ്ങളുടെ ജീവിതം ദുഃസ്സഹമാക്കിക്കൊണ്ടാണ് നിങ്ങൾ കേരളം ഭരിച്ചത്. അഴിമതി നടത്തിയ മന്ത്രിമാരല്ലേ ഭരണപക്ഷത്തിരിക്കുന്നത്? അതിനെക്കുറിച്ച് അന്വേഷണം നടത്താൻ മുഖ്യമന്ത്രി തയ്യാറുണ്ടോ? നിങ്ങളുടെ പതിനഞ്ചിന പരിപാടിയിലെ ആദ്യത്തെ ഇനം അഴിമതി നിർമ്മാർജ്ജനമെന്നാണ് പറഞ്ഞിരിക്കുന്നത്. എവിടെയാണ് അഴിമതി നിർമ്മാർജ്ജനം നടത്തിയിരിക്കുന്നത്? നിങ്ങൾ അഴിമതിയുടെ അത്താണിയിൽ കയറി കുത്തിയിരിക്കുകയാണ്. നിങ്ങൾ അഴിമതി ചെയ്യാൻ കൂട്ടുനിൽക്കുകയാണ്. ഇതല്ലേ കേരള സർക്കാർ? അവരുടെ ബഡ്ജറ്റാണിത്. ഈ രാജ്യത്ത് കള്ളവും കാപട്യവും പറഞ്ഞു പരത്തി, ജനവഞ്ചനയ്ക്ക് കൂട്ടുനിൽക്കുന്ന ഈ ബഡ്ജറ്റിനെ അംഗീകരിക്കാൻ പാടില്ല. ഭരണപക്ഷക്കാരോടും എനിക്ക് പറയാനുള്ളത്, ഇത് അംഗീകരിക്കരുത്, പച്ചക്കള്ളമാണ്. 720-ൽ ചിലവാനം കോടി രൂപയുടെ ബഡ്ജറ്റിൽ 28 കോടി രൂപയുടെ കമ്മിയെന്നാണ് പറഞ്ഞിരിക്കുന്നത്. ഇത്തരത്തിൽ അവാസ്തവമായ, സത്യവിരുദ്ധമായ ഈ ബഡ്ജറ്റ് അവതരണത്തെ ഞാൻ ശക്തിയായി എതിർക്കുന്നു. ഇത് കള്ളമാണ്, വഞ്ചനയാണ്. രാജ്യത്തെ ജനങ്ങളെ വഞ്ചിക്കാൻ വേണ്ടി വർഗ്ഗീയ ശക്തികളുമായി കൂട്ടുകൂടി വരുന്ന തെരഞ്ഞെടുപ്പിനെ നേരിടാനാണ് നിങ്ങൾ ശ്രമിക്കുന്നത്. അതിനുള്ള ഒരു ബഡ്ജറ്റാണിത്. ആ ബഡ്ജറ്റിനെ നഖശിഖാന്തം എതിർത്ത് പരാജയപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. എം. കെ. മുനീർ: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ജനാധിപത്യത്തിന്റെ ശ്രീകോവിലിൽ നിന്നുകൊണ്ട് മൂല്യങ്ങളെ ഉയർത്തിപ്പിടിച്ച്, സവിശേഷമായ ഒരു ബഡ്ജറ്റ് അവതരിപ്പിക്കാൻ ധനകാര്യ വകുപ്പുമന്ത്രിക്ക് സാധിച്ചു.

'ഭൂമിയിൽ ഒരു സ്വർഗ്ഗമുണ്ടെങ്കിൽ
അത് ഇതാണ്, ഇതാണ്'

എന്ന് അവകാശവാദമില്ലാതെ, നരക സമാനമായി തീർന്നേക്കാൻ ഇടയുണ്ടായിരുന്ന ഒരു സമ്പദ്ഘടനയെ അലാവുദീന്റെ അത്ഭുത വിളക്കില്ലാതെ രക്ഷിക്കാൻ സാധിച്ച ഒരു ബഡ്ജറ്റാണിത്, ഇത് കേവലം ഭരണപക്ഷത്തെ ഒരംഗമെന്നുള്ള നിലയിൽ എന്റെ അഭിപ്രായം മാത്രമല്ല. കേരളത്തിനകത്തും പുറത്തും പ്രചാരമുള്ള പ്രഗൽഭമായ പത്രങ്ങളിലൊക്കെ വെണ്ടക്ക അക്ഷരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

നിരത്തിക്കൊണ്ട് ഇതിനെക്കുറിച്ച് ലേഖനങ്ങൾ വരികയുണ്ടായി. അൽഭുത വിളക്കല്ല, ഇത് ധനകാര്യ മാനേജ്മെൻറിൻെറ കഴിവാണെന്നു പറഞ്ഞു കൊണ്ടാണ് ഉജ്ജ്വലമായ ലേഖനങ്ങൾ വന്നിരിക്കുന്നത്. ആ ലേഖനങ്ങൾ തൃക്കരിപ്പൂർ അംഗത്തിന് വായിക്കാൻ കിട്ടിയിട്ടില്ലേ എന്ന് ഞാൻ സംശയിച്ചു പോകുന്നു. 1991-92-ൽ ഈ സർക്കാർ അധികാരത്തിൽ വന്ന ഘട്ടത്തിൽ കേരളത്തിൻെറ സമ്പദ്ഘടന എന്തായിരുന്നു എന്നുള്ളതു നാം പരിശോധിക്കേണ്ടതാണ്. അതിനെക്കുറിച്ച് നിഷ്പക്ഷമായിട്ട് പത്രങ്ങൾ വിലയിരുത്തിയിട്ടുണ്ട്. അന്നത്തെ ധനസ്ഥിതിയനുസരിച്ച്, 195 ദിവസം ഓവർ ഡ്രാഫ്റ്റും 156 ദിവസം വേയ്സ് ആൻറ് മീൻസ് അഡ്വാൻസും എടുക്കേണ്ടിവന്നു. ഇപ്രകാരം എടുത്ത ഓവർഡ്രാഫ്റ്റ് 1136.61 കോടി രൂപയും വേയ്സ് ആൻറ് മീൻസ് അഡ്വാൻസ് 473.54 കോടി രൂപയുമാണ്. എന്നാൽ ഈ വർഷം വേയ്സ് ആൻറ് മീൻസ് അഡ്വാൻസ് 28 ദിവസം മാത്രമേ എടുക്കേണ്ടി വന്നുള്ളു. ഓവർ ഡ്രാഫ്റ്റ് ഇനത്തിൽ 3.35 കോടി രൂപയും വേയ്സ് ആൻറ് മീൻസ് അഡ്വാൻസ് ഇനത്തിൽ 128 കോടി രൂപയുമാണ് എടുക്കേണ്ടി വന്നത്. അൽഭുത വിളക്കില്ലാതെ ഈ നേട്ടം കൈവരിച്ചതിൻെറ പിന്നിൽ പ്രധാനമായും നാലു കാര്യങ്ങളാണുള്ളതെന്ന് പത്രങ്ങൾ വിലയിരുത്തിയിട്ടുണ്ട്. നികുതി പിരിവ് കർക്കശമാക്കി, പദ്ധതിയിതര ചെലവ് വെട്ടിച്ചുരുക്കാൻ കഴിഞ്ഞു, വിഭവ സമാഹരണത്തിന് കൂടുതൽ ശ്രദ്ധ പതിപ്പിക്കാൻ സാധിച്ചു, തുടങ്ങി വളരെ ശ്ലാഘനീയമായിട്ടാണ് ഈ ബഡ്ജറിനെ പുറത്തുള്ളവർ വിലയിരുത്തിയത്. അതേ സമയം പ്രത്യേക കണ്ണാടി വച്ചുകൊണ്ട് എല്ലാറിലും കുറ്റം കാണാൻ പ്രതിപക്ഷം ശ്രമിക്കുന്നത് ശരിയല്ല. നാം ചില സത്യങ്ങൾ തുറന്നു പറഞ്ഞുവെന്നുള്ളതാണ് ചെയ്ത തെറ്റ്. ചില സത്യങ്ങൾ തുറന്നു പറയേണ്ടതുണ്ടായിരുന്നു. അല്ലെങ്കിൽ അത് നാം കേരളത്തിലെ ജനങ്ങളോട് ചെയ്യുന്ന ഏറ്റവും വലിയ അനീതി ആയിരിക്കും. അവസാനം ഇരുട്ടിൽ തപ്പുന്ന സ്ഥിതിയിലേക്ക് കേരളത്തെ കൊണ്ടെത്തിക്കാതിരിക്കാനും, റഷ്യയ്ക്ക് വന്ന അനുഭവം വരാതിരിക്കാനും വേണ്ടി ചിലതൊക്കെ നമ്മൾ ഇവിടെ തുറന്നു പറയുകയും പരിമിതിയിൽ നിന്ന് ചെയ്യാൻ സാധിക്കുന്നതു ചെയ്യുകയും ചെയ്തിട്ടുണ്ട്. റഷ്യയിൽ എന്താണ് സംഭവിച്ചത്? ഗോർബച്ചോവിൻെറ കാലത്ത് വിശാലമായ പല പ്രഖ്യാപനങ്ങളും നടത്തി. അദ്ദേഹത്തിൻെറ സാമ്പത്തിക വിദഗ്ദ്ധനായ ഏബൽ ബഹിയാനോസ് ചോദിക്കുമ്പോഴാണ് പറയുന്നത്, ഇത് പൊള്ളയാണ്, ഇതിനകത്ത് ഒന്നുമില്ല എന്ന്. ഈ നിലയിൽ ജനങ്ങളെ സമീപിക്കാൻ നമുക്ക് കഴിയില്ല. ഗോർബച്ചോവിനോട് ചില കാര്യങ്ങൾ തുറന്നു പറയാൻ പറയുകയും നമ്മുടെ സാമ്പത്തിക അവസ്ഥ ഇതാണെന്ന് ലോകത്തോട് പറയുകയും ചെയ്യണമെന്ന് പറഞ്ഞപ്പോഴാണ് അദ്ദേഹം പെരിസ്ട്രോയിക്കയും ഗ്ലാസ്നോസ്തുമായി നമ്മുടെ മുമ്പിൽ സമീപിച്ചത്. അദ്ദേഹം തുറന്ന സമീപനത്തിൽക്കൂടി തകർന്നു പോയ സമ്പദ്ഘടനയെക്കുറിച്ച് പറഞ്ഞു. ഇപ്പോഴും നിങ്ങൾ പഴയ പല്ലവി ഉരുവിട്ടിരിക്കുന്നതുകൊണ്ട് ബഹുമാനപ്പെട്ട തൃക്കരിപ്പൂർ അംഗം പറഞ്ഞ കാര്യം റഷ്യയിലെ കാര്യവുമായി കൂട്ടിച്ചേർക്കുമ്പോൾ വളരെ പ്രസക്തമാണെന്നുള്ളതുകൊണ്ടാണ് ഞാൻ ഇത് പറഞ്ഞത്. മാത്രമല്ല, നാം ഇവിടെ ചെയ്യാൻ ശ്രമിച്ചിട്ടുള്ള കാര്യങ്ങൾ സാധാരണക്കാരിൽ സാധാരണക്കാരായ ആളുകളുടെ പ്രശ്നങ്ങളിലേക്ക് ഇറങ്ങിച്ചെന്നുകൊണ്ടാണ്. ഇപ്പോൾ ചാരായ നിരോധനം ഏർപ്പെടുത്തിയപ്പോൾ അതിനെതിരായിട്ട് വലിയ മുറവിളി ഉണ്ടായി. യഥാർത്ഥത്തിൽ വിപ്ലവകരമായ ഒരു തീരുമാനമാണ് നാം എടുത്തിട്ടുള്ളത്. അതിൽ നിന്നും വരുന്ന നഷ്ടം സഹിക്കുന്നതിനുവേണ്ടി വിഭവ സമാഹരണത്തെക്കുറിച്ച് കൂടുതൽ ചിന്തിക്കണമെന്നാണ് പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

അല്ലാതെ വഴിവിട്ടുപോകുന്ന ഒരു തലമുറയെ അതിന്റെ പാട്ടിന് വിടുന്ന സ്ഥിതി ശരിയല്ല എന്നാണ് നാം പറഞ്ഞിട്ടുള്ളത്. ചാരായം കൊണ്ടുള്ള ദുരന്തങ്ങളെക്കുറിച്ച് ഇനിയും ചർച്ച ചെയ്യേണ്ടതുണ്ടോ ? അതുകൊണ്ടല്ലേ സി. പി. ഐ. യെ പോലുള്ള പാർട്ടികളും പോലും, ഞാൻ അവരെ കുറ്റപ്പെടുത്തുകയല്ല, ആദ്യം പറഞ്ഞ നിലപാടിൽ നിന്നും ഇന്ന് മാറിയത് ? ഞങ്ങളും തിരിച്ചുവന്നാൽ ചാരായ നിരോധനം എടുത്തുകളയുമെന്നു പറഞ്ഞ പാർട്ടി പിന്നീട് യോഗം കൂടി ഘട്ടംഘട്ടമായി പൂർണ്ണമായും മദ്യ നിരോധനം നടപ്പിലാക്കണം എന്നുള്ള രീതിയിലേക്ക് മാറി ചിന്തിക്കാൻ തയ്യാറായി. ഈ സർക്കാർ എടുത്തിട്ടുള്ള വിപ്ലവകരമായ തീരുമാനത്തോടൊപ്പം നിൽക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അത് ജനവികാരത്തിന് എതിരായിരിക്കുമെന്ന് കരുതിയിട്ടാണ് മാറി ചിന്തിക്കാനിടയായത്.

ശ്രീ. വി. വി. രാഘവൻ : ഡോക്ടറായതുകൊണ്ട് ചോദിക്കുകയാണ്, ശ്രീ. പി. കെ. വാസുദേവൻ നായർ അങ്ങനെ പറഞ്ഞിട്ടില്ലെന്ന് നിഷേധിക്കുകയും സി. പി. ഐ. യുടെ നയം ചാരായത്തോടൊപ്പം വിദേശ മദ്യനിരോധനവും വേണമെന്നുള്ളതാണെന്നും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടും അങ്ങ് എന്തിനാണ് ഇങ്ങനെ ടിസ്റ്റ് ചെയ്തത് സംസാരിക്കുന്നത് ?

ശ്രീ. എം. കെ. മുനീർ : ഞാൻ ശ്രീ. പി. കെ. വാസുദേവൻ നായരുടെ പേര് ഇവിടെ പറഞ്ഞിട്ടില്ല. ഘട്ടംഘട്ടമായിട്ട് മദ്യ നിരോധനം നടപ്പിൽ വരുത്തണമെന്നുള്ള ഈ നിലപാടിൽ പാർട്ടിക്ക് എത്തേണ്ടിവന്നത് ജനവികാരം എതിരാകുമെന്ന് മനസ്സിലാക്കിയതുകൊണ്ടാണ്. അതിനുമുൻപ് സി. പി. ഐ. എന്നുമാത്രമല്ല, ഇടതുപക്ഷ മുന്നണി ഭാഗത്തുനിന്നും വന്നിട്ടുള്ള പ്രസ്താവനകളും നമ്മുടെ മുമ്പിലുണ്ട്, അവരുടെ പ്രഖ്യാപനങ്ങളും നാം കണ്ടതാണ്. ഇപ്പോൾ നിങ്ങളുടെ വാദഗതി ചാരായം നിരോധിച്ചു കഴിഞ്ഞാൽ വ്യാജവാറ് വർദ്ധിക്കുമെന്നാണ്. ഇത്രയും ബാലിശമായ ഒരുകാര്യം നിങ്ങൾക്ക് എങ്ങനെ പറയാൻ സാധിക്കും?

ശ്രീ. ഒ. ഭരതൻ : ചാരായ ഷോപ്പുകളിൽ പ്രവർത്തിക്കുന്ന 25,000-ഓളം തൊഴിലാളികളെ എന്തടിസ്ഥാനത്തിലാണ് പുനരധിവസിപ്പിക്കാൻ പോകുന്നത് ? അതിന് ക്രിയാത്മകമായ പരിപാടിഎന്താണ് ? നാൽപ്പതും അൻപതും വയസ്സായ പാവപ്പെട്ട തൊഴിലാളികളുടെ ഭാവി ജീവിതം എങ്ങനെയാണ്? ഒരു പുനരധിവാസ പദ്ധതിയിൽക്കൂടി അവരെ സംരക്ഷിക്കാൻ കഴിയുമോ? അന്യരാജ്യങ്ങളിൽ നിന്നും അനാഥരായി വരുന്ന ആളുകളെയൊക്കെ നമ്മുടെ രാജ്യത്ത് പുനരധിവസിപ്പിക്കുന്നില്ലേ ? ബർമ്മ, ടിബറ്റ്, സിലോൺ തുടങ്ങിയ രാജ്യങ്ങളിൽ നിന്നും വരുന്ന അഭയാർത്ഥികളെ നിങ്ങളും പുനരധിവസിപ്പിക്കുന്നുണ്ട്. എന്നാൽ ഈ പാവപ്പെട്ട തൊഴിലാളികളെ പുനരധിവസിപ്പിക്കാനുള്ള പരിപാടിയെന്താണ് ?

ശ്രീ. എം. കെ. മുനീർ : ഇതിനെക്കുറിച്ച് വളരെ ഗൗരവമായിട്ട് സർക്കാർ ആലോചിക്കുന്നുണ്ട്. അതിലും നിങ്ങളുടെ സഹകരണം വേണം. അതിന്റെ പേരിൽ ചാരായം നിരോധിക്കണ്ടെന്നാണോ അങ്ങ് പറയുന്നത് ?

ശ്രീ. ഒ. ഭരതൻ : ഒരു തീരുമാനം എടുക്കുമ്പോൾ അതിന്റെ നാനാവശങ്ങളെക്കുറിച്ച് ആലോചിച്ച് അതെങ്ങനെ പ്രാവർത്തികമാക്കാമെന്നുള്ളതിനെക്കുറിച്ച് ഒരു സമഗ്രമായ പരിപാടി വേണ്ടേ ?

ശ്രീ. എം. കെ. മുനീർ : അതിന്റെ പേരിൽ നമ്മളെന്തിനാണ് ചാരായ നിരോധനത്തിൽ നിന്നും പിന്നോട്ട് പോകേണ്ടത്? ചാരായ നിരോധനംമൂലം വ്യാജവാറ് വർദ്ധിക്കുമെന്ന് ഇവിടെ പറഞ്ഞു. എങ്ങനെയാണ് വ്യാജവാറ് വർദ്ധിക്കുന്നത്? ഞാൻ മനസ്സിലാക്കുന്നത്, വ്യാജവാറ്

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലാതാക്കാൻ ഇത് സഹായിക്കും എന്നാണ്? കാരണം ചാരായ നിരോധനം വന്നു കഴിഞ്ഞാൽപ്പിന്നെ മദ്യപിച്ചിട്ട് പുറത്തിറങ്ങി നടക്കുമ്പോൾ, 'വ്യാജവാറ്' കാരന്റെ അടുത്ത് പോയിട്ട് വന്നവനാണെന്ന് മനസ്സിലാക്കാനും അവനെ പിടിച്ചാൽ ഇതിന്റെ ഉൽഭവം കണ്ടെത്താനും സാധിക്കും.

ശ്രീ. ഇ. ശങ്കരൻ : സർ, മദ്യം എന്നു പറയുന്നത് ചാരായം മാത്രമല്ലല്ലോ. ഫോറിൻ ലിക്വർ കഴിച്ചിട്ട് ഒരാൾ വരികയാണെന്നു വയ്ക്കുക ; ഇൻഡ്യൻ വിദേശമദ്യവും, ഫോറിൻ ലിക്വറും, കള്ളും കുടിച്ചു കഴിഞ്ഞാൽ അത് ചാരായത്തിന്റെ കണക്കിൽ പെടുമോ ?

ശ്രീ. എം. കെ. മുനീർ : പ്രഗൽഭമതികളായ ആളുകളോട് സംസാരിക്കുമ്പോൾ തന്നെ അത് മനസ്സിലാകും.

ശ്രീ. കെ. പി. മമ്മു മാസ്റ്റർ : സർ, മദ്യനിരോധനം ഗൗരവമായിട്ടാണ് എടുത്തതെങ്കിൽ സമാന്തരമായി എടുക്കേണ്ട പല തീരുമാനങ്ങളുമില്ലേ ? ചാരായ നിരോധനം ഗൗരവമായിട്ട് എടുക്കുന്നതോടൊപ്പം തന്നെ തൊഴിലാളികളുടെ പുനരധിവാസം സംബന്ധിച്ചുള്ള തീരുമാനവും എടുക്കേണ്ടതാണ്. അടിയന്തിരമായി പരിഹരിക്കേണ്ട പ്രശ്നമാണ്.

ശ്രീ. എം. കെ. മുനീർ : ഇതിനുള്ള മറുപടി പറഞ്ഞുകഴിഞ്ഞു. ജനങ്ങൾക്ക് ഈ വിപ്ലവകരമായ തീരുമാനത്തിൽ പൂർണ്ണ വിശ്വാസമാണുള്ളത്. തൊഴിലാളികൾക്ക് തൊഴിലവസരമുണ്ടാക്കിക്കൊടുക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ചാരായം മാത്രമല്ല, ഘട്ടംഘട്ടമായി പൂർണ്ണമദ്യനിരോധനം ഇവിടെ നടപ്പിലാക്കണമെന്ന് ആവശ്യപ്പെടുന്നവരാണ്. സി. പി. ഐയും ഇതിനേടയ് യോജിപ്പുള്ളവരാണ്.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഘട്ടംഘട്ടമായി മദ്യനിരോധനം നടത്തുമ്പോൾ ഒന്നാമത്തെ ഘട്ടത്തിൽ തന്നെ ഇൻഡ്യൻ നിർമ്മിത വിദേശമദ്യവും ചാരായവും ഉൾപ്പെടുത്തി നിരോധിക്കണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. അതിന് ഗവൺമെന്റ് മുൻകൈ എടുക്കണം. ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തെ മാത്രം ഒഴിവാക്കാനായി താൽപ്പര്യം പ്രകടിപ്പിക്കുന്നതെന്താണ് ?

ശ്രീ. എം. കെ. മുനീർ : അതിലേക്കൊന്നും ഞാൻ കടക്കുന്നില്ല. പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്താനായി നിങ്ങളോടൊപ്പം ഞങ്ങളും സഹകരിക്കാൻ തയ്യാറാണ്. അതിന് സർക്കാർ മുൻകൈ എടുക്കണമെന്നതു തന്നെയാണ് ഞങ്ങളുടെ ആവശ്യം. ഇതോടൊപ്പം യുവതലമുറയെ തെറ്റായ മാർഗ്ഗത്തിലേക്ക് കൊണ്ടുപോകുന്ന എല്ലാ പ്രവണതകൾക്കും വിരാമമിടണം. മയക്കുമരുന്നിന് അടിമകളാകുന്ന യുവതലമുറകളെ അതിൽനിന്നും രക്ഷിക്കേണ്ടത് അനിവാര്യമാണ്. ഒരുകാലത്ത് ലോകത്തിൽ 'ഓപ്പിയം വാർ' എന്നറിയപ്പെടുന്ന കറുപ്പിനുവേണ്ടിയുള്ള ഒരു യുദ്ധം നടന്നിരുന്നു. ചൈനയും, ബ്രിട്ടനും തമ്മിലായിരുന്നു യുദ്ധം. ഇൻഡ്യയിൽ നിന്നും ഏറ്റവും കൂടുതൽ കറുപ്പ് ബ്രിട്ടനിലേക്ക് കയറ്റി അയച്ചിരുന്നു. അതിൽ വലിയൊരു പങ്ക് കേരളത്തിൽ നിന്നായിരുന്നുവെന്നാണ് ചരിത്രത്തിന്റെ താളുകളിൽ നിന്നും അറിയാൻ സാധിച്ചത്. ആ അപമാനം ഇനിയുണ്ടാകാൻ പാടില്ല. യുവാക്കളെ വഴിതിരിച്ചു വിടുന്ന ഇത്തരത്തിലുള്ള പ്രവണതകളിൽനിന്നും പൂർണ്ണമായി മാറാൻ ചങ്കൂറ്റത്തോടുകൂടിയുള്ള തീരുമാനം എടുക്കണം. വിദ്യാഭ്യാസനയത്തെക്കുറിച്ച് വ്യാപകമായ പ്രതിഷേധമാണുള്ളത്.

ശ്രീ. ലോനപ്പൻ നമ്പാടൻ : ഇൻഡ്യൻ നിർമ്മിത വിദേശമദ്യം നിരോധിക്കുന്നതിനെക്കുറിച്ച് ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ അഭിപ്രായം എന്താണ് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. മുനീർ : ഇൻഡ്യയിലെ ഓരോ പൗരന്റെയും അഭിപ്രായം തന്നെയാണ് ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിനുള്ളത്.

ശ്രീ. എ. പത്മകുമാർ : പെത്തഡിൻ ഉപയോഗിക്കുന്നത് സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ് ?

ശ്രീ. എം. കെ. മുനീർ : ഉപയോഗിക്കാൻ പാടില്ലെന്ന് തന്നെയാണ് അഭിപ്രായം. മരുന്ന് എന്ന നിലയിൽ ചിലപ്പോഴെ അത് ഉപയോഗിക്കാറുണ്ട്. ഇത്തരം ചോദ്യങ്ങൾ പുറത്തുവച്ചു പറയാനേ സാധിക്കൂ. കൂടാതെ അതിന് പ്രത്യേകമായ കൺസൾട്ടേഷൻ ഫീസും വേണ്ടിവരും. രണ്ട് കാര്യങ്ങൾ പറഞ്ഞുകൊണ്ടാണ് പ്രതിപക്ഷം ഇപ്പോൾ സമരം നടത്തുന്നത്. തുറന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ പൂട്ടണമെന്നും, അടച്ച ചാരായഷാപ്പുകൾ തുറക്കണമെന്നുമാണ്. ഇത്തരമൊരു നയം സ്വീകരിച്ചുകൊണ്ട് തെരഞ്ഞെടുപ്പ് പ്രകടനപത്രികയുമായി മുന്നോട്ടുപോകാൻ ഇടതുമുന്നണിക്ക് സാധിക്കുമോ ? വിദ്യാഭ്യാസ രംഗത്ത് ഏതെങ്കിലുമൊരു വിഭാഗത്തിന് കൂടുതൽ സ്കോപ്പ് കൊടുത്തുവെന്നും, ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി വർഗ്ഗീയമായി പെരുമാറിയെന്നുമാണ് വ്യാപകമായി പ്രസംഗങ്ങൾ നടക്കുന്നത്. ദേശീയ വിദ്യാഭ്യാസനയം വായിച്ചു നോക്കേണ്ടതാണ്. ഇന്നോ, ഇന്നലെയോ തുടങ്ങിയതല്ല ദേശീയ വിദ്യാഭ്യാസനയം. ഇൻഡ്യയിലെ വിദ്യാഭ്യാസ വിചക്ഷണൻമാർ പൂർണ്ണമായും ഇൻഡ്യാ രാജ്യത്തെ പഠിച്ചിട്ട് തയ്യാറാക്കിയതാണ് ദേശീയ വിദ്യാഭ്യാസനയം. ആ നയത്തിൽ പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളായി കണ്ടെത്തിയതാണ് മുസ്ലീങ്ങളെയും, നിയോബുദ്ധിസ്റ്റുകളെയും. ഇൻഡ്യയിലെ നാൽപ്പത്തിയൊന്നോളം ജില്ലകളെ ഇതിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. ഇതിൽപ്പെടുന്ന കേരളത്തിലെ ആറ് ജില്ലകളിൽ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി സ്കൂളുകൾ അനുവദിക്കാൻ കേന്ദ്രം പറഞ്ഞതനുസരിച്ചുള്ള ഫോമുകൾ പൂരിപ്പിച്ചയച്ചു. അപ്രകാരം വന്ന സ്ഥാപനങ്ങൾ രാജ്യത്തെ നാപത്താംനമ്പർ ചിലർ ചിത്രീകരിക്കുന്നത് രാജ്യത്ത് സന്തുലിതാവസ്ഥ ഉണ്ടാക്കരുതെന്ന് കരുതുന്നവരാണ്. എല്ലാ വിഭാഗങ്ങൾക്കും അവരുടേതായ പ്രാധാന്യം കൊടുക്കണം. മതസ്പർദ്ധ ഇല്ലാത്ത രീതിയിൽ വിദ്യാഭ്യാസ രംഗത്ത് പുരോഗമനമുണ്ടാക്കാനുള്ള പ്രവർത്തനങ്ങളിൽ നാം മുന്നോട്ടുപോകണം. സ്വകാര്യമേഖലയിൽ സ്കൂളുകളും എഞ്ചിനീയറിംഗ് കോളേജുകളും വരുന്നുവെന്നുള്ളതാണ് മറ്റൊരു ആരോപണം. ഒരു കാലത്ത് കാസർഗോഡ് വിദ്യാഭ്യാസ ചർച്ച നടക്കുന്ന അവസരത്തിൽ ഒരു മുഖ്യമന്ത്രി അവിടെ സന്ദർശിക്കുകയുണ്ടായി. അവിടെയുള്ള കുട്ടികൾക്ക് മണിപ്പാലിൽ പോയി പഠിക്കണമെന്നുള്ള ചർച്ചയാണ് മുഖ്യമന്ത്രി കയറുന്ന അവസരത്തിൽ കേട്ടത്. അദ്ദേഹം ചോദിച്ചു ; ഇവിടെ കുട്ടികൾക്ക് മുലപ്പാൽ കിട്ടുന്നില്ലേ? തൊട്ടടുത്ത സംസ്ഥാനത്തുപോയി പഠിക്കേണ്ട ഒരു സാഹചര്യമാണ് അന്നുണ്ടായിരുന്നത്. ഇന്ന് ആ സ്ഥിതി മാറി. കാസർഗോഡ് സ്വകാര്യമേഖലയിൽ സ്വാശ്രയമെന്ന നിലയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് തുടങ്ങാൻ കഴിഞ്ഞു. മണിപ്പാലിൽ പോകാതെ സ്വന്തം നാട്ടിൽത്തന്നെ പഠനം നടത്താനുള്ള സ്ഥിതി വിശേഷം ഉണ്ടാക്കിക്കൊടുത്തത് ഈ സർക്കാരിന്റെ നേട്ടമായി തന്നെ കാണുന്നു.

മി. ചെയർമാൻ : Please conclude. Your time is over.

ശ്രീ. എം. കെ. മുനീർ : ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്ക് ഞാൻ എന്റെ കൃതജ്ഞത രേഖപ്പെടുത്തുകയാണ്. അദ്ദേഹം കോഴിക്കോട് മേഖലയോടെടുത്ത സമീപനം മലബാറിനു അദ്ദേഹം അനുപത്തിയേഴോളം .....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ലോനപ്പൻ നമ്പാടൻ : ബനാത്തുവാലയും, ഹവാലയും തമ്മിൽ ബന്ധമുണ്ടോ ?

ശ്രീ. എം. കെ. മുനീർ : അവർ തമ്മിൽ യാതൊരു ബന്ധവുമില്ല.

ശ്രീ. പി. എം. മാത്യു : അവർ തമ്മിലുള്ള ബന്ധം നമ്പാടനും ലോനപ്പനും തമ്മിലുള്ള ബന്ധം തന്നെയാണ്.

ശ്രീ. എം. കെ. മുനീർ : വ്യവസായരംഗത്ത് നാം ഉണ്ടാക്കിയിട്ടുള്ള വിപ്ലവത്തിന്റെ ഫലമായി വിദേശത്തുള്ള നിക്ഷേപകർക്ക് കേരളത്തിൽ വന്ന് വ്യവസായം തുടങ്ങാനുള്ള അവസരമുണ്ടാക്കി. എൻ. ആർ. ഐ. മേഖലയിൽ രണ്ട് വ്യവസായങ്ങൾ ആരംഭിച്ചിരിക്കുന്നു. കേരളത്തിൽ ഒരു പുതിയ മാറ്റമുണ്ടാക്കാനും, കേരളത്തിൽ വരുന്ന ജനങ്ങൾക്ക് നന്മ ലഭിക്കുന്ന രീതിയിൽ ഉള്ള പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാനും, വിദേശികൾക്കു കേരളത്തിൽ വന്ന് വ്യവസായം തുടങ്ങാനുള്ള കാലാവസ്ഥ സൃഷ്ടിക്കാനും നമുക്കു സാധിച്ചിരിക്കുന്നു. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അജണ്ടയിൽ ഒരു മുദ്രാവാക്യം മാത്രമേയുള്ളൂ ; ശ്രീ. എം. വി. രാഘവനെ നിന്നു തടയണമോ, ഇരുന്നു തടയണമോ, കിടന്നു തടയണമോ എന്നതാണ്. അല്ലാതെ ജനങ്ങൾക്ക് സമർപ്പിക്കാനുള്ള ഒരു മുദ്രാവാക്യവുമില്ല. ഡി.വൈ.എഫ്.ഐ. യുടെ പ്രവർത്തകർ പഴയകാലത്തു വിളിച്ചിരുന്ന മുദ്രാവാക്യങ്ങളൊക്കെ എവിടെ പോയി ? ശ്രീ. എം. വി. രാഘവൻ ഏതു ഗസ്റ്റ് ഹൗസിൽ വന്നാലും അവിടെ പോയി തടയണമെന്നാണ് അവരോട് പറയുന്നത്. ഇപ്രകാരം പറഞ്ഞപ്പോൾ കോഴിക്കോട് ഡി.വൈ.എഫ്.ഐ. പ്രവർത്തകർ തമ്മിൽ പ്രശ്നമുണ്ടാക്കി കലഹിക്കുകയും, അവരെ ആശുപത്രിയിലെത്തിക്കുകയും ചെയ്തുവെന്ന് പത്രത്തിൽ വായിച്ചു. ഈ ഘട്ടത്തിൽ എങ്കിലും പുരോഗമനപരമായ പ്രവർത്തനങ്ങളെ നിങ്ങൾ ശ്ലാഘനീയമെന്നു പറയാനുള്ള സാഹചര്യമുണ്ടാക്കണം. ഞങ്ങളുടെ ക്യാപ്റ്റൻ ശ്രീ. എ. കെ. ആന്റണി പ്രതിപക്ഷത്തിനുവേണ്ടി കളി പകുതിവച്ചു നിർത്തി പോകുന്ന ആളല്ല. നിങ്ങളുടെ ഭാഗത്തുനിന്നും വരുന്ന ആരോപണത്തിന്റെ ഓരോ പന്തുകളെയും ബൗണ്ടറിക്കപ്പുറത്തേയ്ക്ക് അടിച്ചുകൊണ്ട് ഐക്യജനാധിപത്യ മുന്നണി സുശക്തമായി ജനങ്ങളെ അഭിമുഖീകരിക്കും. ഈ ബഡ്ജറ്റിനെ ഞാൻ ഒരിക്കൽ കൂടി അനുകൂലിക്കുന്നു.

ശ്രീ. എൻ. രാജൻ : സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു. അവാസ്തവമായ ചില കണക്കുകൾ നിരത്തി നമ്മുടെ പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ് കാലാകാലങ്ങളിൽ അടിച്ചിറക്കുന്ന ഒരു പുസ്തകം പോലെ ആണ് ഈ ബഡ്ജറ്റ് എന്നാണ് എനിക്ക് പറയുവാനുള്ളത്. കഴിഞ്ഞ അഞ്ചു വർഷം ഈ ഗവൺമെന്റ് നടത്തിയ കെടുകാര്യസ്ഥതയും ധൂർത്തും പാഴ്ചെലവുകളും ഒക്കെ മറച്ചുകൊണ്ട് ഇതൊക്കെ ഞങ്ങളുടെ ഭരണനേട്ടങ്ങളാണെന്ന് ചിത്രീകരിച്ചുകൊണ്ടുള്ള ഒരു പുസ്തകം എന്നുമാത്രമേ ഞാൻ ഇതിനെ കരുതുന്നുള്ളൂ. 'അണയാൻ പോകുന്ന തീ ആളിക്കത്തും' എന്നു പറയുന്നതുപോലെയാണ് ഇത്. എന്തൊക്കെയാണ് ഇവരുടെ ഭരണനേട്ടങ്ങൾ ? നമ്മുടെ തൊഴിൽ മേഖലയും വിദ്യാഭ്യാസ മേഖലയുമൊക്കെ കഴിഞ്ഞ നാലു വർഷംകൊണ്ട് നടന്നുവരുന്ന സാമ്പത്തിക നയത്തിന്റെ പേരിൽ സാധാരണക്കാർക്ക് അന്യം നിന്നുപോയിക്കൊണ്ടിരിക്കുന്നു. ഈ ബഡ്ജറ്റിൽ കേന്ദ്ര ധനകാര്യമന്ത്രി ഡോക്ടർ മൻമോഹൻസിംഗിന്റെ വാക്കുകൾ എന്നു പറഞ്ഞുകൊണ്ട് ഒരു കാട്ടേഷൻ കൊടുത്തിട്ടുണ്ട്. നമ്മുടെ സാമ്പത്തിക നയ പരിവർത്തനം ദരിദ്രരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുവേണ്ടിയാണ് മുൻഗണന നൽകിയത്. വ്യാപകമായ തൊഴിൽ വസരങ്ങൾ സൃഷ്ടിക്കുന്നതിനു സഹായകരമായ സാമ്പത്തിക വളർച്ച നേടുക

LIBRARY ARCHIVES Kerala Legislative Assembly

എന്നൊക്കെയാണ് പറഞ്ഞിരിക്കുന്നത്. എനിക്ക് പറയുവാനുള്ളത്, ദാരിദ്ര്യമനുഭവിക്കുന്ന ജനങ്ങളുടെ കാര്യമാണ്. കർഷകത്തൊഴിലാളികളെ ഈ ഗവൺമെൻറ് എങ്ങനെയാണ് കാണുന്നത് ? അവരുടെ ക്ഷേമപദ്ധതികളും മുരടിപ്പിച്ചില്ലേ ? അവർക്കു പതിനെട്ടു മാസത്തെ പെൻഷൻ കുടിശ്ശിക ഇപ്പോഴും കൊടുത്തു തീർക്കുവാനുണ്ട്. അതുപോലെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലെ ഒന്നര ലക്ഷത്തോളം വരുന്ന കശുവണ്ടി തൊഴിലാളികളും ഇന്നു പണിയില്ലാതെ പട്ടിണിയിലാണ്. കഴിഞ്ഞവർഷം അവർക്ക് പന്ത്രണ്ട് ദിവസം മാത്രമേ തൊഴിൽ കൊടുക്കുവാൻ കഴിഞ്ഞിട്ടുള്ളു. ഈ സഭയിൽവച്ച് നമ്മുടെ മുൻമുഖ്യമന്ത്രി പ്രസംഗിച്ചത്, കശുവണ്ടി തൊഴിലാളികൾക്ക് ഒരു വർഷം 300 ദിവസം ജോലികൊടുക്കുമെന്നാണ്. ജോലി കൊടുക്കാൻ കഴിഞ്ഞില്ലെങ്കിൽ ആ ദിവസങ്ങളിൽ അവർക്ക് ശമ്പളം കൊടുക്കുമെന്നുവരെ പ്രഖ്യാപിച്ചു. എന്നിട്ടും കഴിഞ്ഞവർഷം വെറും പന്ത്രണ്ട് ദിവസം മാത്രമാണ് അവർക്ക് തൊഴിൽ കൊടുക്കാൻ കഴിഞ്ഞത്. അതുപോലെ കശുവണ്ടി വ്യവസായ രംഗത്ത് ഇപ്പോൾ എന്താണ് നടക്കുന്നത് ? ഇതു സംബന്ധിച്ച് രണ്ടു ദിവസത്തിനുമുമ്പ് അടിയന്തിര പ്രമേയം ഇവിടെ വന്നതാണ്. ആന്ധ്ര തോട്ടണ്ടി ഇടപാടിൽ കാപ്പക്സിന് ഏഴ് കോടി രൂപ നഷ്ടം. ഇതൊക്കെ നമ്മുടെ പൊതു ഖജനാവിൽനിന്നു പോകുന്ന പണമാണ്. ആന്ധ്രാ പ്രദേശിൽനിന്നു ഗുണനിലവാരം കുറഞ്ഞ തോട്ടണ്ടി വാങ്ങിയതുമൂലം കശുവണ്ടി മേഖലയിലെ സഹകരണസ്ഥാപനമായ കാപ്പക്സിന് കോടിക്കണക്കിനു രൂപയുടെ നഷ്ടം. തൂക്കത്തിൽ മാത്രം 200 മെട്രിക് ടൺ കുറവായി. ഒട്ടേറെ ചാക്കുകളിൽ തോട്ടണ്ടിക്കു പകരം തോടു മാത്രമേയുണ്ടായിരുന്നുള്ളൂ. ഒന്നര ലക്ഷം തൊഴിലാളികളെ സംരക്ഷിക്കുവാൻ കശുവണ്ടി ഇറക്കുമതി നടത്തുകയാണ്. ഇതുമായി ബന്ധപ്പെട്ട് വൻ അഴിമതി നടന്നതായും ആക്ഷേപമുണ്ട്. ആന്ധ്രാപ്രദേശിലെ ട്രൈഫെഡ് എന്ന സ്ഥാപനത്തിൽനിന്നുമാണ് കാപ്പക്സ് കഴിഞ്ഞവർഷം ആറു തവണയായി 2865 മെട്രിക് ടൺ തോട്ടണ്ടി വാങ്ങിച്ചത്. കിലോ ഗ്രാമിന് 34.50 രൂപയായിരുന്നു വില. തോട്ടണ്ടി വാങ്ങുന്നതിനുള്ള അംഗീകൃത വ്യവസ്ഥകളും പലതും ലംഘിച്ചാണ് ഈ നഷ്ടക്കച്ചവടം നടത്തിയത്. ഇതിനെക്കുറിച്ച് ഒരു അന്വേഷണം നടത്തണമെന്ന് ഈ സഭയിൽ പല പ്രാവശ്യം പ്രതിപക്ഷം പറഞ്ഞിട്ടുള്ളതാണ്. ഗവൺമെൻറ് അതിനു മടിക്കുന്നു. അതുപോലെ ദാരിദ്ര്യനിർമ്മാർജ്ജനത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രത്യേക പദ്ധതികളുടെ ആഴവും പരപ്പും വർദ്ധിപ്പിക്കുമെന്നു ഡോക്ടർ മൻമോഹൻസിംഗ് പറഞ്ഞതാണ്. ആയിരം കോടി രൂപയുടെ തൊഴിൽദാന പദ്ധതികൾ സൃഷ്ടിച്ച് നമ്മുടെ നാട്ടിലെ യുവജനങ്ങൾക്ക് തൊഴിൽദിനങ്ങൾ സൃഷ്ടിക്കുമെന്നു മുൻ ധനകാര്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി പറഞ്ഞു. ഇതിനായി ഓരോ വർഷവും 200 കോടി രൂപ വീതം മാറ്റിവയ്ക്കുമെന്നും പറഞ്ഞു. കഴിഞ്ഞ നാലു വർഷവും മാറ്റിവച്ചില്ല. ഈ വർഷവും 200 കോടി രൂപ ബഡ്ജറ്റിൽ കാണുന്നില്ല. പി.ഡബ്ല്യു.ഡി. കോൺട്രാക്ടർമാർക്ക് കൊടുക്കാനുള്ള 400 കോടി രൂപയുടെ കാര്യവും കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശികയുടെ കാര്യവും ഞാൻ ഇപ്പോൾ പറയുന്നില്ല. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യപ്പെട്ടവർക്ക് തൊഴിലില്ലായ്മാ വേതനം കൊടുത്തതിൻെറ കാര്യവും ഞാൻ പറയുന്നില്ല. നമ്മുടെ യുവജനങ്ങൾക്ക് തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ വേണ്ടിയുള്ള 200 കോടി രൂപയുടെ കാര്യം പോലും ഇതിൽ കാണിച്ചിട്ടില്ല. കമ്മി 28 കോടി രൂപയോ അതല്ല, ആയിരത്തിലധികം കോടി രൂപയുടെ കമ്മി വരുമെന്ന് സഖാവ് ഇ. കെ. നായനാർ ഇവിടെ സൂചിപ്പിച്ചു. നമ്മുടെ പൊതു വിതരണ മേഖലയുടെ കാര്യം എങ്ങനെയാണ് ? നിത്യോപയോഗ സാധനങ്ങളുടെ വില 1991-ൽ ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ്

LIBRARY ARCHIVES Kerala Legislative Assembly

അധികാരത്തിൽ വന്നതിനുശേഷം വർദ്ധിച്ചു വരികയാണ്. സാധനങ്ങളുടെ വില നിലവാരം 1990-ലെ വിലയിലേക്ക് താഴ്ത്തുമെന്ന് അന്ന് അവർ പറഞ്ഞു. നമ്മുടെ എക്കണോമിക് റിവ്യൂ വളരെ വ്യക്തമായി ആ കണക്കുകൾ സൂചിപ്പിക്കുന്നുണ്ട്. അരി മുതൽ ബേബിഫുഡ് വരെയുള്ള 22 ഇനങ്ങളുടെ വില നിലവാരം ഇതിൽ സൂചിപ്പിച്ചിട്ടുണ്ട്. ഭരണപക്ഷത്തുള്ളവർ സംസാരിക്കുമ്പോൾ അതും കാട്ടു ചെയ്തു സംസാരിച്ചാൽ വളരെ ഉപകാരമായിരിക്കും. അരിയുടെ വില 1990-ൽ 6.99 രൂപയാണെങ്കിൽ ഇന്ന് അത് 9.78 രൂപയായി വർദ്ധിച്ചിരിക്കുന്നു. അങ്ങനെ ഓരോ സാധനങ്ങളുടെയും വില ഇരട്ടിയിലധികം വർദ്ധിച്ചിരിക്കുന്നു. അതുപോലെ നേരത്തെ ഇവിടെ ശ്രീ. തമ്പാനൂർ രവി പ്രസംഗിച്ചപ്പോൾ പറഞ്ഞു, ഭക്ഷ്യോല്പന്നങ്ങളുടെ മിച്ചമുള്ള സംസ്ഥാനമായി കേരളം മാറിയിരിക്കുന്നുവെന്ന്. അത് ഇക്കണോമിക് റിവ്യൂവിൽ വളരെ വ്യക്തമായി സൂചിപ്പിച്ചിരിക്കുന്നു. അരിയുടെയും, ഗോതമ്പിന്റെയും അലോട്ട്മെന്റ് കഴിഞ്ഞ ജനുവരി മുതൽ ഡിസംബർവരെയുള്ളതു പതിനെട്ട് ലക്ഷം മെട്രിക് ടണ്ണായിരുന്നു. അതിന്റെ ഡിസ്ട്രിബ്യൂഷൻ ഒക്ടോബർ വരെ നടത്തിയിട്ടുള്ളത് 9,42,953 മെട്രിക് ടണ്ണാണ്.

ശ്രീ. എ. പത്മകുമാർ : അങ്ങ് ഇത് ആര് കേൾക്കാനാണ് പ്രസംഗിക്കുന്നത് ? നമ്മുടെ മുമ്പിൽ ആകപ്പാടെ നാലുപേരെയുള്ളു. അതിൽ പുറകിൽ 'എ' ഗ്രൂപ്പിന്റെ ഗൂഢാലോചനയും മുമ്പിൽ 'ഐ' ഗ്രൂപ്പിന്റെ ഗൂഢാലോചനയും നടക്കുകയാണ്. താഴെ നടക്കുന്ന ഗൂഢാലോചന എങ്ങനെ നേരിടാമെന്നുമുകളിലും മുകളിൽ നടക്കുന്ന ഗൂഢാലോചന എങ്ങനെ നേരിടണമെന്ന് താഴെയും ആലോചന നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. രാജൻ : സത്യാവസ്ഥ വിളിച്ചുപറഞ്ഞാൽ കേൾക്കാൻ ആളുകാണുകയില്ലല്ലൊ ? പത്തു മാസം കൊണ്ട് അരി, ഗോതമ്പ് തുടങ്ങിയ സാധനങ്ങൾ ഒൻപത് ലക്ഷം മെട്രിക് ടൺ മാത്രമേ ഇവിടെ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളു. പകുതിയിലധികം സാധനങ്ങൾ സ്റ്റോക്കുണ്ട്. നിത്യോപയോഗ സാധനങ്ങളുടെയും റേഷനരിയുടെയും വില വർദ്ധിച്ചുവരികയാണ്. ഉപയോഗശൂന്യമായ അരി ഇറക്കിവച്ചാൽ അത് ആരും വാങ്ങിക്കുകയില്ല. താങ്ങാവുന്നതിലധികം വില കയറിയാൽ ആർക്കും വാങ്ങിക്കാൻ കഴിയുകയില്ല. അതുകൊണ്ടാണ് ഇവിടെ മിച്ചംവന്നിരിക്കുന്നത്. അല്ലാതെ കാർഷിക മേഖലയിലെ അഭിവൃദ്ധികൊണ്ടല്ല. നമ്മുടെ കാർഷിക മേഖല ഇന്ന് തകർന്നുകൊണ്ടിരിക്കുകയാണ്. കാർഷിക മേഖലയെക്കുറിച്ച് ഇക്കണോമിക് റിവ്യൂവിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്.

Growth of Agricultural Income in Kerala

... ... The growth rates during 1990-91 was abnormally high (13.83%) and thereafter it was fluctuating from year to year. The forcecost of a negative growth in 1994-95.... ... .

കഴിഞ്ഞ വർഷം 18 ആയിരുന്നു. 1990-91-ൽ ഇടതുപക്ഷ മുന്നണി അധികാരം വിട്ട സമയത്ത് 13.83 ആയിരുന്നു. അത് ഇപ്പോൾ നെഗറ്റീവ് ആയിരിക്കുന്നു. അത് 10-ലേക്ക് വന്നിരിക്കുന്നു, ഇവിടെ കാർഷിക മേഖല ആകെ തകർന്നുകൊണ്ടിരിക്കുന്നുവെന്നാണ് ഇക്കണോമിക് റിവ്യൂ പറഞ്ഞിരിക്കുന്നത്.

അതുപോലെ നമ്മുടെ ഗ്രാമവികസനത്തിനു ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ ഈ സർക്കാരിനു കഴിഞ്ഞിരിക്കുന്നുവെന്നു പറയുന്നു. ഐ. ആർ. ഡി. പി., ഡി. ഡബ്ലിയു. സി. ആർ. എ., ജെ. ആർ. വൈ. പരിപാടികളും

LIBRARY ARCHIVES Kerala Legislative Assembly

മുഖേന ദാരിദ്ര്യനിർമ്മാർജ്ജനം, ഗ്രാമീണ തൊഴിൽ ഉല്പാദനം എന്നീ മേഖലകൾക്ക് പ്രത്യേക ശ്രദ്ധ കാട്ടി മേൽപ്പറഞ്ഞ പരിപാടികളെല്ലാം തന്നെ ലക്ഷ്യത്തിൽക്കവിഞ്ഞ നേട്ടം കൈവരിച്ചു. അതിനും വിശദമായ കണക്കുകൾ ഇതിൽ പറയുന്നുണ്ട്. ഐ. ആർ. ഡി. പി. 1993-94-ൽ ഗ്രാമവികസന പദ്ധതികൾ നടത്തിയതിനേക്കാൾ വളരെ കുറച്ചുമാത്രമാണ് ഇക്കണോമിക് റിവ്യൂ സൂചിപ്പിക്കുന്നത്. ഫാമിലീസ് അസിസ്റ്റഡ് നമ്പേഴ്സിന്റെ കണക്ക് പറഞ്ഞിരിക്കുന്നു. 53692 ഫാമിലികൾക്ക് അസിസ്റ്റ് നടത്തിയിട്ടുണ്ട്. എങ്കിൽ ഇപ്പോൾ 46294 എസ്. സി. ഫാമിലികൾക്ക് ഇരുപത്തിനാലായിരം ഉണ്ടെങ്കിൽ ഇപ്പോൾ പത്തൊമ്പതിനായിരം എസ്. ടി. ഫാമിലീസ് 1900 ഉണ്ടെങ്കിൽ ഇപ്പോൾ 1400. അങ്ങനെ ഓരോ മേഖലയിലും ഇത് കുറഞ്ഞു കുറഞ്ഞുവന്നിരിക്കുന്നു. ലക്ഷ്യത്തിൽ കവിഞ്ഞ നേട്ടങ്ങൾ ഗ്രാമവികസന പദ്ധതികൾക്കുവേണ്ടി നടപ്പിലാക്കിയെന്നാണ് അവർ പറയുന്നത്. ജെ. ആർ. വൈ. യിലും ഇതുതന്നെയാണ് സംഭവിച്ചിരിക്കുന്നത്. എക്സ് പെൻറിച്ചർതന്നെ വളരെ കുറഞ്ഞുപോയിരിക്കുന്നു. 1994-ൽ 7,888 ലക്ഷം രൂപ എക്പെൻഡിച്ചറുണ്ടായിരുന്നുവെങ്കിൽ 1995-ൽ 7.234 ലക്ഷം രൂപ മാത്രമേ വന്നിട്ടുള്ളൂ. ഒരു ലക്ഷ്യംപോലും കൈവരിക്കുവാൻ ഗ്രാമവികസന പദ്ധതിയിൽ അവർക്ക് കഴിഞ്ഞിട്ടില്ല. അതുപോലെ തന്നെ കേന്ദ്ര ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനുകളിൽനിന്നും നമുക്ക് ധനസഹായം ലഭിക്കുന്നുണ്ട്. ഐ. എഫ്. സി. ഐ.; ഐ. സി. ഐ. സി.; ഐ. ഡി. ബി. ഐ. യു. ടി. ഐ.; എൽ ഐ. സി ; നബാഡ് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ധനസഹായം നേടിയെടുക്കുന്നതിൽ നമ്മുടെ ഗവൺമെൻറ് കഴിഞ്ഞ കാലങ്ങളിൽ പരാജയപ്പെട്ടു. അതിൽ ഏറ്റവും കുറച്ചു വന്നിട്ടുള്ള സംസ്ഥാനം ആസ്സാമാണ്. അതിനു തൊട്ടുമുമ്പുള്ള സംസ്ഥാനമാണ് കേരളം. തമിഴ്നാടും, കർണ്ണാടകവും, പശ്ചിമ ബംഗാളുമൊക്കെ എത്രയോ ഇരട്ടി ഫിനാൻഷ്യൽ ലൈസൻസ് നേടിയെടുത്തിട്ടുണ്ട്. കേരളംപോലും അതിൽ പരാജയപ്പെട്ടിരിക്കുന്നു. അതുപോലെ എസ്. സി. പി., റ്റി. എസ്. പി. പദ്ധതിയുടെ കാര്യവും അതിൽ പറഞ്ഞിട്ടുണ്ട്. എസ്. സി. പി., റ്റി. എസ്. പി.-യുടെ വിഹിതങ്ങൾ എല്ലാ വകുപ്പുകളിലും വീതിച്ച് ചെലവാക്കുന്ന ഒരു രീതിയാണ് കഴിഞ്ഞ കുറെ കാലങ്ങളായിട്ട് നടന്നുകൊണ്ടിരുന്നത്. പല വകുപ്പുകളും അത് ലാപ്സാക്കികളഞ്ഞിട്ടുള്ള കാര്യം ഗവൺമെൻറ് ഈ ബഡ്ജറ്റിൽ തന്നെ പറഞ്ഞിട്ടുണ്ട്. അതിന്റെ ആക്ഷൻ പ്ലാൻ അനുസരിച്ച് പൂർത്തീകരിച്ചിട്ടില്ല എന്നൊക്കെ അതിൽ പറഞ്ഞിട്ടുണ്ട്. ലക്ഷങ്ങളല്ല, കോടിക്കണക്കിന് രൂപയാണ് ലാപ്സാക്കിയിട്ടുള്ളത്. അത് പല പ്രാവശ്യം ഈ സഭയിൽ പറഞ്ഞിട്ടുള്ളതല്ലേ ? എസ്. സി., എസ്. റ്റി. സ്കീമിലേക്ക് കേന്ദ്ര ഗവൺമെൻറിൽനിന്ന് ലഭിക്കുന്ന കോടിക്കണക്കിന് രൂപ പല വകുപ്പുകളും പാഴാക്കിക്കളഞ്ഞിട്ടുണ്ട്. ഇറിഗേഷൻ വകുപ്പാണ് ഏറ്റവും കൂടുതൽ തുക ലാപ്സാക്കിയിട്ടുള്ളത്. അതിനെക്കുറിച്ച് ഒരന്വേഷണം നടത്തണം. എസ്. സി., എസ്. റ്റി. ഡിപ്പാർട്ടുമെൻറുകൾ ഏകീകരിച്ചുകൊണ്ടുപോകണം. അതുപോലെതന്നെ നമ്മുടെ ആഭ്യന്തര സുരക്ഷിതത്വം, സ്ത്രീകൾക്കും കുട്ടികൾക്കും നമ്മുടെ നാട്ടിൽ അനുഭവപ്പെടുന്ന ദുഃഖങ്ങളെപ്പറ്റി പ്രൊഫസർ മീനാക്ഷി തമ്പാൻ ഇവിടെ പറഞ്ഞു. അതുപോലെതന്നെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് ഇന്നലെയും പ്രതിപക്ഷ ഭാഗത്തുനിന്നും ഒരു സബ്മിഷൻ ഇവിടെ കൊണ്ടുവന്നു. രണ്ടാഴ്ചമുമ്പ് കാണാതെപോയ ആറ്റിങ്ങലിലെ 13 വയസ്സുള്ള പെൺകുട്ടിക്കുപറ്റിയ അനുഭവം, ഇതുവരെ പോലീസ് ആരെയും അറസ്റ്റു ചെയ്തിട്ടില്ല. അതിന്റെ പ്രതികളെല്ലാം ഇപ്പോൾ അക്കരെ കടന്നുപോയി. അതുപോലെ തന്നെയാണ്

LIBRARY ARCHIVES Kerala Legislative Assembly

നെടുമങ്ങാട്. ഞാനീലി ആദിവാസി കോളനിയിൽ ഈ അടുത്ത കാലത്തു നടന്ന സംഭവങ്ങൾ. അതുപോലെ ആറ്റിങ്ങലിൽ, എന്റെ അടുത്ത നിയോജക മണ്ഡലത്തിൽ, പീഡിപ്പിച്ചുകൊണ്ടിരുന്ന ആൾ എഴുന്നേറ്റ് ഓടിയപ്പോൾ പോലീസ് എറിഞ്ഞുകൊന്നു. ഇത്തരത്തിലുള്ള എത്രയോ സംഭവങ്ങളാണ് ദിവസവും പത്രങ്ങളിൽ വരുന്നത്. ഇതൊക്കെ നമ്മുടെ ആഭ്യന്തര വകുപ്പിന്റെ കാര്യക്ഷമതയാണോ എന്നാണ് എനിക്ക് ചോദിക്കുവാനുള്ളത്. ഇന്നിവിടെ ആർക്കാണ് സംരക്ഷണമുള്ളത് ? സ്ത്രീകൾക്ക് സംരക്ഷണമുണ്ടോ, കുട്ടികൾക്കുണ്ടോ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുണ്ടോ, പിന്നെ ആർക്കാണ് സംരക്ഷണമുള്ളത് ? കുറെ അഴിമതി നടത്തുന്ന ഉദ്യോഗസ്ഥൻമാരുടേയും, മന്ത്രിമാരുടേയും, രാഷ്ട്രീയക്കാരുടേയും സംരക്ഷണമാണ് ഇവിടെ നടക്കുന്നത്. ഇവരെയെല്ലാം സംരക്ഷിച്ചുകൊണ്ടുള്ള ഒരു ഭരണമാണ് കഴിഞ്ഞ 8, 9 മാസമായിട്ട് മുഖ്യമന്ത്രി നടത്തിക്കൊണ്ടിരിക്കുന്നത്. തൊഴിലാളികൾക്കോ ഹരിജനങ്ങൾക്കോ ആർക്കും സംരക്ഷണം കൊടുക്കാത്ത ഒരു ഗവൺമെന്റിന്റെ ബഡ്ജറ്റിനെ യാതൊരു കാരണവശാലും അനുകൂലിക്കാൻ കഴിയില്ല. അതുകൊണ്ട് തന്നെയാണ് ഇതിനെ ശക്തമായി ഞാൻ എതിർക്കുന്നത്.

ശ്രീ. ജോയി എബ്രഹാം : സർ, ഞാൻ ഈ ഇടക്കാല ബഡ്ജറ്റിനെ ശക്തമായി അനുകൂലിക്കുകയാണ്. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് 1991-ൽ അധികാരത്തിൽ വരുമ്പോൾ പാപ്പരായ ഒരു ഖജനാവാണ് ഉണ്ടായിരുന്നത്. ആ ഖജനാവിനെ മെച്ചമാക്കി, കേരളത്തിന്റെ സമ്പദ്ഘടനയെ സുസ്ഥിരമായ അടിത്തറയിൽ ഉറപ്പിച്ചുനിർത്താൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. അതിനു നേതൃത്വം കൊടുത്ത മുൻ ധനകാര്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയേയും ബഹുമാന്യനായ ശ്രീ. സി. വി. പത്മരാജനെയും അഭിനന്ദിക്കുന്നതിന് ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. വളരെ സത്യസന്ധമായ ഒരഭിപ്രായമാണ് ഈ ബഡ്ജറ്റിലൂടെ ധനകാര്യമന്ത്രി പറഞ്ഞിരിക്കുന്നത്.

ശ്രീ. എ. പത്മകുമാർ : ഇപ്പോൾ സഭ കൂടുന്നതിന് കാരം ഉണ്ടോ എന്നുള്ളതു സംശയമാണ്.

ശ്രീ. ഒ. ഭരതൻ : സർ, ഈ സഭ നടത്തിക്കൊണ്ടുപോകേണ്ടതു ഗവൺമെന്റിന്റെ കാര്യമാണ്. ഈ സഭയിൽ അംഗങ്ങളുണ്ടാവണം. അതു നിസ്സാര സംഭവമായി എടുക്കേണ്ടതല്ല. നമ്മെ അനേകലക്ഷം ആളുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന നിയമസഭാ സാമാജികൻമാരാണ്. അങ്ങനെ നിസ്സാരമായെടുക്കേണ്ട പ്രശ്നമല്ല ഇത്.

ശ്രീ. ജോയി എബ്രഹാം : സർ, പദ്ധതി അടങ്കലും ഈ ബഡ്ജറ്റിൽ സ്വീകരിച്ചിട്ടുള്ള മുൻഗണനാ ക്രമങ്ങളുമൊക്കെ പുതിയ സർക്കാരിന്റെ പുനഃപരിശോധനയ്ക്ക് വിധേയമായിട്ടുണ്ടെന്നു ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞിട്ടുണ്ട്. ഞാൻ പറഞ്ഞുവന്നതു ഈ ബഡ്ജറ്റിനോടു ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി സ്വീകരിച്ചിട്ടുള്ള സമീപനത്തെ കുറിച്ചാണ്. അദ്ദേഹം സത്യസന്ധമായി കാര്യങ്ങൾ അവതരിപ്പിക്കുന്നു. എനിക്ക് യാതൊരു സംശയവുമില്ല. ഇനി വരുന്ന ഗവൺമെന്റ്, അതു ഏതു ഗവൺമെന്റായാലും ശരി ആ ഗവൺമെന്റിനു ഇതിന്റെ മുൻഗണനാക്രമം ഒന്നും മാറ്റേണ്ടതായിട്ടു വരില്ല. കാരണം കേരളത്തിന്റെ സാമ്പത്തിക വികസനത്തിനാവശ്യമായ, ഈ കാലഘട്ടത്തിനാവശ്യമായ മുൻഗണനാക്രമമാണ് അദ്ദേഹം ഈ ബഡ്ജറ്റിലൂടെ നൽകിയിരിക്കുന്നത്. പദ്ധതി അടങ്കലിന്റെ 27% ആണ് ഊർജ്ജ മേഖലയ്ക്കുവേണ്ടി നീക്കിവച്ചിട്ടുള്ളത്. ഇനി ഏതു ഗവൺമെന്റ് വന്നാലും അതിൽനിന്നു പുറകോട്ടുപോകാൻ പറ്റില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ കൃഷിക്കും, വ്യവസായത്തിനും, സാമൂഹ്യക്ഷേമത്തിനും, ഗതാഗതത്തിനും, വിനോദസഞ്ചാരത്തിനുമൊക്കെ കൊടുത്തിട്ടുള്ള മുൻഗണനാക്രമങ്ങളും മാറേണ്ടിവരില്ല. ഒരു ഇടക്കാല ബഡ്ജറാണെങ്കിൽപ്പോലും കേരളത്തിന്റെ സാമ്പത്തിക ഭദ്രത മുന്നിൽ കണ്ടുകൊണ്ട് വസ്തുതകളെ അടിസ്ഥാനമാക്കി, സത്യസന്ധമായി അവതരിപ്പിച്ച ഒരു ബഡ്ജറ്റെന്നുള്ള നിലയിലാണ് ഞാൻ ഇതിനെ പിന്തുണയ്ക്കുന്നത്. പക്ഷെ ഈ ബഡ്ജറിനെ സംബന്ധിച്ചിടത്തോളം, ഇക്കാര്യത്തിൽ ഗവൺമെന്റ് ശ്രദ്ധിച്ചില്ലായെങ്കിൽ ഇതിലെ വിലയിരുത്തലുകളിൽ ഒരു പക്ഷെ മാറ്റങ്ങളും ഉണ്ടായേക്കാം. നമ്മുടെ വനസ്യ വരുമാനത്തെക്കുറിച്ച് നമുക്കറിയാം. നമ്മുടെ നികുതി വരുമാനം പല ഘടകങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. നമ്മുടെ സെയിൽസ് ടാക്സ് വരുമാനത്തിൽ ഒരു നല്ല സംഖ്യ ഈ സംസ്ഥാനത്തിനു നേടിക്കൊടുക്കുന്നത് നമ്മുടെ നാണ്യവിളകളാണ്. നാണ്യവിളകളിൽ ഏറ്റവും സുപ്രധാനമായിട്ടുള്ളത് റബ്ബറാണ്. റബ്ബറിന്റെ വിലയെ സംബന്ധിച്ചിടത്തോളം എല്ലാ കാലഘട്ടത്തിലും കേരളത്തിലെ സ്വാഭാവിക റബ്ബർ ഉല്പാദിപ്പിക്കുന്ന പാവപ്പെട്ട റബ്ബർ കൃഷിക്കാർക്ക് അനിശ്ചിതത്വമാണ് ഉണ്ടായിരിക്കുന്നത്. റബ്ബറിന്റെ താങ്ങുവില ആഗസ്റ്റ് മാസത്തിനു മുമ്പ് പുതുക്കണമെന്ന് കാണിച്ചുകൊണ്ട് കേന്ദ്ര പാർലമെന്റിന്റെ സബ്ജക്റ്റ് കമ്മിറ്റി വാണിജ്യമന്ത്രാലയത്തിനോട് ശുപാർശ ചെയ്തിരിക്കുന്നതായി ഇന്നത്തെ പത്രങ്ങളിൽ വാർത്ത വന്നിരിക്കുന്നു. റബ്ബറിന് താങ്ങുവില നിശ്ചയിച്ചിട്ടുള്ളതായി എനിക്കറിയില്ല. റബ്ബറിന് ഒന്നുകിൽ ഫ്ളോർ പ്രൈസ് അല്ലെങ്കിൽ ബെഞ്ച് മാർക്ക് പ്രൈസ് എന്നു പറഞ്ഞാണ് നമ്മൾ തറവില നിശ്ചയിക്കാറുള്ളത്. ആ വില തികച്ചും അപര്യാപ്തമാണെന്നുള്ളതിന് യാതൊരു സംശയവുമില്ല. ഉല്പാദനച്ചെലവിന്റെ അടിസ്ഥാനത്തിലോ അല്ലെങ്കിൽ ജീവിത നിലവാര സൂചിക ഉയരുന്നതിന്റെ അടിസ്ഥാനത്തിലോ ഒന്നും റബ്ബറിന് വില പുതുക്കി നിശ്ചയിക്കാൻ ഒരിയ്ക്കൽപ്പോലും കേന്ദ്ര ഗവൺമെന്റ് തയ്യാറായിട്ടില്ലെന്നുള്ളതാണ് ഒരു വസ്തുതയാണ്.

ശ്രീ. തച്ചടി പ്രഭാകരൻ : ഇറക്കുമതിയുടെ വില അനുസരിച്ചുള്ള വില ഇവിടെ ഉൽപ്പാദിപ്പിക്കുന്ന റബ്ബറിന് കൊടുക്കാമെന്ന് കേന്ദ്രമന്ത്രി ശ്രീ. ചിദംബരം പറയുകയുണ്ടായി. ഇത് അദ്ദേഹം പാർലമെന്റിൽ കൊടുത്ത അഷ്വറൻസാണ്. യാതൊരു കാരണവശാലും ഈ കാര്യത്തിൽ ഒരു ബുദ്ധിമുട്ടുണ്ടാകുകയില്ല, കൃഷിക്കാരെ ദ്രോഹിക്കുകയില്ല. അതാണ് കേന്ദ്ര ഗവൺമെന്റിന്റെ നയമെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്.

ശ്രീ. ജോയി എബ്രഹാം : ബഹുമാനപ്പെട്ട തച്ചടി പ്രഭാകരൻ എന്ത് സൂചിപ്പിച്ചാലും ശ്രീ. ചിദംബരത്തിന്റെ വാക്കിൽ ഞങ്ങൾക്ക് വലിയ വിശ്വാസമില്ല. കാരണം, ഞങ്ങളുടെ അനുഭവം അതാണ്. കേരളത്തിലെ റബ്ബർ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഒറ്റിക്കൽപോലും ന്യായമായ വില കിട്ടിയെന്ന് ഞങ്ങൾക്കൊന്നും ആശ്വസിക്കാനുള്ള സാഹചര്യങ്ങളില്ല. റബ്ബർ ഇറക്കുമതി ചെയ്യുമ്പോൾ ഇറക്കുമതിക്ക് നിർദ്ദേശം കൊടുക്കുന്നത്, അല്ലെങ്കിൽ അനുമതി കൊടുക്കുന്നത് കേന്ദ്ര വാണിജ്യമന്ത്രാലയത്തിന്റെ മോണിട്ടറിംഗ് ഗ്രൂപ്പാണ്. ആ മോണിട്ടറിംഗ് ഗ്രൂപ്പ് ആശ്രയിക്കുന്നത് വാസ്തവത്തിൽ റബ്ബർ ബോർഡിന്റെ കണക്കുകളെയാണ്. ഏറ്റവും കൂടുതൽ റബ്ബർ ഉൽപ്പാദിപ്പിക്കുന്ന കേരള സംസ്ഥാനവുമായി ഒന്ന് ആലോചിക്കുകപോലും ചെയ്തിട്ടില്ല. കേരളത്തിലെ റബ്ബർ കൃഷിക്കാർ ദീർഘനാളായി പലപ്പോഴും ആവശ്യപ്പെടാറുള്ള ഒരു കാര്യമാണിത്. പക്ഷെ ഒരിക്കൽപോലും ഈ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റുമായി കൂടിയാലോചിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് തയ്യാറായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ : 1978-ൽ ശ്രീ. ജോർജ്ജ് ഫെർണാണ്ടസ് കേന്ദ്രമന്ത്രിയായിരിക്കുമ്പോഴാ അത് സമ്മതിച്ചിട്ടുള്ളതാണ്.

ശ്രീ. ജോയി എബ്രഹാം : അത് ശരിയായിരിക്കാം. പക്ഷേ കഴിഞ്ഞ കുറച്ചു നാളുകളായിട്ട് റബ്ബർ ഇറക്കുമതി ചെയ്യുമ്പോഴും സംസ്ഥാന ഗവൺമെന്റ് മായി ആലോചിക്കുന്ന പതിവില്ല. നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രിയും കൃഷിവകുപ്പുമന്ത്രിയുമൊക്കെ വളരെ ശക്തമായ നിലപാട് ഈ കാര്യത്തിൽ സ്വീകരിക്കുമെന്ന് പറയുകയുണ്ടായി. ഞാൻ ഈ കാര്യങ്ങളാ സൂചിപ്പിച്ചത്, റബ്ബർ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം റബ്ബർ ബോർഡിന്റെ വാക്കുകളാ അവസാന വാക്കുകളല്ല. റബ്ബർ ബോർഡിന്റെ ഘടനതന്നെ കൃഷിക്കാർക്ക് എതിരാണ്. റബ്ബർ ബോർഡിനെ ഞങ്ങളാ കാണുന്നത് കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ഒരു എക്സ്റ്റൻഷൻ എന്നുള്ള നിലയിലാണ്. റബ്ബർ ബോർഡിന്റെ ആധികാരികമായ അഭിപ്രായം കണക്കിലെടുക്കാനൊക്കുകയില്ല. റബ്ബർ ബോർഡിന്റെ അഭിപ്രായങ്ങളാ മാത്രം കണക്കിലെടുത്തുകൊണ്ട് കേന്ദ്ര വാണിജ്യമന്ത്രാലയം ഇറക്കുമതി സംബന്ധിച്ച ഒരു തീരുമാനമെടുത്താൽ അത് ശരിയാകുകയില്ല. സംസ്ഥാന ഗവൺമെന്റിനോട് ആലോചിച്ചു കൊണ്ടുമാത്രമേ ഇറക്കുമതി അനുവദിക്കാവു എന്നുള്ള നിലപാട് കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് അംഗീകരിപ്പിക്കാൻ സംസ്ഥാന ഗവൺമെന്റും അവിടത്തെ രാഷ്ട്രീയ പാർട്ടികളും മുന്നോട്ടു വരണം. ഞാൻ ഈ കാര്യങ്ങളാ സൂചിപ്പിച്ചത് ഇന്നിപ്പോഴാ റബ്ബറിന്റെ അന്താരാഷ്ട്ര വിലയെക്കുറിച്ച് ശ്രീ. തച്ചടി പ്രഭാകരൻ പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞത് റബ്ബറിന്റെ അന്താരാഷ്ട്ര വിലയും നമ്മുടെ മാർക്കറ്റിലുള്ള വിലയുമായിട്ടുള്ള താരതമ്യമാണ്.

ശ്രീ. ടി. നാണുമാസ്റ്റർ : എല്ലാ രാഷ്ട്രീയപാർട്ടികളും കൃഷിക്കാരുടെ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ മുന്നോട്ടു വരുന്നില്ലെന്നാണ് ബഹുമാനപ്പെട്ട മെമ്പറുടെ ആക്ഷേപം. ഇടതുപക്ഷ പ്രസ്ഥാനങ്ങളാ, അതിന്റെ കർഷകസംഘടനകളാ ഒറ്റയ്ക്കും കൂട്ടായും നിരന്തരമായി ഈ കാര്യത്തിൽ സമരങ്ങളാ നടത്തി വരികയാണ്. എന്നാൽ കൃഷിക്കാരന്റെ നട്ടെല്ലാണ്, പടവാളാണ് എന്നെല്ലാം പറയുന്ന കേരള കോൺഗ്രസ്. ഈ ഗവൺമെന്റിന്റെ സ്വാധീനം ഉപയോഗിച്ചുകൊണ്ട് നാളികേരത്തിന് തറവില നിശ്ചയിക്കുകയും റബ്ബർ, വെളിച്ചെണ്ണ മുതലായവയുടെ ഇറക്കുമതി നിരോധിക്കാൻ കേന്ദ്രഗവൺമെന്റിന്റെ സമ്മർദ്ദം ചെലുത്തുകയും ചെയ്തിട്ടില്ലെന്നുള്ള പ്രശ്നം അങ്ങേക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ ആരെ ബോദ്ധ്യപ്പെടുത്താനാണ് അങ്ങ് ഇങ്ങനെ ചോദിക്കുന്നത് ?

ശ്രീ. ജോയി എബ്രഹാം : ഞാൻ സൂചിപ്പിച്ചുവന്ന കാര്യങ്ങളാ കേരളത്തിലെ റബ്ബർ കർഷകരെ സംബന്ധിച്ചിടത്തോളം നമ്മുടെ നിതാന്തമായ ജാഗ്രത പാലിച്ചില്ല, അപാകതകളുണ്ടെന്നാ പറയുന്നതിനുവേണ്ടിയാണ്. ശ്രീ. ചിദംബരം ഒരവസരത്തിൽ പറഞ്ഞു, ഇൻറർനാഷണൽ മാർക്കറ്റിലെ വില കേരളത്തിലെ റബ്ബർ കൃഷിക്കാർക്ക് ലഭ്യമാക്കുമെന്ന്. പക്ഷേ ഈയടുത്ത നാളുകളിൽ അന്താരാഷ്ട്ര മാർക്കറ്റിനേക്കാളാ കേരളത്തിൽ റബ്ബറിന്റെ വില ഇടിഞ്ഞു, ആർക്കും ഒരു പരിഭ്രാന്തിയും ഉണ്ടായി കണ്ടില്ല. അതേസമയത്ത് ഏതെങ്കിലും ഒരവസരത്തിൽ അന്താരാഷ്ട്ര വിലയേക്കാളാ കേരളത്തിലെ റബ്ബറിന് വില കൂടിയാൽ ഉടനെ കേന്ദ്ര വാണിജ്യ മന്ത്രാലയം റബ്ബർ ഇറക്കുമതിക്കുവേണ്ടി സമ്മർദ്ദം ചെലുത്തുകയും അത് നടപ്പിലാക്കുകയും ചെയ്യുന്ന സാഹചര്യങ്ങളാ നമ്മളൊക്കെ കേട്ടിട്ടുണ്ട്. ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ടാണ് വളരെ വ്യക്തമായിട്ട് പറഞ്ഞത് ഈ ബഡ്ജറ്റിലെ നിഗമനങ്ങളും വിലയിരുത്തലുകളുമൊക്കെ ഇറക്കുമതിയുടെ കാര്യം നമ്മൾ ശ്രദ്ധിച്ചില്ലെങ്കിൽ പാളിപ്പോകുമെന്ന്. നമ്മുടെ നാണ്യവിളകളായ നാളികേരം, റബ്ബർ, ഏലം, ഗ്രാമ്പ്, ജാതിയ്ക്ക ഇവയുടെയൊക്കെ കാര്യത്തിലുള്ള കേന്ദ്ര ഗവൺമെന്റിന്റെ ഇറക്കുമതി നയത്തിൽ സ്വാധീനം ചെലുത്തി ഇറക്കുമതി നയത്തെ നിയന്ത്രിക്കാൻ ഒരു പരിധിവരെ സംസ്ഥാന ഗവൺമെന്റിന് കഴിയുന്നില്ലെങ്കിൽ, അതിന് കേരള ഗവൺമെന്റിന്റെ രാഷ്ട്രീയ ഇച്ഛാശക്തി ഉപയോഗിക്കാൻ കഴിയുന്നില്ലെങ്കിൽ ഈ ബഡ്ജറ്റ്കൊണ്ട് ഒരു കാര്യവുമില്ലെന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

ശ്രീ. എ. പത്മകുമാർ : നമ്മളെല്ലാവരും കൃഷിക്കാരുടെ പ്രശ്നം പറയുമ്പോൾ റബ്ബറിന്റെ കാര്യത്തിലായാലും നാളികേരത്തിന്റെ കാര്യത്തിലായാലും തറവിലയെ സംബന്ധിച്ചാണ് ആവശ്യപ്പെടുന്നത്. കൃഷിക്കാരൻ കഷ്ടപ്പെട്ട് ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നത്തിന് അവന്റെ കഷ്ടപ്പാടിനുകൂടി വില കിട്ടത്തക്കവിധത്തിൽ ആദായവില നിശ്ചയിക്കുന്നതിനെപ്പറ്റി എന്താണ് അങ്ങയുടെ അഭിപ്രായം ?

ശ്രീ. ജോയി എബ്രഹാം : ഞാൻ അതുകൊണ്ടാണ് ആദ്യം പറഞ്ഞത് റബ്ബറിന് താങ്ങുവില നൽകണമെന്ന് കേന്ദ്ര പാർലിമെന്ററി സബ് കമ്മിറ്റി ധനകാര്യ മന്ത്രാലയത്തിന് ശുപാർശ നൽകിയെന്ന് കണ്ടപ്പോൾ എനിക്ക് അത്ഭുതം തോന്നി. കാരണം റബ്ബറിന് താങ്ങുവിലയല്ല, ശ്രീ. പത്മകുമാർ പറഞ്ഞതുപോലെ കേരളത്തിലെ റബ്ബർ കൃഷിക്കാർക്ക് ആദായകരമായ ഒരു വില നൽകാൻ കേന്ദ്ര വാണിജ്യ മന്ത്രാലയവും കേന്ദ്ര ഗവൺമെന്റും തയ്യാറുണ്ടോ എന്നുള്ളിടത്താണ് പ്രശ്നങ്ങൾ എത്തിനിൽക്കുന്നത്. ഞാൻ സൂചിപ്പിച്ച ഈ കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കൃഷിവകുപ്പ് മന്ത്രിയുമൊക്കെ ഈ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ശബ്ദമുയർത്തുമെന്ന് പറഞ്ഞിട്ടുണ്ട്. ഈ മാസം അവസാനം മോണിട്ടറിംഗ് കമ്മിറ്റി കൂടുകയാണ്. മോണിട്ടറിംഗ് കമ്മിറ്റി കൂടുമ്പോൾ കേന്ദ്ര വാണിജ്യ മന്ത്രാലയത്തിലും മറ്റും അതിനാവശ്യമായ ശക്തിയായ രാഷ്ട്രീയസമ്മർദ്ദം ചെലുത്തിയില്ലെങ്കിൽ ടയർലോബിയുടെ രാഷ്ട്രീയസമ്മർദ്ദത്തെ അതിജീവിക്കാൻ കഴിഞ്ഞുവെന്ന് വരില്ല. ആ കാര്യം ഇവിടെ സൂചിപ്പിച്ചുവെന്ന് മാത്രമേയുള്ളു.

ശ്രീ. വി. കേശവൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു, കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്ന റബ്ബറിനും നാളികേരത്തിനും ആദായവില കിട്ടാനുള്ള നടപടി കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്നില്ലെന്ന്. അത് സ്വീകരിക്കാനാവശ്യമായ സമ്മർദ്ദത്തിനുവേണ്ടി നമ്മുടെ എല്ലാ രാഷ്ട്രീയകക്ഷികളും മുന്നോട്ടു വരണമെന്നും അങ്ങ് പറഞ്ഞു. മുമ്പ് ഈ പ്രശ്നം നിയമസഭയിൽ ചർച്ച ചെയ്തപ്പോൾ ഭരണപ്രതിപക്ഷ കക്ഷികളെ പ്രതിനിധീകരിച്ചുകൊണ്ട് ഒരു യോജിച്ച നിവേദകസംഘം കേന്ദ്ര ഗവൺമെന്റിനെ സമീപിച്ച് ഇത്യാദി കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തണമെന്ന ഒരു അഭിപ്രായം പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് വന്നു. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ് ?

ശ്രീ. ജോയി എബ്രഹാം : നമ്മുടെ നാണ്യവിളകളെ സംബന്ധിച്ച് ഒരു പ്രതിസന്ധി ഉണ്ടാകുമ്പോൾ ഒരു കക്ഷിയേയും മാറ്റിനിർത്തേണ്ട കാര്യമില്ല. ഒരു കാലഘട്ടത്തിൽ ഈ പാവപ്പെട്ട കൃഷിക്കാരെയൊക്കെ ബൂർഷ്വാകളെന്നു പറഞ്ഞ് ആക്ഷേപിച്ച ആളുകളാണ് വാസ്തവത്തിൽ പൊതുജനങ്ങളുടെ ഇടയിൽ ഇങ്ങനെ ഒരു ബുദ്ധിമുട്ടുണ്ടാക്കിയത്. പക്ഷേ അവരൊക്കെ ഇന്ന് ആ നിലപാട് മാറ്റിയിരിക്കുന്നു. ഇന്ന് കേരളത്തിലെ പാവപ്പെട്ട റബ്ബർ

LIBRARY ARCHIVES Kerala Legislative Assembly

കൃഷിക്കാർക്കുവേണ്ടി എല്ലാവരും ശ്രദ്ധിക്കാൻ തയ്യാറായി എന്നുള്ളത് കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വലിയ നേട്ടമാണ്. അത് കണ്ടില്ലെന്ന് നടിക്കാനാവില്ല. അതുകൊണ്ട് ആരെയും മാറ്റി നിർത്തുന്ന പ്രശ്നമില്ല. പുരോഗമന ആശയങ്ങളുള്ളവർ എല്ലാവരും ഇന്ന് കൃഷിക്കാരെ സംരക്ഷിക്കാൻ വേണ്ടി മുന്നോട്ടു വന്നിരിക്കുന്ന സാഹചര്യത്തിൽ ആവശ്യമായിവന്നാൽ ഒരു അഖിലകക്ഷി നിവേദകസംഘം കേന്ദ്രത്തിൽ പോകണമെന്നുണ്ടെങ്കിൽ പോകണം. അതിനെ സംബന്ധിച്ച് എനിക്ക് യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. ഞാൻ ശ്രീ. വി. കേശവന്റെ ആ നിർദ്ദേശത്തെ സ്വാഗതം ചെയ്യുകയാണ്.

ഞാൻ അവസാനിപ്പിക്കുകയാണ്. ഈ ബഡ്ജറിനെ സംബന്ധിച്ച് ഒരു കാര്യംകൂടി സൂചിപ്പിക്കട്ടെ. നിർഭാഗ്യവശാൽ ഇന്ന് നമ്മുടെ നിർമ്മാണ പ്രവർത്തനങ്ങളും പലതും സ്തംഭനാവസ്ഥയിലേക്ക് പോകുകയാണ്. വാസ്തവത്തിൽ അതിന്റെ കാരണം 1992-ൽ നിശ്ചയിച്ച പി. ഡബ്ലിയു. ഡി. റേറ്റാണ് ഇന്ന് നിലവിലുള്ളത്. പി ഡബ്ലിയു. ഡി. യെ സംബന്ധിച്ചിടത്തോളം അതിൽ ബുദ്ധിമുട്ടില്ല. കാരണം അവർ എക്സസ് റേറ്റ് കൊടുക്കുന്നുണ്ട്. നല്ല രീതിയിലുള്ള റേറ്റ് കൊടുക്കാത്തതുകൊണ്ട് ധാരാളം പണികളും സ്തംഭിക്കുന്നുണ്ടെങ്കിൽപോലും എക്സസ് റേറ്റ് കൊടുക്കാനുള്ള പ്രൊവിഷനുള്ളതുകൊണ്ട് പി. ഡബ്ലിയു. ഡി. വർക്കുകളുടെ തടസ്സമില്ല. പക്ഷേ പി. ഡബ്ലിയു. ഡി. റേറ്റിനെ ആസ്പദമാക്കി നമ്മൾ നടത്തുന്ന ജെ. ആർ. വൈ. യുടെ വർക്കുകൾ, എം. പി. ഫണ്ടിൽനിന്നുള്ള വർക്കുകൾ, എംപ്ലോയ്മെന്റ് അഷ്വറൻസ് സ്കീമിലുള്ള വർക്കുകളൊക്കെ ഇന്ന് പല ഭാഗത്തും സ്തംഭനാവസ്ഥയിലാണ്. വാസ്തവത്തിൽ നമ്മുടെ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ കൊടുത്ത ഗ്രാമീണറോഡുകളുടെ വർക്കുകളേയും ഇത് ബാധിച്ചിട്ടുണ്ട്. ഈയടുത്ത നാളിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രകാരമുള്ള ഗ്രാമീണറോഡുകളുടെ പുനരുദ്ധാരണ ജോലികൾക്ക് നിലവിലുള്ള ലോക്കൽ റേറ്റ് കൊടുക്കാമെന്ന് ഒരു തീരുമാനമുണ്ടായതിന്റെ അടിസ്ഥാനത്തിൽ ഏതാണ്ട് 30 ശതമാനത്തോളം അതിന് വർദ്ധനവ് കിട്ടിയിട്ടുണ്ട്. അതുകൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രകാരമുള്ള വർക്കുകളൊക്കെ ഭംഗിയായി നടക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. പക്ഷേ നമ്മുടെ തൊഴിൽ ഉറപ്പ് പദ്ധതിയിലും എ. പി. മാരുടെ വികസന ഫണ്ടിലും ജെ. ആർ. വൈയിലുമുള്ള വർക്കുകൾക്ക് ടെൻഡർ എക്സസ് കൊടുക്കാൻ ടെൻഡർ ഇല്ലാത്തതുകൊണ്ട്, ഗുണഭോക്തൃകമ്മിറ്റികൾ നിശ്ചയിക്കുന്ന കൺവീനറും കമ്മിറ്റിയും കൂടി, ഈ വർക്കുകൾ നടത്തുന്നുവെന്നുള്ളതുകൊണ്ട് ലാഭമെടുക്കാതെ നടത്തുന്ന വർക്കുകൾ എന്നുള്ള നിലയിൽ പി. ഡബ്ലിയു. ഡി. റേറ്റ് റിവിഷൻ വരാത്തതുകൊണ്ട് വളരെയധികം ബുദ്ധിമുട്ടുകളുണ്ട്. ആ കാര്യം ബഹുമാന്യനായ മന്ത്രി കാര്യമായി പരിഗണിക്കണം. വാസ്തവത്തിൽ നമ്മുടെ നിർമ്മാണപ്രവർത്തനങ്ങൾ ഏപ്രിൽ, മേയ് മാസങ്ങൾ കഴിഞ്ഞാൽപിന്നെ നാലഞ്ച് മാസത്തേക്ക് നടക്കുകയില്ല. അതുപോലെതന്നെ ഇവിടെ എല്ലാവരും പറഞ്ഞു. ബഡ്ജറിൽ മിച്ചം കാണിച്ചത് പി. ഡബ്ലിയു. ഡി. കരാറുകാർക്ക് കുടിശ്ശിക കൊടുക്കാതെയാണ്, വലിയ കുടിശ്ശികയുണ്ടെന്നൊക്കെ. പക്ഷേ അവരാരും പി. ഡബ്ലിയു. ഡി. യുടെ ബില്ലുകൾ കുടിശ്ശികയായിട്ട് വന്നിട്ടുണ്ടെങ്കിൽ കരാറുകാർക്ക് കുറച്ച് പണം കൊടുത്ത് നമ്മുടെ നിർമ്മാണ പ്രവർത്തനങ്ങളെയൊന്ന് സഹായിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിച്ച് ഞാൻ കേട്ടില്ല. സദുദ്ദേശത്തോടുകൂടി ആത്മാർത്ഥമായിട്ടാണ് ഈ വിമർശനമെങ്കിൽ അവർ അത് പറയേണ്ടതായിരുന്നു. ഈ കരാറുകാർക്ക് അത്യാവശ്യം കുറച്ച് പണംകൂടി കൊടുത്ത് നമ്മുടെ നിർമ്മാണ പ്രവർത്തനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

സ്തംനോവസ്ഥയിലേക്ക് നീങ്ങാതിരിക്കാനുള്ള പരിശ്രമം കൂടി നടത്തണമെന്ന് അങ്ങയോട് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ബഡ്ജറിനെ പൂർണ്ണമായ പിന്തുണ പ്രഖ്യാപിക്കുന്നു.

മി. ചെയർമാൻ : ഇന്നു കൂടിയ കാര്യോപദേശക സമിതി യോഗത്തിൽ അഭിപ്രായ സമന്വയം ഉണ്ടായതനുസരിച്ച് 15-3-1996-ന് രാവിലെ 10 മണി മുതൽ 10.30 വരെ 1996-ലെ കേരള പട്ടികജാതി-പട്ടികവർഗ്ഗ ജാതി സർട്ടീഫിക്കറ്റ് നൽകൽ റഗുലേഷൻ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തിൻമേലുള്ള ചർച്ചയും 10.30 മുതൽ 12.30 വരെ അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിനുമായി വിനിയോഗിക്കുന്നതാണ്. മേൽപ്പറഞ്ഞ ബില്ല് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തിനുള്ള ഭേദഗതി നോട്ടീസ് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഇന്ന് 14-3-1996 വൈകുന്നേരം 5 മണി വരെ നൽകാവുന്നതാണ്.

ശ്രീ. ബേബിജോൺ : സർ, ഈ ബഡ്ജറിലെ പല നിർദ്ദേശങ്ങളെയും അവകാശവാദങ്ങളെയും പൊതുവായി ഞാൻ എതിർക്കുകയാണ്. അയഥാർത്ഥമായഅവകാശവാദങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്. എന്റെ അഭിപ്രായത്തിൽ കേരളം ഇന്ന് അഗാധമായ ഒരു കടക്കയത്തിലാണ്. രക്ഷപ്പെടാൻ പ്രയാസമെന്നു തോന്നിക്കത്തക്കവിധത്തിലുള്ള ഒരു ഭീകര രൂപമാണ് ആ കടത്തിനുള്ളത്. വളരെ ഭദ്രമായ ഒരു സാമ്പത്തികസ്ഥിതിയാണെന്ന് ധനകാര്യ മന്ത്രി അവകാശപ്പെടുന്നുവെങ്കിലും, അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെൻറ് നൽകിയിട്ടുള്ള കണക്കുകൾ വച്ചു നോക്കുമ്പോൾ കടം വാങ്ങി ശമ്പള, കൊടുക്കേണ്ട സ്ഥിതി ആണ് ഈ സംസ്ഥാനത്തിനു ഇന്നുള്ളത്. കടത്തിന്റെ കാര്യം നോക്കൂ "Budget in Brief" അതാണ് അതിനെ ആശ്രയിച്ചിരിക്കുന്നത്. The Table–22, Internal Debts 81,818 ലക്ഷം. ഓരോന്നും ലക്ഷം വീതമാണ് വായിക്കുന്നത്. Loan from Government of India 13 ശതമാനം പലിശയാണ്. അത് 74,299 ലക്ഷം രൂപ. അങ്ങനെ മൊത്തം 11,06,208 ലക്ഷം രൂപ. അതിന് ഡിസ്ബേസ്മെൻറ് 9,60,217 ലക്ഷം രൂപ. അതിന്റെ ബാക്കി കടം എന്നു പറയുന്നത് 1,45,991 രൂപയാണ്. നേരത്തെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറഞ്ഞു കടം വാങ്ങി എന്ന്. പക്ഷേ കടം വാങ്ങി നമ്മൾ ഏതു മേഖലയിലാണ് ചെലവാക്കുന്നത്. അതു പരിശോധിക്കുമ്പോഴാണ് നമ്മുടെ റവന്യൂ ഡെഫിസിറ്റിനെക്കുറിച്ച് ആലോചിക്കേണ്ടത്. കടത്തിന്റെ പൊതുവായ സ്ഥിതി നമ്മളൊന്നു പരിശോധിച്ചു. റിബേറ്റ്സും, ഡിസ്ബേർസ്മെൻറും കഴിഞ്ഞിട്ടുള്ള 1990-91-ലെ ബാലൻസ് 68,954 ലക്ഷം രൂപയാണ്. ഇപ്പോൾ അത് 1,45,991 ലക്ഷം രൂപ. എന്തുമാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നു നോക്കുക. 100 ശതമാനം കൂടെയാണ് അതിലെ വർദ്ധനവ്. ഇതെങ്ങനെ ഉപയോഗിക്കും. പലിശ ഇനത്തിൽ നമുക്കു തന്ന കണക്കനുസരിച്ച് 1990-91-ൽ 34,064 ലക്ഷം രൂപ ആണെങ്കിൽ ഇപ്പോൾ 1,10,659 ലക്ഷം രൂപയാണ്. എങ്ങനെ ചെലവാക്കുന്നുവെന്നു പരിശോധിച്ചാൽ അവർ തന്ന കണക്കനുസരിച്ചുതന്നെ Percentage to total non-development expenditure 40.04 ശതമാനമാണ്. അത് 1990-91-ൽ 33 ശതമാനം (33.32) ആയിരുന്നു. ഇപ്പോൾ 40 പോയിൻറ് പൊതുവായ ഒരു കടത്തിന്റെ സ്ഥിതി എന്താണെന്നറിയാമോ ? ഇന്ന് കേരളത്തിലെ ഒരു കൊച്ചു കുഞ്ഞിന്റെ കടബാധ്യത Per capita debt outstanding 2,714 രൂപയാണ്. അത് 1991-ൽ 1492 അവിടെയും 100 ശതമാനത്തോളം ഇരട്ടിയായി. ഇത്രയേറെ കടം വാങ്ങിയിട്ടും നമുക്ക് ഏതു മേഖലയിലാണ് വിജയിക്കാൻ കഴിഞ്ഞത്. പരിശോധിക്കാം. നികുതി പിരിക്കുന്ന വിഭാഗത്തെ പുനഃസംവിധാനം ചെയ്തുകൊണ്ട് മെച്ചം ഉണ്ടായ

LIBRARY ARCHIVES Kerala Legislative Assembly

എന്നു വന്നു. സംഗതി എന്താണ് ? നികുതിയെ സംബന്ധിച്ച് 1991-ൽ 122 രൂപയാണ് പെർകാപ്പിറാ ടാക്സ് എന്നതെങ്കിൽ ഇപ്പോഴ് എണ്ണൂററി ചിലപാനം രൂപയായിരിക്കും വർദ്ധനവ്. ഇത് കാര്യക്ഷമമായ ഫിനാൻസ് മാനേജ്മെൻറിൻെറ ഫലമായിട്ട് മാത്രമാണോ ? ഇതാലോചിക്കണം. അമിതമായ സാധന വിലയുടെ പ്രതിഫലനം ഇതിലില്ലേ ? അങ്ങനെ നോക്കുമ്പോഴ് ഈ അവകാശവാദം എന്തുമാത്രം ശരിയാണ്. ഇവിടെ 6 ശതമാനത്തോളം growth rate ഉണ്ടെന്നു പറഞ്ഞു. ഗവർണ്ണറുടെ പ്രസംഗത്തിലെ പല കാര്യങ്ങളും തന്നെയാണ് ഈ ബഡ്ജറ് പ്രസംഗത്തിലും വന്നിരിക്കുന്നത്. സ്വാഭാവിക മായിട്ട് അതു പരാമർശിക്കേണ്ടിവരും. ഗവർണ്ണർ നടത്തിയ പ്രസംഗം റിപ്പബ്ലിക് ഡേയ്ക്കാണ്. അല്ലാതെ സാധാരണ പൊതുയോഗത്തിലല്ല.

The Kerala Governor, Mr. P. Shiv Sankar has expresed concern at the high un-employment rate low percapita income, mounting debt and low economic growth prevailing in the State.

ജനുവരിമാസം 26-ാം തീയതി അദ്ദേഹം പ്രസംഗിച്ചു. അതുയുടെ കണക്കനുസരിച്ച് ഇപ്പോഴ് 6 ശതമാനം വന്നിരിക്കുന്നു. 6 ശതമാനം reasonable ആയിട്ടുള്ള growth rate ആണെന്നല്ലേ നമ്മം പറയുന്നത്.

In his address at the Republic Day Parade here this morning, the Governor said that the Government had taken note of these social problems which were causing concern and was keenly combating them. It was aware that unless these problems were successfully tackled, the dawning of an eqalitarian society would remain a dream he added.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. ഇ. എം. അഗസ്തി)

സർ, ഇതുവരെ ഇതിനെ സംബന്ധിച്ച് ഫലപ്രദമായി കൈകാര്യം ചെയ്യാൻ കഴിഞ്ഞില്ലെന്നല്ലേ അതിൻെറ അർത്ഥം ? അതുകൊണ്ടാണ് ഞാൻ അത് പറഞ്ഞത്. കടം വാങ്ങിച്ചു ചെലവാക്കുന്നു എന്ന് പറയാൻ കാരണം ഇക്കണോമിക് റിവ്യൂവിൽ പറഞ്ഞിരിക്കുന്നതെന്താണ് ?

The overall financial position of the State Government over recent years ....
അതൊക്കെ വായിക്കാൻ ഞാൻ തയ്യാറാണ്.

.....has shown improvement thanks to effective mobilisation of additional resources..... അഡീഷണൽ റീസോഴ്സസ് മൊബിലൈസേഷൻെറ ഭാഗമായിട്ടാണ്. അതുകൊണ്ടാണ് നേരത്തെ ഇവിടെ നികുതി വർദ്ധനവിനെക്കുറിച്ചൊക്കെ പരാമർശമുണ്ടായത്. കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ ആളുകൾക്ക് എന്തുമാത്രം കൂടുതൽ നികുതി ഭാരമുണ്ടായി എന്നുള്ളതിനെ സംബന്ധിച്ച് പറയണ്ടേ ? അതാണ്. However the position regarding revenue deficit is a matter of continuing concern. The revenue deficit, as a percentage of revenue expenditure in 1995-96 (B. E), increased to 14.7 percent from 13.4 percent in the revised estimate for the previous year. This review has repeatedly pointed out that financing revenue deficit through borrowings is not a healthy trend.....
കടം വാങ്ങിച്ചുവെന്ന് ഞാൻ നേരത്തെ പറഞ്ഞതിൻെറ കാര്യം അതാണ്..... as that would lead to increasing indebtedness without the creation of any physical assets. It also inhibits economic growth due to large scale diversion of development funds for non-plan purpose.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ഗവൺമെൻറ് തന്നെ നൽകിയിട്ടുള്ള കണക്കുകൾ വച്ചുകൊണ്ടാണ് ഇത് പറയുന്നത്. അപ്പോൾ നമ്മുടെ സാമ്പത്തിക രംഗത്ത് ഭദ്രമായ സ്ഥിതിയാണുള്ളതെന്ന് അവകാശപ്പെടാൻ സാധിക്കുന്ന രീതിയിലാണ് നമ്മുടെ കാര്യങ്ങൾ പോകുന്നത്. പിന്നെ അദ്ദേഹം അവകാശപ്പെടുന്നത് ട്രഷറി പൂട്ടിയിട്ടില്ലെന്നാണ്. അത് ശരിയാണ്. ചില കടതുറന്നിരിക്കും സാധനങ്ങളൊന്നും കാണുകയില്ല, അതുപോലെയല്ലേ? ട്രഷറി പൂട്ടിയില്ലെന്ന് അവകാശപ്പെടുമ്പോൾ പേമെൻറിൻെറ സ്ഥിതിയെന്താണ് ? ഇന്ന് പത്രത്തിൽ വാർത്തവന്നിട്ടുണ്ട്. തിരുവനന്തപുരത്തെ കോൺട്രാക്ടുകൾ മുടങ്ങുന്നുവെന്ന്. ഇപ്പോൾ ട്രഷറിയിൽ ചില ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ടെന്ന് ഞാൻ സമ്മതിക്കുന്നു. സമയത്തിന് എൽ. സി. കൊടുക്കുന്നുണ്ടോ ? സമയത്തിന് ഡിപ്പാർട്ടുമെൻറിന് ഫണ്ട് ഉണ്ടാക്കാൻ കഴിഞ്ഞോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ) : സർ, ഒരു ചെറിയ വിശദീകരണം. ഞാൻ ഇടപെടുകയല്ല. കോൺട്രാക്ടേഴ്സിന് പേമെൻറ് കൊടുക്കാനുണ്ടെന്ന് പറഞ്ഞത് ശരിയാണ്. അതിനെപ്പറ്റി ഞാൻ എൻെറ മറുപടി പ്രസംഗത്തിൽ വിശദീകരിക്കാം. പക്ഷേ മുമ്പുണ്ടായിരുന്നത് പോലെ ട്രഷറിയിൽ കൊണ്ടുകൊടുക്കുന്ന ചെക്കോ ബില്ലോ ഇന്നു ഡിസോൺവ് ചെയ്യുന്ന ഒരേർപ്പാട് ഇല്ല. ട്രഷറിക്ക് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പെൻഷൻ കൊടുക്കുന്ന ദിവസങ്ങൾ, ശമ്പളം കൊടുക്കുന്ന ദിവസങ്ങൾ, കോൺട്രാക്ടേഴ്സിന് പേമെൻറ് കൊടുക്കുന്ന ദിവസങ്ങൾ എന്ന് പറഞ്ഞ് അൺബിൽറ്റായിട്ടുള്ള കുറച്ച് നിയന്ത്രണങ്ങളുണ്ട്. ആ നിയന്ത്രണങ്ങൾ ഇല്ലെന്ന് ഞാൻ പറഞ്ഞിട്ടില്ല. ആ നിയന്ത്രണങ്ങൾക്ക് വിധേയമായി ട്രഷറിയിൽ ഒരു ദിവസംപോലും ഒരു പേമെൻറും ഡിസോൺവ് ചെയ്തിട്ടില്ല.

ശ്രീ. ബേബിജോൺ : സർ, അങ്ങ് അത് പറഞ്ഞതുകൊണ്ടാണ് ഞാൻ പറയുന്നത്. ഞാൻ കഴിഞ്ഞ ദിവസം പറഞ്ഞു, പിന്നീട് മുഖ്യമന്ത്രി അതിന് മറുപടിയും പറഞ്ഞു. ഇപ്പോൾ മുഖാമുഖം പരിപാടിയുണ്ടല്ലോ. ദരിദ്രജനവിഭാഗങ്ങൾക്കാണല്ലോ അതിൻെറ സഹായം കിട്ടുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഫണ്ടിൽ നിന്നായിരിക്കുമല്ലോ അധികവും തുകവരുന്നത്. കൊല്ലത്ത് ജനുവരി മാസത്തിലല്ലായിരുന്നോ മുഖാമുഖം പരിപാടിക്ക് മുഖ്യമന്ത്രി തീരുമാനമെടുത്തത് ? ഫിനാൻസ് ഡിപ്പാർട്ടുമെൻറ് 6 ലക്ഷം രൂപയുടെ ചെക്ക് കൊടുത്തിട്ട് എന്നാണ് മാറിയത് ? ഈ നിയമസഭയിൽ ഈ പ്രശ്നം ഞാൻ ഉന്നയിച്ചശേഷം ഇപ്പോൾ അത് കിട്ടിയിട്ട് രണ്ട് ദിവസമായി. എന്താണ് അതിന് കാരണം ? ഇങ്ങനെ വരുമ്പോൾ ഞങ്ങളെ പറയാൻ പ്രേരിപ്പിക്കുന്നത് സാമ്പത്തിക ബുദ്ധിമുട്ട് അല്ലെങ്കിൽ പിന്നെയെന്താണ് ? അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. പക്ഷേ പല ക്രമീകരണങ്ങളും ഇപ്പോൾ വരുത്തിയിട്ടുണ്ട്. ശമ്പളം കൊടുക്കുന്നതുപോലെ പെൻഷൻകാർക്കുകൂടി കൊടുക്കാനുള്ള ഏർപ്പാട് ചെയ്തുകൂടെ ? പി. എഫ്.-ൽ നിന്നുള്ള താൽക്കാലിക ലോൺ കൊടുക്കുന്ന കാര്യവും താമസിപ്പിക്കുന്നു.

ശ്രീ. തച്ചടി പ്രഭാകരൻ : സർ, അങ്ങ് വളരെക്കാലം ഇവിടെ മന്ത്രിയായിരുന്ന ആളാണ്. ഈ ഗവൺമെൻറ് വന്നതിനുശേഷം ട്രഷറി പേമെൻറ് കട്ട് ചെയ്തിട്ടില്ല. എല്ലാ പേമെൻറും ഒരേ മാസം ഒരു ട്രഷറിയിലും വരില്ല. ഗവൺമെൻറിൻെറ വേയ്സ് ആൻറ് മീൻസ് നോക്കി ഗവൺമെൻറ് കൊടുക്കുന്ന ഡയറക്ഷൻ അനുസരിച്ചാണ് പേമെൻറ് നടത്തുന്നത്. അങ്ങയെപോലുള്ള ഒരാൾ പ്രതിപക്ഷത്തിരുന്നുകൊണ്ട് ഇമ്മാതിരിയുള്ള ദുരാരോപണങ്ങൾ നടത്തുന്നത് ശരിയല്ല. അക്കാര്യത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ്. ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബി ജോൺ : സർ, അദ്ദേഹം പറഞ്ഞത് ശരിയാണ്. ശ്രീ. പത്മരാജൻ പറഞ്ഞതും ശരി, ഞാൻ പറഞ്ഞതും ശരി, ബഡ്ജറ്റ് മിച്ചവുമാണ്, കമ്മിയുമാണ്, എന്ന് പറഞ്ഞതുപോലെയുള്ളൂ ഞാൻ പറഞ്ഞുവന്നത്. ഇതുസംബന്ധിച്ച് നാം വളരെ ഗൗരവമായി ആലോചിക്കേണ്ട കാര്യമല്ലേ ?

സർ, അങ്ങയുടെ പ്രസംഗത്തിൽ എക്സ്റേണൽ എയ്ഡഡ് പ്രോജക്ടിനെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. എക്സ്റേണൽ എയിഡഡ് പ്രോജക്ട്സ് നമുക്ക് എന്തുമാത്രം നേടാൻ കഴിഞ്ഞു ? കഴിഞ്ഞ ഫിനാൻസ് സ്കീമിൽ നമ്മൾ 200 കോടി ഉറുപ്പിക എക്സ്റേണൽ എയ്ഡഡ് പ്രോജക്ടിനായിട്ട് വച്ചു. അത് എന്ന് കിട്ടിയെന്ന് പറയാൻ കഴിയുമോ ? ധനകാര്യ കമ്മിഷൻ വന്നപ്പോൾ ബഡ്ജറ്റ് ഡഫിസിറ്റ് തീർന്നു. അതുകഴിഞ്ഞ് എക്സ്റേണൽ എയ്ഡഡ് പ്രോജക്ട്സിനോത് വന്നപ്പോൾ 200 കോടിരൂപ പ്രതീക്ഷിച്ചു. 70 കോടിയാണ് വന്നത്.

സർ, പ്ലാൻ സ്കീമിന്റെ ഭാഗമല്ലേ വൊക്കേഷണൽ ഹയർ സെക്കൻറി സ്കൂളുകൾക്ക് പ്രത്യേകമായി വർക്ക്ഷോപ്പിനൊക്കെ ഗ്രാന്റ് കൊടുക്കുക എന്നുള്ളത്. നയാപൈസ ഇതുവരെ കൊടുത്തോ ? വർഷാവസാനമായല്ലോ അതൊക്കെ കൊണ്ടാണ് ഞാൻ ഇത് പറയുന്നത്.

സർ, അതുപോലെ വ്യവസായരംഗത്തെക്കുറിച്ച് പറയുമ്പോൾ വ്യവസായരംഗത്ത് വളർച്ചയുണ്ടായിയെന്ന് ആവർത്തിച്ചാവർത്തിച്ച് പറയുന്നു. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുന്നു 63,785 സ്മാൾ സ്കെയിൽ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തു. രജിസ്റ്റർ ചെയ്തത് എല്ലാം തുടങ്ങുമോ ? ഇനി തുടങ്ങിയെന്ന് സങ്കൽപ്പിക്കുക. നിങ്ങൾ അതിന്റെ ഒരു കണക്ക് ഇവിടെ പറയണ്ടേ ? എത്ര യൂണിറ്റ് ഇതിനകം സിക്കായി ? എത്രയെണ്ണം ഫിറ്റായി എന്നുള്ളതുകൂടി നോക്കണ്ടേ ? അത് നോക്കാതെ ഞങ്ങൾ ഇത്രയെണ്ണം പുതിയതായി തുടങ്ങുമെന്നു പറയുന്നു.

സർ, വൈദ്യുതി മേഖലയിലെ പ്രവർത്തനത്തെ സംബന്ധിച്ച് പറയുമ്പോൾ കുറെ പ്രോജക്ടുകളുണ്ടാക്കിയെന്ന് നിങ്ങൾ അവകാശപ്പെടുന്നു. നിലവിലിരിക്കുന്ന പ്രോജക്ടുകളുടെ കാര്യമെന്തായി ? ഞാൻ അതിന്റെ മറ്റ് കാര്യങ്ങളിലേക്ക് കടക്കുന്നില്ല. ലോവർ പെരിയാർ പ്രോജക്ടിന്റെ കാര്യമെടുക്കാം. എന്തായിരുന്നു കഴിഞ്ഞവർഷം പറഞ്ഞത് ? ഇപ്പോൾ എന്ത് പറയുന്നു ? ഇപ്പോഴത്തെ ഗവർണ്ണറുടെ പ്രസംഗത്തിൽ ഈ മാർച്ച് 31-ാം തീയതിക്കകം തീരുമെന്നാണ് എഴുതിയിരിക്കുന്നത് ? അതിനുമുമ്പ് പറഞ്ഞിരുന്നത് 1995 മാർച്ചിൽ തീരുമെന്നാണ്. അതിനെക്കുറിച്ച് ധനകാര്യ മന്ത്രിക്ക് ഉറപ്പ് പറയാൻ കഴിയുമോ ? ബഹുമാനപ്പെട്ട ചെയർ ആ ഏരിയായിൽ നിന്നല്ലേ വരുന്നത് ? ലോവർ പെരിയാർ ഈ മാർച്ച് 31-ാം തീയതിക്ക് മുമ്പ് കമ്മിഷൻ ചെയ്യുമെന്നോ ? കക്കാട് അതിന് മുമ്പ് കമ്മിഷൻ ചെയ്യുമെന്നല്ലേ പറഞ്ഞത് ? Inefficiency to the core എന്നല്ലേ ഞാൻ ചോദിക്കുന്നത് ? ഞാൻ അതിന്റെ മറ്റ് കാര്യങ്ങളിലേക്ക് കടക്കുന്നില്ല. ബഹുമപുരം പ്രോജക്ട് വളരെവേഗം കമ്മിഷൻ ചെയ്യുമെന്ന് പറഞ്ഞു. എന്തായി സ്ഥിതി ? എന്ന് കമ്മിഷൻ ചെയ്യാൻ കഴിയുമെന്ന് പറയണം. പറഞ്ഞാൽ ആ വാക്ക് വിശ്വസിക്കാൻ കഴിയുമോ ? കാരണം, ഗവർണ്ണറുടെ പ്രസംഗത്തിൽ എഴുതിവച്ചിരിക്കുകയാണ് ലോവർപെരിയാർ മാർച്ച് 31-ാം തീയതി കമ്മിഷൻ ചെയ്യുമെന്ന്. കക്കാട് അതിനുമുമ്പ് കമ്മിഷൻ ചെയ്യുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഈ സ്കീംസ് ഇംപ്ലിമെന്റ് ചെയ്യിക്കാൻ ഒരു ഇഫക്ടീവ് മാനേജ്മെന്റ് ഉണ്ടായിരുന്നുവെന്ന് പറയാൻ കഴിയുമോ ? പൂയംകുട്ടി പദ്ധതിയുടെ കാര്യം എന്തായി ? തറക്കല്ലിട്ടു. കായംകുളം പദ്ധതിയെക്കുറിച്ച് അങ്ങ് തന്നെ ആലോചിക്കണം എനിക്ക് ഇപ്പോഴും സന്ദേഹമാണ്. 1998-ൽ ഇത് കമ്മിഷൻ ചെയ്യാൻ കഴിയുമെന്നാണ് പറയുന്നത്. ഞാൻ മുൻവിധിയോടുകൂടി പറയുന്നതല്ല. കാര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പോകുന്ന പോക്ക് അനുസരിച്ച് അടുത്തകാലത്തൊന്നും അത് കമ്മിഷൻ ചെയ്യാൻ സാധിക്കുകയില്ല. അതിലെ കരാറിലെ വ്യവസ്ഥകളെക്കുറിച്ച് അല്ല പറയുന്നത് ? നാഫ്തയാണല്ലോ ഇന്ത്യയിൽ പ്രധാനമായിട്ടുള്ളത്. എങ്ങനെ അത് കൊണ്ടുവരുമെന്നുള്ളതിനെ സംബന്ധിച്ച് ആലോചിക്കണം. ഈ പ്രസംഗത്തിന്റെ ഒരുഭാഗത്ത് പറഞ്ഞിട്ടുണ്ട് കേന്ദ്രഗവൺമെന്റിന്റെ കൊങ്കൺ റെയിൽവേ ഉണ്ടെന്ന്. പിന്നെ ജലപാതയെക്കുറിച്ച് പറയുന്നുണ്ട്. അതു കൊണ്ടാണ് പറയുന്നത്, നമുക്ക് ഇതിൽ എന്തുമാത്രം അവകാശവാദമുണ്ട് ? ദേശീയജലപാത നമ്പർ 3 അംഗീകരിപ്പിക്കാൻ കഴിഞ്ഞു. അംഗീകരിപ്പിച്ചു എന്നതിൽ കവിഞ്ഞ് അതിനുവേണ്ടി എന്തുമാത്രം ചെലവാക്കാൻ കഴിഞ്ഞു എന്ന് പറയാൻ കഴിയുമോ ? ദേശീയ ജലപാതയെക്കുറിച്ച് ഇതിൽ പറഞ്ഞിരിക്കുന്നതെന്താണ് ? ആക്ഷൻ പ്ലാൻ അനുസരിച്ച് 1995-96, 1996-97-ൽ 240 കോടി രൂപയുടെ ഡെവലപ്പ്മെന്റ് പ്രോഗ്രാം ഉണ്ട്. വാട്ടർ ട്രാൻസ്പോർട്ടിനും ഇൻലാന്റ് ട്രാൻസ്പോർട്ടിനും വേണ്ടി വച്ചിരിക്കുന്നത്. ഐ. ഡി. ബി. ഐ. സെൻട്രൽ സ്കീംസിന് 135.75 കോടി രൂപ, സെൻട്രൽ ഇൻലാന്റ് വാട്ടർ ട്രാൻസ്പോർട്ട്–96 കോടിരൂപ. സെൻട്രലിസ്പോൺസേർഡ് സ്കീംസ്–8.15 കോടി. അങ്ങനെ 240 കോടി രൂപ എട്ടാം പ്ലാനിൽ ഇതിനുവേണ്ടി ചിലവാക്കിയിട്ടുണ്ടെങ്കിൽ നമ്മുടെ എട്ടാം പഞ്ചവൽസര പദ്ധതിയിൽ എന്തു മാത്രം ചിലവാക്കാൻ കഴിഞ്ഞു ഇതുവരെ? ആദ്യത്തെ രണ്ടുവർഷത്തേക്ക് കൊണ്ടുവന്ന എക്സ്പെൻറിച്ചർ എത്രയെന്നറിക്കാമോ ? 4.76 കോടി പിന്നെ ഒന്ന് 5.43 Crores has been incurred for the Central Scheme as against the Provision അന്നത്തെ പ്രൊവിഷൻ എന്തായിരുന്നു ? 20 കോടിയോളം രൂപയിൽ 10 കോടി രൂപയാണ് അവർക്ക് ചിലവാക്കാൻ കഴിഞ്ഞത്. അതു പോലെ തന്നെ ആന്വൽ പ്ലാനിൽ 1994-95-ൽ outlay 6 crores has been made ഇപ്പോഴത്തെ എന്തായി ? ഞാൻ പറയാൻ കാര്യം എന്താണെന്ന് വച്ചാൽ ഈ സ്കീമിന് വെസ്റ്റ്കോസ്റ്റ് കനാലിന്റെ ആക്ടിവിറ്റീസ് ശക്തമാക്കിയില്ലെങ്കിൽ അവിടെനിന്ന് ഗ്യാസ് കൊണ്ടുവരാൻ ഒക്കില്ല. കായലിൽ കൂടിയാണ് കൊണ്ടുവരാൻ ഉദ്ദേശിച്ചിരിക്കുന്നതെന്നാണ് മനസ്സിലാക്കുന്നത്. മോട്ടോർ വാഹനങ്ങളിൽകൂടിയല്ല, കായലിൽകൂടിയാണ്. കായലിൽകൂടിയാണ് കൊണ്ടുവരേണ്ടതെങ്കിൽ ഈ പദ്ധതി നടപ്പാക്കാനൊക്കുമോ ? അതുകൊണ്ടാണ് ഞാൻ പറയുന്നത് ഈ അവകാശവാദം തെറ്റാണ്. നടക്കുകയില്ല. അതിന് നേരത്തെ ഞാൻ പറഞ്ഞതുപോലെ ഒരു എഫിഷ്യൻറ് മാനേജ്മെൻറ് വേണ്ടിയിരിക്കുന്നു. ഇവിടെ അങ്ങനെയൊന്ന് ഇല്ലാതിരിക്കുന്നു. കൊങ്കൺ റെയിൽവേയുടെ കാര്യത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ഞാൻ ചോദിക്കട്ടെ, ഒന്നു പറഞ്ഞാൽ തരക്കേടില്ല. സെൻട്രൽ ഇൻവെസ്റ്റ്മെൻറ് അതൊരു പ്രധാനകാര്യമാണല്ലോ? നമ്മുടെ ഡവലപ്പ്മെൻറ് ആക്ടിവിറ്റീസിൽ വ്യവസായികരംഗത്ത് സെൻട്രൽ ഇൻവെസ്റ്റ്മെൻറ് സ്റ്റേറ്റ് ഇൻവെസ്റ്റ്മെൻറ്, പ്രൈവറ്റ് സെക്ടർ എന്നിങ്ങനെയാണ്. സെൻട്രൽ ഇൻവെസ്റ്റ്മെൻറിന്റെ കാര്യത്തിൽ ഇപ്പോഴത്തെ എന്താണ് വന്നിരിക്കുന്നത്. നമ്മുടെ ജനസംഖ്യ അനുസരിച്ച് മൂന്നുശതമാനമെങ്കിലും കിട്ടണ്ടേ ? ഞാൻ ചോദിക്കുന്നു. കേന്ദ്രത്തിൽ സ്വാധീനം ഉള്ളവരാണല്ലോ ഇവർ. ആ സ്വാധീനം ഉപയോഗിച്ച് എന്താണു കഴിഞ്ഞത് ? 1.2 ശതമാനമാണ്. ഇപ്പോഴത്തെ കേന്ദ്ര ഇൻവെസ്റ്റ്മെൻറ് ഈ സംസ്ഥാനത്ത് 1.2 ശതമാനമാണ്, നല്ല ഭദ്രമായ സാമ്പത്തിക സ്ഥിതിയെന്നാണ് പറയുന്നത്, കേന്ദ്ര ഇൻവെസ്റ്റ്മെൻറ് 1.2 ഇങ്ങനെയുള്ള കാര്യങ്ങൾക്കു തരുന്ന തുകയും കുറവാണ്. അതുകൊണ്ടാണ് ഞാൻ ഇതു ചൂണ്ടിക്കാണിച്ചത്. വിനോദസഞ്ചാരത്തെക്കുറിച്ചു പറഞ്ഞു. വികസനം, അതാണ് ഞാൻ പറഞ്ഞത്, ആവർത്തനുവിരസതവരും. അതിന്റെ വികസന പ്രവർത്തനത്തെക്കുറിച്ച് പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആദ്യത്തെ ഗവർണ്ണറുടെ പ്രസംഗം നോക്കണം. ആയിരംകോടി രൂപ കേന്ദ്രം തരുമെന്ന് പറഞ്ഞു. എത്ര കിട്ടിയെന്ന് പറയാൻ നിങ്ങൾക്കു ബാധ്യത ഇല്ലേ ? അതിൽ എന്തു മാത്രം നേടാൻ കഴിഞ്ഞു എന്നാലോചിക്കണം. അതുകൊണ്ടാണ് ഞാൻ ഇതു പറയുന്നത്. അതുപോലെതന്നെ നമുക്കൊരു കാര്യം ആലോചിക്കാം. അദ്ദേഹം വളരെ അഭിമാനത്തോടുകൂടി പറഞ്ഞു. പരിയാരം മെഡിക്കൽ കോളേജ് സ്വകാര്യമേഖലയിലാണെന്ന്. അതുപോലെതന്നെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞിരുന്നു. അന്തർദേശീയ നിലവാരമുള്ള രണ്ട് വിമാനത്താവളങ്ങൾ നമ്മൾ ഉണ്ടാക്കുമെന്ന്. അഭിമാനിക്കാവുന്ന കാര്യമാണോ എന്ന് ആലോചിക്കുകയാണ്. ശ്രീ. എ. കെ. ആന്റണിയോട് ചോദിക്കണം, പരിയാരം മെഡിക്കൽകോളേജ് ഏതു മേഖലയിലാണെന്ന്. ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇങ്ങനെയൊരു കാര്യം ഉണ്ടായിട്ടില്ല. ഖജനാവിൽനിന്നുള്ള പണം, സർക്കാരിന്റെ സ്വാധീനം ഉപയോഗിച്ച് ജനങ്ങളിൽ നിന്നു പിരിച്ച പണം ഉപയോഗിച്ച് സ്വകാര്യസ്ഥാപനമായി മാറുന്നു. നെടുമ്പാശ്ശേരി വിമാനത്താവളം ആരുടെ വകയാണ്. ഈ സർക്കാരിന്റെ സ്വാധീനം അല്ലായിരുന്നോ ? വിദേശത്തുപോയി പണം പിരിച്ചില്ലേ ? പിരിച്ചുകൊണ്ടുവന്ന് സൊസൈറ്റി ഉണ്ടാക്കി. പിന്നെ പ്രവർത്തന സൗകര്യത്തിനുവേണ്ടി പൈവറ്റ് ലിമിറ്റഡ് കമ്പനിയുണ്ടാക്കി. ആരാണ് ആ കമ്പനിയുടെ ആള് ? ആരുടെ വകയാണ് കമ്പനി ? അതുപോലെ തന്നെ പരിയാരം മെഡിക്കൽ കോളേജ് സർക്കാരിന്റെ പണം, സർക്കാരിന്റെ ഗ്യാരന്റി, സർക്കാരിന്റെ ഭൂമി. ആരാണ് കോളേജിന്റെ ഉടമസ്ഥൻ ? ശ്രീ. കരുണാകരനും ശ്രീ. എം. വി. രാഘവനും നെടുമ്പാശ്ശേരിയിൽ ശ്രീ. കെ. കരുണാകരനും, ശ്രീ. ടി. എം. ജേക്കബുമാണെന്നു തോന്നുന്നു; ശ്രീ. പി. പി. തങ്കച്ചനുണ്ടോയെന്ന് എനിക്ക് അറിയില്ല. ഞാൻ ചോദിക്കുന്നു. ചൈർമാൻ ആയിട്ട് മുഖ്യമന്ത്രി എന്ന സ്ഥാനത്തെ ആയിരിക്കും. ഒരുപക്ഷേ സ്വകാര്യമായി മുഖ്യമന്ത്രി എന്ന പേരു വയ്ക്കാൻ പറ്റാത്തതുകൊണ്ടായിരിക്കാം ശ്രീ. കെ. കരുണാകരൻ എന്നു വച്ചത്. ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രി അല്ലാതായാൽ ഭരണത്തിന്റെ സ്വാധീനം ഉപയോഗിച്ച് ഖജനാവിലെ പണം കൊണ്ട് ഈ സംസ്ഥാനത്തിലെ ജനങ്ങളുടെ പണംകൊണ്ട് ആരംഭിച്ച സ്ഥാപനം ചില സ്വകാര്യ ആളുകളുടെ സ്വത്തായി മാറുന്നത് അഴിമതിയല്ലേ എന്നു ഞാൻ ചോദിക്കുന്നു. മുമ്പ് എപ്പോഴെങ്കിലും ഇങ്ങനെ കേട്ടുകേൾവിയുണ്ടോ ? അടുത്തകാലത്ത് പത്രത്തിൽ വന്നിട്ടില്ലെ, നമ്മുടെ ഗവർണ്ണറുടെ പ്രശ്നം ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയും അതു ശ്രദ്ധിച്ചുകാണും. അദ്ദേഹം ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ തലവനായിരുന്നു. ഇൻഫ്രാസ്ട്രക്ചർ ആയിട്ടുള്ള പവേഴ്സ് ഉപയോഗിച്ച് അവിടെ ഒരു സ്ഥാപനത്തിന്റെ ചെയർമാനായി അദ്ദേഹം രാജിവച്ചില്ലേ, ശ്രീ. കെ. കരുണാകരനെപ്പോലെ ഗവർണ്ണറെ വിമർശിക്കുന്നതല്ല. ശ്രീ. കെ. കരുണാകരൻ ആ സ്ഥാപനത്തിന്റെ ചെയർമാൻ എങ്ങനെയായി ? മെഡിക്കൽ കോളേജിന്റെ തായാലും നെടുമ്പാശ്ശേരിയുടതായാലും അതാണ് ഞാൻ പറയുന്നത് നഗ്നമായ അഴിമതിയാണ്. ഗവൺമെന്റിന്റെ സ്വാധീനം; ഗവൺമെന്റിന്റെ പണം ചില വ്യക്തികൾക്ക് മാത്രമായി മെഡിക്കൽ കോളേജ്. എന്നിട്ട് സഹകരണം എന്നുപറയുക, എന്നിട്ടതിന്റെ നേട്ടങ്ങളെക്കുറിച്ച് അവകാശപ്പെടുക അതുകൊണ്ടാണ് ഞാൻ ഇതുപറയുന്നത്. അതുനോക്കുമ്പോൾ ഇങ്ങനെയൊരു കാര്യത്തിൽ അങ്ങേക്ക് അവകാശപ്പെടാനൊക്കുമോ ? ആർക്കാണ് അവകാശപ്പെടാൻ കഴിയുന്നത് ? സർക്കാരിന്റെ പണത്തിൽ അഴിമതിയല്ലേ നടക്കുന്നത്. ഗവർണ്ണറെ സംബന്ധിച്ച് ഒരു വിധിയുണ്ടായി സുപ്രീം കോടതിയിൽ. അതൊന്നു വായിച്ച് കാണുമോ ഇവിടത്തെ ഭരണാധികാരികൾ, നിങ്ങൾക്ക് പറയുവാൻ കഴിയുമോ ? ശ്രീ. കെ. കരുണാകരനോട് രാജിവയ്ക്കാൻ പറയുകയില്ല. നിങ്ങൾ എന്ത് നിയന്ത്രണമാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരനോട് ശ്രീ. കുഞ്ഞാലിക്കുട്ടിവരെ മാപ്പുപറഞ്ഞു എന്നാണ് പറയുന്നത്. എല്ലാപേരും ശ്രീ. കരുണാകരനോട് ഇപ്പോഴും മാപ്പു പറയുകയാണ്. തെരഞ്ഞെടുപ്പ് വന്നപ്പോഴും ശ്രീ. കെ. കരുണാകരൻ വേണം. ഇപ്പോഴും പറയുവാനൊക്കുകയില്ല, നെടുമ്പാശ്ശേരി അങ്ങയുടെ സ്വകാര്യ സ്വത്തായിരിക്കണമെന്നത് മാറണമെന്ന് മെഡിക്കൽ കോളേജ് സ്വകാര്യസ്വത്തായിരിക്കുന്നത് മാറണമെന്ന്. കാരണം ഇപ്പോഴും ശ്രീ. കരുണാകരന്റെ സ്വാധീനം വേണം അല്ലേ ? അദ്ദേഹത്തിന്റെ കാലുപിടിക്കാൻ പോവുകയാണ് അതല്ലേ നടക്കുന്നത്. അതിന് എന്തു അഴിമതിക്കും കൂട്ടുനിൽക്കുകയാണ്. അഴിമതിക്ക് കൂട്ടുനിൽക്കുന്ന ഏർപ്പാടാണ്. ശ്രീ. എ. കെ. ആൻറണി ആവർത്തിച്ച് ആവർത്തിച്ച് പറഞ്ഞു. അടുത്ത ദിവസം എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിലെ കാര്യവുമായി ബന്ധപ്പെട്ട ഒരു ചോദ്യത്തിലാണെന്ന് തോന്നുന്നു എപ്പോഴാണെന്ന് ഞാൻ ഓർക്കുന്നില്ല. വ്യവസായ മന്ത്രിയുടെതന്നെ ഒരു മറുപടിയിൽ പറഞ്ഞു ബാങ്കിലെ ഉദ്യോഗസ്ഥൻമാരെയൊക്കെ വിളിച്ച് ചർച്ചചെയ്യാൻ പോവുകയാണെന്ന്. നമ്മുടെ ഡെപ്പോസിറ്റ് അനുസരിച്ച് ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ നമുക്ക് ലഭിക്കുന്നില്ല. നമ്മുടെ പ്രോജക്ട് വയബിളാകുന്നില്ല. അങ്ങനെയാണോ ? തമിഴ്നാട്ടിലെ പ്രോജക്ട് വയബിളാകുമല്ലോ, കർണ്ണാടകത്തിലെ പ്രോജക്ട് വയബിളാകും. ആന്ധ്രായിലെ പ്രോജക്ട് വയബിളാകും. കേരളത്തിലെ ആളുകൾ നിക്ഷേപിക്കുന്നതുകയ്ക്ക് കേരളത്തിലെ ആരെങ്കിലും പ്രോജക്ട് തയ്യാറാക്കിയാൽ അത് വയബിളല്ലെന്ന് പറഞ്ഞുകൊണ്ട് കൊടുക്കാതിരിക്കുന്നു. ഈ സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ച എന്തായിതീരും ? അതാണ് നാം ആലോചിക്കേണ്ടത്. അതുകൊണ്ടാണ് ഞാൻ പറയുന്നത്. ഇപ്പോഴും അദ്ദേഹം പറയുന്നത് ആശാവഹമായ പുരോഗതിയുണ്ടെന്ന്. കർണ്ണാടകയിലും തമിഴ്നാട്ടിലും 90 ശതമാനം കഴിഞ്ഞു. ആന്ധ്രയിലും കഴിഞ്ഞു. ഇവിടെ 40-ൽ നിന്ന് 45 എന്നുള്ള ആശാവഹമായ പുരോഗതി ഉണ്ടായി എന്നാണ് പറയുന്നത്. സർക്കാർ ജീവനക്കാരുടെ പ്രശ്നങ്ങളെല്ലാം പരിഹരിച്ചുവെന്ന് പറഞ്ഞു. ഇതുപോലെ ഒരു കബളിപ്പിക്കലുണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്. നിങ്ങളുടെ പ്രകടന പത്രികയിൽ എന്താണ് പറഞ്ഞിരിക്കുന്നത് ? നിങ്ങൾ എന്താണ് പറഞ്ഞുകൊണ്ടിരുന്നത് ? കേന്ദ്രപാരിറ്റി എന്നല്ലേ ? കേന്ദ്ര പാരിറ്റി ഇന്ന് എവിടെപ്പോയി ? ബഹുമാന്യനായ ധനകാര്യമന്ത്രി പറഞ്ഞു ചില ഡി. എ. കുടിശ്ശിക കൊടുത്തിട്ടുണ്ടെന്ന്, അത് ഇന്ന് ആദ്യമല്ല. കേന്ദ്ര പാരിറ്റി എന്നുള്ളത് നിങ്ങൾ പ്രോമിസ് ചെയ്തു. നിങ്ങൾ നിയമസഭയിൽ പറഞ്ഞു, നിങ്ങളുടെ പ്രകടനപത്രികയിൽ പറഞ്ഞു. ഇപ്പോൾ എന്തായി ? കേന്ദ്ര പാരിറ്റി മാറി പേ ഈകുലൈസേഷനായി. ഇവിടത്തെ ജീവനക്കാർക്ക് അഞ്ചു വർഷത്തിൽ ഒരിക്കൽ ഒരു പേകമ്മിഷൻ ഉണ്ടായിരുന്നു. അത് ഇന്ന് ഇല്ലാതായി. അത് പുനഃസ്ഥാപിക്കണമെന്നല്ല ഞാൻ പറയുന്നത്. കേന്ദ്രപാരിറ്റി അനുസരിച്ച് കാര്യങ്ങൾ നടക്കുമെന്ന് പറഞ്ഞതുകൊണ്ട് ജീവനക്കാർ അത് ആവശ്യപ്പെട്ടിരുന്നില്ല. ഇപ്പോൾ കേന്ദ്രപാരിറ്റിയുമില്ല, ഈ സംസ്ഥാനത്ത് നിലവിരുന്ന ശമ്പള പരിഷ്ക്കരണ സംവിധാനവുമില്ല. എന്നിട്ടിപ്പോൾ കൊടുത്തിരിക്കുന്നത് 100 രൂപയുടെ ഇടക്കാലആശ്വാസമാണ്.

കേന്ദ്രം രണ്ടുപ്രാവശ്യം കൊടുത്തു ഇൻറെറിംറിലീഫ്. അത് 10% വച്ചാണ് കൊടുത്തത്. കേന്ദ്രപാരിറ്റിയെക്കുറിച്ചും ജീവനക്കാരെ
2 p. m.] ക്കുറിച്ചും പറയുമ്പോൾ ഈ രൂപത്തിലുള്ള കാര്യങ്ങൾ നമ്മൾ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ഒരുഭാഗത്ത് കടം കരകയറാനാവാത്ത വിധത്തിലുള്ള കടക്കെണിയിൽ രാജ്യം അമർന്നിരിക്കുകയാണ്. പ്രധാനമായും അങ്ങ് തന്നെ കണക്കനുസരിച്ച് 40% ഡെവലപ്മെൻറൽ ആക്റ്റിവിറ്റീസിന് പലിശ എന്തുമാത്രം കൊടുക്കേണ്ടിവരുമെന്നറിയില്ലേ ? 13% പലിശയ്ക്കാണ് കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ് തരുന്നത്. അത് സമയത്ത് തിരിച്ചടച്ചില്ലെങ്കിൽ അതിൻെറ 2% കൂടുതൽ പലിശയും കൊടുക്കണം. വെസ്റേറൺ എജൻസികളിൽ നിന്നും കിട്ടുന്ന പണത്തിനുപോലും ബ്ലയിഡ് കമ്പനികളെപ്പോലെ പലിശ ഈടാക്കുകയാണ് കേന്ദ്രം ചെയ്യുന്നത്. അവിടെനിന്നും കിട്ടുന്ന പണം അതിവിടെ എന്തിനാണുപയോഗിക്കുന്നത് ? ഡെവലപ്പ്മെൻറൽ ആക്റിവിറ്റീസിനാണ് ഉപയോഗിക്കുന്നതെന്നാണ് വയ്പ്. പക്ഷേ അമിതമായ പലിശയ്ക്കാണ് ഈ തുക കിട്ടുന്നതെന്ന കാര്യം മനസ്സിലാക്കുന്നില്ല. അതിന് ഈ ഗവൺമെൻറ് അവകാശപ്പെടുന്ന രീതിയിൽ ഒന്നും നേടിയിട്ടില്ല. കേന്ദ്രത്തിൻെറ നയം സ്വീകരിച്ചതിൻെറ ഫലമായിട്ട് ഉണ്ടായിട്ടുള്ള നേട്ടങ്ങളെക്കുറിച്ചാണ് ഇവിടെ പറഞ്ഞത്. എന്തായാലും എനിക്ക് സമയം കുറവായതുകൊണ്ട് ഈക്കാര്യങ്ങളിലേക്ക് ഞാൻ കൂടുതലായിട്ട് കടക്കുന്നില്ല. അങ്ങയുടെ സഹപ്രവർത്തകനായ ശ്രീ. കെ. എം. മാണിയോട് ചോദിച്ചാൽമതി, കേന്ദ്ര സാമ്പത്തികനയത്തിൻെറ ഒരുനേട്ടം എന്താണെന്ന് അദ്ദേഹം പറഞ്ഞുതരും. കാരണം അദ്ദേഹം കേന്ദ്രത്തിൻെറ സാമ്പത്തിക നേട്ടങ്ങളെക്കുറിച്ച് ഒരു പുസ്തകം എഴുതിയിരുന്നു. മാത്രമല്ല ഒരു പ്രസംഗവുമുണ്ടായിരുന്നല്ലോ, അതുസംബന്ധിച്ച് ഈ നാട് കടക്കെണിയിലാണ്. എല്ലാ വിഭാഗം ആളുകളെയും കടക്കെണിയിലാക്കിയിരിക്കുകയാണ്. ഞാൻ തങ്കച്ചനോട് ഒരു കാര്യം ചോദിക്കണമെന്ന് ആഗ്രഹിച്ചിരുന്നതാണ്. പക്ഷേ തങ്കച്ചനിപ്പോൾ ഇവിടെയില്ലാത്തതുകൊണ്ട് അത് ചോദിക്കാൻ നിവർത്തിയില്ല. ഇന്നലെ തങ്കച്ചൻെറ ഒരു ചോദ്യമുണ്ടായിരുന്നു, താങ്ങുവില, ആണോ വേണ്ടത് അതോ നാളികേരത്തിന് ന്യായമായ വിലയാണോ വേണ്ടതെന്ന് ? ഇപ്പോൾ എന്തായാലും താങ്ങുവില ഉപേക്ഷിച്ചുവെന്നല്ലേ അതിൻെറ അർത്ഥമെന്ന് ഞാൻ ചോദിക്കുകയാണ്. ഇവിടെ കൃഷിവകുപ്പിൻെറ ചുമതലയുള്ളമന്ത്രിയാണ് പറയുന്നത്. നാളികേരത്തിന് താങ്ങുവിലയാണോ, ന്യായമായ വിലയാണോ വേണ്ടതെന്ന്. കേന്ദ്രഗവൺമെൻറ് താങ്ങുവില ഉയർത്തുകയില്ലെന്നു പറഞ്ഞപ്പോൾ ആ പ്രശ്നം ഇപ്പോൾ വിട്ടിരിക്കുകയാണ്. താങ്ങുവില പോയോയെന്ന് ഞാൻ ചോദിക്കുകയാണ്. നാളികേരവും റബ്ബറും നമ്മുടെ സമ്പദ്ഘടനയുടെ അടിത്തറയല്ല ? റബ്ബറിൻെറ സ്ഥിതിയെക്കുറിച്ച് ഇവിടെ പറഞ്ഞു. കാർഷികമേഖലയുടെ അഭിവൃദ്ധിയെ സംബന്ധിച്ച് ഊറ്റംകൊള്ളുന്നവരല്ലേ നിങ്ങൾ ? ആ കാർഷികമേഖലയുടെ നട്ടെല്ലുതന്നെ നിങ്ങളിവിടെ തകർക്കുകയല്ലേ ചെയ്യുന്നത് ? ഇവിടെ നെല്ലിനു വിലയുണ്ടോ, നാളികേരത്തിനു വിലയുണ്ടോ, റബ്ബറിനു വിലയുണ്ടോ ? നാണ്യവിളകളുടെ കാര്യത്തിമാത്രം പറയാനുമില്ല. നിങ്ങൾക്ക് ഇവിടത്തെ കൃഷിക്കാരൻെറ ഉൽപ്പാദനച്ചെലവിനുള്ള ന്യായമായ വില കിട്ടാനുള്ള ഏർപ്പാടെങ്കിലും ചെയ്തുകൂടേ ? സാധാരണക്കാരൻെറയും കൃഷിക്കാരൻെറയും ക്ലേശങ്ങൾ നിങ്ങൾ കണ്ടില്ലെന്നു നടിക്കുകയല്ലേ ? തൊഴിലാളികളുടെയും സാധാരണക്കാരൻെറയും കൃഷിക്കാരൻെറയും ക്രയശക്തി ഇവിടെ വർദ്ധിക്കണ്ടേ ? ഇവിടെ ഇതൊന്നുമില്ലാതെ ഒരു ചിത്രം ഇങ്ങനെ വരച്ചു കാണിച്ചിട്ട് മുമ്പോട്ടുപോകുന്ന സ്ഥിതി ആർക്കും ഗുണമല്ലായെന്ന കാര്യം നിങ്ങളോർമ്മിക്കണം. വസ്തുനിഷ്ഠമായി സത്യസന്ധമായി പ്രശ്നങ്ങൾ അവതരിപ്പിച്ചുകൊണ്ട് കേന്ദ്രത്തിൽനിന്നും കൂടുതൽ വിഹിതം വാങ്ങിക്കാൻവേണ്ട എഫിഷ്യൻറ് മാനേജ്മെൻറ് ആവശ്യമായിട്ടുണ്ട്. ഒരു ടൈംബൗണ്ട് പ്രോഗ്രാം അതനുസരിച്ച് ചെയ്യാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇതുവരെ അതാണ് പറഞ്ഞത്. ഓരോ കാര്യത്തിലും ഓരോ വർഷവും സത്യവിരുദ്ധമായി കാര്യങ്ങൾ മാറിമാറി പറയുകയാണ് നിങ്ങൾ ചെയ്യുന്നത്. സുന്ദരമായ ഒരു ഭാവിവിഭാവനം ചെയ്തുകൊണ്ട്, ഇനിവരുന്ന ആളുകൾ ഇവിടെ കൈകാര്യം ചെയ്യട്ടെ എന്നുപറഞ്ഞുകൊണ്ടാണ്. ഇത് അവതരിപ്പിച്ചതെങ്കിൽ ഭയങ്കരമായ കടക്കെണിയിലേക്ക് ഈ സംസ്ഥാനത്തെ ഇട്ടുകൊണ്ടാണ് നിങ്ങൾ പോകുന്നതെങ്കിൽ പിന്നെ സുന്ദരമായ ഭാവി നിങ്ങൾ വിഭാവനം ചെയ്തിട്ടു കാര്യമില്ല. ഈ സംസ്ഥാനത്തെ രക്ഷപ്പെടാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കാത്ത നിലയിലുള്ള കടക്കെണിയിലേക്ക് എറിഞ്ഞുകൊണ്ടാണ് നിങ്ങളെ പോകുന്നത്, അതുകൊണ്ടാണ് ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നത്.

മാത്യു സ്റ്റീഫൻ : സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. ഉന്നതമായ ജനാധിപത്യമൂല്യങ്ങളുയർത്തിപ്പിടിച്ചുകൊണ്ട് ബഹുമാനപ്പെട്ട പത്മരാജൻ വക്കീൽ ഇവിടെ അവതരിപ്പിച്ച ഈ ബഡ്ജറ്റ് പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം സ്വീകര്യമല്ലെന്ന് ഞങ്ങൾക്കറിയാം. തെരഞ്ഞെടുപ്പ് ആസന്നമായിരിക്കുന്ന ഈ സമയത്തുപോലും മോഹനസുന്ദര വാഗ്ദാനങ്ങൾ ഒന്നുംതന്നെ കൊടുക്കാതെ നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി വളരെ അധികം ഭംഗിയായി വിശകലനം ചെയ്യാൻ അദ്ദേഹത്തിന് കഴിഞ്ഞിരിക്കുന്നു. ഇവിടെ ഞാൻ ഏറ്റവും കൂടുതൽ ബഹുമാനിക്കുന്ന ഒരു രാഷ്ട്രീയ നേതാവാണ് ശ്രീ. ബേബി ജോൺ. പക്ഷേ അദ്ദേഹം വരച്ചുകാണിച്ച ചിത്രവും യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലായെന്നതാണ് സത്യം. ശ്രീ. ബേബിജോണിനെപ്പോലുള്ള ആളുകൾ ഇവിടെ ഇതുപറയുമ്പോൾ കഴിഞ്ഞ നാലഞ്ചുകൊല്ലമുൾക്കൊള്ളുന്ന ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് ഈ സംസ്ഥാനം ഭരിക്കുന്നതിനുമുൻപ് ഈ രാജ്യത്ത് മന്ത്രിയായിരുന്ന ഭരണം നടത്തിയ ആളാണ് ഇവിടെ ഇതുപറയുന്നതെന്ന കാര്യം ഓർക്കണം. കഴിഞ്ഞ അഞ്ചുവർഷക്കാലംകൊണ്ട് കേരളം വലിയൊരുകടക്കെണിയിൽ ചെന്നെത്തിയിരിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. കേരളത്തിൽ ഉല്പാദന രംഗത്ത് മുഴുവൻ മാന്ദ്യമുണ്ടായിരിക്കുന്നത് ഈ അഞ്ചുവർഷക്കാലത്തെ പ്രവർത്തനംകൊണ്ടാണെന്ന് പറഞ്ഞു. ഈ സംസ്ഥാനത്ത് ഇത്രമാത്രം ഗുരുതരമായ ഒരുസ്ഥിതിവിശേഷമാണുണ്ടായത് ഇക്കഴിഞ്ഞഅഞ്ചുവർഷക്കാലത്തെ ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിന്റെ പ്രവർത്തനംകൊണ്ടാണെന്നുവരെ അദ്ദേഹമിവിടെ പറയുകയുണ്ടായി. എന്നാൽ ഞാൻ അദ്ദേഹത്തോട് ചോദിക്കട്ടെ, അങ്ങ് ആ പറഞ്ഞപരാമർശം ശരിയാണോ ? ഇതിനുമുൻപ് നിങ്ങൾ ഇവിടെ ഭരിച്ചിരുന്ന സമയത്ത് നിങ്ങൾക്കെന്തുചെയ്യാൻ കഴിഞ്ഞിരുന്നുവെന്ന് നിങ്ങളാലോചിച്ചിട്ടുണ്ടോ ? അതിനെക്കുറിച്ച് ആലോചിക്കണ്ടേ ? അതുകൊണ്ടാണ് ബേബിജോൺ ഇവിടെ പറഞ്ഞത് 2714 രൂപ ഇപ്പോൾ ഈ സംസ്ഥാനത്തെ ഓരോ പൗരനും കടമുണ്ടെന്നേ പറഞ്ഞതിനെക്കുറിച്ച് ആലോചിക്കണമെന്നാണ് ഞാൻപറയുന്നത്. ഇപ്പോൾ 2714രൂപഓരോആളിനും കടമായിട്ടുണ്ടെങ്കിൽ 1991-92 വർഷത്തിൽ 1491 രൂപയായിരുന്നു കടമുണ്ടായിരുന്നതെന്ന കാര്യം നിങ്ങളെന്തേ ആലോചിച്ചില്ല?ഇക്കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനുള്ളിൽ വന്നിട്ടുള്ള മാറ്റങ്ങൾ നമുക്ക് ഉൾക്കൊള്ളാതിരിക്കാൻ കഴിയുമോ ? ഈ കാലയളവിനുള്ളിൽ വന്നിരിക്കുന്ന മാറ്റങ്ങളെ നമുക്കുൾകൊണ്ടുകൊണ്ട് മാത്രമേകാര്യങ്ങൾചെയ്യാൻകഴിയൂ. പിന്നെ അദ്ദേഹംപറഞ്ഞമറ്റൊരു വാദഗതി ഇവിടെ നികുതിഭാരം കൂടിയിരിക്കുന്നുവെന്നാണ്. അങ്ങനെ നികുതിഭാരം കൂടിയിരിക്കുന്നുവെങ്കിൽ ആ വർദ്ധിപ്പിച്ച നികുതി കൊടുക്കാനുള്ള കെൽപ്പിലേക്ക് നമ്മുടെ ആളുകൾ എത്തിയിട്ടുമുണ്ട്. എന്നാൽ അമിതമായ നികുതി ഇവിടെ ഒന്നിനും ചുമത്തിയിട്ടില്ല. അമിതമായ നികുതിഭാരം ആരുടെയെങ്കിലും തലയിൽ ചുമത്തിയെന്ന അഭിപ്രായം എനിക്കില്ല. മറിച്ച് നികുതി വർദ്ധിപ്പിച്ചപ്പോൾ ആ നികുതികൊടുക്കാൻ കഴിയുന്നനിലയിലേക്ക് കാര്യങ്ങൾ ചെന്നെത്തിയിരിക്കുന്നുവെന്നകാര്യം ബഹുമാനപ്പെട്ട ബേബിജോൺ തന്നെ സമ്മതിക്കുകയാണ്. ഈ വർദ്ധിപ്പിച്ച നിരക്കിലുള്ള നികുതികൊടുക്കാമെന്ന കപ്പാസിറ്റിയിലേക്ക് നമ്മുടെ സാമ്പത്തികമായ ശേഷി ഉയർത്തപ്പെട്ടിരിക്കുകയാണ്. അതിനുള്ള ശേഷി വർദ്ധിപ്പിച്ചിരിക്കുകയാണ്. നമ്മുടെ ആളുകൾക്ക് കുറെക്കൂടി സാമ്പത്തികമായ ഉന്നതി ഉണ്ടായിരിക്കുകയാണ്. ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിന്റെ കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ പ്രവർത്തനത്തിനിടയിൽ നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് വർദ്ധിപ്പിച്ച നിരക്കിൽ നികുതി നൽകുന്നതിനുള്ള കപ്പാസിറ്റി കൈവരിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അപ്പോഴപ്പിന്നെ വെറും വാദഗതിക്കുവേണ്ടി നമുക്ക് ഇക്കാര്യങ്ങളൊക്കെ പറയാമെന്നേയുള്ളൂ. നമ്മുടെ സംസ്ഥാനത്തെ കടക്കെണിയിലേക്ക് കൊണ്ടു പോയതിന്റെ ഉത്തരവാദിത്വം ഈ ഗവൺമെന്റിന്റെ മാത്രം തലയിൽ കെട്ടിവെച്ചാൽപോര. 1991-ൽ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് ഇവിടെ അധികാരത്തിൽ വരുമ്പോഴും അന്ന് ഇടതുപക്ഷജനാധിപത്യ മുന്നണി ഭരിച്ചിരുന്ന നായനാരുടെ ഗവൺമെന്റ് ഞങ്ങളെ അന്ന് ഏൽപ്പിച്ചത് വെറും കാലിഖജനാവായിരുന്നു. അന്ന് ഖജനാവിൽ പണമില്ലായിരുന്നു. ശ്രീ. ഉമ്മൻചാണ്ടി ധനകാര്യ മന്ത്രിയായി ഖജനാവ് ഏറ്റെടുക്കുമ്പോഴും അന്ന് പണം കൊടുക്കാൻ കഴിഞ്ഞിരുന്നില്ല. അത്തരത്തിലുള്ള ഒരു സ്ഥിതി വിശേഷമായിരുന്നു അന്നുണ്ടായിരുന്നത്. ശ്രീ. പത്മരാജൻ വക്കീലിന്റെ ശക്തമായ ധനകാര്യമാനേജ്മെന്റിന്റെ ഫലമായി ഇന്ന് ആ വകുപ്പിന്റെ സ്ഥിതി എവിടെ എത്തിയിരിക്കുന്നുവെന്ന് നോക്കണം. ഏതാണ്ട് 400 കോടിയോളം രൂപ മിച്ചം വരുത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. പിന്നെ ഇവിടെ പറഞ്ഞ മറ്റൊരു പരാതി ഇവിടത്തെ കരാറുകാർക്ക് 400 കോടി ഉറുപ്പിക കൊടുക്കാനുണ്ടെന്നാണ്. ഇവിടെ ബഹുമാനപ്പെട്ട നായനാർ പറഞ്ഞ ഒരു കണക്കുണ്ട്. അദ്ദേഹം പറയുന്നത് 792 കോടി ഉറുപ്പികയാണ് ഇപ്പോഴും എല്ലാഇനത്തിലുംകൂടി കടബാധ്യത വന്നിരിക്കുന്നതെന്ന്. ഈ 792 കോടി രൂപയിൽ 400 കോടി ഉറുപ്പിക ഇവിടത്തെ വിവിധ കരാറുകാർക്ക് കൊടുക്കാനുള്ളതാണെന്ന്. എന്നാൽ ഇവിടെ ഏതെങ്കിലുമൊരു ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കരാറുകാർക്ക് മുഴുവൻ പണവും കൊടുത്തു തീർത്ത ചരിത്രമുണ്ടോ ? അതിന് കഴിഞ്ഞിട്ടുണ്ടോ ? നിങ്ങളിവിടെ അധികാരത്തിൽനിന്നും വിട്ടുപോയ 1991-92 കാലഘട്ടത്തിൽ കരാറുകാർക്ക് എത്രകോടി ഉറുപ്പിക കൊടുക്കാനുണ്ടായിരുന്നു ? ഏതാണ്ട് ഇരുനൂറ് ഇരുനൂററിയൻപതുകോടി രൂപ അന്ന് കരാറുകാർക്ക് കൊടുക്കാനുണ്ടായിരുന്നു. എന്നാൽ ആ തുക മുഴുവൻ ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്തല്ലേ കൊടുത്തത് ? ഇവിടെ ശ്രീ. ഉമ്മൻചാണ്ടിയും ശ്രീ. പത്മരാജനും ധനകാര്യമന്ത്രിമാരായിരുന്ന കാലഘട്ടത്തിലാണ് കരാറുകാരുടെ പണം കുറെയെങ്കിലും കൊടുക്കാൻ കഴിഞ്ഞതെന്ന വസ്തുതനിങ്ങൾ മറന്നുപോകരുത്. തുടർന്ന് വരുന്ന ഗവൺമെന്റാണ് മുൻഗവൺമെന്റിന്റെ കാലത്തുണ്ടാകുന്ന കടബാദ്ധ്യതയായാലും അതുപോലെ കരാറുകാർക്ക് കൊടുക്കേണ്ട പണത്തിന്റെ കാര്യത്തിലായാലും അതൊക്കെ കൊടുത്തുതീർക്കേണ്ടതെന്ന വസ്തുത നമ്മുടെ നാട്ടിലെ എല്ലാവർക്കുമറിയാവുന്ന കാര്യങ്ങളല്ലേ? അതുകൊണ്ട് ഒരുകാലത്തും ഒരു ഗവൺമെന്റിനും അധികാരത്തിൽനിന്നും വിട്ടുപോവുമ്പോഴും കരാറുകാർക്ക് കൊടുത്തുതീർക്കേണ്ട പണം മുഴുവൻ കൊടുത്ത് തീർത്തുകൊണ്ട് പോകാൻ കഴിയില്ല. ഗവൺമെന്റ് എന്നു പറയുന്നത് ഒരു കണ്ടിന്യൂവസ് ആയിട്ടുള്ള അത്തരത്തിൽ പോകുന്ന ഒരു പ്രോസസ് ആണ്. ആ ഒരു യാഥാർത്ഥ്യം പോലും മനസ്സിലാക്കാൻ ഇവിടത്തെ പ്രതിപക്ഷങ്ങൾക്ക് സൻമനസില്ലായെന്നതാണ് വസ്തുത. അതിനുപോലും അവർ തയ്യാറല്ല. അവരെ സംബന്ധിച്ചിടത്തോളം ഒരൊറ്റക്കാര്യമേയുള്ളൂ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ ശരിയല്ലെന്ന് സ്ഥാപിക്കുവാനായിട്ട് യാഥാർത്ഥ്യങ്ങൾ മറച്ചുവെച്ചുകൊണ്ട് ഇവിടെ ഒരു പുകമറ സൃഷ്ടിച്ചുകൊണ്ട് ഇന്നാട്ടിലെ ജനങ്ങളുടെ കണ്ണിൽ പൊടിയിടാനുള്ള ശ്രമമാണ് ഇവർ നടത്തിക്കൊണ്ടിരിക്കുന്നത്. പക്ഷേ ഒരുകാര്യം ഈ രാജ്യത്തെ മുഴുവൻ ധനകാര്യ സ്ഥാപനങ്ങളും, ധനകാര്യ വിദഗ്ധൻമാരും, കേരളത്തിലെ പ്രമുഖമായ മുഴുവൻ പത്രങ്ങളും പറയുന്നു, ഇത്രമാത്രം കർക്കശമായ ധനകാര്യമാനേജ്മെന്റ് കേരള സംസ്ഥാനത്ത് സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഉണ്ടായിട്ടില്ലെന്ന്.

LIBRARY ARCHIVES Kerala Legislative Assembly

ഓരോ കാര്യത്തിലും നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് കർക്കശമായ ധനകാര്യ മാനേജുമെൻറിലൂടെയാണ് നമ്മുടെ ധനകാര്യമന്ത്രി ഇവിടെ മിച്ചം പണം കണ്ടെത്തിയിട്ടുള്ളത്. ആ നല്ല പ്രവർത്തനത്തെ ഒന്നംഗീകരിക്കുവാൻ ബഹുമാന്യനായ കൃഷ്ണൻകുട്ടി, ഒന്ന് തയ്യാറാവുമോ ? അങ്ങ് രാഷ്ട്രീയത്തിൻെറ പേരിൽ അതിന് തയ്യാറാവുകയില്ലെന്ന് എനിക്കറിയാം. നിങ്ങൾ എല്ലാം രാഷ്ട്രീയ കണക്കുകൊണ്ടല്ലേ വീക്ഷിക്കുന്നത് ?

ശ്രീ. കെ. കൃഷ്ണൻകുട്ടി : അല്ല, ഞാനൊന്നു ചോദിച്ചോട്ടെ നിങ്ങളുടെ പഴയ ധനകാര്യമന്ത്രി ശ്രീ. കെ. എം. മാണിയേക്കാൾ നല്ല ധനകാര്യമന്ത്രിയാണ് ശ്രീ. പത്മരാജനെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ ?

ശ്രീ. മാത്യൂസ് റ്റീഫൻ : നമ്മൾ ഈ ധനകാര്യമാനേജുമെൻറിനെക്കുറിച്ച് പറയുമ്പോൾ എന്തിനാണ് അതിനിടയിൽ ശ്രീ. മാണിയെ കൊണ്ടുവരുന്നത് ? മാണിയും ഇതുമായിട്ട് വല്ല ബന്ധവുമുണ്ടോ ?

ശ്രീ. പി. എം. മാത്യു : ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിന് നല്ല ധനകാര്യമന്ത്രിമാർ മാത്രമേ ഉണ്ടായിരുന്നിട്ടുള്ളൂ എന്നവിവരം അങ്ങേയ്ക്കറിയാമോ ?

ശ്രീ. മാത്യൂസ് റ്റീഫൻ : ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിന് മാത്രമേ ഇക്കാര്യങ്ങൾ ഭംഗിയായി ചെയ്യാൻ കഴിയൂ എന്നകാര്യം ശ്രീ. കൃഷ്ണൻ കുട്ടിക്ക് അറിയാം. കൃഷ്ണൻകുട്ടിയുടെ മനസ്സിൽ അതുണ്ട്. നല്ല ധനകാര്യമന്ത്രിമാർ കേരള സംസ്ഥാനത്തിലുണ്ടായിട്ടുള്ളത് ഐക്യജനാധിപത്യമുന്നണി ഗവൺമെൻറുകളുടെ കാലഘട്ടത്താണെന്ന വിവരം അദ്ദേഹത്തിന് അറിയാം. പക്ഷേ അത് അദ്ദേഹത്തിന് സമ്മതിക്കാൻ പറ്റില്ല. കാരണം ഇടതുപക്ഷമുന്നണിയിലല്ലേ അദ്ദേഹം നിൽക്കുന്നത്. എന്തായാലും ഇടതുപക്ഷമുന്നണിയിൽ നിൽക്കുന്നതുകൊണ്ട് അത് സമ്മതിക്കാൻ അദ്ദേഹത്തിന് പറ്റില്ല. അപ്പോൾ ഞാൻ പറഞ്ഞുവരുന്നത് ഈ ധനകാര്യ മാനേജ്മെൻറിൻെറ നല്ല പ്രവർത്തനത്തെ നിങ്ങൾക്ക് അംഗീകരിക്കാൻ നിവൃത്തിയില്ലായെന്നാണ്. പിന്നെ എന്തുവാദഗതിയാണിവിടെ നടത്തുന്നത് ? കഴിഞ്ഞ അഞ്ചുവർഷക്കാലമായിട്ട് ഒന്നും ചെയ്തില്ലായെന്ന് പറഞ്ഞു. ഒരു ഇലക്ഷൻ വരുന്നുവെന്ന് വിചാരിച്ച് ഇത്രയും ബാലിശമായി സംസാരിക്കാമോ സർ ? ഇവിടെ വിദ്യുച്ഛക്തിയെക്കുറിച്ച് പറഞ്ഞു. എന്തൊരു ആക്ഷേപമാണ് അതിനെക്കുറിച്ച് പറഞ്ഞത് ? ശ്രീ. പത്മകുമാർ ഉൾപ്പെടെയുള്ള മിടുക്കൻമാർ ഇന്നലെ ഇവിടെ ചോദിച്ചല്ലോ, നിങ്ങൾ ഇത്രയും കാലം ഇവിടെ ഭരിച്ചിട്ട് ഒരു യൂണിറ്റ് വിദ്യുച്ഛക്തിയെങ്കിലും ഉല്പാദിപ്പിക്കാൻ കഴിഞ്ഞോയെന്ന് ഇവിടെ നാലരവർഷക്കാലം ഇടതുപക്ഷജനാധിപത്യമുന്നണി ഭരിച്ചപ്പോൾ ലോവർപെരിയാറിൻെറ പണിപൂർത്തിയാക്കാത്തത് എന്താണ് ? എനിക്ക് അറിയാവുന്ന സ്ഥലമാണ് ലോവർ പെരിയാർ പദ്ധതി പ്രദേശം. ലോവർ പെരിയാർ പദ്ധതിയുടെ പണി തീർക്കാത്തതിൻെറ കാര്യം അങ്ങേയ്ക്കുമറിയാമല്ലോ ? എന്തേ അത് തീർക്കാത്തത് ? ഞങ്ങളാരെങ്കിലും അവിടെ അന്ന് സമരം ചെയ്യാൻ പോയോ ? അവിടെ സി.ഐ.ടി.യു.ക്കാരെകൊണ്ട് സമരം ചെയ്യിച്ച് ഒരു യൂണിറ്റ് വിദ്യുച്ഛക്തിപോലും ഉദ്പ്പാദിപ്പിക്കാതിരുന്നതിനുശേഷം ബഹുമാന്യനായ പത്മരാജൻ ആ വകുപ്പ് ഏറ്റെടുത്തതിനുശേഷമാണ് ആ പദ്ധതിയുടെ പണി വീണ്ടും പ്രവർത്തനം ആരംഭിച്ചത് എന്നകാര്യം നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ ? എന്നിട്ടിവിടെ വന്ന് അവർ ചോദിക്കുകയാണ് ഇവിടെ ഒരു യൂണിറ്റ് വിദ്യുച്ഛക്തിയെങ്കിലും ഉല്പാദിപ്പിക്കുവാൻ ഞങ്ങൾക്ക് കഴിഞ്ഞോയെന്ന് ? ഇവിടെ ബ്രഹ്മപുരം, മറ്റു പദ്ധതികൾ ഇതൊക്കെ ചെയ്യുന്ന കാര്യം നിങ്ങൾ അംഗീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പത്മകുമാർ : ഇക്കഴിഞ്ഞദിവസം അങ്ങ് സംസാരിച്ചപ്പോഴും ഇന്ന് ഇത്രയും നേരം സംസാരിച്ചപ്പോഴും ഞാൻ ശ്രദ്ധിച്ച ഒരു കാര്യമുണ്ട്. കഴിഞ്ഞകാലങ്ങളിൽ അങ്ങ് സംസാരിക്കുമ്പോൾ മിനിറ്റിൽ പത്തു പ്രാവശ്യമെങ്കിലും പറഞ്ഞുകൊണ്ടിരുന്ന ഒരുപേര് ശ്രീ. ടി. എം. ജേക്കബിന്റെതാണ്. എന്നാൽ ഇക്കഴിഞ്ഞദിവസം സംസാരിച്ചപ്പോളും ഇന്ന് ഇതുവരേയും ആ പേര് ഉപയോഗിച്ചിട്ടില്ല. അങ്ങ് കോൺഗ്രസിന്റെ അടുക്കലേക്കുള്ള യാത്രക്കിടയിലാണോ നിൽക്കുന്നതെന്ന് എനിക്ക് സംശയമുണ്ട്. ഇതിനൊരുത്തരം പറഞ്ഞാൽ ഉപകാരമായിരിക്കും.

ശ്രീ. മാത്യൂസ് റീഫൻ : അല്ല, പത്മകുമാർ എനിക്കിപ്പോളൊരു സംശയം, നിങ്ങടെ ഇപ്പോഴത്തെ നയനാരുടെ ആളാണോ അതോ അച്ചുതാനന്ദന്റെ ആളാണോയെന്ന് ? അക്കാര്യത്തിൽ എനിക്ക് സംശയമുണ്ട്. ശ്രീമാൻ ജേക്കബ് എന്റെ നേതാവാണ് അന്നും ഇന്നും. എന്തെ അക്കാര്യത്തിൽ സംശയം? മാത്രമല്ല ഞാൻ അദ്ദേഹത്തെ ബഹുമാനിക്കുകയും ചെയ്യുന്നു.

ശ്രീ. പി. എം. മാത്യു : ഇപ്പോഴത്തെ പത്മകുമാറൊക്കെ വിഷയദാരിദ്ര്യത്തിലാണ്. അതുകൊണ്ടാണ് ഇത്രവിവരമില്ലാത്ത ചോദ്യങ്ങളും ചോദിക്കുന്നതെന്നുള്ള കാര്യം അങ്ങേക്കറിയാമോ ?

ശ്രീ. എ. പത്മകുമാർ : മാത്യു, മുഴുനായർ ഇവിടെ നിൽക്കുമ്പോൾ അരനായർ വർത്തമാനം പറയണമോ ? ഞാൻ ശ്രീ. വി. എസ്. അച്ചുതാനന്ദനും ശ്രീ. ഇ. കെ. നയനാരും പോളിറ്റ് ബ്യൂറോ മെമ്പർമാരായിട്ടുള്ള സി.പി. ഐ. (എം) ന്റെ ഉത്തരവാദപ്പെട്ട പ്രവർത്തകനാണ്.

ശ്രീ. മാത്യു സ് റീഫൻ : അതുപോലെതന്നെ ഞാനും ഇപ്പോഴും ശ്രീ. ടി. എം. ജേക്കബിനെ നേതാവായി കണ്ടുകൊണ്ട് മുന്നോട്ടുപോവുകയാണ്. ധനകാര്യമന്ത്രി നല്ലതാണ് ചെയ്യുന്നതെങ്കിൽ നല്ലതാണെന്ന് പറയും. ശ്രീ. ടി. എം. ജേക്കബിന്റെ കാര്യവും പറയും. സംശയമൊന്നും വേണ്ട, നല്ല കാര്യങ്ങളും ചെയ്താൽ നല്ലതാണെന്ന് പറയണം. നൻമ ചെയ്താൽ നൻമ കണ്ടെത്തണ്ടേ ?

സർ, വിദ്യുച്ഛക്തിയെ സംബന്ധിച്ചിടത്തോളം ഇവർ എന്താണ് പറയുന്നത് ? കേരളം ഇരുട്ടിലേക്ക് പോവുകയാണെന്നാണ് പറയുന്നത്. ഇരുട്ടിലേക്ക് ആര് കൊണ്ടുപോയി ? ശ്രീ. പത്മരാജനാണോ? ശ്രീ. കാർത്തികേയനാണോ ? ഈ ഗവൺമെൻറാണോ? അല്ല. കേരളത്തെഇരുട്ടിലേക്ക് കൊണ്ടുപോയതിൽ നിങ്ങൾക്കുമുണ്ട് ഉത്തരവാദിത്വം. ആ ഉത്തരവാദിത്വത്തിൽനിന്ന് നിങ്ങൾക്ക് ഇപ്പോൾ ഒഴിഞ്ഞ് മാറാൻ പറ്റുമോ ? പറ്റുകയില്ല കാലാകാലങ്ങളിൽ ഭരണത്തിൽ വന്നപ്പോൾ ചെയ്യേണ്ട ജോലികൾ ചെയ്യാതിരുന്നതിനുശേഷം ഇന്ന് തെരഞ്ഞെടുപ്പിന്റെ പ്രചരണരംഗത്തേക്ക് മാത്രം എത്തുന്നതിനുവേണ്ടി ഇത്രയും ബാലിശമായ ആക്ഷേപങ്ങൾ നിരത്തിവയ്ക്കണമോ ? ഞങ്ങൾ എത്രയോ ബൃഹത്തായ പദ്ധതികൾക്ക് തുടക്കം കുറിച്ചിരിക്കുന്നു. ഈ വരുന്ന ഒരു വർഷക്കാലത്തിനുള്ളിൽ കേരളത്തിന്റെ വിദ്യുച്ഛക്തി ക്ഷാമം പൂർണ്ണമായി പരിഹരിക്കുമെന്ന് പറയുന്നില്ലെങ്കിൽപ്പോലും വളരെ കർക്കശമായി കുറെ പദ്ധതികൾ ആരംഭിക്കാൻ കഴിയും. ആ നിലയിൽ തൊഴിലവസരങ്ങളിലേക്ക് പോകാൻ കഴിയുമെന്ന വിശ്വാസമാണ് ഈ ഗവൺമെൻറിനുള്ളത്. അതുകൊണ്ട് ബാലിശമായ അടിസ്ഥാനരഹിതമായ ആക്ഷേപങ്ങൾ ഉന്നയിക്കുന്നത് ശരിയല്ല.

ശ്രീ. പത്മകുമാർ : ശ്രീ. ടി. എം. ജേക്കബിനെക്കുറിച്ച് ചോദിച്ചു. ഈ മന്ത്രിസഭയിലെ ഏറ്റവും മിടുക്കനായ കാര്യങ്ങൾ ചെയ്യാൻ കഴിവുള്ള ഒരു മന്ത്രിയാണ് ശ്രീ. ടി. എം. ജേക്കബ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എം. മാത്യു : ശ്രീ പത്മകുമാറിന്റെ നിയോജകമണ്ഡലത്തിൽ അതിന്റെ പ്രയോജനം പരമാവധി എടുത്തിട്ടാണ് ഇപ്പോൾ ഇവിടെ വന്ന് ഈ വർത്തമാനം പറയുന്നതെന്ന് അറിയാമോ ?

ശ്രീ. മാത്യു സ്റ്റീഫൻ : ശ്രീ. പത്മകുമാർ മാത്രമല്ല, അവിടെ ഇരിക്കുന്ന പല ബഹുമാനപ്പെട്ട മെമ്പർമാരും നമ്മുടെ നിയോജകമണ്ഡലങ്ങളിൽ ശ്രീ. ജേക്കബ് ചെയ്തതിനേക്കാൾ കൂടുതൽ കാര്യങ്ങൾ വാങ്ങിയെടുത്ത് ഭംഗിയാക്കിയതിനുശേഷമാണ് ഇന്ന് ഈ ആരോപണവുമായിട്ട് ഇറങ്ങിയിരിക്കുന്നത്.

ശ്രീ. എ. പത്മകുമാർ : എനിക്കോ പ്രതിപക്ഷ മെമ്പർമാർക്കോ ഏത് മന്ത്രിമാരെക്കാണാനും അവരുടെ വകുപ്പുകളിൽ നിന്ന് സഹായം വാങ്ങാനും കഴിയും. പക്ഷെ, ബഹുമാനപ്പെട്ട മാത്യു സ്റ്റീഫൻ ശ്രീ. കെ. എം. മാണിയുടെ അടുക്കൽ പോയി ഒരു പേപ്പർ കൊടുക്കാൻ പറയുമോ ?

ശ്രീ. മാത്യു സ്റ്റീഫൻ : ഒരു കുഴപ്പവുമില്ല, ശ്രീ. കെ. എം. മണിയുടെ അടുക്കൽ ചെല്ലുന്ന എല്ലാ മെമ്പർമാർക്കും കൊടുക്കുന്നതുപോലെ എനിക്കും ഞാൻ കൊടുക്കുന്നസംഗതികൾക്ക് ഉത്തരംനൽകാറുണ്ട്. ശ്രീ. കെ. എം. മാണിയും ഞാനും നല്ല ബന്ധത്തിലാണ്. കേരളം ഭരിക്കുന്ന ഒരു മന്ത്രി എന്നനിലയിൽ എന്റെ മണ്ഡലത്തിലെ കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി മന്ത്രിയുടെ അടുക്കൽ പോകണ്ടേ ? ഞാൻ പോകാറുമുണ്ട്. അദ്ദേഹം കാര്യങ്ങൾ ചെയ്തു തരാറുമുണ്ട്. ഓരോ വർഷവും നടത്തിക്കൊണ്ടിരിക്കുന്ന അവലോകനപ്രകാരം ഓരോ വർഷവും വളരെയേറെകാര്യങ്ങൾ ജലസേചന വകുപ്പിൽ ചെയ്യാൻ കഴിഞ്ഞിരിക്കുന്നു. മുടങ്ങിക്കിടന്നിരുന്ന ചിറ്റാർപ്പുഴ, പെരിയാർവാലി, കുറ്റ്യാടി തുടങ്ങിയ പദ്ധതികൾ പൂർത്തിയാക്കി. എൻ. ഡി. ഐ. പി. പദ്ധതിയുടെ നടപടികൾ പൂർത്തീകരിച്ചിരിക്കുന്നു. കാർഷികരംഗത്ത് നവോത്ഥാനമുണ്ടാക്കി. ഒന്നരവർഷക്കാലം കഴിഞ്ഞാൽ നമ്മുടെ കർഷിക മേഖലയിലെ ജലസേചന സൗകര്യം അഞ്ചിരട്ടിയോളം വർദ്ധിക്കും. പച്ചക്കറിക്കുവേണ്ടി കേരളം മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കുന്നു. അതിന് മാറ്റം വരുത്താനുള്ള തുടക്കം കുറിക്കുകയാണ്. ആ നിലയിൽ പച്ചക്കറിക്കുവേണ്ടി, കേരളത്തിലെ കാർഷികമേഖലയ്ക്കുവേണ്ടി മാറ്റമുണ്ടാക്കാൻ കഴിയുന്ന പദ്ധതികൾ നടപ്പാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിരിക്കുന്നു. ഇതിന്റെ ഫലം വരാൻ ചിലപ്പോൾ ഒരു വർഷം അല്ലെങ്കിൽ ഒന്നരവർഷം കഴിയും. ആ നിലയിലാണ് ഈ ഗവൺമെന്റ് കാര്യങ്ങളെ കാണുകയും ചെയ്യുകയും ചെയ്യുന്നത്.

സർ, ഇടുക്കി ജില്ല രൂപീകരിച്ചിട്ട് 25 വർഷമായി, ആ ജില്ലാ ആസ്ഥാനത്തിന്റെ സ്ഥിതി ഇന്നും വളരെയേറെ കഷ്ടമാണ്. അവിടെ വരുന്ന ജനങ്ങൾക്ക് പ്രാഥമികമായ സൗകര്യങ്ങൾ പോലും ചെയ്തുകൊടുക്കാൻ കഴിയുന്നില്ല. അവിടെ ഉദ്യോഗസ്ഥൻമാർക്ക് താമസിക്കാൻ കഴിയുന്നില്ല. ഒരു താലൂക്കാഫീസിന്റെ പോലും സൗകര്യമില്ലാത്ത നിലയിൽ ആ ജില്ലാ ആസ്ഥാനം മാറിയിരിക്കുകയാണ്. പ്രഖ്യാപനങ്ങളൊന്നുമില്ലെങ്കിൽപോലും ഈ കാര്യത്തിൽ പ്രത്യേകമായ പരിഗണന ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് നൽകണം. ആ തരത്തിൽ ഇടുക്കിക്ക് കിട്ടേണ്ട പ്രാമുഖ്യം കൊടുക്കാൻ തയ്യാറാകണമെന്നുമാത്രം സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

സർ, ബഹുമാനപ്പെട്ട ടി. കെ. രാമകൃഷ്ണൻ ഇന്നലെ പട്ടയത്തിന്റെ കാര്യം ഈ നിയമസഭയിൽകൊണ്ടുവന്നു. കോടതിയിൽ നിൽക്കുന്ന ഒരു കേസിന്റെ അടിസ്ഥാനത്തിൽ പട്ടയ നടപടികൾ നിർത്തിവെച്ചിരിക്കുകയാണ്. കാരണം എന്തെങ്കിലും ആകട്ടെ, ആ പട്ടയ നടപടി പുനരാരംഭിക്കുന്നതിനുവേണ്ടി എന്തെല്ലാം കാര്യങ്ങൾ ചെയ്യണമോ അതെല്ലാം ചെയ്യാൻ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ് തയ്യാറാകണം. മലയോര കർഷകർ വർഷങ്ങളായി ആവശ്യപ്പെടുന്നതാണ് പട്ടയം. ആ ന്യായമായ അവകാശം ഭൂമിയിൽ അവർക്കുള്ള അവകാശം കൊടുക്കാനുള്ള മര്യാദ ഈ ഗവൺമെൻറ് കാണിക്കണം. ഈ ഗവൺമെൻറ് വളരെയേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. റവന്യൂ വകുപ്പുമന്ത്രി എന്ന നിലയിൽ ശ്രീ. കെ. എം. മാണി ആ കാര്യത്തിൽ കാണിച്ച താൽപ്പര്യം പൂർണ്ണമായും വലിയ മനസ്സോടുകൂടി കാണുന്നു. പക്ഷെ, പട്ടയം ഇതുവരെ കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അടിയന്തിരമായി പട്ടയ നടപടികൾ പൂർത്തീകരിക്കണം. ഈ ഗവൺമെൻറ് അധികാരത്തിൽവന്ന് അഞ്ചുവർഷക്കാലം പൂർത്തിയാക്കുകയാണ്. ഇവിടെ വളരെ വ്യാപകമായി അഴിമതിയുടെ പുകമറ സൃഷ്ടിച്ചുകൊണ്ട് ഈ ഗവൺമെൻറ് ഒന്നും ചെയ്തില്ലെന്ന് വരുത്താനുള്ള ശ്രമം നടത്തി. ഈ സംസ്ഥാനത്ത് ചരായ നിരോധനം വന്നപ്പോൾ എത്രയോ വലിയ ആക്ഷേപങ്ങൾ ഉന്നയിച്ചു. ദീർഘവീക്ഷണത്തോടുകൂടി പരമാവധി കാര്യങ്ങൾ ചെയ്തുകൊണ്ട്, ജനങ്ങളുടെ ആവശ്യങ്ങൾ മുന്നിൽകണ്ടുകൊണ്ട് ഈ സംസ്ഥാനത്തെ വരും തലമുറയുടെ ആവശ്യങ്ങൾക്കുവേണ്ടി നിൽക്കുന്ന, വികസനത്തിനുവേണ്ടി വളരെയേറെ കാര്യങ്ങൾ ചെയ്യുന്ന ഈ ഗവൺമെൻറിൻെറ പ്രതിനിധി എന്നനിലയിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. ഒരു ഇലക്ഷൻ പ്രചരണമെന്നുള്ളതിൽ കവിഞ്ഞ് വേറെയൊന്നും ഇതിലില്ല. കഴിഞ്ഞ കാലത്തെ പ്രവൃത്തിയാണെങ്കിൽ പബ്ലിക് റിലേഷൻസിനെക്കൊണ്ട് അച്ചടിച്ചിറക്കിയാൽ മതിയായിരുന്നു. അതിൽക്കവിഞ്ഞ് ഒന്നുമില്ല. ഇവിടെ അവതരിപ്പിച്ച അവകാശവാദങ്ങൾ മുഴുവൻ പൊള്ളയാണ്. കാർഷികോൽപ്പാദനം വർദ്ധിച്ചുവെന്നാണ് പറയുന്നത്. കൃഷിയെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ നമ്മുടെ പി.പി. തങ്കച്ചന് ഒരു നോബൽ സമ്മാനം കൊടുക്കണം. കാരണം, ഇങ്ങനെയാണെങ്കിൽ ഇനി അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ ആവശ്യമില്ല. സയൻസും ശാസ്ത്രജ്ഞൻമാരും പറയുന്നതൊക്കെ നുണയാണെന്നാണ് ഇപ്പോൾ കൃഷിവകുപ്പുമന്ത്രി ഇവിടെ പറയുന്നത്. രാസവളത്തിൻെറ ഉപയോഗം കുറയുകയാൽ എങ്ങനെയാണ് ഉൽപ്പാദനം കൂടുകയെന്ന് എനിക്കറിയില്ല. 1991-ൽ 93,805 ടണ്ണാണ് നൈട്രജൻെറ ഉപയോഗം, ഇപ്പോൾ 81,182 ടണ്ണായി കുറഞ്ഞു. നൈട്രജൻെറ ഉപയോഗം കുറയുകയാൽ ഉൽപ്പാദനം കൂടുമെന്ന് ഞങ്ങളാരും പഠിച്ചിട്ടില്ല. അതുപോലെതന്നെ സൂപ്പർഫോസ്ഫേറ് വളങ്ങൾ, 1991-ൽ 55,420 ടണ്ണാണ് ചെലവായത്. ഇപ്പോൾ 39,939 ആയി കുറഞ്ഞു. ഏകദേശം 20,000 ടണ്ണിൽ കൂടുതൽ ഉപയോഗം കുറഞ്ഞു. അതുപോലെതന്നെ പൊട്ടാഷ്. ഈ പ്രാവശ്യം പൊട്ടാഷിൻെറ ഉപയോഗം 23,000 ടൺ കുറഞ്ഞിയാണ്. പൊട്ടാഷിൻെറയും സൂപ്പർ ഫോസ്ഫേറിൻെറയും ഉപയോഗം കുറഞ്ഞിയായാൽ വിളവ് വർദ്ധിക്കുമെന്ന് പറഞ്ഞാൽ അതൊരു അൽഭുതമല്ലേ? ഇതൊരു പുതിയ കണ്ടുപിടിത്തമാണ്. ശ്രീ. പി. പി. തങ്കച്ചന് ഒരു നോബൽ സമ്മാനം കൊടുക്കണം. ഇങ്ങനെ ഒരു കൃഷിശാസ്ത്രജ്ഞൻമാരും ഒരു യൂണിവേഴ്സിറ്റിയും പറഞ്ഞിട്ടില്ല. ഇങ്ങനെ പൊള്ളയായ കാര്യങ്ങളാണ് ഇതിൽ എഴുതിയിരിക്കുന്നത്.

സർ, ഈ മന്ത്രിസഭയുടെ കാലാവധി അവസാനിക്കുകയാണ്. കിട്ടുന്നത് വാരിക്കൂട്ടുക എന്നുള്ളതിൽക്കവിഞ്ഞ് വല്ലതുമുണ്ടോ ? ഇപ്പോൾ കള്ളുഷാപ്പ് ലേലം നടന്നു. മൂന്ന് ലക്ഷം രൂപയുടെ കള്ളുഷാപ്പ് 50, 60 ലക്ഷം രൂപയ്ക്കാണ് പോയത്. ചിറ്റൂർ റേഞ്ചിൽ 50 ലക്ഷം രൂപയ്ക്കാണ് കഴിഞ്ഞ വർഷം ലേലം പോയത്. ഇപ്പോൾ മൂന്നുകോടി രൂപയ്ക്കാണ് പോയത്.

LIBRARY ARCHIVES Kerala Legislative Assembly

രണ്ട് ജില്ലയിൽ മാത്രം ലേലം നടന്നില്ല. തൃശ്ശൂരും എറണാകുളത്തും ലേലം നടന്നില്ല. കോട്ടയത്തെ ചില റേഞ്ചുകളിലുമില്ല. ബാക്കി എല്ലായിടത്തും ലേലം നടന്നു. അവിടെ എന്താണ്; ലേലം നടക്കാതിരുന്നത് എന്നുവച്ചാൽ കഴിഞ്ഞ കൊല്ലവും അതിനു മുൻപിലത്തെ കൊല്ലവും കള്ളുഷാപ്പ് ലേലത്തിൽ പോകാതിരുന്നു. അപ്പോഴും അവിടത്തെ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുമെന്ന് തോന്നിയപ്പോഴും മൂന്നു കൊല്ലത്തേക്ക് ഒന്നിച്ച് ലേലം വിളിച്ചു. ആ ലേലം വിളിയുടെ പുറകിലാണ് ഇപ്പോഴും നിൽക്കുന്നത്. ഇപ്രാവശ്യം ഗവണ്മെന്റിനറിയാം, ആ ഷാപ്പ് ലേലം വിളിച്ചാൽ 50 കോടി രൂപയെങ്കിലും വരുമാനം കിട്ടുന്നതാണെന്ന്. അബ്കാരി ആക്ടുണ്ട്. അതിൽ ലൈസൻസ് കൊടുക്കുന്നതിൽ ഏതാണ്ട് 34, 37 വകുപ്പുകൾ പ്രകാരം ഗവൺമെന്റിന് റവന്യൂ ബോർഡിന്റെ അനുമതിയോടുകൂടി നോട്ടീസ് കൊടുത്ത് അവരെ ഒഴിവാക്കാൻ സാധിക്കും. ഇത്രയും വരുമാനം കിട്ടുമെന്ന് ഗവൺമെന്റിനറിയാം. ഇപ്പോൾ ലേലം കഴിഞ്ഞല്ലോ. കഴിഞ്ഞകൊല്ലം മൂന്നു ലക്ഷത്തിനു പോയ ഷാപ്പ് ഇക്കൊല്ലം അറുപതു ലക്ഷത്തിനാണ് പോയത്. ഇത്രയും വരുമാനമുണ്ടാകുമെന്ന് എക്സൈസ് വകുപ്പുമന്ത്രിക്കും, ഡിപ്പാർട്ടുമെന്റിനും ഗവൺമെന്റിനും അറിയാം. എന്നിട്ടും എന്തുകൊണ്ടാണ് ഈ രണ്ടു ജില്ലയിലെ കള്ളുഷാപ്പുകൾ മാത്രം ലൈസൻസ് ക്യാൻസൽ ചെയ്തുകൊണ്ട് ലേലം നടത്താതിരുന്നത്. ലേലം നടത്തിയാൽ അൻപതുകോടി രൂപ ഗവൺമെന്റിനു കിട്ടില്ലേ? എന്താണ് ഉണ്ടായത്. ലേലം വയ്ക്കാൻ പോകുന്നു. ലൈസൻസ് ക്യാൻസൽ ചെയ്യാൻ പോകുന്നു എന്നുള്ള ഒരു പുകമറ ഉണ്ടാക്കി. പന്തളം സുധാകരനു ഇത്രത്തോളം കഴിവുണ്ടെന്ന് എനിക്ക് മനസ്സിലായില്ല. രണ്ടു ജില്ലകളിലുമുള്ള കരാറുകാർ പോയി കണ്ടു. ഒരു കോടി രൂപയാണ് കളക്ഷൻ നടത്തിയത്. ആ ഒരൊറ്റ കാരണം കൊണ്ടല്ലേ ഈ ജില്ല മാറ്റി നിറുത്തിയത്. എന്തുകൊണ്ട് ലൈസൻസ് ക്യാൻസൽ ചെയ്തില്ല. അബ്കാരി പോളിസി മറച്ചതുകൊണ്ട് കള്ളുഷാപ്പ് കൂടുതൽ തുകയ്ക്ക് ലേലത്തിൽ പോകുമെന്ന് അറിയാമായിരുന്നില്ലേ? അതു അറിഞ്ഞുകൊണ്ട് ലൈസൻസ് ക്യാൻസൽ ചെയ്തില്ല. ആ ലൈസൻസ് ക്യാൻസൽ ചെയ്തിരുന്നുവെങ്കിൽ ഈ സർക്കാരിന് അൻപതുകോടി രൂപയുടെ വരുമാനമുണ്ടാക്കാൻ കഴിയുമായിരുന്നു. ഈ വകുപ്പുമന്ത്രിയും ചില രാഷ്ട്രീയ നേതാക്കൻമാരും ഉംപ്പെടെ ഒരു കോടി രൂപ ഇതിന്റെ പേരിൽ കളക്ട് ചെയ്തു. നമ്മുടെ മുഖ്യമന്ത്രി അഴിമതിയ്ക്കെതിരായിട്ടാണ് വാളോങ്ങുന്നത്. ഇവിടെ ഒരു പ്രശ്നമുന്നയിച്ചു കഴിഞ്ഞാൽ അതു ഇല്ലാതാക്കാനുള്ള ശ്രമമെങ്കിലും മന്ത്രിമാർ കാണിക്കണ്ടേ? കുറ്റ്യാടി ആഗ്മെന്റേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു കോടി രൂപ ഇലക്ട്രിസിറ്റി ബോർഡിന്റെ മുൻ ചെയർമാൻ, അദ്ദേഹത്തിന്റെ മകളുടെ കല്യാണത്തിന്റെ തലേ ദിവസം അഡ്വാൻസ് കൊടുത്തതിനെപ്പറ്റി കഴിഞ്ഞ നിയമസഭയിൽ ഞാൻ തന്നെ ആരോപണമുന്നയിച്ചു. അതിനുശേഷം പുതിയ മന്ത്രി കാർത്തികേയൻ വന്നു. പുതിയമന്ത്രി കാർത്തികേയൻ ഇതൊന്നും ചെയ്യുകയില്ല എന്നായിരുന്നു എന്റെ പ്രതീക്ഷ. അദ്ദേഹമെങ്കിലും ഇതെല്ലാം നോക്കിയിട്ട് ഇനിയെങ്കിലും ഇങ്ങനെയൊരു തെറ്റ് വരാൻ പാടില്ലെന്നുള്ള നിലയിൽ ഒരു ശ്രമം നടത്തണ്ടേ? ഇവിടെ എന്താണ് സംവിധാനമുണ്ടായത്? പട്ടഞ്ചാത്തെ ഡാമിന്റെ പണിതുടങ്ങിയത് 16-9-1981-ലാണ്. 30-3-1983-ൽ ഒരു വിഭാഗം തൊഴിലാളികൾ സമരം ചെയ്തു. അങ്ങനെ സമരം ചെയ്തപ്പോൾ അവർക്ക് മിനിമം വേജസ് വർദ്ധിപ്പിച്ചു കൊടുത്തു. ഡാം പണിക്ക് അങ്ങനെ തുക വർദ്ധിപ്പിച്ചു കൊടുക്കാൻ പാടില്ലെന്ന് ആഡിറ്റ് നടത്തിയപ്പോൾ ആഡിറ്റുകാർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ വർദ്ധിപ്പിച്ച തുക കൊടുക്കാതെ തടഞ്ഞുവച്ചു. കരാറുകാരൻ ഹൈക്കോടതിയിൽ പോയി.

LIBRARY ARCHIVES Kerala Legislative Assembly

ഹൈക്കോടതി കേസ് തള്ളി. ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിൽ പോകാൻ പറഞ്ഞു. ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിൽ പോയപ്പോൾ ബോർഡ് കൊടുക്കാൻ തീരുമാനിച്ച തുക കൊടുക്കാൻ പറഞ്ഞു. അതിന്റെ ഡീറെയിൽസ് വർക്കൗട്ട് ചെയ്തു ഇതു കൊടുക്കാമോ എന്നു നോക്കാൻ ഒരു സബ് കമ്മിറ്റിയെ ഇലക്ട്രിസിറ്റി ബോർഡ് രൂപീകരിച്ചു. സബ് കമ്മിറ്റി ഇതു കൊടുക്കേണ്ടതില്ല എഗ്രിമെന്റിൽ അതിനുള്ള വ്യവസ്ഥയില്ല എന്നു പറഞ്ഞു. ഉന്നത ഉദ്യോഗസ്ഥൻമാർ അടക്കമുള്ള കമ്മിറ്റിയാണ് ഈ റിപ്പോർട്ട് ഗവൺമെന്റിലേക്ക് കൊടുത്തത്. കരാറുകാരൻ വീണ്ടും ഹൈക്കോടതിയിൽ ഒ. പി. ഫയൽ ചെയ്തു. അങ്ങനെ ഒ.പി. ഫയൽ ചെയ്തുകഴിഞ്ഞ ഉടനെ നാല കോടി രൂപ കൊടുക്കാൻ തയ്യാറാണെന്ന് ബോർഡിന്റെ വക്കീൽ പറയുന്നു. ബോർഡിന്റെ തീരുമാനം ഇല്ലാതെ തന്നെ ഒരു കോടി രൂപ അന്നത്തെ ചെയർമാൻ ശിവദാസൻ കൊടുത്തു. അതാണ് ഞാൻ കഴിഞ്ഞ നിയമസഭയിൽ ഒരു കോടി രൂപ കൊടുത്തതിനെക്കുറിച്ച് ആരോപണം ഉന്നയിച്ചത്. ചെയർമാന്റെ മകളുടെ കല്യാണവുമൊക്കെയായി ബന്ധപ്പെട്ടതാണ്. അതിനുശേഷം പണം കൊടുക്കാൻ പാടുണ്ടോ ? അങ്ങനെ പണം കൊടുത്താൽ ആരാണ് ഉത്തരവാദി ? അന്ന് ശ്രീ. കാർത്തികേയൻ ഇവിടെ പറഞ്ഞ മറുപടിയെന്താണ് ? അതു തടഞ്ഞു വച്ചു എന്നുപറഞ്ഞു. പിന്നീട് എങ്ങനെയാണ് ശ്രീ. കാർത്തികേയൻ മൂന്നുകോടി രൂപ കൊടുത്തത് ? ഒ.പി. ഡിസ്പോസ് ചെയ്തില്ല. ബോർഡിന്റെ വക്കീൽ ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിൽ അഡ്വാൻസ് ചെയ്തത് പറയുകയാണ് ഞങ്ങൾ നാലു കോടി രൂപ കൊടുക്കാമെന്ന്. ആ നാലുകോടി കൊടുത്തതിൽ രണ്ടു കോടിക്ക് ബാങ്ക് ഗ്യാരന്റി പോലുമില്ല. ആ തുക തന്നില്ല എന്നുപറഞ്ഞാൽ പിന്നെ ചോദ്യമില്ല. അങ്ങനെ കാർത്തികേയൻ മൂന്നുകോടി കൊടുക്കാൻ തീരുമാനിച്ചു. ആ തുക കൊടുക്കുന്നില്ല തടഞ്ഞുവച്ചുവെന്ന് സഭയിൽ മറുപടി പറഞ്ഞതിനുശേഷം ബോർഡ് ചെയർമാൻ പിരിഞ്ഞു പോകുന്നതിനു കുറെ ദിവസങ്ങൾക്കു മുൻപ് 16-6-1995-ന് ചെയർമാൻ തന്നെ മുൻകൈയെടുത്ത് മൂന്നു കോടി രൂപ കൊടുത്തു. നിയമസഭയിൽ മറുപടി പറഞ്ഞശേഷം ആ പണം കൊടുത്തു എന്നു പറഞ്ഞാൽ മന്ത്രി കാർത്തികേയന് അതിൽ പങ്കില്ലേ ? കാർത്തികേയനും അതിൽ പങ്കുണ്ട്. അല്ലെങ്കിൽ ഒ.പി. ഡിസ്പോസാകുന്നതുവരെയെങ്കിലും ഇതു തടഞ്ഞുവയ്ക്കുമായിരുന്നു. അത്രയും രൂപയുടെ പലിശ തന്നെ എത്ര രൂപ വരും. അഴിമതിക്കെതിരായി ഞാൻ വാളെടുക്കുമെന്ന് മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. മുഖ്യമന്ത്രിയെ ഇപ്പോൾ സഭയിൽ കാണുന്നില്ല. കഴിഞ്ഞ നിയമസഭയിൽ ഞാൻ ഓരോ ഫയലുകളെക്കുറിച്ചു പറഞ്ഞപ്പോൾ അതിനൊന്നും മറുപടി പറഞ്ഞില്ല. അങ്ങനെ അഴിമതിക്കാരായ മന്ത്രിമാർ അവസാന നിമിഷം കിട്ടുന്നതു മുഴുവനും വാരിക്കൂട്ടുന്ന സ്ഥിതിയാണ്. അതുകൊണ്ട് ഇവർ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്.

എക്സൈസ് , പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. പന്തളം സുധാകരൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ കൃഷ്ണൻകുട്ടി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ എന്നെക്കുറിച്ച് ഒരു പരാമർശം നടത്തി. അത് ദുരുപദേഷ്ടവും അടിസ്ഥാനരഹിതവുമായതുകൊണ്ട് അത് നാളെ പത്രത്തിൽവരും. അതായത് എറണാകുളം, തൃശ്ശൂർ ജില്ലകളിൽ..... (ബഹളം)..... ..ഇത് മറുപടിയല്ല.....സഭ അറിയേണ്ട കാര്യമാണ്.....(ബഹളം).....

സർ, പേഴ്സണൽ എക്സപ്ലനേഷൻ ബഹുമാനപ്പെട്ട ചെയർ എപ്പോൾ അനുവദിച്ചാലും അപ്പോൾ പറയാനുള്ള അവകാശം ഉണ്ട്. അത് അങ്ങയുടെ

LIBRARY ARCHIVES Kerala Legislative Assembly

ഡിസ്ക്രീഷനാണ്. ഞാൻ അങ്ങയോട് പെർമിഷൻ ചോദിച്ചുകൊണ്ടാണ് നിൽക്കുന്നത്. ബഹുമാനപ്പെട്ട കൃഷ്ണൻകുട്ടിക്ക് മാത്രമായിട്ട് പ്രത്യേക റൂളുണ്ടോ ? ഞാൻ അങ്ങേക്ക് എഴുതി തന്നതാണ്.

ശ്രീ. ഒ. ഭരതൻ : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ബഡ്ജറ്റ് അവതരിപ്പിച്ചുകഴിഞ്ഞാൽ ചർച്ചയുടെ അവസാനം മന്ത്രിമാർ മറുപടി പറയാൻ അവസരം നീക്കിവച്ചിട്ടുണ്ട്. 18-ാം തീയതി മറുപടി പറയേണ്ട അവസരത്തിൽ ബഹുമാനപ്പെട്ട പന്തളം സുധാകരന് മറുപടി പറയാം. ഇപ്പോഴും ഇടയ്ക്ക് കയറി പറയുന്നതെന്തിനാണ് ? ഇത് ഓർഡറിലാണോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : സർ, ഈ വാദഗതി ശരിയല്ല.

ശ്രീ. ഒ. ഭരതൻ : സർ, വാദഗതി ശരിയോ തെറ്റോ എന്നു ശ്രീ. നൂറുദ്ദീൻ അല്ലല്ലോ, ചെയർ അല്ലേ പറയേണ്ടത് ? ആ സ്ഥാനം ബഹുമാനപ്പെട്ട നൂറുദ്ദീൻ എടുക്കണ്ട. ചെയർ പറയട്ടെ. എല്ലായിടത്തും കയറി ഇടപെടുകയാണ്. ഞാൻ ഒരു പോയിൻറ് ഓഫ് ഓർഡർ ഉന്നയിച്ചാൽ അതിന് മറുപടി തരേണ്ടത് ചെയറല്ലേ, നൂറുദ്ദീനാണോ ?

മി. ചെയർമാൻ : You raise your point of order.

ശ്രീ. ഒ. ഭരതൻ : സർ, ബഡ്ജറ്റിനെ സംബന്ധിച്ചുള്ള വിമർശനങ്ങൾക്ക് മറുപടി പറയുന്നതിന് മന്ത്രിമാർക്ക് പ്രത്യേകം സമയം നീക്കിവച്ചിട്ടുണ്ട്. 18-ാം തീയതിയിലെ ചർച്ചയിൽ മെമ്പർമാർക്ക് വളരെ കുറച്ചേ അവസരമുള്ളൂ. ആ സമയത്ത് ബഹുമാനപ്പെട്ട മന്ത്രിമാർക്ക് മറുപടി പറയാം.

ശ്രീ. കെ.പി.എ. മജീദ് : സർ, അങ്ങ് റൂളിംഗ് നൽകുന്നതിനുമുൻപ് ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എൻറെ ഓർമ്മ ശരിയാണെങ്കിൽ മന്ത്രിമാരെ സംബന്ധിച്ച് അഴിമതിയാരോപണമുണ്ടായാൽ അന്നുതന്നെ അതുസംബന്ധിച്ച് സംസാരിക്കാൻ മന്ത്രിമാർക്ക് സമയം കൊടുത്തിട്ടുണ്ട്. അഴിമതിയാരോപണമുന്നയിച്ച് നാളെ പത്രത്തിൽ വന്നതിനു ശേഷം മറുപടി പറഞ്ഞാൽ ശരിയാവുകയില്ല.

ശ്രീ. കെ.പി. നൂറുദ്ദീൻ : സർ, പ്രസംഗമദ്ധ്യത്തിൽ അഴിമതിയാരോപണങ്ങളോ മാറ് ആക്ഷേപങ്ങളോ മന്ത്രിയെപ്പറ്റിയോ മെമ്പറെപ്പറ്റിയോ ഉന്നയിച്ചുകഴിഞ്ഞാൽ അവർക്ക് അപ്പോഴംതന്നെ വിശദീകരണം നൽകാൻ അനുവാദം നൽകുന്നതാണ് നമ്മുടെ കീഴ്വഴക്കം.

ശ്രീ. ടി.കെ. രാമകൃഷ്ണൻ : സർ, മന്ത്രിമാർക്ക് മറുപടി പറയാനുള്ള സമയത്ത് പറഞ്ഞാൽ മതി. ഇത് പേഴ്സണൽ എക്സ്പ്ലനേഷനല്ല, ഗവൺമെൻറിനെക്കുറിച്ചുള്ള വിമർശനമാണ്. അത് ഇപ്പോഴം പറയണമെന്നു പറഞ്ഞാലോ. ഇത് മെമ്പർമാരുടെ സമയമാണ്. മെമ്പർമാർക്ക് പ്രസംഗിക്കാനുള്ള സമയം മന്ത്രിമാർ അപഹരിക്കുകയാണോ ? അതുകൊണ്ട് അത് അനുവദിക്കാൻ പാടില്ല.

ശ്രീ. എം. വിജയകുമാർ : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. നിയമസഭാ ചട്ടമനുസരിച്ച് ഒരു മന്ത്രിക്കായാലും ഒരു മെമ്പർക്കായാലും പേഴ്സണൽ എക്സ്പ്ലനേഷൻ നടത്താനുള്ള അവകാശമുണ്ട്. അതിൻറെ രീതിയെന്നു പറയുന്നത് അതിന് അങ്ങനെയൊരു സന്ദർഭമുണ്ടായാൽ ചെയറിന് എഴുതി തന്ന് ചെയറിൻറെ അനുവാദത്തോടുകൂടി പേഴ്സണൽ

LIBRARY ARCHIVES Kerala Legislative Assembly

എക്സ്പ്ലനേഷൻ നടത്തുന്നതാണ് ഈ സഭയിലെ കീഴ്വഴക്കം. അതല്ലാതെ ഒരു മെമ്പർ പ്രസംഗിച്ചുകഴിഞ്ഞാൽ ഉടൻ ചാടി എഴുന്നേറ്റ് മറുപടി പറയുകയല്ല. ഞാൻ ധരിച്ചത് ശ്രീ. പന്തളം സുധാകരൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നതിനാണ് എണീറ്റതെന്നാണ്. 5 മിനിറ്റ് കഴിഞ്ഞപ്പോഴാണ് അറിയുന്നത് അദ്ദേഹത്തെക്കുറിച്ചുള്ള അഴിമതിയാരോപണത്തിന് മറുപടി പറയാനാണെന്ന്. എന്ത് ഏർപ്പാടാണിത് ? എന്തും ഈ സഭയിലാകാമോ ? അതുകൊണ്ട് ഈ കാര്യത്തിൽ അങ്ങയുടെ റൂളിംഗുണ്ടാകണം. പേഴ്സണൽ എക്സ്പ്ലനേഷൻ നടത്തുന്നതിന് ഒരു കീഴ്വഴക്കമുണ്ട്. അതനുസരിച്ചു മാത്രമേ നൽകാവൂ.

മി. ചെയർമാൻ : ഇവിടെ ബഹുമാനപ്പെട്ട ശ്രീ. പന്തളം സുധാകരനെ കുറിച്ച് മന്ത്രി നടത്തിയ പരാമർശത്തിന് പേഴ്സണൽ എക്സ്പ്ലനേഷൻ അനുവദിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടിട്ടുണ്ട്. അതിന് അദ്ദേഹത്തിന് അവസരം നൽകുകയാണ്.

X വ്യക്തിപരമായ വിശദീകരണങ്ങൾ

എക്സൈസ്-പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി ശ്രീ. പന്തളം സുധാകരൻ : സർ, ശ്രീ. ടി.കെ. രാമകൃഷ്ണൻ പറഞ്ഞതുപോലെ ഇത് മറുപടിയല്ല, അത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ചർച്ചയുടെ അവസാനം പറയും. ബഹുമാനപ്പെട്ട കൃഷ്ണൻകുട്ടി പറഞ്ഞത്, ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്ന ഷാപ്പ് ലേലത്തിൽ സർക്കാരിന് ഭീമമായ നഷ്ടമുണ്ടാകുന്ന രൂതോ ഒരു തിരിമറി നടന്നിരിക്കുന്നുവെന്ന പുകമറ ഉണ്ടാക്കിയിരിക്കുന്നുവെന്നാണ്. എന്നെ സംബന്ധിച്ചിടത്തോളം ഇതൊരു പുതിയ അറിവാണ്. 1994-95 അബ്കാരി വർഷം മുതൽ മൂന്നുവർഷത്തേക്കാണ് തൃശ്ശൂർ, എറണാകുളം ജില്ലകളിൽ കള്ളുഷാപ്പ് ലേലം ചെയ്തു നൽകിയിരിക്കുന്നത്. ആ സാങ്കേതിക കാരണം കൊണ്ടാണ് ഈ പ്രാവശ്യം ലേലം നടത്താൻ സാദ്ധ്യമല്ലാത്തത്. അതല്ലാതെ എന്തെങ്കിലും കോൺട്രാക്ടർമാരുടെയോ ശ്രീ. കൃഷ്ണൻകുട്ടിയുടെയോ സമ്മർദ്ദത്തിനുവഴങ്ങിയല്ല. ഇത്തരം പാപ്പരത്വം ബഹുമാനപ്പെട്ട കൃഷ്ണൻകുട്ടിയെപ്പോലുള്ള ബഹുമാനപ്പെട്ട മെമ്പറിൽ നിന്ന് ഉണ്ടായതിൽ ഞാൻ ലജ്ജിക്കുന്നു. എന്നെക്കുറിച്ചും എക്സൈസ് ഡിപ്പാർട്ടുമെന്റിനെക്കുറിച്ചും ഇപ്പോഴും നടത്തിയ പരാമർശത്തെ ഞാൻ പൂർണ്ണമായും നിഷേധിക്കുകയാണ്. ഇത് അടിസ്ഥാനരഹിതമാണ്.

മി. ചെയർമാൻ : Minister for Electricity has also requested for personal explanation. I call the Minister for explanation.

ശ്രീ.കെ. കൃഷ്ണൻകുട്ടി : സർ, ലൈസൻസ് റദ്ദുചെയ്യാൻ ഗവൺമെന്റിന് അധികാരമുണ്ട്. അബ്കാരി ചട്ടത്തിലും നിയമത്തിലും അതിന് വ്യവസ്ഥകളുമുണ്ട്. അത് ഉപയോഗിച്ചില്ല, അറിഞ്ഞിട്ടും ഉപയോഗിക്കാതിരുന്നതിന്റെ ഫലമായി 50 കോടി രൂപയുടെ റവന്യൂ നഷ്ടമുണ്ടായി. അതിന്റെ ഫലമായി അദ്ദേഹത്തിന് ഒരുകോടി രൂപ ലാഭം കിട്ടിയെന്നാണ് എന്റെ ആരോപണം. അറിഞ്ഞുകൊണ്ട് അത് റദ്ദുചെയ്യാതിരുന്നത് എന്തുകൊണ്ടാണ് ?അതിനാണ് മറുപടി പറയേണ്ടത് ? കൂടുതൽ തുകയ്ക്ക് എവിടെ പോകുന്നുവെന്ന് സർക്കാരിനറിയില്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

(2) വൈദ്യുതി മന്ത്രി (ശ്രീ. ജി. കാർത്തികേയൻ) : സർ ബഹുമാനപ്പെട്ട അംഗം കൃഷ്ണൻകുട്ടി വൈദ്യുതി വകുപ്പിനെ സംബന്ധിച്ച് സൂചിപ്പിച്ച ചില ആരോപണങ്ങൾ ഞാൻ മന്ത്രിയായതിന് മുൻപുള്ള ചില കോടതി വിധികളെക്കുറിച്ചുള്ളതാണ്. അതിന്റെ ഡേറ്റുകൾ എനിക്കറിയില്ല. അതിന്റെ വിശദാംശം അറിയാത്തതുകൊണ്ട് ഞാൻ പൂർണ്ണമായും നിഷേധിക്കുന്നില്ല. കോടതിവിധിയുടെ വിശദാംശങ്ങൾ പൂർണ്ണമായും ബഹുമാനപ്പെട്ട കൃഷ്ണൻകുട്ടിക്കുതന്നെ അറിയാം. അത് കോടതിവിധിയുടെ അടിസ്ഥാനത്തിൽ ചെയ്തതാണ്. മന്ത്രിയെന്നുള്ള നിലയ്ക്ക് കാർത്തികേയന് ഇതിനകത്ത് ഒരു പങ്കുമില്ല. അതിന്റെ ഡേറ്റുകളെല്ലാം കളക്ടു ചെയ്തിട്ട് മന്ത്രിമാർ മറുപടി പറയേണ്ട സമയത്ത് വ്യക്തമായ മറുപടി പറഞ്ഞുകൊള്ളാം.

1996-97 സാമ്പത്തികവർഷത്തേക്കുള്ള ഇടക്കാല ബഡ്ജറ്റിനെപ്പറ്റി പൊതുചർച്ച (തുടർച്ച)

ശ്രീ. കെ.കെ. നായർ : സർ, ഈ ബഡ്ജറ്റ് സൂക്ഷിച്ചുനോക്കിയാൽ ഒരു കാര്യം മനസ്സിലാകും. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ സുസ്ഥിരമായ ഒരു സാമ്പത്തിക സ്ഥിതിയിലേക്ക് കാലൂന്നുന്നു. ഏറ്റവും വലിയ ഒരു പ്രതിസന്ധിയിലാണ് കേന്ദ്ര ഗവൺമെന്റ് അധികാരത്തിൽ വന്നതെന്ന് നമുക്കറിയാം. നമ്മുടെ ഫോറിൻ എക്സ്ചേഞ്ച് നെല്ലിപ്പലക കണ്ട ഒരു അവസരത്തിലാണ് ശ്രീ. നരസിംഹറാവുവിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരത്തിൽ വന്നത്. അദ്ദേഹം 5 വർഷം പൂർത്തിയാക്കി. രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതി വളരെയധികം ഉയർത്തിക്കൊണ്ടുവരാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഇന്ന് നമ്മുടെ ഫോറിൻ എക്സ്ചേഞ്ച് അറുപത്തിരണ്ടായിരം കോടിയാണ്. ഈ രീതിയിൽ അതിന്റെ പ്രത്യാഘാതം കേരളാ ഗവൺമെന്റിനും അനുഭവപ്പെട്ടിട്ടുണ്ട്. നമ്മുടെ ട്രഷറികൾ മാസം തോറും പൂട്ടിക്കൊണ്ടിരുന്ന സ്ഥിതി മാറി, ഇന്ന് ഒരു സുസ്ഥിരമായ സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തിയിട്ടുണ്ട്. പക്ഷേ ഈ ബഡ്ജറ്റ് ഇംപ്ലിമെന്റേഷനിൽ ഗവൺമെന്റ് കുറെക്കൂടി ശ്രദ്ധിക്കണം. കഴിഞ്ഞ ഒന്ന് ഒന്നര മാസം മുൻപ് നമ്മുടെ ജില്ലാ കൗൺസിലുകളിലേക്ക് ചില ഡിപ്പാർട്ടുമെന്റുകളുടെ ഫണ്ടുകളൊക്കെ കൈമാറി. പ്രധാനമായും വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റാണ്. വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ സ്കൂൾ കെട്ടിടങ്ങൾ പലതും പണി നടന്നുകൊണ്ടിരിക്കുകയാണ്. അവർക്കുള്ള ഫണ്ട് ജില്ലാ കൗൺസിലിലേക്ക് കൈമാറിയതുകൊണ്ട് പണി ചെയ്യുന്ന ആളുകൾക്ക് പണം കൊടുക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. അവർക്ക് ഇപ്പോൾ എസ്റ്റിമേറെടുത്ത് പണി ചെയ്യാനുള്ള സാഹചര്യമില്ല. ചീഫ് എഞ്ചിനീയർ പൂർത്തിയായ പണികളുടെ ബിൽ അവർക്ക് അയച്ചുകൊടുക്കാൻ നിർദ്ദേശിച്ചു. അപ്പോഴാണ് ഫൈനാൻസ് ഡിപ്പാർട്ടുമെന്റിൽ നിന്നും മറെറാരു ഉത്തരവ്. സ്റ്റേറ്റിന്റെ ഫണ്ട് സ്റ്റേറ്റ് ഉപയോഗിക്കണം. ജില്ലാ കൗൺസിലിന്റെ ഫണ്ട് അവർ ഉപയോഗിക്കണമെന്നുപറഞ്ഞു. ഈ രീതിയിൽ ആ ഫണ്ട് മാർച്ച് അവസാനമാകുമ്പോൾ ലാപ്സാകുന്ന ഒരു സ്ഥിതിയുണ്ടാകും. ചിലവാകാത്ത ഫണ്ട് തിരിച്ചെടുത്ത് ചെയ്ത വർക്കിന് കോൺട്രാക്ടർക്ക് കൊടുത്തില്ലെങ്കിൽ അടുത്ത സാമ്പത്തികവർഷം തുടങ്ങുന്ന അവസരത്തിൽ സ്കൂളുകൾ കെട്ടാനുള്ള സാഹചര്യമുണ്ടാവുകയില്ല. വിദ്യാർത്ഥികളും വളരെ ബുദ്ധിമുട്ടും. ഇന്ന് പ്രതിപക്ഷ പാർട്ടികൾ ഈ ഗവൺമെന്റിനെതിരായി ശക്തമായ ആരോപണം ഉന്നയിക്കുന്നു. അഴിമതി ആരോപണം, തൊഴിലില്ലായ്മ, വിലക്കയറ്റം,

LIBRARY ARCHIVES Kerala Legislative Assembly

കൂടി വെള്ള പ്രശ്നം, ഇലക്ട്രിസിറ്റിയുടെ പോരായ്മ ഇതൊക്കെ ചൂണ്ടിക്കാണിച്ചു കൊണ്ടാണ് അവർ വിമർശിച്ചത്. പക്ഷേ ആഴിമതി ആരോപണത്തിൽ ഒരു കാര്യം ഞാൻ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുകയാണ്. ഈ ആരോപണങ്ങളൊക്കെ ഒരു വർഷത്തിനുമുൻപുള്ള കാര്യങ്ങളാണ്. ശ്രീ. ആൻറണി അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലുമൊരു അഴിമതി നടന്നതായി ചൂണ്ടിക്കാണിക്കാൻ പ്രതിപക്ഷത്തിന് കഴിയുന്നില്ലെന്നുള്ളത് ഒരു വസ്തുതയായി ശേഷിക്കുന്നു. ആ കാര്യത്തിൽ ഗവൺമെൻറിനെ അഭിനന്ദിക്കേണ്ടിയിരിക്കുന്നു. അതുപോലെ തൊഴിലില്ലായ്മാ പ്രശ്നം നാം ഉദ്ദേശിക്കുന്നതുപോലെയല്ല. എംപ്ലോയ്മെൻറിൽ നാൽപ്പതുലക്ഷം ആളുകളം പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന കാരണം പറഞ്ഞാണ് നമ്മം തൊഴിലില്ലായ്മ വർദ്ധിച്ചിരിക്കുന്നുവെന്നു പറയുന്നത്. പക്ഷേ എംപ്ലോയ്മെൻറിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പല ആളുകൾക്കും സ്വകാര്യ മേഖലയിൽ ജോലിയുണ്ടെന്നുള്ളതാണ് വസ്തുത. വക്കീൽ, ഗുമസ്ഥൻമാർ തുടങ്ങിയ വർക്കുകളിൽ പണി ചെയ്യുന്നവർ നിരവധിയുണ്ട്. പക്ഷേ ആ ജോലിയല്ല, സർക്കാർ ജോലി കിട്ടിയെങ്കിലേ തൊഴിലില്ലായ്മ പരിഹരിക്കുവെന്നുള്ള നമ്മുടെ സിദ്ധാന്തമാണ് തൊഴിലില്ലായ്മ ഏറ്റവും കൂടുതലാണെന്ന് പറയാനുള്ള കാരണം. പക്ഷേ ഒരു ഫീൽഡിലും ഇന്ന് വർക്കേഴ്സിനെ കിട്ടാതെ വിഷമിക്കുകയാണ്. ട്രാൻസ്പോർട്ടിൽ ഡ്രൈവർമാരുടെ ലിസ്റ്റ് പി.എസ്.സി. പ്രസിദ്ധീകരിച്ചു. ആ ലിസ്റ്റിൽ നിന്ന് ആളുകളെ എടുക്കുന്നതിനുവേണ്ടി നോട്ടിസ് അയച്ചിട്ട് ആരും വന്നില്ല. ആ സ്ഥിതിയാണ് നമ്മുടെ രാജ്യത്തുള്ളത്. അതുപോലെ വിലക്കയറ്റമെന്നു പറഞ്ഞുകൊണ്ട് പ്രതിപക്ഷ മെമ്പർമാർ പലരും ഇവിടെ സംസാരിച്ചു. പക്ഷേ നെല്ലിന് വില കൂടുതൽ കിട്ടണമെന്നു പറഞ്ഞുകൊണ്ട് ഇന്ന് ഒരു സബ്മിഷൻ അവതരിപ്പിച്ചതും പ്രതിപക്ഷ മെമ്പറാണ്. അതുപോലെ തേങ്ങയ്ക്ക് വില കിട്ടുന്നില്ല. റബ്ബറിന് വില കിട്ടുന്നില്ലയെന്ന് ഒരുവശത്തു പറയുകയും മറുവശത്ത് വില കൂടുതലാണെന്ന് പറയുകയും ചെയ്യുന്ന വിരോധാഭാസമാണ് ഇവിടെ നടക്കുന്നത്. വിലക്കയറ്റത്തിൻെറ പശ്ചാത്തലമെന്നു പറയുന്നത് ഉപഭോക്താവിന് ഒരു സാധനം വാങ്ങാനുള്ള ക്രയശക്തിയെ ആസ്പദമാക്കിയാണ് നിശ്ചയിക്കുന്നത്. ക്രയശക്തി വളരെ കൂടുതലാണെങ്കിൽ സാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്നതുകൊണ്ട് ഒരു തെറ്റുമില്ല. അത് പുരോഗതിയുടെ ലക്ഷണമായിട്ട് കണക്കാക്കണമെന്നാണ് എനിക്കു പറയാനുള്ളത്. ഈ ഗവൺമെൻറ് നടത്തിയ പല കാര്യങ്ങളും പുരോഗതിയിലേക്ക് നയിക്കുന്നതാണ്. അതുകൊണ്ട് ഈ ബഡ്ജറിനെ ഞാൻ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : സർ, ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറിനെ ഞാൻ എതിർക്കുകയാണ്. ഒരു ഇടക്കാല ബഡ്ജറാണ് ; ഇത് അടിമുടി മാറേണ്ടിവരും. ഇവിടെ ഇത് അവതരിപ്പിച്ച മന്ത്രിക്കു തന്നെ അറിയാം. ഈ ബഡ്ജറ് ഇനി മാറേണ്ട അവസരത്തിൽ യു.ഡി.എഫ്, ഗവൺമെൻറ് ഇവിടെ കാണുകയില്ല, അതിനുവേണ്ടി എൽ.ഡി.എഫ്. ഗവൺമെൻറ് വരേണ്ടിവരുമെന്ന്. അതാണ് വസ്തുത. എൽ.ഡി.എഫ് ഗവൺമെൻറ് വരുമ്പോഴേ ഇത് മാറ്റിക്കോട്ടേയെന്ന് മന്ത്രി അറിഞ്ഞുകൊണ്ട് അവതരിപ്പിച്ച ഒരു ബഡ്ജറാണിത്. അതുകൊണ്ട് ഇതിനെ ഒരു ഇലക്ഷൻ സ്റ്റണ്ട് ആയിട്ടു മാത്രമേ കാണാൻ കഴിയുകയുള്ളൂ. പുതിയ ഗവൺമെൻറ് ഇവിടെ വരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

ശ്രീ. ബി. വിജയകുമാർ :.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : നിങ്ങൾ കഥ അറിയാതെ ആട്ടം കാണുകയാണ്. ഞാൻ മാർക്സിസ്റ്റ് പാർട്ടിയുടെ ഉത്തരവാദപ്പെട്ട ഒരംഗമാണ്. എന്റെ പേരിൽ പാർട്ടി നടപടി എടുത്തു ഞാൻ ഉത്തരവാദപ്പെട്ട മെമ്പർ എന്ന നിലയിൽ അച്ചടക്കത്തോടെ അതിനകത്ത് നിൽക്കുകയാണ്. തിരിച്ചുവരാൻ അവസരം വരുമ്പോൾ ഞാൻ വരും. ഞാൻ ഈ രാജ്യത്തെ ജനങ്ങളെ സംഘടിപ്പിക്കുന്ന കാര്യത്തിൽ മാർക്സിസ്റ്റ് പാർട്ടിയുടെ കൂടെ നിൽക്കുമെന്നുള്ള കാര്യത്തിൽ ആർക്കും സംശയം വേണ്ട. നിങ്ങൾക്ക് അറിയാമോ ഒരുപാട് ചോര ഈ പ്രസ്ഥാനത്തിനുവേണ്ടി ഒഴുക്കിയ ആളാണ് ഞാൻ. ഒന്നും ആകണമെന്ന് വിചാരിച്ചിട്ടില്ല. ഈ രാജ്യത്തെ വിദ്യാർത്ഥികളെ സംഘടിപ്പിച്ചുകൊണ്ട് മാർക്സിസ്റ്റ് പാർട്ടിക്കുവേണ്ടി പ്രവർത്തിച്ചതിന്റെ ഫലമായി ക്ഷയരോഗിയാണെന്ന കാര്യം നിങ്ങൾക്ക് അറിയാമോ ? ക്ഷയരോഗി ആയത് പോലീസിന്റെ തല്ലുകൊണ്ടിട്ടാണ്. എന്റെ മൂത്ത മകൻ അച്ഛാ എന്ന് ആദ്യം വിളിക്കുന്നത് കേൾക്കാനുള്ള ഭാഗ്യമുണ്ടായത് അവന് മൂന്നരവയസ്സുള്ളപ്പോഴാണ്. അവന് 6 മാസം പ്രായമുള്ളപ്പോൾ ഞാൻ ജയിലിൽ പോയതാണ്. പിന്നെ തിരിച്ചു വരുന്നത് മൂന്നര വയസ്സായപ്പോളാണ്. അതുകൊണ്ട് ഇത് എന്തും പോകാൻ പോകുന്നില്ല. ഞങ്ങളുടെ കാര്യം ഞങ്ങൾ നോക്കിക്കൊള്ളാം.

ശ്രീ. കെ. പി. നൂറുദ്ദീൻ : അങ്ങ് മാർക്സിസ്റ്റ് പാർട്ടിക്കുവേണ്ടി വളരെയധികം കഷ്ടത അനുഭവിച്ചിട്ടുണ്ട്. വിദ്യാർത്ഥികളെയും, യുവജനങ്ങളെയും, കർഷകരെയും സംഘടിപ്പിച്ചിട്ടുണ്ട്. അങ്ങ് ആ പാർട്ടിക്കുവേണ്ടി കഷ്ടപ്പെട്ടു. എന്നിട്ടും അങ്ങയെ പാർട്ടിയിൽ നിന്നും സസ്പെൻഡ് ചെയ്തത് മാർക്സിസ്റ്റ് പാർട്ടിയുടെ തെറ്റായ നയമല്ലേ ?

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : ഇത് ഞങ്ങളുടെ പാർട്ടിയുടെ കാര്യമാണ്. ആ കാര്യം ഞങ്ങൾ നോക്കിക്കൊള്ളാം. പൊന്നുരുക്കുന്നിടത്ത് പൂച്ചയ്ക്ക് പ്രവേശനമില്ല. ഇവിടെ ശ്രീ. കരുണാകരന്റെ ഭരണം കൊണ്ട് മനംമടുത്ത ജനങ്ങൾ ശ്രീ. എ. കെ. ആന്റണി വരുന്നുവെന്നു കേട്ടപ്പോൾ വളരെയേറെ ആശ്വസിച്ചു. വേറൊന്നും കൊണ്ടല്ല, ഒരു മുഖ്യമന്ത്രിയായിരുന്ന, ഒരു കേന്ദ്ര മന്ത്രിയായിരുന്ന ആള് രാജിവെച്ച് വരുമ്പോൾ ചില ഗുണങ്ങളുണ്ടാകുമെന്ന് അവർ വിചാരിച്ചതാണ്. 'പടയെ പേടിച്ച് പന്തളത്തു ചെല്ലുമ്പോൾ ചൂട്ടും കെട്ടി പട' എന്നു പറഞ്ഞതുപോലെ പൊള്ള പ്രഖ്യാപനങ്ങളും പ്രസ്താവനകളുമല്ലാതെ ഈ ഗവൺമെന്റിന്റെ ഭാഗത്തു നിന്നും വേറെ എന്താണുള്ളത്. ആളുകൾക്ക് ആശങ്ക കൊടുക്കുകയല്ലാതെ അടിസ്ഥാനപരമായിട്ട് എന്തെങ്കിലും ചെയ്തിട്ടുണ്ടോ ? പണക്കാർക്കല്ലാതെ പാവപ്പെട്ടവർക്കുവേണ്ടി എന്തെങ്കിലും ചെയ്തിട്ടുണ്ടോ ? 13 ഏക്കർ മിച്ചഭൂമി വിതരണം ചെയ്യുമെന്ന് ഈ നിയമസഭയിൽ പറഞ്ഞിട്ട് ആ 13 ഏക്കർ ഭൂമി ഒരു സ്വാമിക്ക് കൊടുക്കാൻ തീരുമാനിച്ചു. കർഷകത്തൊഴിലാളികൾക്ക് മിച്ചഭൂമി കൊടുക്കുന്നില്ല. സർവീസിലിരുന്ന് മരിച്ചവരുടെ ആശ്രിതർക്ക് ജോലി കൊടുക്കുന്നില്ല. ഇങ്ങനെ നിരവധി കാര്യങ്ങൾ ഉള്ളപ്പോൾ ഈ ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ല. ഇപ്പോൾ വീണ്ടും അധികാരത്തിൽ വരുന്നതിനുവേണ്ടി വർഗ്ഗീയ പാർട്ടികളെയും മാറും കൂട്ടുപിടിച്ചുകൊണ്ട് മുന്നോട്ടുപോകുകയാണ്. ആരെ കൂട്ടുപിടിച്ചാലും ഈ വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ കേരളത്തിലെ ജനത യു.ഡി.എഫ്.നെ തകർത്ത് തരിപ്പണമാക്കും. എൽ.ഡി.എഫ്. അധികാരത്തിൽ വരുമെന്ന് പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ ഒരിക്കൽകൂടി എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ബി. വിജയകുമാർ : സർ, കേന്ദ്രത്തിൽ ശ്രീ. നരസിംഹറാവുവിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ് ഗവൺമെന്റും, കേരളത്തിൽ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റും ഒരേ കാലഘട്ടത്തിലാണ് അധികാരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വന്നത്. കടക്കെണിയിൽപ്പെട്ടു കിടന്ന, വികസനം വഴിമുട്ടിനിന്ന, ഇച്ഛാശക്തിക്ക് മങ്ങലേറ്റ് നിന്ന ഒരു രാഷ്ട്രത്തിന്റെ അധികാരഗോപുരത്തിലാണ് ശ്രീ. നരസിംഹറാവുവിന്റെ നേതൃത്വത്തിലുള്ള സർക്കാർ കടന്നു വന്നത്. നൂതനവും വിപ്ലവകരവുമായ ചില നടപടികൾ അനിവാര്യമായി വന്നു. കൃഷി, വ്യവസായം, വാണിജ്യം എന്നീ മണ്ഡലങ്ങളിൽ പല ധീരമായ നടപടികളും കൈക്കൊള്ളേണ്ടതായിട്ടു വന്നു. ഉദാരവൽക്കരണമെന്ന പേരിൽ കേന്ദ്രഗവൺമെന്റ് എടുത്ത നടപടികളാണ് ഏറ്റവും പ്രധാനം. രാജ്യത്തിന്റെ സാമ്പത്തികമായ പിന്നോക്കാവസ്ഥയിൽ നിന്നും മോചനം നേടാനായി കേന്ദ്രം അനുവർത്തിച്ചുവന്ന പല നടപടികളും അതോടൊപ്പം നമ്മുടെ സംസ്ഥാന ഗവൺമെന്റ് സംസ്ഥാനതലത്തിൽ നടപ്പിലാക്കിയ പല കാര്യങ്ങളും പരസ്പരപൂരകങ്ങളായിരുന്നു. വ്യവസായ രംഗത്തുണ്ടായ കാൽവയ്പ്പ് ഇവയിൽ പ്രാധാന്യമർഹിക്കുന്നു. 1991 സെപ്റ്റംബർ മാസത്തിൽ സംസ്ഥാന ഗവൺമെന്റ് പുതിയ വ്യവസായനയം പ്രഖ്യാപിച്ചു. ആ പ്രഖ്യാപനത്തിന്റെ ഫലമായി ഫലപ്രദമായ ഒരു വ്യവസായനയം ഇവിടെ രൂപം കൊണ്ടു. ഇത് സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ്. ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും നൽകുന്നതോടൊപ്പം, നികുതിയിളവ് അനുവദിക്കാനും സർക്കാർ തയ്യാറായി. കെ. എസ്. ഐ. ഡി. സി., കെ. എഫ്. ഡി. സി. തുടങ്ങിയ സർക്കാർ സ്ഥാപനങ്ങൾ ഉദാരമായ ക്രമപരിപാടികളുമായിട്ട് രംഗത്തു വന്നു. കഴിഞ്ഞ നാലേമുക്കാൽ കൊല്ലത്തെ പ്രവർത്തനത്തിന്റെ ഫലമായി എത്രയോ വ്യവസായ സ്ഥാപനങ്ങൾ സംസ്ഥാനത്ത് പുനരുദ്ധരിപ്പിച്ചിട്ടുണ്ട്. നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന പല പൊതുമേഖലാ സ്ഥാപനങ്ങളും ഇന്ന് ലാഭത്തിൽ വന്നുകൊണ്ടിരിക്കുന്നു. റീസ്ട്രക്ചറിംഗ് ആൻഡ് ഇൻറേണൽ ആഡിറ്റ് ബോർഡ് ഓരോ സ്ഥാപനത്തിലെ പ്രവർത്തനങ്ങളെക്കുറിച്ചും, പുനരുദ്ധാരണത്തെക്കുറിച്ചും ആഴത്തിലുള്ള പഠനം നടത്തിക്കൊണ്ടിരിക്കുന്നു. ഇതിനകം തന്നെ ബോർഡിന്റെ പല ശുപാർശകളും നടപ്പിലാക്കിക്കഴിഞ്ഞിരിക്കുന്നു. സാമ്പത്തിക രംഗത്ത് നാം നേടിയിട്ടുള്ള പുരോഗതി വിജയകരമാണ്. സാമ്പത്തിക രംഗത്ത് ഉണ്ടായിട്ടുള്ള ഉണർവ് അഭൂതപൂർവ്വമാണ്. കർഷകരും കർഷകത്തൊഴിലാളികളും തമ്മിലുണ്ടായിരുന്ന സംഘർഷപരമായിട്ടുള്ള ചുറ്റുപാട് ഇന്ന് മാറി. അതെല്ലാം ഒരു പഴങ്കഥയായി മാറിയിരിക്കുന്നു. ഇന്ന് അതൊരു നാണയത്തിന്റെ രണ്ട് വശങ്ങളാണെന്നുള്ള രീതി വന്നിരിക്കുന്നു. ഗാട്ട് കരാർ നിലവിൽ വന്നാലും നമ്മുടെ കർഷകർക്ക് നൽകി വരുന്ന സബ്സിഡിയിൽ കുറവു വരികയില്ലെന്നുള്ളത് ആശാവഹമായ കാര്യമാണ്. ഗാട്ട് കരാർ നിലവിൽ വന്നതോടുകൂടി ഇൻഡ്യയിലെ കർഷകരുടെ നട്ടെല്ല് ഒടിയാൻ പോവുകയാണെന്നാണ് ഇവിടെ മാർക്സിസ്റ്റുകാർ പ്രചരിപ്പിച്ചിരുന്നത്. എന്നാൽ ശ്രീ. മൻമോഹൻസിംഗ് കേന്ദ്രത്തിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ വളത്തിന്റെയും ഭക്ഷ്യത്തിന്റെയും സബ്സിഡി കൂട്ടി, അത് എത്രയാണെന്ന് അറിയാമോ? 524 കോടി രൂപ ഭക്ഷ്യത്തിനും 1400 കോടി രൂപ വളത്തിനും സബ്സിഡി വർദ്ധനവ് എർപ്പെടുത്തിയിരിക്കുന്നു.

വിദേശ കമ്പോളങ്ങൾ കേരളത്തിൽ കൊണ്ടുവന്ന് നമ്മുടെ കർഷകനെ തകർക്കാൻ പോകുന്നുവെന്നാണ് അവർ പ്രസംഗിച്ചത്. ഇത് പറയുമ്പോൾ വൈദ്യുതി മേഖലയേയും പരാമർശിക്കേണ്ടിവരുന്നു.

സർ, ശാസ്ത്രസാഹിത്യ പരീഷത്തിന്റെ പ്രസ്താവനയിൽ പറയുന്നത് വൈദ്യുതി പ്രതിസന്ധിക്ക് ഇരു മുന്നണിയും കുറ്റക്കാർ' എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇവർക്ക് നിഷേധിക്കാൻ കഴിയുമോ? ഒരളവുവരെ സമ്മതിച്ചാൽ പോലും ഈ സമയംവരെ ചെയ്ത പ്രസംഗത്തിൽ ഇതിനു മുഴുവൽ ഉത്തരവാദി ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറാണ്. ശ്രീ. കാർത്തികേയനാണെന്ന പ്രസ്താവനയാണ്. 1986-87-ൽ വൈദ്യുതി ഉപയോഗം 5112 ദശലക്ഷം യൂണിറ്റായിരുന്നു. 1994-95-ൽ അത് 8,819 ദശലക്ഷം യൂണിറ്റായി. ഉപഭോഗം 72.5% ഉയർന്നു. ഉൽപ്പാദനം വെറും 27% കല്ലട 15 മെഗാവാട്ട് മണിയാർ 12 മെഗാവാട്ടുമാണ് 1986-87 മുതൽ 1995 വരെ ഉൽപ്പാദിപ്പിച്ചത് 27 മെഗാവാട്ട് വൈദ്യുതിയാണ് കൂടുതൽ. അതേ സമയം ഉപഭോഗം 72.5% കൂടിയപ്പോഴാ ഉൽപാദനത്തിൽ 1.8% ആണ് വർദ്ധനവ് വന്നത്. സർക്കാർ മേഖലയിൽ വൈദ്യുതി ഉൽപ്പാദന രംഗത്ത് ചില കാര്യങ്ങൾ ചെയ്യുന്നതോടൊപ്പം സ്വകാര്യമേഖലയിലും മുതൽ മുടക്കാൻ സന്നദ്ധരായി വരുന്നവരെ പ്രോൽസാഹിപ്പിച്ച് ഈ രംഗത്തേക്ക് കടത്തിവിടേണ്ടതാവശ്യമാണ്. പക്ഷേ അങ്ങനെ വരുമ്പോഴാ നടപടികളും സ്വകാര്യം ആയിരിക്കണം. വൈദ്യുതി രംഗത്ത് നമ്മുടെ മൽസരത്തിനും വിവാദത്തിനും ആരോപണ-പ്രത്യാരോപണങ്ങൾക്കൊന്നും നിൽക്കാതെ എല്ലാവരും കൂടി യോജിച്ചു കൊണ്ട് ഉൽപാദന രംഗത്ത് യുദ്ധകാല പ്രക്രിയയോടു കൂടി മുന്നോട്ട് പോയില്ലെങ്കിൽ നമ്മുടെ സംസ്ഥാനം ഒരു അപകടത്തിൽ ചെന്നെത്തും. വ്യാവസായിക രംഗത്തും മറെറല്ലാ രംഗങ്ങളിലും നമ്മളുണ്ടാക്കിയിട്ടുള്ള പുരോഗതി നിലനിൽക്കണമെങ്കിലും അത് ഇനി വളരണമെങ്കിലും വൈദ്യുതി ഉൽപ്പാദനം ഉണ്ടായാലെ മതിയാകൂ. ഞാൻ അതിൻെറ വിശദാംശങ്ങളിലേക്ക് കടന്നു പോകുന്നില്ല. ഇവിടെ ശ്രീ. ടി. ശിവദാസമേനോൻ നടത്തിയ പ്രസംഗം ഞാൻ കേട്ടു. അദ്ദേഹത്തിൻെറ കാലത്ത് 16 പ്രോജക്ടുകൾ സമർപ്പിച്ചുവെന്നാണ് അദ്ദേഹം പറഞ്ഞത്. പ്രോജക്ടുകൾ സമർപ്പിച്ചാൽ പദ്ധതിയുണ്ടാകില്ല. പദ്ധതി ഇംപ്ലിമെൻറ് ചെയ്യണം. പദ്ധതി കേന്ദ്ര ഗവൺമെൻറിന് അയയ്ക്കാൻ ആർക്കും കഴിയും. പ്രോജക്ടുകളുണ്ടാക്കി കേന്ദ്ര ഗവൺമെൻറിന് അയച്ചിട്ട് ഞങ്ങൾ 16 പദ്ധതികൾ കേന്ദ്ര ഗവൺമെൻറിന് സമർപ്പിച്ചുവെന്ന് പറഞ്ഞാൽ വിദ്യുച്ഛക്തി ഉൽപ്പാദനം നടക്കില്ല. പദ്ധതി കാര്യക്ഷമമായി ആസൂത്രണം ചെയ്തു നടപ്പാക്കാൻ കഴിഞ്ഞ ഗവൺമെൻറിൻെറ കാലത്ത് എന്തു ചെയ്തുവെന്ന് പറയാനുള്ള ബാദ്ധ്യത പ്രതിപക്ഷത്തിനുണ്ട്. ഈ ഗവൺമെൻറ് ഇതിനോടകം ഈ നിയമസഭയിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കണം. 20-ാം നൂറാണ്ടിൻെറ സായം സന്ധ്യയിൽ നിന്ന് നോക്കുമ്പോഴാ പുതിയ നൂറാണ്ടിൻെറ ചെപ്പിനകത്ത് എന്തെല്ലാം അൽഭുതങ്ങളാണ് ഒളിച്ചുവച്ചിരിക്കുന്നതെന്ന് നമുക്കറിയില്ല. വൈജ്ഞാനിക മേഖലയിലും ശാസ്ത്ര സാങ്കേതിക രംഗങ്ങളിലും വൻപിച്ച കുതിച്ചു ചാട്ടമാണ് ഉണ്ടാവുക. മനുഷ്യമസ്തിഷ്കത്തിൽ ഇന്നുവരെ മാവിലപോലും കാണാൻ കഴിയാത്ത. നേട്ടങ്ങളുടെ പട്ടികകളായിരിക്കും പുതിയ 21-ാം നൂറാണ്ടിൻെറ ഓരോ നിമിഷവും കടന്നുപോകുന്നത്. പക്ഷേ എന്തിൻേറയും അടിസ്ഥാനം ഊർജ്ജമാണെന്നുള്ള വസ്തുത നാം മനസിലാക്കണം. ഇപ്പോഴത്തെ നാം വളരെ പിറകിലാണ്. ചെറുതും ഇടത്തരവും ബൃഹത്തും ഹ്രസ്വകാലവും, ദീർഘകാലവുമായ വിവിധ പദ്ധതികൾ സമയ ബന്ധിതമായി നടപ്പാക്കാൻ നമുക്ക് കഴിയണം. ഞാൻ ബഡ്ജറിൻെറ മററു വിശദാംശങ്ങളിലേക്ക് കടന്ന് പോകുന്നില്ല. ആരോഗ്യരംഗത്ത് കാപ്പിറൽ ഔട്ട്ലേ കഴിഞ്ഞ കുറെ വർഷങ്ങളായി കൂടുന്നില്ല. അതേ സമയം റവന്യൂ എക്സ്പെൻസ് കൂടുന്നു. വിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തുമാണ് കൂടുന്നത്. ആരോഗ്യരംഗത്ത് കഴിഞ്ഞ കാലത്തായി കാപ്പിറൽ ഔട്ട്ലേയിൽ വളരെ വർദ്ധനവ് കാണുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അത് ആശാവഹമാണ്. ഉപകരണങ്ങൾ വാങ്ങുന്നതിലും കെട്ടിടങ്ങൾ നിർമ്മിക്കുന്നതിലുമൊക്കെ വരുന്ന ചിലവാണ് കാപ്പിറേറൽ ഔട്ട്ലേയിൽ വരുന്നത്. ഇന്ന് നമ്മുടെ സംസ്ഥാനത്ത് കണ്ടുവരുന്ന ചില രോഗങ്ങളാണ് ജപ്പാൻ ജ്വരവും മലേറിയയും. ഇങ്ങനെയുള്ള രോഗങ്ങൾ കണ്ടുവരുമ്പോൾ കൂടുതൽ ഉപകരണങ്ങൾ വാങ്ങിക്കണം. സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. ഗവൺമെൻറ് പൂർണ്ണമായ ബഡ്ജറ് അവതരിപ്പിക്കാൻ പോകുന്നുവെന്ന് പറഞ്ഞ് അത് ഊഹിച്ചുകൊണ്ട് ശ്രീ. വർക്കല രാധാകൃഷ്ണൻ ഇടങ്കോലിട്ടു. അതല്ല, ഒരു ഇടക്കാല ബഡ്ജറാണ് എന്ന് പറഞ്ഞപ്പോൾ ഇതിലൊന്നുമില്ല എന്ന ആരോപണമായി. ഒരു തെരഞ്ഞെടുപ്പു മുന്നിൽ കണ്ടുകൊണ്ടുള്ള ബഡ്ജറല്ല ഗവൺമെൻറ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അതിൽ വലിയ പ്രഖ്യാപനങ്ങളില്ല. ഗവൺമെൻറ് കഴിഞ്ഞ കാലങ്ങളിൽ ചെയ്ത നല്ല കാര്യങ്ങൾ മുഴുവൻ ആ ബഡ്ജറിൽ പ്രതിപാദിച്ചിട്ടുണ്ട്. അത് തുടർന്നും നടത്താനുള്ള എല്ലാ പരിപാടികളും ആ ബഡ്ജറിലുണ്ട്. മൂന്നു ദിവസമായി എന്താണ് കേൾക്കുന്നത്? ഇവിടെ മറെറാന്നും പറയാനില്ലാത്തതുകൊണ്ട് രണ്ടു മൂന്നു ദിവസമായി പോലീസിനെക്കുറിച്ചും സ്ത്രീപീഡനത്തെക്കുറിച്ചുമാണ് വിമർശനം. ശ്രീമതി മീനാക്ഷി തമ്പാൻ പറഞ്ഞ കാര്യങ്ങളോട് ഞാൻ യോജിക്കുന്നു. സ്ത്രീപീഡനമുണ്ടെങ്കിൽ അതവസാനിപ്പിക്കണം. നമുക്കാർക്കും അത് ഭൂഷണമല്ല. ഏത് ഗവൺമെൻറ് ഭരിച്ചാലും അക്രമങ്ങളും അരാജകത്വവും അവസാനിപ്പിക്കേണ്ടതാവശ്യമാണ്. സ്ത്രീകളോടല്ല ക്രൂരത വേണ്ടത്. പക്ഷേ അതിനു മുഴുവൻ ഉത്തരവാദി ഐക്യ ജനാധിപത്യമുന്നണി ഗവൺമെൻറാണ്. ശ്രീ. എ. കെ. ആൻറണിയാണ് എന്നു പറഞ്ഞുകൊണ്ടുള്ള പ്രഖ്യാപനം വരുമ്പോൾ എന്താണ് കഴിഞ്ഞ ഗവൺമെൻറിൻെറ കാലത്ത് നടന്നത്. എന്ന് പരിശോധിക്കണം ശ്രീ. ബേബിജോൺ മന്ത്രിയായിരിക്കുമ്പോൾ 3-8-1989-ലെ അദ്ദേഹത്തിൻെറ പ്രസ്താവന ഇതാണ്, 'സ്ത്രീകളെ കഠിനമായി മർദ്ദിച്ചു, ശ്രീ. ബേബിജോൺ ആർ. എസ്. പി. യുടെ നേതാവ് ശ്രീ. ബേബിജോണിൻെറ പ്രസ്താവനയല്ല. സംസ്ഥാന ഇറിഗേഷൻ വകുപ്പുമന്ത്രിയായിരിക്കുമ്പോൾ ശ്രീ. ബേബിജോൺ നടത്തിയ പ്രസ്താവനയാണ്. അതു മാത്രമല്ല, ശക്തികുളങ്ങരയിൽ പോലീസ് നടത്തിയത് അതിക്രമം' ശ്രീ. ബേബിജോൺ 28-8-1989-ൽ ശ്രീ. ബേബിജോൺ മന്ത്രിയായിരിക്കുമ്പോൾ പറഞ്ഞതാണ്. സ്ത്രീകളെ അന്ന് ക്രൂരമായി മർദ്ദിച്ചുവെങ്കിൽ ശ്രീ. ഇ. കെ. നായനാർ പറഞ്ഞിട്ടാണെന്ന് ഞാൻ പറയില്ല. ഇടതുപക്ഷമുന്നണി ഗവൺമെൻറിൻെറ തീരുമാനപ്രകാരമാണ് സ്ത്രീകളെ മർദ്ദിച്ചതെന്ന് ഞാൻ പറയില്ല. ശക്തികുളങ്ങരയിൽ പോലീസ് അതിക്രമം കാണിച്ചുവെങ്കിൽ ശ്രീ. ബേബിജോണിൻെറ ആളുകളെ തല്ലിയിട്ടു വരാൻ ശ്രീ. ഇ. കെ. നായനാർ പറഞ്ഞു എന്നു പറയാനുള്ള മൗഢ്യം എനിക്കില്ല. പക്ഷേ ഇവിടെ എന്താണ് പറയുന്നത്? എവിടെയെങ്കിലും ഒറപ്പെട്ട ചില സംഭവങ്ങളുണ്ടായാൽ ആ സംഭവങ്ങളെ പെരുപ്പിച്ചു കാണിച്ചുകൊണ്ട് അതു മുഴുവൻ ശ്രീ. എ. കെ. ആൻറണി ഐ. ജി.യെ വിളിച്ച് പറഞ്ഞതാണ് എന്നു പറയുന്ന കാര്യങ്ങളിലേക്കാണ് പോകുന്നത്. അല്ലാതെ ഒന്നും പറയാനില്ല. തെരഞ്ഞെടുപ്പ് വരുന്നു. ആ തെരഞ്ഞെടുപ്പിൽ ചില കാര്യങ്ങൾ പറയണം. അങ്ങനെ പറയുന്നതിനുള്ള ഒരുക്കുകൂട്ടലാണ് ഈ നിയമസഭാവേദിയിൽ നടത്തുന്നത്. ശ്രീ. ജി. കാർത്തികേയനെക്കുറിച്ചും ശ്രീ. പന്തളം സുധാകരനെക്കുറിച്ചും അഴിമതിയാരോപണങ്ങളുന്നയിച്ചു. 1989 ജൂലായ് 10-ന് ശ്രീ. എം. വി. മാണി, അദ്ദേഹം ഇപ്പോൾ ശ്രീ. കെ. സി. ജോസഫിൻെറ പാർട്ടിയാണ്. അദ്ദേഹം ഈ നിയമസഭയിൽ ഉന്നയിച്ച ലോവർ പെരിയാർ വർക്കിന് എച്ച്. എസ്. സി. സി. ക്ക് രണ്ടു കോടി രൂപയോളം ഉണ്ടാക്കാൻ വേണ്ടി മാർക്സിസ്റ് പാർട്ടിയും ശ്രീ. ടി. ശിവദാസമേനോനും കൂടി

LIBRARY ARCHIVES Kerala Legislative Assembly

കൂട്ടുനിന്നുക്കൊണ്ട് 50 ലക്ഷം രൂപ വാങ്ങിച്ചു എന്നാരോപിക്കുകയാണ്. ഇത് പറഞ്ഞത് അന്നത്തെ എം. എൽ. എ. ആയ ശ്രീ. എം. വി. മാണി ഇപ്പോഴും പ്രതിപക്ഷത്താണ്. ഇതിനെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നു പറഞ്ഞപ്പോഴും സാദ്ധ്യമല്ല, അന്വേഷണ കമ്മീഷനു പൊയ്ക്കൊള്ളാനാണ് പറഞ്ഞത്. അപ്പോഴും അന്നത്തെ പ്രതിപക്ഷനേതാവ് ശ്രീ. കെ. കരുണാകരൻ പറഞ്ഞത്. അന്വേഷണ കമ്മീഷൻ ഇപ്പോഴും നിലവിലില്ല. അന്വേഷണ കമ്മീഷൻ നിലവിലില്ലാതെ എങ്ങനെയാണ് പോകുന്നത് എന്നാണ് അദ്ദേഹം ചോദിച്ചത്? അപ്പോഴും മറുപടി പറഞ്ഞത് അത് വരും. വരുമ്പോഴും പൊയ്ക്കൊള്ളാനാണ്. അന്വേഷണ കമ്മീഷനു പൊയ്ക്കൊള്ളാൻ പറഞ്ഞ ആളുകളും ഇന്നിവിടെ അഴിമതിയെക്കുറിച്ച് പറയുമ്പോഴും വാസവദത്തയുടെ ചാരിത്ര്യപ്രസംഗത്തെക്കുറിച്ചാണ് എനിക്ക് ഓർമ്മ വരുന്നത്. ഇതെല്ലാം തെരഞ്ഞെടുപ്പിനുവേണ്ടിയാണ്. ഇവർക്കറിയാം ഇതിനകത്ത് ഒന്നുമില്ലന്ന്. തെരഞ്ഞെടുപ്പിനുവേണ്ടി പുറത്തു പറയാൻ നാളെ ഒന്നുമില്ല. ഗാട്ട് കരാറിനെക്കുറിച്ചും ഒന്നും പറയാൻ പറ്റില്ല. അത് കുറെ പറഞ്ഞു. ഉദാരവൽക്കരണത്തെക്കുറിച്ചും പറയാൻ പറ്റില്ല. ഇനി ഇപ്പോഴും മുദ്രാവാക്യമില്ല. അപ്പോഴും കുറച്ചു മുദ്രാവാക്യം വേണം. തെരഞ്ഞെടുപ്പ് വരികയാണ്. അങ്ങനെ മുദ്രാവാക്യമുണ്ടാക്കുകയാണ്. ഇവിടെ പ്രസംഗിച്ച് പലരും തമ്മിലടിയെക്കുറിച്ച് പറഞ്ഞു. ഞങ്ങളാണ് തമ്മിലടി എന്നാണ് പറഞ്ഞത്. ഞാനിവിടെ വ്യക്തിപരമായി ആരേയും പറയുന്നില്ല. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായരുടെ കാര്യം നോക്കുകയാണെങ്കിൽ അദ്ദേഹത്തിന്റെ പാർട്ടിയുടെ കാര്യമാണ് ആഭ്യന്തര കാര്യമാണ്. അതിൽ നമ്മൾ ഇടപ്പെടാൻ പോകുന്നില്ല. പക്ഷേ എന്താണ് സംഭവിച്ചത് അദ്ദേഹത്തിന്റെ പാർട്ടിക്കകത്തുള്ള പ്രശ്നം വച്ചുകൊണ്ട് അദ്ദേഹത്തിനു കൊടുത്ത സീറ്റ് മാറി ഇരിക്കേണ്ടി വന്നതിനു ഞങ്ങളാണോ കുറ്റക്കാർ? ഇന്നത്തെ പത്രത്തിൽ ശ്രീ. വി. കേശവൻ എം. എൽ. എ. ക്ക് താക്കീത് നൽകിയിട്ടുണ്ട്. പാർട്ടി വിരുദ്ധ പ്രവർത്തനം നടത്തിയതിന്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ഞാൻ ആരേയും വ്യക്തിപരമായി ആക്ഷേപിക്കാൻ ആഗ്രഹിക്കുന്നില്ല. നഗരസഭാ ചെയർമാനും പുനലൂരിലെ പ്രമുഖനേതാവുമായ എൻ. ശിവരാജൻ പാർട്ടി വിട്ടു. സി. പി. എം.-ലെ ഉൾപോരിന്റെ ഭാഗമായാണ്. ഇതുണ്ടായത്. പിന്നെ ഇവരാണ് ഞങ്ങളുടെ പാർട്ടിയിലെ ഉൾപ്പോരിനെക്കുറിച്ച് പറയുന്നത്. മാർക്സിസ്റ്റ് പാർട്ടി കേഡർ പാർട്ടി അല്ലേ, ആ കേഡർ പാർട്ടിയിൽ ഇന്ന് നടക്കുന്ന കാര്യങ്ങളും എന്താണ്. നിങ്ങളുടെ സംസ്ഥാന കമ്മിറ്റിയിൽ ചർച്ച ചെയ്യുന്ന കാർയ്യങ്ങളും ഞങ്ങളുടെ പാർട്ടിയിലാണെന്ന് പറയുന്നു. നിങ്ങളുടെ പാർട്ടിയിൽ ഫ്രീസിംഗ് വരുന്നില്ലേ. ഞങ്ങളുടെ ഉൾപ്പോരിനെ കുറിച്ചാണ് പറയുന്നത്. ഇവർക്ക് യോജിച്ച് മുന്നാട്ടു പോകാൻ കഴിയുകയില്ല. ഇനിയും തമ്മിലടിക്കും, അതുകൊണ്ട് ഈ മുന്നണിക്ക് വോട്ട് കൊടുക്കരുതെന്ന് പറയാൻ വേണ്ടിയാണിത്. ഒരു തെരഞ്ഞെടുപ്പിനു പോകാൻ ഇത്രയും വേണോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. എ. കെ. ആൻറണി 150 കോടി വാങ്ങിയതായി പറയുന്നു. നിങ്ങളും ഇത്രയും പറയണമോ? ഇന്ത്യയിൽ ശ്രീ. ശങ്കരൻ നമ്പൂതിരിപ്പാടിനോട് ചോദിച്ചാൽ അദ്ദേഹം പറയുമോ? ശ്രീ. ആൻറണി അഴിമതിക്കാരനാണെന്ന് ശ്രീ. എ. കെ. ആൻറണിയുടെ ഓഫീസിൽ ഇതിനുവേണ്ടി പ്രത്യേകമായ ഒരു ക്ലിക്കുണ്ടെന്നു മനിനിഞ്ഞാന്ന് ഇവിടെ ശ്രീ. അച്ചുതാനന്ദൻ പ്രസംഗിച്ചു. നമ്മുടെ രാഷ്ട്രീയം പോയിപ്പോയി ഈ രംഗത്തേക്ക് കടക്കണമോ എന്തെങ്കിലും ഒരു തെളിവ് ഈ കാര്യത്തെക്കുറിച്ച് പറയാനുണ്ടോ? പ്രതിപക്ഷനേതാവിനെപോലെ ഒരാൾ ശ്രീ. എ. കെ. ആൻറണി 150 കോടി വാങ്ങിയെന്ന് പറയണമോ?

LIBRARY ARCHIVES Kerala Legislative Assembly

ഈ രാജ്യം എങ്ങോട്ടാണ് പോകുന്നത്. ഇതു തെരഞ്ഞെടുപ്പിന് വേണ്ടി യല്ലേ, ഇങ്ങനെ പോയാൽ രക്ഷയുണ്ടോ? കഴിഞ്ഞ ജില്ലാ കൗൺസിൽ തെരഞ്ഞെടുപ്പിൽ സദ്ദാംഹുസൈന്റെ കാര്യം പറഞ്ഞു. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ സംവരണമായിരുന്നു വിഷയം. ഈ തെരഞ്ഞെടുപ്പിൽ ഹിന്ദുകാർഡ് ആയുധമാക്കാൻ പോകുകയാണ്. ശ്രീ. എ. കെ. ആൻറണി ഇവിടെ സൂചിപ്പിച്ചതുപോലെ ശിവഗിരിക്ക് എതിരായി മുഖപ്രസംഗം എഴുതിയ ആളുകളാണ് ഇന്ന് ശിവഗിരി വക്താക്കളായി മാറുന്നത്. എൻ. എസ്. എസ്.-നു വേണ്ടി വാദിക്കാൻ മാർക്സിസ്റ്റ് പാർട്ടി ആരെക്കാളും മുമ്പേ വരുന്നത് വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ അതിനുള്ള സാഹചര്യം ഒരുക്കുകയാണ്. നായർ സർവ്വീസ് സൊസൈറ്റി യോട് ഭയങ്കര സ്നേഹമാണ്. ഇതെല്ലാം വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ ഹിന്ദുവർഗ്ഗീയത ഇളക്കിവിട്ട് അഴിമതിയുടെ പുകമറ സൃഷ്ടിച്ചുകൊണ്ട് ഇല്ലാത്ത കാര്യങ്ങൾ പെരുപ്പിച്ചു കാണിച്ച് തെരഞ്ഞെടുപ്പിൽ കടന്ന് പോകാമെന്നാണ് ഇടതുപക്ഷജനാധിപത്യമുന്നണിയും മാർക്സിസ്റ്റ് പാർട്ടിയും ആഗ്രഹിക്കുന്നത്. തെരഞ്ഞെടുപ്പിന് മുൻപായി അവതരിപ്പിച്ച ബഡ്ജറ്റ് എന്നുള്ള നിലയ്ക്ക് വളരെ കാര്യങ്ങൾ കൊണ്ടുവന്ന് മുന്നോട്ട് പോകാൻ നമുക്ക് കഴിഞ്ഞിട്ടില്ല. പരിമിതികൾ ഉണ്ടായിരുന്നു. ആ പരി മിതികൾക്കുള്ളിൽനിന്നുകൊണ്ട് കാര്യക്ഷമമായ ജനക്ഷേമപരിപാടികൾ തുടർന്നുപോകാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ടുള്ള ഒരു ബഡ്ജറ്റ് കൊണ്ടുവരാൻ ഈ ഗവൺമെൻറിന് കഴിഞ്ഞു. അതിനെതിരായി ഇവിടെ നടക്കുന്ന കാര്യങ്ങൾ ജനകീയ കോടതിയിൽ ജനങ്ങൾ തള്ളികളയും. ഈ സംസ്ഥാനത്തിന് പുതിയ വികസനനയവും ഒരു സംശുദ്ധിയുടെ രാഷ്ട്രീയ സാഹചര്യവും ഒരുക്കിയ ഐക്യജനാധിപത്യമുന്നണിയെ തിരിച്ച് കൊണ്ടുവരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇതിനെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. കെ. പി. മമ്മു മാസ്റ്റർ : സർ, ഞാൻ ഈ ഇടക്കാല ബഡ്ജറ്റിനെ എതിർക്കുകയാണ്. തികച്ചും സാങ്കേതികവും അനുപേക്ഷണീയവുമായ ഒരു നടപടിക്രമം എന്നതിൽ കവിഞ്ഞ് ഒരു പ്രാധാന്യവും ഈ ഇടക്കാല ബഡ്ജറ്റ് അവതരണത്തിൽ ഇല്ല. നമ്മുടെ ഭരണപക്ഷവും അതുപോലെ ധന കാര്യ വകുപ്പുമന്ത്രിയും ഇതിനെ സമ്പൂർണ്ണ ബഡ്ജറ്റിന്റെ ഭാവഹാവാദി കളോടുകൂടിയാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഊതി വീർപ്പിച്ച പൊള്ളയായ കുറെ അവകാശവാദങ്ങൾ, അവയെ ന്യായീകരിക്കാൻ പാകത്തിൽ വളച്ചൊടിച്ച് വികൃതമായ കുറെ സ്ഥിതി വിവര കണക്കുകൾ ഇവയാണ് ധനമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിന്റെ ആകെത്തുക. ബഡ്ജറ്റിന്റെ ആധികാരികതയോ പരിപാവനതയോ അവകാശപ്പെടാൻ സാദ്ധ്യമല്ലാത്ത നമ്മുടെ ധനമന്ത്രിയുടെ വരണ്ട വാചകമേള യഥാർത്ഥത്തിൽ സംസ്ഥാന ഖജനാവിന്റെ ചെലവിലേക്കുള്ളതല്ല. ഐക്യജനാധിപത്യമുന്നണിയുടെ തെരഞ്ഞെടുപ്പ് പ്രചരണ ഉദ്ഘടനം മാത്രമായിരുന്നു. അതിലപ്പുറം ഇതിൽ ഒന്നും കാണുന്നില്ല. ബഡ്ജറ്റ് പ്രസംഗത്തിന്റെ ആദ്യഭാഗം കേന്ദ്ര സർക്കാരിന്റെ പുത്തൻ സാമ്പത്തിക നയങ്ങളുടെ കേമത്വം വിളിച്ചു പറയലാണ് ഉപയോഗിച്ചത്. ഞാൻ ദേശീയ രാഷ്ട്രീയത്തിലേക്ക് പോകുക ഇല്ല. ഇങ്ങനെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുകൊണ്ടുമാത്രം അത് സംബന്ധ മായ ഒന്നു രണ്ടു കാര്യങ്ങൾ ഞാൻ പറയുകയാണ്. ബഡ്ജറ്റ് പ്രസംഗത്തിലെ രണ്ടാം പേജിൽ നാലാം ഖണ്ഡികയിൽ മന്ത്രി പറയുന്നത് ഇന്ന് അഞ്ചു വർഷ ങ്ങൾക്കുശേഷം അടുത്ത തെരഞ്ഞെടുപ്പിന് നാം തയ്യാറെടുക്കുമ്പോൾ, ആത്മ വിശ്വാസത്തോടും പ്രത്യാശയോടുംകൂടി പുരോഗതിയുടെയും വളർച്ചയുടെയും ഒരു പുതിയ ചിത്രം അവതരിപ്പിക്കാൻ കഴിയുന്നതിൽ വിനയപൂർവ്വം ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

അഭിമാനം കൊള്ളുന്നു. ശ്രീ. പത്മരാജൻ അഭിമാനം കൊള്ളുന്ന ഇന്ത്യൻ സമ്പത്ത് വ്യവസ്ഥയുടേയും വളർച്ചയുടേയും പൊതുചിത്രം എന്താണ് ? കഴിഞ്ഞ നാലാം തീയതിയിലെ ഫൈനാൻഷ്യൽ എക്സ്പ്രസ്സിൽ പറയുന്നത് ഇന്ത്യയുടെ വിദേശകടത്തെയും ആഭ്യന്തരകടത്തെയും സംബന്ധിച്ചാണ് അതിൽ പറയുന്നത്. India's total debt is stated to go up by about Rs. 62,000 crore by the end of 1996-97 leading to a cumulative debt figure of Rs. 6,67,331, 89 crore. ശ്രീ. നരസിംഹറാവുവിന്റെ കൊട്ടി ഘോഷിക്കപ്പെട്ട പുത്തൻ സാമ്പത്തികനയം നമ്മുടെ ഇന്ത്യാ മഹാരാജ്യത്തെ എവിടേയ്ക്കാണ് എത്തിച്ചിരിക്കുന്നത്. 6,67, 331. 89 കോടി രൂപയുടെ കടം ഇനിയും വർദ്ധിപ്പിക്കാനിരിക്കുകയാണ്. ഇൻഡ്യൻ രൂപയുടെ വിനിമയമൂല്യം കുത്തനെ ഇടിഞ്ഞു. നിങ്ങൾ അധികാരത്തിൽ വരുമ്പോൾ ഇന്ത്യൻ രൂപയുടെ മൂല്യം ഡോളറിന് 19 ഇന്ത്യൻ രൂപയായിരുന്നു. ഇപ്പോൾ 100% ആയി വർദ്ധിച്ചു. അതായത് ഇന്ത്യൻ രൂപയുടെ മൂല്യം 100 ശതമാനമായി കുറഞ്ഞു. 38-ൽ ചെന്നെത്തിയിരിക്കുകയാണ്. അതിന്റെ ഫലമായി നമ്മുടെ കടഭാരം എത്ര കൂടി എന്ന കാര്യത്തെ കുറിച്ച് പറയാൻ പോകുന്നില്ല. നമ്മുടെ രൂപയുടെ മൂല്യം ഒരു നയാപൈസ കുറഞ്ഞാൽ വിദേശകടം 100 കോടി വർദ്ധിക്കും. നമ്മുടെ ഇറക്കുമതിയിൽ പ്രധാന ഐറ്റം പെട്രോൾ ആണ്. അത് ഇറക്കുമതി ചെയ്യുന്ന കാര്യത്തിൽ നമ്മുടെ രൂപയുടെ കുത്തനെയുള്ള മൂല്യശോഷണത്തിന്റെ ഫലമായി എത്രയധികം ബാദ്ധ്യത നമുക്ക് വന്നിട്ടുണ്ട്. 4,000 കോടി രൂപയെന്നാണ് പത്രറിപ്പോർട്ട് വന്നിരിക്കുന്നത്. ഇനിവരാൻ പോകുന്ന 1996-97-ലെ ബഡ്ജറിൽ അത് പ്രതിഫലിക്കുകയില്ലേ ? പെട്രോൾ, ഡീസൽ, മണ്ണെണ്ണ, പാചകഗ്യാസ് തുടങ്ങിയവയുടെ വില വൻതോതിൽ കൂതിച്ചുകയറാൻ പോകുകയാണ്. ആ വില വർദ്ധന അവിടെ നിൽക്കുമോ ? മറ്റ് മേഖലകളിലുണ്ടാകുന്ന വില വർദ്ധനവിന്റെ തോത് എന്താണ്. ഒരു വിലവർദ്ധനയുടെ മാലപ്പടക്കത്തിനുതന്നെ തിരികൊളുത്തുന്നതാണ് ഈ സ്ഥിതിവിശേഷം. ഈ ഭാരം മുഴുവൻ വഹിക്കേണ്ടത് സാധാരണക്കാരനാണ്. സാധാരണക്കാരനെ നിങ്ങൾക്ക് ഒട്ടും പഥ്യമല്ലല്ലോ. നിങ്ങളുടെ ചിത്രത്തിൽ സാധാരണക്കാരനില്ലല്ലോ. നിങ്ങൾക്കാവശ്യം കമ്പോളങ്ങളിൽ ക്രയശേഷിയുള്ള സമ്പന്നവിഭാഗത്തെ മാത്രമല്ലേ ? ഈ സാമ്പത്തിക വ്യവസ്ഥയുടെ ചിത്രങ്ങൾ കണ്ടുകൊണ്ടാണോ നമ്മുടെ ധനകാര്യവകുപ്പുമന്ത്രി ഇവിടെ അഭിമാനം കൊള്ളുന്നത്. ഞാൻ കൂടുതൽ കാര്യങ്ങളിലേക്കു പോകുന്നില്ല. ബഡ്ജറ് പ്രസംഗത്തിന്റെ 44-ാം ഖണ്ഡികയിൽ 1996-97 വർഷത്തേക്കുള്ള വാർഷികപദ്ധതി അടങ്കൽ 2100 കോടി രൂപ ആയി നിജപ്പെടുത്തിയിരിക്കുകയാണ്. ഇതിൽ മറ്റു മേഖലകളിലും സംഖ്യകളൊക്കെ പറഞ്ഞിട്ടുണ്ട്. കൃഷിയും അനുബന്ധമേഖലയും 207.25 കോടി രൂപ വ്യവസായ മേഖലയിൽ, ഗതാഗത മേഖലയിൽ അങ്ങനെയുള്ള എല്ലാ മേഖലകളിലേക്കും പറഞ്ഞിട്ടുണ്ട്. സമയമില്ലാത്തതുകൊണ്ട് ഞാനത് വായിക്കുന്നില്ല. ഈ വാർഷിക പദ്ധതിയുടെ അടിസ്ഥാനത്തിലാണല്ലോ ബഡ്ജറ് അവതരിപ്പിച്ചിരിക്കുന്നത്. എന്ത് ആധികാരികതയാണുള്ളത്. ആസൂത്രണ കമ്മീഷന്റെ അംഗീകാരം ലഭിച്ച വാർഷിക പദ്ധതിയാണോ ഇത്. വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ പല നടപടിക്രമങ്ങളും ഉണ്ടല്ലോ. പ്ലാനിംഗ് കമ്മീഷനുമായിട്ട് ചർച്ച പൂർത്തീകരിക്കാതെ വാർഷിക പദ്ധതി തയ്യാറാക്കാൻ കഴിയുമോ ? കേന്ദ്രവിഹിതം മൊത്തത്തിൽ എന്തു കിട്ടുന്നു എന്നുള്ളതല്ലല്ലോ. ഗ്രാമവികസന കാര്യങ്ങളിൽ ഫിഷറീസ് വികസന കാര്യങ്ങളിൽ കൃഷി വ്യവസായം എന്നീ മേഖലകളിൽ കേന്ദ്രത്തിന്റെ പ്രത്യേക സഹായം എത്രകിട്ടുമെന്നു കാണണ്ടേ. മാത്രമല്ല വിദേശ സഹായത്തോടുകൂടിയുള്ള വികസനപദ്ധതികൾ പ്ലാനിംഗ് കമ്മിഷനുമായിട്ടുള്ള ചർച്ചയ്ക്കു ശേഷമാണ് എത്രയാണെന്ന് ബോദ്ധ്യപ്പെടുക. ഇതൊന്നും അറിയാതെ

LIBRARY ARCHIVES Kerala Legislative Assembly

പ്ലാനിംഗ് കമ്മിഷനുമായിട്ട് ചർച്ച പൂർത്തിയാക്കാതെ ഇവിടെ 2,100 കോടി രൂപയുടെ കണക്ക് എഴുതിവച്ചതിന് യാഥാർത്ഥ്യവുമായി എന്തു ബന്ധമാണുള്ളത്. പ്ലാനിംഗ് കമ്മീഷൻ പറഞ്ഞു 1996-97-ലേക്കുള്ള വാർഷിക പദ്ധതിയെക്കുറിച്ച് തെരഞ്ഞെടുപ്പിനുശേഷം അധികാരത്തിൽ വരുന്ന പുതിയ സർക്കാരുമായി മാത്രമേ ചർച്ച നടത്തുകയുള്ളുവെന്ന്. പിന്നെ ഈ കാര്യം ഇത്ര ധൃതി പിടിച്ച് ഇവിടെതിരുകിക്കയറ്റിയത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല. ഈ പ്രസംഗത്തിൽതന്നെ 44-ാം ഖണ്ഡികയുടെ അവസാന ഭാഗത്ത് മൊത്തത്തിൽ പദ്ധതി അടങ്കലിൽ പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ വിഹിതമായി നിശ്ചയിച്ചിട്ടുള്ളത് 450.64 കോടി രൂപയാണ്. അധികാര വികേന്ദ്രീകരണത്തെ സംബന്ധിച്ച് പ്രസംഗം നടന്നല്ലോ. മാറുള്ളവർ പുരപ്പുറത്തു കയറി പ്രസംഗിച്ചില്ലേ. അധികാര വികേന്ദ്രീകരണം അർത്ഥപൂർണ്ണമാകണമെന്ന് ആഗ്രഹിക്കുന്ന ഒരു സർക്കാരാണ് ഇതെങ്കിൽ ദയവുചെയ്ത് ചോദിക്കട്ടെ, ഈ സംഖ്യ മതിയോ? വിവിധ തലത്തിലുള്ള പഞ്ചായത്തുകൾക്കും അതുപോലെ നഗരപാലികാ സ്ഥാപനങ്ങൾക്കും പ്രവർത്തിക്കാൻ ഈ സംഖ്യ മതിയോ? 1991-92-ൽ എൽ.ഡി.എഫ്. ഗവൺമെൻറ് നീക്കിവച്ച സംഖ്യ നിങ്ങൾ ഓർമ്മിക്കുന്നുണ്ടാകും. എൽ. ഡി. എഫ്. സർക്കാർ അന്ന് രൂപം കൊടുത്ത വാർഷികപദ്ധതി അടങ്കൽ 80 കോടി രൂപയായിരുന്നു. അതിന്റെ 45 ശതമാനത്തിലധികം വരുന്ന 363·98 കോടി രൂപ എൽ.ഡി.എഫ്. ഗവൺമെൻറ് ജില്ലാ കൗൺസിലുകൾക്കുവേണ്ടി നീക്കിവച്ചു. ഇന്ന് നമ്മുടെ വാർഷികപദ്ധതി അടങ്കൽ 2,100 കോടി രൂപയെന്നാണ് നിങ്ങൾ പറയുന്നത്. എൽ.ഡി.എഫ്. സർക്കാർ നീക്കിവച്ച അതേ അനുപാതത്തിൽ തന്നെ. നിങ്ങൾ 45 ശതമാനം എന്നു പറയുമ്പോൾ 945 കോടി രൂപയെങ്കിലും. ഇന്ന് പഞ്ചായത്തു സ്ഥാപനങ്ങൾക്കു കൊടുക്കേണ്ടതാണ്. നിങ്ങൾ കൊടുക്കുമെന്നു പറയുന്നത് 450 കോടി രൂപ. അതുതന്നെ നേരിട്ട് പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് കൊടുക്കുകയാണോ, അല്ല. ജില്ലാതല ഉദ്യോഗസ്ഥൻമാർക്ക് കൊടുക്കും. അവരിൽനിന്ന് വേണം പഞ്ചായത്തുകൾക്ക് കിട്ടാൻ. കേന്ദ്രാവിഷ്കൃതപദ്ധതികൾ ഒന്നും തന്നെ പഞ്ചായത്തുകൾക്ക് കൈമാറുന്നില്ല. നിങ്ങളുടെ ബഡ്ജറ്റ് രേഖകൾ തന്നെ അതു പറയുന്നു. അധികാര വികേന്ദ്രീകരണം കൊട്ടിഘോഷിച്ച് നിങ്ങൾ പ്രസംഗിച്ചാൽ കേവലം അതൊരു പ്രഹസനമാവുകയേയുള്ളു. എന്റെ മണ്ഡലത്തിൽ തന്നെ എനിക്ക് ഒരു അനുഭവമുണ്ട്. ഇത് നിങ്ങളുടെ സപ്ലിമെൻററി ബഡ്ജറാണ് ആഗസ്റ്റിൽ ശ്രീ. ആൻറണി വന്നപ്പോൾ പ്രത്യേകിച്ച് പ്രാധാന്യം കൊടുത്ത് കൊണ്ടുവന്ന ബഡ്ജറ്. അതിൽ 19-ാം പേജിൽ 16-ാമത്തെ ഐറ്റം തലശ്ശേരിയിൽ ഗവൺമെൻറ് ഗേൾസ് ഹൈസ്കൂൾ, തിരുവങ്ങാട്, അതിന്റെ ബിൽഡിംഗിന്റെ എസ്റ്റിമേറ്റ് 24 ലക്ഷം രൂപ. ആ ബിൽഡിംഗിന്റെ പണിക്ക് ഈ കൊല്ലം 6 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. ഇതിന്റെ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കഴിഞ്ഞവർഷം ഏപ്രിലിൽ കിട്ടിയതാണ്. ഇപ്രാവശ്യം അതിന് സ്പെഷ്യൽ സാങ്ഷനുവേണ്ടി ഞാൻ ഫോളോ അപ് നടത്തി. അങ്ങനെ ധനകാര്യവകുപ്പിലെത്തിയപ്പോൾ ധനകാര്യവകുപ്പുമന്ത്രി പറഞ്ഞത് ഈ സ്കൂൾ ബിൽഡിംഗുകളെല്ലാം ജില്ലാ പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്തിരിക്കുന്നുവെന്നാണ്. അതുകൊണ്ട് അവർ അതു നടത്തുമെന്ന് പറഞ്ഞു. അവിടെ ചെന്നു നോക്കിയപ്പോൾ അവർക്ക് പണമില്ല. നയപ്രഖ്യാപനപ്രസംഗത്തിൽ ഗവർണ്ണറെകൊണ്ടു പറയിച്ചത് 10 ലക്ഷം പേർക്ക് പ്രത്യേക തൊഴിൽ ലഭ്യമാക്കിയെന്നാണ്. അതിന്റെ നിജസ്ഥിതി ശ്രീ. ശിവദാസമേനോൻ ചോദിച്ചപ്പോൾ ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞത്

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യമാക്കി എന്നതിനർത്ഥം കൊടുത്തു എന്നല്ല കിട്ടാൻ അവസാരമുണ്ടാക്കി യെന്നാണ്. എന്തു കേട്ടാലും ജനം അത് വിശ്വസിച്ചുകൊള്ളും എന്നു ധരിച്ചി ട്ടാണോ എന്തോ ഇവർ അധികാരത്തിൽ കയറിയതു മുതൽ ബഡായി പറയുന്നുത്. എന്തെല്ലാം ബഡായി പറഞ്ഞു. നിത്യോപയോഗ സാധനങ്ങളുടെ വില കുറയ്ക്കൽ, മലയോര വികസന അതോറിറ്റി, മലയോര കൃഷിക്കാർക്ക് പട്ടയം, പൂയംകുട്ടി പദ്ധതിക്ക് കേന്ദ്ര ത്തിന്റെ അന്തിമാനുമതി, അതിന്റെ പണി ആരംഭിക്കൽ. കായംകുളം തെർമൽ പ്ലാന്റിന്റെ കമ്മിഷനിംഗ്. ഇവിടെ നിന്ന് പഴയ മുഖ്യമന്ത്രി പ്രതിപക്ഷത്തെ നോക്കി തുള്ളിച്ചാടി പറഞ്ഞതാണ്. രണ്ടു തവണ നിങ്ങൾ തറക്കല്ലിട്ടു എന്തോന്നാണ് നിങ്ങൾ നടത്തിയത് ? പക്ഷെ ജനങ്ങൾ ഇന്നും ഇരുട്ടിലാണ് ഇപ്പോഴും ഇങ്ങോട്ടാണ് കുറ്റം. നിങ്ങൾ വെറും ബഡായി പറയുകയാണ്. യു. ഡി. എഫ്-ന്റെ നേതൃത്വത്തിലുള്ള ബഡായി. ഞാൻ ഒരു പുസ്തകം വായിച്ചു. Strides of growth നിങ്ങൾ 1994-ജൂണിൽ പ്രസിദ്ധീകരിച്ചതാണ്. അതിൽ പറയുന്നത്, ബഡായിയുടെ ഏറ്റവും വലിയ ക്ലാസിക്കൽ എക്സാം ബിളാണത്. A major project of Rs. 9488 crores capable of providing permanent employment for 93 lakhs.

Mandays എന്നല്ല പറഞ്ഞത് .....permanent employment for 93 lakhs and temporary jumbs for 14 lakhs in a period of 5 years is under implementation. ബഡായി പറയുന്നതിന് അതിരു വേണം. അഞ്ചുകൊല്ലം കൊണ്ട് 24 ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. 24 ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്നു പറഞ്ഞ നിങ്ങൾ 24,000 പേർക്കെങ്കിലും തൊഴിൽ കൊടുത്തോ ? പുതുതായി തൊഴിൽ കൊടുക്കുന്ന കാര്യം പോകട്ടെ. തൊഴിൽ ഉള്ളവരുടേതെങ്കിലും സംരക്ഷിക്കാൻ കഴിഞ്ഞോ ? ഇവിടെ ശ്രീ. ആര്യാടൻ മുഹമ്മദ് മാർച്ച് 12-ാം തീയതി ഇൻഡ്യൻ എക്സ്പ്രസ്സിൽ പറഞ്ഞിരിക്കുന്നു Closures rendered 21,000 jobless.

ഞാൻ സമയമില്ലാത്തതുകൊണ്ട് മുഴുവൻ വായിക്കുന്നില്ല. ഇവിടെ കൂടുതൽ ആളുകൾക്ക് തൊഴിൽ കൊടുക്കാൻ കഴിഞ്ഞില്ല എന്നു മാത്രമല്ല നിലവിലുള്ള വരുടെ തൊഴിൽ പോലും നിങ്ങൾ നഷ്ടപ്പെടുത്തി. അതല്ലേ വാസ്തവം. കെ. എസ്. ഇ. ബി. യിലും, കെ. എസ്. ആർ. ടി. സി. യിലും വിദ്യാഭ്യാസ വകുപ്പിലും അതുപോലെ ഗവൺമെന്റിന്റെ വിവിധ ഡിപ്പാർട്ടുമെന്റു കളിലും നിയമനനിരോധനമല്ലേ. വേക്കൻസികൾ റിപ്പോർട്ട് ചെയ്യുന്നില്ല. റാങ്ക് ലിസ്റ്റുകൾ ലാപ്സാകുന്നു. പൊതു മേഖലാസ്ഥാപനങ്ങളിലും, പരമ്പരാഗത വ്യവസായ മേഖലയിലും തൊഴിലവസരങ്ങൾ കുത്തനെ കുറയുന്നു. കശുവണ്ടി കോർപ്പറേഷനിൽ 1994-95-ൽ 48.379 പേർക്ക് ജോലി നൽകി. അത് നടപ്പുവർഷം 25,157 ആയി കുറഞ്ഞു. എന്നിട്ടും ശ്രീ. ആര്യാടൻ ബഡായി പറയുകയാണ്. ഇവിടെ പറഞ്ഞിരിക്കുന്നത് ഈ മന്ത്രിസഭ ആയിരിക്കും ഒരുപക്ഷേ തുടർന്ന് വരുന്ന മന്ത്രിസഭയ്ക്ക് ആദ്യമായി ഇത്ര ഭദ്രമായ ഖജനാവ് കൈമാറുന്നത് എന്ന്. സഖാവ് പിണറായി വിജയൻ ഇന്നലെ വളരെ വ്യക്തമായി മറച്ചുവച്ച സാമ്പത്തിക ഭദ്രതയെ സംബന്ധിച്ചു പറഞ്ഞു. അതു ഞാൻ ആവർത്തിക്കുന്നില്ല. പക്ഷേ ഒന്നു ചോദിക്കട്ടെ.

സർ, 12-3-1996-ലെ ഇൻഡ്യൻ എക്സ്പ്രസ്സ് പത്രത്തിൽ എന്താണ് പറഞ്ഞത് State debt ubrden doubles during UDF to rule:

The State's debt burden had increased from Rs. 4729.26 crores to 9192.70 crores. ശ്രീ. പത്മരാജൻ ഇവിടെ പറഞ്ഞത് എത്രയാണ് വർദ്ധനവ്, പലിശയിനത്തിൽ മാത്രം 962.41 കോടി രൂപ ഇപ്രാവശ്യം

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തിരിക്കുന്നു. അടുത്ത വർഷം കടഭാരം 1995-96-നേക്കാൾ 16.98 ശതമാനം വർദ്ധിക്കുമെന്നാണ് പറഞ്ഞത്. ഇതാണോ സർ ഭദ്രത? നമ്മുടെ സംസ്ഥാന ബജറ്റിന്റെ ഭദ്രത ഇതാണോ? വിദ്യാഭ്യാസത്തെ സംബന്ധിച്ച് രണ്ടുകാര്യങ്ങൾ പറഞ്ഞ് അവസാനിപ്പിക്കാം. വിദ്യാഭ്യാസ കാര്യത്തിൽ നിങ്ങളുടെ പിഴച്ച പോക്കിനെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ അഞ്ചു വർഷമായിട്ട് ഞങ്ങൾ നിരന്തരമായി പോരാടുകയായിരുന്നു. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്കു പോകുന്നില്ല. അന്നു ഞങ്ങൾ വിമർശനങ്ങൾ ഉന്നയിക്കുമ്പോൾ നിങ്ങൾ പറഞ്ഞതു രാഷ്ട്രീയാടിസ്ഥാനത്തിനുള്ള ഒരു വിമർശനമാണ്. നിങ്ങൾക്ക് കക്ഷി രാഷ്ട്രീയത്തിന്റെ കണ്ണുകളിൽ കൂടിയേ അതു കാണാൻ കഴിയുകയുള്ളു. ഞങ്ങളുടെ വിമർശനം രാഷ്ട്രീയ പ്രേരിതമാണെന്ന് നിങ്ങൾ പറഞ്ഞു. മാത്രമല്ല വിദ്യാഭ്യാസ രംഗത്തുണ്ടാകുന്ന നൂതന പ്രവണതകളെ കാണാനും ഉൾക്കൊള്ളാനും കഴിയാത്ത പഴഞ്ചൻമാരാണ് ഞങ്ങൾ എന്നു പറഞ്ഞു. നിങ്ങൾ വളരെ മുൻതിരിപ്പൻമാരാണ്. സമ്മതിച്ചു. പക്ഷേ ഞങ്ങൾക്ക് സന്തോഷമുണ്ട്. ഞങ്ങൾ അന്നു ഉന്നയിച്ച വിമർശനങ്ങൾ ശരിയായിരുന്നുവെന്ന് ഇന്നെങ്കിലും നിങ്ങളിൽ ചിലരെങ്കിലും സമ്മതിച്ചല്ലോ. ശരിയാണെന്നു നിങ്ങൾക്കു തോന്നിതുടങ്ങിയില്ലേ? മലയാള മനോരമയിൽ ശ്രീ. രമേശ് ചെന്നിത്തല എം. പി. യുടെ ഒരു പ്രസ്താവനയുണ്ട്. സംസ്ഥാന വിദ്യാഭ്യാസ മന്ത്രിയെ നിലയ്ക്കു നിർത്തണം യാതൊരു നിയന്ത്രണവും മില്ലാതെ സ്കൂളുകൾ അനുവദിക്കുന്ന നയം അവസാനിപ്പിക്കണമെന്ന് കെ. എസ്. യു. (ഐ) സംസ്ഥാന സമ്മേളനത്തിൽ വാദിച്ചു. അദ്ദേഹം ആവശ്യത്തിലധികം സ്കൂളുകൾ അനുവദിച്ച് വിദ്യാഭ്യാസത്തെ കച്ചവടമാക്കി മാറ്റുന്നതിനെതിരായി കെ. എസ്. യു. പ്രതികരിച്ചേ പറ്റൂ. വിദ്യാഭ്യാസ മേഖലയെ ശുദ്ധീകരിക്കുന്നതിന് ക്രിയാത്മകമായ നടപടി മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നു ഉണ്ടാകണമെന്ന് ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞു. മിനിഞ്ഞാന്നു ചേർന്ന മന്ത്രിസഭാ യോഗത്തിൽ പുതുതായി സ്കൂൾ അനുവദിക്കാനുണ്ടായ നിർദ്ദേശം, മന്ത്രിസഭാ തീരുമാനമെടുക്കാതെ മാറ്റിവച്ചു. ഇതുസംബന്ധിച്ച് വിദ്യാഭ്യാസ മന്ത്രി ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന്റെ നിർദ്ദേശം മന്ത്രിസഭാ യോഗത്തിൽ എതിർപ്പിന് കാരണമായി. പുതിയ സ്കൂൾ വേണമെന്ന ആവശ്യത്തെ മുഖ്യമന്ത്രിയും എതിർത്തതായി അറിയുന്നു. ഞങ്ങൾ അന്നുന്നയിച്ച വിമർശനം ശരിയാണെന്ന് ഇന്ന് നിങ്ങൾ പറയുന്നു. ഭയപകടകരമാണ് ഈ പോക്കെന്ന് ഞങ്ങൾ പറഞ്ഞു. അന്നു നിങ്ങൾക്കു മനസ്സിലായില്ല. നിങ്ങൾ എപ്പോഴും അങ്ങനെയാണ്. ഞങ്ങൾക്ക് കാണാൻ കഴിയുന്ന ശരി കുറെകഴിഞ്ഞേ നിങ്ങൾക്കു കാണാൻ കഴിയു. വിദ്യാഭ്യാസത്തെ കച്ചവടച്ചരക്കാക്കിയിരിക്കുന്നുവെന്നു നിങ്ങൾ സമ്മതിച്ചല്ലോ. അടിയന്തിരമായി ഈ തെറ്റായ നയം തിരുത്തി വിദ്യാഭ്യാസ രംഗത്തുള്ള പുരോഗമനവും സാധാരണക്കാരന് പഠിക്കാൻ കിട്ടിയ അവകാശവും ആരുടെയും ഔദാര്യമായിരുന്നില്ല. ഒരുകാലത്ത് സമ്പന്നർക്കും സവർണ്ണർക്കും മാത്രമേ പഠിക്കാൻ പാടുള്ളുവെന്നു നിയമമുണ്ടായിരുന്നു നമ്മുടെ നാട്ടിൽ. അതു പാലിച്ചു പോന്ന നാടായിരുന്നു നമ്മുടേത്. അതിൽനിന്നും സാധാരണക്കാരനും സമ്പന്നനും ദരിദ്രനുമെല്ലാം സ്ത്രീ പുരുഷ വ്യത്യാസമില്ലാതെ ജാതി മത വ്യത്യാസമില്ലാതെ എല്ലാവർക്കും പഠിക്കാമെന്നുള്ള രീതിയിലേക്ക് നമ്മുടെ സംസ്ഥാനം വളർന്നുവന്നു. അതിനെ തിരിച്ചുകൊണ്ടു പോകാനാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്, ശ്രമിച്ചുകൊണ്ടിരിക്കുന്നത്? പണമുള്ളവനെ പഠിക്കാൻ പാടുള്ളുവെന്നു പറഞ്ഞിട്ടുണ്ടോ? പണമുള്ളവനു പഠിക്കാനുള്ള സ്ഥാപനങ്ങളുണ്ടാക്കുന്നില്ലേ. നിങ്ങൾ ഉണ്ടാക്കിക്കൊള്ളു. പക്ഷേ ഒരു കാര്യമുണ്ട്. ആ സ്ഥാപനങ്ങൾ വരുന്നതിന്റെ ഫലമായിട്ട് പൊതു

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാലയങ്ങളിൽ കുട്ടികളും കുറയുമ്പോൾ, അൺ ഇക്കണോമിക് എന്നു പറഞ്ഞ് അതിനെ പൂട്ടിയിടുകയാണ്. നിങ്ങൾ ശ്രീ. കെ. സി. ജോസഫിനോട് ചോദിച്ചു നോക്കൂ. ശ്രീ. നൂറുദ്ദീൻ സാഹിബിനോടും ശ്രീ. കെ. എം. സൂപ്പിയോടും ചോദിച്ചു നോക്കൂ. കണ്ണൂർ ജില്ലയിൽ എത്ര സ്കൂളുകൾ അൺ ഇക്കണോമിക് എന്നു പറഞ്ഞു പൂട്ടിയില്ല എന്നു പറയൂ. അടച്ചു പൂട്ടിയിട്ടില്ല എന്നു മന്ത്രി പറഞ്ഞതു ശരിയാണ്. അടച്ചു പൂട്ടിയിട്ടില്ല. നാലു ക്ലാസുള്ള ഒരു എൽ. പി. സ്കൂൾ 80 കുട്ടികളേ അവിടെയുള്ളൂ. അവിടെ ഒരു ടീച്ചറും ഒരു ഹെഡ്മാസ്റ്ററും ഉണ്ട്. ആ ഹെഡ്മാസ്റ്റർ ഓഫീസ് ആവശ്യത്തിനു പുറത്തുപോയാൽ പിന്നെ ടീച്ചർ മാത്രമേയുള്ളൂ. ആ ടീച്ചർക്ക് കഷ്ടകാലത്തിന് സുഖക്കേടായാൽ പിന്നെ ആരാണ് സ്കൂളിൽ പഠിപ്പിക്കുന്നത്. ബോധമുള്ള ഏത് രക്ഷിതാക്കളാണ് തങ്ങളുടെ കുട്ടികളെ അങ്ങനെയുള്ള സ്കൂളുകളിൽ അയയ്ക്കുക, ടി. സി. [വാങ്ങിപോകില്ലേ ? പൂട്ടുന്നില്ലായെന്നു പറയുന്നെങ്കിലും സ്വാഭാവിക മരണത്തിന് വിടാൻ അല്ലേ ശ്രമിക്കുന്നത്. അതുകൊണ്ടാണ് ഞങ്ങൾ പറയുന്നത് നിങ്ങൾ സമ്പന്നൻമാർക്ക് പഠിക്കാനാവശ്യമായ സ്കൂളുകൾ ഉണ്ടാക്കിക്കൊള്ളൂ, പക്ഷേ അതു സാധാരണക്കാരന്റെ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ അടച്ചുപൂട്ടിക്കൊണ്ടാകരുത്. ഈ പോക്ക് അപകടകരമാണ്. അതുകൊണ്ട് വിദ്യാഭ്യാസ രംഗം ഉൾപ്പെടെ മറ്റെല്ലാ മേഖലകളിലും പരാജയപ്പെട്ട ഈ ഗവൺമെൻറിനുവേണ്ടി അവതരിപ്പിച്ച ഈ ഇടക്കാല ബഡ്ജറ്റിനെ ശക്തിയുക്തം എതിർത്തു കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം. എം. ഹസ്സൻ : സർ, ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഇടക്കാല ബഡ്ജറ്റിനെ ഞാൻ പിന്താങ്ങുന്നു. ജനാധിപത്യ മര്യാദയും രാഷ്ട്രീയ ഔചിത്യവും പ്രകടിപ്പിച്ചുകൊണ്ട് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ എതിർക്കാൻ പ്രതിപക്ഷം നടത്തുന്ന എല്ലാ ശ്രമങ്ങളും ദയനീയമായി പരാജയമടഞ്ഞ കാഴ്ചയാണ് ഇന്നലേയും ഇന്നും ഇവിടെ നടന്ന ചർച്ചകളിലൂടെ പ്രകടമായത്. ഭരണഘടനാപരമായ ബാധ്യത നിറവേറ്റിക്കൊണ്ട് ഇടക്കാല ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ഉള്ളടക്കത്തെക്കുറിച്ചുള്ള സംശയത്തിന്റെ അടിസ്ഥാനത്തിൽ എതിർത്ത പ്രതിപക്ഷത്തിന് ഈ ബഡ്ജറ്റ് ചർച്ചയിൽ ഗവൺമെൻറിന്റെ പ്രവർത്തനങ്ങളെക്കുറിച്ച്, ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വസ്തുതകളെക്കുറിച്ചൊന്നും പറയാനില്ലാത്തതുകൊണ്ട് മുന്നയെടുത്ത വിമർശനങ്ങളുമായി ഈ സമയംവരെ ചർച്ച തള്ളിനീക്കിക്കൊണ്ടിരിക്കുകയായിരുന്നു. ഈ ബഡ്ജറ്റിന്റെ പരിമിതികളും, അതിന്റെ പ്രത്യേകതകളും, അതിന്റെ പരാധീനതകളൊക്കെ ധനകാര്യമന്ത്രി സൂചിപ്പിച്ചിട്ടുണ്ട്. ഭരണഘടനാപരമായ ബാധ്യതകളാണ് വാർഷിക കണക്കുകളും ഇവിടെ സമർപ്പിക്കുക എന്നുള്ളത്. കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് സമസ്ത മേഖലകളിലുമുണ്ടായിട്ടുള്ള സമഗ്ര വികസനത്തിന്റെ ഒരു രൂപരേഖയെന്നുള്ള നിലയിലാണ് ഞങ്ങൾ ഇടക്കാല ബഡ്ജറ്റ് സമർപ്പിച്ചിട്ടുള്ളത്. ആ നിലയ്ക്ക് ഈ ബഡ്ജറ്റിനെ കാണാൻ പ്രതിപക്ഷം തയ്യാറായില്ല. ഗവൺമെൻറിന്റെ അഞ്ചുവർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് അതിന്റെ അവസാനത്തെ ബഡ്ജറ്റിൽ പരാമർശിക്കുക പതിവാണ്. കാർഷിക വ്യാവസായിക പുരോഗതിയുടെ ചിത്രം വരച്ചുകാണിക്കുന്നതിന് ഇടക്കാല ബഡ്ജറ്റിൽ ഊന്നൽ നൽകിയിട്ടുണ്ട്. ഈ ബഡ്ജറ്റിന്റെ ത്രസ്റ്റ് എന്ന് വിശേഷിപ്പിക്കാവുന്ന ഒരു സവിശേഷ ഘടകം വരാൻ പോകുന്ന കാലഘട്ടങ്ങളിൽ കേരളത്തിന്റെ വികസനത്തിന്റെ പാത അതിന്റെ ഒരു മാർഗ്ഗ രൂപം ഇവിടെ തെളിയിച്ചുകൊണ്ടാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. ഏതു ഗവൺമെൻറ് ഇവിടെ അധികാരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വന്നാലും ഈ മാർഗ്ഗ രേഖയുടെ അടിസ്ഥാനത്തിൽ മുന്നോട്ട് നീങ്ങേണ്ടിവരുമെന്നുള്ളതു തർക്കമറ ഒരു വസ്തുതയാണ്. ഇവിടെ കാർഷിക വ്യവസായിക രംഗത്തുണ്ടായിട്ടുള്ള പുരോഗതി കഴിഞ്ഞ നാലു വർഷക്കാലത്തെ പുരോഗതി ആർക്കെങ്കിലും അവഗണിക്കാൻ കഴിയുന്നതാണോ ? വ്യവസായ രംഗത്തെ പുരോഗതി കണ്ടില്ലെന്നുനടിക്കാൻ കഴിയുന്നതാണോ ? ഈ ബഡ്ജറിന്റെ ചർച്ചയിൽ രണ്ടു പ്രമുഖരായ പ്രതിപക്ഷ നേതാക്കൻമാർ പങ്കെടുത്തു. ശ്രീ. ഇ. കെ. നായനാരും ശ്രീ. ബേബിജോണും. രണ്ടു പേരുടേയും പ്രസംഗങ്ങളം ഞാൻ ശ്രദ്ധിച്ചു. കുറെ കുത്തക കുടംബങ്ങളെ നമ്മുടെ രാജ്യത്തു വളർത്തി വലുതാക്കി എന്നാണ് ശ്രീ. നരസിംഹറാവുവിന്റെ സാമ്പത്തിക നയങ്ങളിലേയ്ക്ക് വിരൽ ചൂണ്ടി ശ്രീ. നായനാർ പറഞ്ഞത്. അദ്ദേഹത്തിന്റെ നേതാവ് ശ്രീ. ജ്യോതിബാസു ഭരിക്കുന്ന കൽക്കട്ടയിൽ, ആ കൽക്കട്ട സിറ്റിയിലെ വൈദ്യുതി വിതരണം എൽപ്പിച്ചിരിക്കുന്നത് ഗോയങ്കെയാണ്. കൽക്കട്ട സിറ്റിയിൽ ഇലക്ട്രിസിറ്റി ബോർഡല്ല, സാക്ഷാൽ കുത്തകകുടുംബമെന്ന് അദ്ദേഹം വിശേഷിപ്പിക്കുന്ന ഗോയങ്കയുടെ കമ്പനിയാണ് ഡിസ്ട്രിബ്യൂഷൻ നടത്തുന്നത്. ആ ഗോയങ്കയെ വളർത്തുന്നത് ആരാണ് ? ശ്രീ. നരസിംഹറാവു ആണോ ? ജ്യോതിബാസു വല്ലേ ? ഇപ്പോഴം അദ്ദേഹം ജ്യോതിബാസുവിനോട് ഇലക്ട്രിസിറ്റി ചോദിക്കുന്ന കാര്യം ഇവിടെ ഓർമ്മിപ്പിച്ചതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ഇനി ശ്രീ. ബേബിജോൺ പറയുന്നത് കടക്കെണിയിൽ വീഴുന്ന രാജ്യമാണ് നമ്മുടേതെന്ന്. അദ്ദേഹത്തിനു അതു മാത്രമേ പറയാനുള്ളൂ. വികസന രാജ്യങ്ങൾക്ക് ഇൻസ്റ്റിറ്റിറ്റ്യൂഷണൽ ഫൈനാൻസില്ലാതെ വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിയുമോ ? രാജ്യത്തെ ഏതു ഗവൺമെൻറും ആധുനികമായ സമ്പ്രദായത്തിൽ വായ്പകം എടുക്കുക എന്നുള്ളതു ഒരു പുതിയ സംഭവമാണോ ? ലോകബാങ്കിന്റെ നയം തീരുമാനിക്കുന്ന സമിതിയിൽ ചൈനയ്ക്ക് നിർണ്ണായകമായ പങ്കുണ്ട്. അതിന്റെ മുഖ്യ പങ്കാളിത്തം അമേരിക്കയ്ക്ക് ആയിരിക്കാം. പക്ഷേ ചൈന ഉൾപ്പെടെയുള്ള കമ്മ്യൂണിസ്റ്റ് രാജ്യങ്ങൾക്ക് ലോകബാങ്കിൽ പങ്കാളിത്തമുണ്ടെന്നുള്ള കാര്യം ഇവിടെയുള്ള കമ്മ്യൂണിസ്റ്റുകാർ സാധാരണക്കാരോട്, അതിന്റെ പ്രവർത്തകരോടു പറയാറുണ്ടോ ? അവരൊക്കെ കൊടുക്കുന്ന വായ്പകം രാജ്യത്തെ എല്ലാ ഗവൺമെൻറുകളും വാങ്ങും. അതല്ലാതെ ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിനെക്കുറിച്ചോ അല്ലെങ്കിൽ നരസിംഹറാവു എടുത്തിട്ടുള്ള ഉദാരവൽക്കരണത്തെക്കുറിച്ചോ എന്തെങ്കിലും കനമുള്ളതായിട്ടു ഇവിടെ ആരും പറഞ്ഞു കേട്ടില്ല. അഞ്ചു കൊല്ലക്കാലം ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിൽ ആരംഭിച്ച് ഇന്ന് ശ്രീ. എ. കെ. ആൻറണിയുടെ നേതൃത്വത്തിൽ തുടർന്നു കൊണ്ടിരിക്കുന്ന ഭരണത്തിൽ കാർഷിക രംഗത്തുണ്ടായിട്ടുള്ള വികസനമെന്താണ് ? നമ്മുടെ ഇക്കണോമിക് റിവ്യൂവിൽ പറയുന്നത് എന്താണ് ?

സർ, കഴിഞ്ഞ ഒന്നര ദശാബ്ദത്തിനിടയ്ക്ക് പോസിറ്റീവ് ഗ്രോത്ത് ഉണ്ടായിട്ടുണ്ട്. 2 2 ശതമാനമായിരുന്ന കാർഷിക പുരോഗതി 1993-94-ൽ 6.8 ശതമാനമായി ഉയർന്നില്ലേ ? നാളികേരത്തിന്റേയും റബ്ബറിന്റേയും ഉൽപ്പാദനത്തിലുണ്ടായിട്ടുള്ള വർദ്ധനവ് പ്രകൃതിയുടെ അനുകൂലാവസ്ഥകൊണ്ടു മാത്രം ഉണ്ടായതാണെന്ന് പറയാൻ കഴിയുമോ ? കർഷകരെ പ്രോൽസാഹിപ്പിക്കുന്നതിന് സബ്സിഡിയും ജലസേചനസൗകര്യവും ഒക്കെ കൊടുത്തു. കാർഡമത്തിന്റെ ഉൽപ്പാദനം അതിന്റെ പാരമ്യത്തിലെത്തി. റബ്ബറിന്റെ ഉൽപ്പാദനവും പാരമ്യത്തിലെത്തി. ഗ്രാമീണ സമ്പദ്ഘടനയെ പരിപോഷിപ്പിക്കുന്നതാണ് മറ്റ് അനുബന്ധമായിട്ടുള്ള കാര്യങ്ങൾ. പാൽ, മുട്ട, ഇറച്ചി തുടങ്ങിയവയുടെ ഉൽപ്പാദനം വർദ്ധിച്ചിട്ടുണ്ടെന്ന്

LIBRARY ARCHIVES Kerala Legislative Assembly

എക്കണോമിക് റിവ്യൂവിൽ പ്രത്യേകം എടുത്തുപറയുന്നു. ഇതൊക്കെ കാർഷിക അനുബന്ധമായിട്ടുള്ള പുരോഗതിയുടെ ഏറ്റവും വലിയ തെളിവല്ലേ ? കഴിഞ്ഞ 4 വർഷക്കാലം എന്തു ചെയ്തുവെന്നു ചോദിച്ചു. വ്യവസായ രംഗത്തും ഈ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരു ഗവൺമെന്റിന്റെ ചുമതല വ്യവസായങ്ങൾ നടത്തുകയല്ല എന്നൊരു പുതിയ കാഴ്ചപ്പാട് ലോകം മുഴുവൻ ഉരുത്തിരിഞ്ഞു വരികയാണ്. സ്വകാര്യവൽക്കരണത്തിന്റെ അടിസ്ഥാനം അതാണ്. ഇൻഫ്രാസ്ട്രക്ച്ചർ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കണം. നമ്മുടെ സംസ്ഥാനത്ത് ടെക്നോപാർക്കും ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷനും അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കി കൊടുത്തുകൊണ്ട് വ്യവസായ വളർച്ചയിൽ സുപ്രധാനമായ പങ്ക് വഹിച്ചു കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ 5 വർഷക്കാലത്തിനിടയിൽ 63785 പുതിയ ചെറുകിട വ്യവസായ യൂണിറ്റുകൾ ഇവിടെ ഉണ്ടായി. ആ ചെറുകിട വ്യവസായ യൂണിറ്റുകൾ നമ്മുടെ സംസ്ഥാനത്ത് ഒരു ചലനവും ഉണ്ടാക്കുന്നില്ലെന്നാണോ പറയുന്നത്. 1991-ൽ ഇവിടെ അധികാരത്തിൽ വന്ന ഗവൺമെന്റ് വ്യവസായവികസനത്തിനായി പാകിയ അടിത്തറയിൽ പടുത്തുയർത്തിക്കൊണ്ടിരിക്കുന്ന വ്യവസായങ്ങൾ ഈ സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിക്ക് സുപ്രധാനമായ പങ്ക് വഹിച്ചിട്ടുണ്ട്. വ്യവസായ പുരോഗതിക്ക് ഏറ്റവും പ്രധാനം വൈദ്യുതി ഉൽപ്പാദനമാണ്. കഴിഞ്ഞ 5 വർഷത്തിനിടയ്ക്ക് ഒരു യൂണിറ്റ് വൈദ്യുതി ഉണ്ടാക്കിയോ എന്ന് ശ്രീ. നായനാർ ചോദിച്ചു. 4 കൊല്ലം കേരളത്തിലെ മുഖ്യമന്ത്രിയായിരുന്ന ആളാണ് ശ്രീ. നായനാർ. ഇപ്പോൾ മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ അഖിലകക്ഷി നേതാക്കൻമാരുടെ സമ്മേളനത്തിൽ വച്ച് ഇക്കാര്യം ചോദിച്ചപ്പോൾ അങ്ങോട്ട് ചോദിച്ചു, 4 കൊല്ലക്കാലം ശ്രീ. നായനാർ ഭരിച്ചപ്പോൾ ഈ സംസ്ഥാനത്ത് ഒരു യൂണിറ്റ് വൈദ്യുതി ഉണ്ടാക്കിയോ ? 4 കൊല്ലക്കാലം ഒരു യൂണിറ്റ് വൈദ്യുതി ഉണ്ടാക്കാതെ കേരളത്തിൽ ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തി. അന്ന് കേന്ദ്രം ഭരിച്ചിരുന്ന വി. പി. സിംഗ് ഗവൺമെന്റിൽ നിന്ന് ഒരു യൂണിറ്റ് വൈദ്യുതി പോലും വാങ്ങിയെടുക്കാൻ കഴിയാതെ കേരളത്തെ അന്ധകാരത്തിലാക്കിയ ആളാണ് ഞങ്ങളോട് ചോദിക്കുന്നത്. വൈദ്യുതി ഉൽപ്പാദനം തകരാറിലായതിന്റെ കുറ്റം മുഴുവൻ ശ്രീമാൻ കാർത്തികേയനു മാത്രമുള്ളതാണോ ? ശ്രീ. പത്മരാജൻ അവതരിപ്പിച്ച ബഡ്ജറ്റിൽ അടുത്ത 2 വർഷക്കാലംകൊണ്ട് കേരളത്തിൽ വൈദ്യുതി രംഗത്ത് ഒരു കുതിച്ചുചാട്ടം നടത്തുന്ന പ്രവർത്തനങ്ങളുടെ രൂപരേഖയാണ് ഉൾക്കൊള്ളുന്നത്. പരിസ്ഥിതി പ്രശ്നം, മഴ പ്രതികൂലമായി മാറിയ സാഹചര്യം ഇതെല്ലാം നമ്മുടെ വൈദ്യുതി ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിച്ചു. അതു മാത്രമാണോ ? ഇവിടെ വൈദ്യുതി ഉൽപ്പാദനം ഒരിഞ്ചുപോലും മുന്നോട്ടു നീങ്ങരുതെന്ന മനഃപൂർവ്വമായ ഉദ്ദേശത്തോടുകൂടി എല്ലാ വൈദ്യുതി പദ്ധതികളേയുംപറ്റി നിരന്തരം അഴിമതിയാരോപണം ഉന്നയിക്കുകയാണ്. ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനം നിർവീര്യമാക്കി. ഇതിൽ പ്രതിപക്ഷത്തിന് ഒരു പങ്കില്ലേ ? കേരളം ഇന്ന് ഇരുട്ടിലായതിനെക്കുറിച്ച് ദുഃഖിക്കുമ്പോൾ അതിന്റെ ഉത്തരവാദിത്വം ശ്രീ. കാർത്തികേയനും ഈ ഗവൺമെന്റിനും മാത്രമാണോ ? 10 വർഷക്കാലത്തിനിടയ്ക്ക് കേരളത്തിലെ വൈദ്യുതിരംഗത്ത് ഉണ്ടായിട്ടുള്ള ഈ സമീപനം മാറ്റിക്കൊണ്ട് ജ്യോതിബാസുവിന്റെ ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള നിലപാട് തന്നെയാണ് ഇവിടെയും സ്വീകരിക്കാൻ പോകുന്നത്. നിങ്ങൾ ഗോയങ്കയെ ഏൽപ്പിച്ചുവെങ്കിൽ സ്വകാര്യ മൂലധന നിക്ഷേപത്തോടുകൂടി കേരളത്തിലെ വൈദ്യുത പദ്ധതികൾ വിപുലമാക്കാനുള്ള തീരുമാനമാണ് ഗവൺമെന്റ് എടുത്തിട്ടുള്ളത്. അതുകൊണ്ട് വൈദ്യുതിയുടെ കാര്യം മാത്രം പറഞ്ഞു,

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ഒരു യൂണിറ്റും ഉൽപ്പാദിപ്പിക്കാത്തതിന്റെ കുറ്റം മുഴുവൻ ഈ ഗവൺമെന്റിന്റെ തലയിൽ കെട്ടിവയ്ക്കാൻ നോക്കണ്ട. വിനോദസഞ്ചാര വികസനം, വ്യവസായവികസനം, വൈദ്യുതി ഉൽപ്പാദനം എന്നീ രംഗങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് വേണ്ടിയുള്ള അടിസ്ഥാനപരമായ രൂപ രേഖയാണ് ഈ ബഡ്ജറ്റ്. നിങ്ങൾ അവകാശപ്പെടുന്നത് നിങ്ങൾ അധികാരത്തിൽ വരുമെന്നാണല്ലോ. ജനങ്ങളിൽ ഞങ്ങൾക്ക് വിശ്വാസമുണ്ട്. വീണ്ടും അധികാരത്തിൽ വരാൻ പോകുന്നത് ഞങ്ങൾ തന്നെയാണ്. ഈ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ കേരളത്തിൽ പുരോഗതിയുണ്ടാകും. വികസനത്തിനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തി കൊണ്ടുള്ള, വികസനത്തിന്റെ പാത ശക്തിപ്പെടുത്താൻ കഴിയുന്ന ഒരു രൂപ രേഖയാണ് ഈ ബഡ്ജറ്റ്. ഈ ബഡ്ജറ്റിൽ പൊതുജനാരോഗ്യം, വിദ്യാഭ്യാസം, സേവന മേഖല തുടങ്ങിയ രംഗങ്ങളിൽ പ്രധാനമായ കാൽവയ്പാണ് നടത്തിയിട്ടുള്ളത്. കഴിഞ്ഞ 4 വർഷത്തെ നേട്ടങ്ങളെക്കാൾ ഒരു പടികൂടി മുന്നോട്ടു നീങ്ങിക്കൊണ്ട് നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് പുറമേ മെഡിക്കൽ കോളേജുകൾക്കും മറ്റ് ആശുപത്രി കൾക്കും വേണ്ടി ഒമ്പതര കോടി രൂപ മരുന്നുവാങ്ങാൻ മാറിവച്ചു. മരുന്നിന്റെ ലഭ്യത വർദ്ധിപ്പിക്കണമെന്നും അത്യാവശ്യ മരുന്നുകൾ ലഭ്യമായി രിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. പാവ-ചികിൽസാ സൗകര്യം മെച്ച പ്പെടുത്താൻ മെഡിക്കൽ കോളേജുകളിൽ 572 പുതിയ തസ്തികകൾ സൃഷ്ടിച്ചു. 11 കോടി രൂപയുടെ പുതിയ ഉപകരണങ്ങൾ ലഭ്യമാക്കുന്ന തിനുള്ള അനുവാദം കൊടുത്തു. ആഞ്ജിയോഗ്രാം വാങ്ങിക്കുന്നതിന് തിരുവനന്തപുരത്തും കോഴിക്കോട്ടും 7 കോടി രൂപ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജിൽ ആഞ്ജിയോഗ്രാം ചികിൽസയ്ക്കുവേണ്ടി ഒരു വർഷക്കാലത്തേക്ക് പേരു രജിസ്റ്റർ ചെയ്തിരിക്കുകയാണ്. മൂന്നേകാൽ കോടി രൂപ ചെലവാക്കി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഈ വർഷം സമ്പൂർണ്ണ ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു. ആരോഗ്യരംഗത്ത് അടുക്കും ചിട്ടയും ഉണ്ടാക്കി. ആരോഗ്യരംഗം അഴിമതി വിമുക്തമാക്കാനുള്ള ആത്മാർത്ഥ ശ്രമങ്ങൾ നടത്തുന്നതിനെ ഈ ബഡ്ജറ്റിലൂടെ അനുസ്മരിക്കുന്നതിൽ എന്തെങ്കിലും അപാകതയുണ്ടോ? വിദ്യാഭ്യാസരംഗത്ത് ഉണ്ടായിട്ടുള്ള മാറ്റങ്ങൾ നിങ്ങൾ ബോധപൂർവ്വം മറച്ചുപിടിച്ചുകൊണ്ട് വിദ്യാഭ്യാസ രംഗത്തെ കുരുവാക്കിക്കൊണ്ട് രാഷ്ട്രീയസമരം നടത്താൻ ശ്രമിക്കുകയല്ലേ? 247 അൺ-എയിഡഡ് സ്കൂളുകളും 53 ഹയർ സെക്കൻഡറി സ്കൂളുകളും 137 വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളും കഴിഞ്ഞ 4 വർഷം കൊണ്ട് ഇവിടെ ഉണ്ടായി. ഹൈസ്കൂളുകളില്ലാത്ത പഞ്ചായത്തുകളിൽ 19 ഹൈസ്കൂളുകളും ഈ ഗവൺമെന്റ് അനുവദിച്ചു. ജയരാജൻ ഉൾപ്പെടെയുള്ള പ്രതിപക്ഷ മെമ്പർമാരുടെ പഞ്ചായത്തുകളിലും സ്കൂളുകളും അനുവദിച്ചി ട്ടുണ്ട്. അത് നിങ്ങൾ കാണുന്നില്ല. നിങ്ങൾ ഇവിടെ നടത്തുന്ന പ്രചരണം എന്താണ്? നിങ്ങൾ അധികാരത്തിൽ നിന്നു പുറത്തുപോകുമ്പോഴെല്ലാം വിദ്യാഭ്യാസരംഗം താറുമാറായിയെന്ന് പ്രചരിപ്പിക്കുന്നത് സ്ഥിരം പല്ലവിയാണ്. ശ്രീ. ടി. എം. ജേക്കബ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായി രുന്നപ്പോൾ എതിർത്ത അതേകാര്യങ്ങൾ ശ്രീ. ചന്ദ്രശേഖരൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായപ്പോൾ അത് പുരോഗമനപരമായി ശ്രീ. ടി. എം. ജേക്കബ് നടപ്പാക്കിയ പ്രവർത്തനങ്ങൾക്കെതിരായി നിങ്ങൾ വിദ്യാർത്ഥികളെ ഇളക്കി ഇവിടെ സമരം ആളിക്കത്തിച്ചു. ഇന്നും അതുതന്നെയാണ് ചെയ്യുന്നത്. നിങ്ങൾക്ക് ഒരു ഉദ്ദേശമുണ്ട്. ഒരുവശത്ത് വിദ്യാഭ്യാസത്തെക്കുറിച്ചു പറഞ്ഞ് ആളുകളെ സമരസജ്ജരാക്കുക. കാരണം നിങ്ങളുടെ ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

വലിയ സമരായുധം അദ്ധ്യാപകരും വിദ്യാർത്ഥികളുമാണ്. അവരുള്ളതു കൊണ്ടാണ് മാർക്സിസ്റ്റ് പാർട്ടി നിലനിൽക്കുന്നത്. അവരെ സമര സജ്ജരാക്കാൻവേണ്ടി പിൻതിരിപ്പൻ മുദ്രാവാക്യങ്ങളും ജാതിമത പരിഗണന കളും പറഞ്ഞു നിങ്ങൾ ആളുകളിൽ സമരാവേശവും വിപ്ലവാവേശവും ഉണ്ടാക്കുന്നു. അതല്ലേ യാഥാർത്ഥ്യം. ഇപ്പോൾ നിങ്ങൾക്ക് ഒരു ഉദ്ദേശം കൂടിയുണ്ട്. രാഷ്ട്രീയമായ മുതലെടുപ്പിനുവേണ്ടി ജാതിമത ചിന്തകൾ കാരണമാക്കാൻ ശ്രമിക്കുന്നു. ഇവിടെ കോളേജുകൾ അനുവദിച്ചു. ചാൻസലർ കൂടിയായ ഗവർണ്ണർക്ക് പ്രതിപക്ഷനേതാവ് ഒരു പരാതി കൊടുത്തു. കോളേജുകൾ അനുവദിച്ചതിനെക്കുറിച്ച് അതിൽ ഒരു വാചകം ഞാൻ വായിക്കാം. 25 colleges are there in Trivandrum district. Out of thirteen, five have been alloted to muslim agencies. This has to be viewed keeping in mind the fact that the Muslim League, a constituent of the United Front, is in charge of Education. 26-9-1994-നാണ് കൊടുത്തത്. ഇത് ശ്രീ. അച്യുതാനന്ദന്റെ കത്താണ്. പേര് പറഞ്ഞില്ലെങ്കിൽ നിങ്ങൾ വിചാരിക്കും ഇതൊരു ബി. ജെ. പി. നേതാവിന്റെ കത്താണെന്ന്. 13 കോളേജുകൾ കൊടുത്തതിൽ 5 കോളേജുകൾ മുസ്ളീംസമുദായത്തിന്റെ ഏജൻസികൾക്കാണ്. ഞാൻ ജനിച്ചുവളർന്ന ജില്ലയാണ് തിരുവനന്തപുരം. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന സമുദായങ്ങളെ വിദ്യാഭ്യാസ പരമായി ഉയർത്തിക്കൊണ്ടുവരാൻ ബോധപൂർവ്വമായ ഒരു ശ്രമം വേണ്ടേ? മുസ്ളീം സമുദായം വിദ്യാഭ്യാസപരമായി പിന്നോക്കമാണ്. അതുപോലെ നാടാർ സമുദായവും ലത്തീൻ കത്തോലിക്കാ സമുദായവും വിദ്യാഭ്യാസ പരമായി പിന്നോക്കമാണ്. ആ സമുദായങ്ങളുടെ പിന്നോക്കാവസ്ഥ അവസാ നിപ്പിക്കേണ്ടേ? ന്യൂനപക്ഷ താൽപ്പര്യങ്ങളുടെ പേരിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി മുസ്ളീംലീഗുമായി കൂട്ടുകൂടുന്നതിൽ തെറ്റില്ല. അവരുമായി ഒരുമിച്ചു ഭരിച്ച പാർട്ടിയുടെ നേതാവ് ശ്രീ. അച്യുതാനന്ദൻ കൊടുത്ത പരാതിയാണ്. മുസ്ളീങ്ങൾക്ക് 5 കോളേജ് കൊടുത്തു. ഇതാണോ വിദ്യാഭ്യാസരംഗത്ത് നിങ്ങൾ ആവിഷ്ക്കരിക്കുന്ന പ്രചരണതന്ത്രങ്ങൾ

ഇവിടെ 'ചിന്ത' വാരികയിൽ സി. പി. നാരായണൻ പേരുവച്ചു എഴുതി; മലപ്പുറം ജില്ലയിൽ ഗവൺമെന്റിന്റെ പദ്ധതി നടപ്പിലാക്കുന്ന തിനെക്കുറിച്ച്. തിരുവനന്തപുരത്തും പാലക്കാടും ഇടുക്കിയിലുമൊക്കെ ഈ പദ്ധതി നടപ്പിലാക്കാൻ തീരുമാനമായി. ഇതിലൊന്നും ഒരു അപാകത യുമില്ല. മലപ്പുറം ജില്ലയിൽ നടപ്പിലാക്കിയാൽ അതിൽ അപാകതയുണ്ട്. ഈ പ്രചരണം എന്തിനുവേണ്ടിയാണ്? വിദ്യാഭ്യാസരംഗത്തെ മുൻനിറുത്തി കൊണ്ട്, വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ നിങ്ങൾ വർഗ്ഗീയവികാരം ആളിക്കത്തിക്കാൻ ശ്രമിക്കുകയാണ്. മറ്റൊന്നും കിട്ടാത്തതുകൊണ്ട് മാർക്സിസ്റ്റ് പാർട്ടി വിദ്യാഭ്യാസരംഗത്തെ ഉപയോഗിക്കുകയല്ലേ? ഈ ഗതികേട് കേരളത്തിലെ പുരോഗമനചിന്താഗതിക്കാരായ ജനങ്ങൾ ഉൾക്കൊള്ളും എന്നാണോ നിങ്ങൾ വിചാരിക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ചതിലെ അപാകതകൾ നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാം. അതിന് ഈയൊരു കാരണം പറഞ്ഞു പ്രചരണം നടത്തുന്നത് ശരിയാണോ? വികസനപരവും സാമ്പത്തികവുമായ വളർച്ചയോടൊപ്പം ഈ ഗവൺമെന്റു ജനങ്ങളിൽ പരമ്പരാഗതമായ ധാരണകൾ മാറ്റാൻ നടത്തിയ ശ്രമം ഒരളവുവരെ വിജയിച്ചിട്ടുണ്ടെന്നു തന്നെയാണ് എന്റെ വിശ്വാസം. വികസനപരമായ പാത ശക്തിപ്പെടുത്തുക എന്നതുമാത്രമാണോ നമ്മുടെ ആവശ്യം. സാധാരണക്കാരന് അപ്രാപ്യമാണ് ഗവൺമെന്റു എന്ന ഒരു തോന്നൽ ഈ രാജ്യത്തില്ലേ? ആ തോന്നൽ മാറ്റിയെടുക്കാൻ ശ്രീമാൻ എ. കെ. ആന്റണി നടത്തിയ ബഹുജന സമ്പർക്ക പരിപാടി ഒരളവുവരെ വിജയിച്ചിട്ടുണ്ട്. സാധാരണക്കാരന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നങ്ങളും ശുപാർശ കൂടാതെ ഭരണാധികാരികളും ശ്രദ്ധിക്കണമെന്ന് പുതിയൊരു കാഴ്ചപ്പാട് ഉരുത്തിരിഞ്ഞു വരാൻ തുടങ്ങിയിട്ടുണ്ട്. അങ്ങനെ പുതിയൊരു സംസ്ക്കാരത്തിന് തുടക്കം കുറിക്കാൻ ശ്രീമാൻ ആൻറണിയുടെ ബഹുജന സമ്പർക്ക പരിപാടിയിലൂടെ കഴിഞ്ഞിട്ടുണ്ട്. അതുപോലെ പോലീസ് ഭരിക്കുന്നവരുടെ കൈയിലെ രാഷ്ട്രീയ ആയുധമെന്നത് വളരെ കാലമായി നിലനിന്ന ഒരു ധാരണയായിരുന്നു. രാഷ്ട്രീയ പ്രതിയോഗികളെ അമർച്ച ചെയ്യാനുള്ള ആയുധമായി പോലീസിനെ ഉപയോഗപ്പെടുത്തിയിരുന്നു. അതിനെല്ലാം മാറ്റം വന്നു തുടങ്ങിയില്ലേ? ഒരു ദിവസം കൊണ്ട് പോലീസിന്റെ പ്രവർത്തനത്തിൽ മാറ്റം വരുത്താൻ കഴിയുമെന്നോ പോലീസിനെ കുറ്റമറ്റതാക്കാൻ കഴിയുമെന്നോയുള്ള ധാരണയൊന്നും ഇവിടെ ആർക്കുമില്ല. എന്നാൽ ആ ധാരണയ്ക്ക് മാറ്റം വരുത്താൻ ആത്മാർത്ഥമായ ശ്രമം നടന്നിരിക്കുന്നു. അതുപോലെതന്നെ അഴിമതിക്കെതിരെ സാമൂഹ്യ മനസാക്ഷിയുണർത്താൻ ആത്മാർത്ഥമായ ശ്രമം നടന്നിരിക്കുന്നു. നമ്മുടെ സാമൂഹ്യവിപത്തുകളിൽനിന്നും ജനങ്ങളെ രക്ഷിക്കാനുള്ള ബഹുജന മുന്നേറ്റത്തിന്റെ തുടക്കമാണിത്. അതാണ് സമ്പൂർണ്ണ മദ്യനിരോധനത്തിന്റെ ആദ്യപടിയായി ചാരായനിരോധനം ഇവിടെ ഏർപ്പെടുത്തിയത് നിങ്ങൾ വാസ്തവത്തിൽ ചാരായ നിരോധനത്തെ ആദ്യം എതിർത്തവരാണ്. പക്ഷേ ജനങ്ങളിൽനിന്നുള്ള പ്രതികരണം മനസ്സിലായപ്പോഴാണ് ഇപ്പോൾ നിങ്ങൾ തൊഴിലാളികളുടെ പേരു പറഞ്ഞ് ചാരായ നിരോധനത്തിന്റെ കാര്യത്തിൽ പുതിയ വാദഗതിയുമായി മുമ്പോട്ടു വന്നിരിക്കുന്നത്. വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ കണ്ണുംനട്ടുകൊണ്ടാണ് നിങ്ങൾ ബഡ്ജറ്റിന്റെ ചർച്ചയിൽ സംസാരിക്കുന്നത്. ഇന്നലെ ശ്രീ. വർക്കല രാധാകൃഷ്ണൻ പ്രസംഗിച്ചപ്പോൾ പെരുന്ന, ശിവഗിരി സംഭവങ്ങൾ പരാമർശിച്ചു. ശിവഗിരിയിൽ പോലീസ് കടന്നുകയറിയതിന് ജനങ്ങൾ മാപ്പ് തരില്ലെന്ന് അദ്ദേഹം പറഞ്ഞു. കോടതിവിധി നടപ്പിലാക്കാൻ അനിവാര്യമായ സന്ദർഭത്തിലാണ് പോലീസ് ശിവഗിരിയിൽ പോയത്. കോടതിവിധി നടപ്പാക്കണമെന്ന് മാർക്സിസ്റ്റ് പാർട്ടി മുഖപ്രസംഗംവരെ എഴുതിയതാണ്. അതിന്റെ ഫലമായി ശിവഗിരിയിൽ വികാരവിക്ഷോഭമുണ്ടായിട്ടുണ്ടെങ്കിൽ അതിന് ഈ ഗവൺമെൻറുതന്നെ പരിഹാരമുണ്ടാക്കും. അതിന് യാതൊരു സംശയവുമില്ല. മഹാത്മജി സന്ദർശിച്ച് ഗുരുദേവനോട് ചർച്ച ചെയ്ത ശിവഗിരിക്കുന്നിലെ പവിത്രത ശ്രീ. ആൻറണി വന്നപ്പോൾ പോലീസ് നശിപ്പിച്ചുവെന്നാണ് പ്രചരിപ്പിക്കുന്നത്. മഹാത്മാഗാന്ധി സന്ദർശിച്ചിട്ടുള്ള ശിവഗിരിയിൽ നമ്മുടെ മാർക്സിസ്റ്റ് നേതാക്കൾ പോയത് എപ്പോഴാണ്. ശ്രീ. നായനാരും ശ്രീ. അച്യുതാനന്ദനും ശ്രീ. ടി. കെ. രാമകൃഷ്ണനുമെല്ലാം ശിവഗിരിയിൽ പോയത് ശിവഗിരിയിൽ പോലീസ് പോയി എന്നു പറഞ്ഞപ്പോഴാണ്. ശ്രീ. നാരായണ ഗുരുദേവന്റെ ആദർശങ്ങളോടുള്ള ആഭിമുഖ്യംകൊണ്ട് നേരത്തെ ശിവഗിരിയിൽ പോയിട്ടുള്ള വരല്ലഇവരാരും. ഇവിടെ ശ്രീ.ടി.കെ. രാമകൃഷ്ണൻ പ്രസംഗിച്ചപ്പോൾ പറഞ്ഞു അവിടെ ഗസ്റ്റ് ഹൗസിലെ ഒരു ചിത്രത്തിൽ പോലീസിന്റെ ബയണറ്റു കൊണ്ടുള്ള ഒരു പാട് കണ്ടുവെന്ന്. ഞാൻ ശിവഗിരിയിൽ സ്ഥിരമായി പോകുന്ന ആളാണ്. അവിടെ ശാരദാമഠം ഉണ്ട്, മഹാസമാധിയുണ്ട്, വൈദികമഠമുണ്ട്, പർണശാലയുണ്ട്, ബ്രഹ്മവിദ്യാലയ മന്ദിരമുണ്ട്, അവിടെയൊന്നും ടി. കെ. ഒന്നും കണ്ടില്ല. അവിടെ നിന്നൊക്കെ മാറിയുള്ള ഗസ്റ്റ് ഹൗസിൽ ഒരു പാട് കണ്ടതാണ് അദ്ദേഹത്തിന് രോഷമുണ്ടാക്കിയത്. ശ്രീരാമസന്നിധിയിൽ ഹനുമാൻ നിൽക്കുന്നതുപോലെ സാക്ഷാൽ ശ്രീ. അച്യുതാനന്ദന്റെ ഒരു പടവും പത്രത്തിൽ കണ്ടു. നാണമില്ലേ മാർക്സിസ്റ്റ് പാർട്ടിക്ക്. ശ്രീനാരായണ ആദർശങ്ങളെ ആദരിക്കുന്നവരാണ് ഇപ്പോൾ സംസ്ഥാനം ഭരിക്കുന്ന ഭരണാധികാരികളും എന്ന് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ഓർമ്മിപ്പിക്കട്ടെ. ഇപ്പോഴും പെരുന്ന പ്രശ്നം പെരുപ്പിക്കാൻ പ്രതിപക്ഷത്തിന് എന്തൊരു താൽപ്പര്യമാണ്. മന്നത്തു പത്മനാഭനേയും എൻ. എസ്. എസിനേയും എൻ. ഡി. പി. യേയും കുറിച്ച് നിങ്ങൾ പറഞ്ഞുനടന്നതൊക്കെ മറന്നോ ? ഐക്യജനാധിപത്യ മുന്നണിക്കകത്തുണ്ടാകുന്ന പ്രശ്നങ്ങൾ ഉയർത്തിക്കാണിച്ച് നിങ്ങൾക്ക് അധികകാലം നിലനിൽക്കാനാകില്ല. ശ്രീ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ ശ്രീ. ആൻറണി നിങ്ങൾക്ക് പരിശുദ്ധനായിരുന്നു. ഇപ്പോൾ നിങ്ങൾ പറയുന്നു ശ്രീ. കരുണാകരൻ പരിശുദ്ധനാണ് ശ്രീ. ആൻറണി ചെകുത്താനെപോലെയാണെന്ന്. മാറിമാറി നിങ്ങൾ നടത്തുന്ന ഇത്തരം തന്ത്രങ്ങൾ കണ്ടു പനിക്കുന്നവരല്ല ഞങ്ങൾ. ഇൻഡ്യൻ രാഷ്ട്രീയരംഗത്ത് സമൂലമായ മാറ്റത്തിൻറെ കാറ്റടിക്കുന്ന കാലഘട്ടത്തിലാണ് നാം തെരഞ്ഞെടുപ്പിലേക്ക് പോകുന്നത്. കോൺഗ്രസ്സിനെ ഒറ്റപ്പെടുത്താൻ കഴിഞ്ഞകാലത്തും നിങ്ങൾ ശ്രമങ്ങൾ നടത്തിയിരുന്നു. 1971-ൽ, 1977-ൽ, 1987-ൽ, 1989-ൽ എല്ലാം വിശാലമായ കോൺഗ്രസ് വിരുദ്ധ മുന്നണിയുണ്ടാക്കുകയും അതിനു നേതൃത്വം കൊടുക്കുകയും ചെയ്തത് ഇടതുപക്ഷപാർട്ടികളാണ്. അതിൻറെ അനന്തരഫലമായി ശക്തിപ്പെട്ടതും വളർന്നതും ഇടതുപക്ഷപാർട്ടികളോ ജനാധിപത്യ പാർട്ടികളോ അല്ല. ബി. ജെ. പി. മാത്രമാണ്. രഥയാത്രയും അയോദ്ധ്യാസംഭവവും ബി. ജെ. പി. യും തനിനിറം വെളിച്ചത്തുകൊണ്ടുവന്നു. അയോദ്ധ്യാ സംഭവത്തിനുശേഷം ബി. ജെ. പി. യുമായി കൂട്ടുകൂടിയാൽ കൈനീട്ടം വിൽക്കില്ലെന്നു മനസ്സിലായപ്പോഴല്ലേ നിങ്ങൾ ബി. ജെ. പി.-യെ തള്ളിപ്പറഞ്ഞത്. കോൺഗ്രസ് വിരുദ്ധ വിശാല മുന്നണിയെന്ന ആശയം തകർന്നു തരിപ്പണമായിക്കഴിഞ്ഞു. കോൺഗ്രസിനെ അധികാരത്തിൽനിന്നും ഇറക്കുകയും ബി. ജെ. പി.-യെ അധികാരത്തിൽ കയറാതിരിക്കുകയും ചെയ്യുക എന്ന മുദ്രാവാക്യമാണ് ഇപ്പോൾ ഇടതുപക്ഷപാർട്ടികൾ മുഴക്കുന്നത്. ഇതു രണ്ടുംകൂടി ഒരുമിച്ചും നടക്കുമോ ? ബി. ജെ. പി.-യെ അധികാരത്തിൽ കയറാതിരിക്കാൻ കോൺഗ്രസിൻറെ പിന്തുണയില്ലാതെ സാധിക്കുമോ ? കോൺഗ്രസിനെ അധികാരത്തിൽനിന്നും ഇറക്കുന്നതിനാണോ ബി. ജെ. പി.-യെ അധികാരത്തിൽ കയറാതിരിക്കുന്നതിനാണോ നിങ്ങൾ മുൻതൂക്കം കൊടുക്കുന്നത്. ശ്രീമാൻ വി. പി. സിംഗ് രണ്ടുദിവസം മുൻപ് ലക്നൗവിൽ പ്രസ്താവിച്ചു അദ്ദേഹം മൂന്നുകൊല്ലത്തേക്ക് അവധി എടുക്കാൻ പോകുകയാണെന്ന്. കാരണം ഇടതുപക്ഷ പാർട്ടികൾ അദ്ദേഹത്തെ കൈവിട്ടു. നാലു വോട്ടുള്ള മുലായംസിംഗിനെയും ലല്ലു പ്രസാദ് യാദവിനെയും കണ്ടപ്പോൾ വി. പി. സിംഗിനെ കൈവിട്ടു. ഇടതുപക്ഷ പാർട്ടികൾ ഇൻഡ്യാരാജ്യത്ത് വരുത്തിവച്ച വിനയാണ് ബി. ജെ. പി.-യെ ശക്തിപ്പെടുത്തുക എന്നത്. ഇൻഡ്യൻ രാഷ്ട്രീയ രംഗത്ത് ഒരു മാറ്റം കാണുകയാണ്. ''കണ്ണേ മടങ്ങുക കരിഞ്ഞുമലിഞ്ഞുമാശു മണ്ണാകുമീമലരു വിസ്മൃതമാകുന്പോൾ'' എന്ന കവിവാക്യംപോലെ നിങ്ങൾക്ക് എല്ലാം പറഞ്ഞു മടങ്ങുകയല്ലാതെ വേറെ മാർഗ്ഗമില്ല. വർഗ്ഗീയ പാർട്ടികളിൽനിന്നും രാജ്യത്തെ രക്ഷിക്കാൻ കഴിയുന്ന ഏക പാർട്ടി ഇൻഡ്യൻ നാഷണൽ കോൺഗ്രസ് മാത്രമാണ്. അഴിമതിയുടെ പേരുപറഞ്ഞ് കോൺഗ്രസിനെ നിങ്ങൾ എതിർത്തു. ഹവാല പ്രശ്നം പറഞ്ഞു. ഹവാല പ്രശ്നത്തിൽ നിയമം നിയമത്തിൻറെ വഴിക്കു നീങ്ങുമെന്നു പറയാൻ ഇൻഡ്യൻ പ്രധാനമന്ത്രി കാണിച്ച ധൈര്യം നിങ്ങൾക്ക് ഉണ്ടോ ? പ്രത്യേക വിമാനത്തിൽ വന്നിറങ്ങിയ ലല്ലുപ്രസാദ് യാദവിനെ കാണാൻ ശ്രീ. നായനാർ കോഴിക്കോട്ടേക്ക് പോയില്ലേ ? ശ്രീ. ആൻറണി പ്രത്യേക വിമാനത്തിൽ വന്നതിനെ കുറ്റപ്പെടുത്തിയ ആളുകളാണ് നിങ്ങൾ. കാത്തിരുന്നുവെങ്കിലും ശ്രീ. നായനാർക്ക് ലല്ലു പ്രസാദ് യാദവിനെ കാണാൻ കഴിഞ്ഞില്ല. 600 കോടി രൂപയുടെ അഴിമതി നടത്തിയ ആളാണ്

LIBRARY ARCHIVES Kerala Legislative Assembly

ലല്ലു പ്രസാദ് യാദവ്. ഹവാല പ്രശ്നത്തിന്റെ പേരിൽ ജനതാദൾ പ്രസിഡൻറ് സ്ഥാനം ബ്രാക്കറ്റിൽ രാജി വച്ചപ്പോൾ ലല്ലു പ്രസാദ് യാദവ് പുതിയ പ്രസിഡൻറായി വന്നു. അഴിമതിയുടെ കാര്യത്തിൽ ഒരു കാട്ടുകള്ളനാണ് യാദവ്. അപ്പോൾ നിങ്ങൾക്ക് അഴിമതിയോടല്ല എതിർപ്പ്, ആര് അഴിമതി നടത്തുന്നുവെന്നുള്ളതാണ്. പശ്ചിമ ബംഗാളിലെ ജ്യോതി ബസുവിന്റെ ഗവൺമെൻറ് അഴിമതിയിൽ മുങ്ങിക്കുളിച്ച ഗവൺമെൻറാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ : മറ്റൊരു സംസ്ഥാനത്തിലെ മുഖ്യമന്ത്രിയായ ലല്ലു പ്രസാദ് യാദവ് 600 കോടി രൂപയുടെ അഴിമതി നടത്തിയെന്നു സഭയിൽ ആരോപിക്കുന്നത് ശരിയാണോ ? അത് ശരിയല്ലെങ്കിൽ സഭാരേഖയിൽ നിന്നും നീക്കം ചെയ്യുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ) : ഇൻഡ്യൻ പ്രധാനമന്ത്രിയേയും അവരുടെ പൂർവ്വപരമ്പരകളേയും കുറിച്ചൊക്കെ പറയുന്നതും ഈ സഭയിലല്ലേ.

ശ്രീ. കെ. പി. നൂറുദ്ദീൻ : ബഡ്ജറ്റ് ചർച്ചയിൽ അധികം കേട്ടത് ഹവാല പ്രശ്നമാണ്. എന്നാൽ കേരളത്തിൽനിന്നും ആരും അതിൽ പെട്ടിട്ടുമില്ല.

ശ്രീ. കെ. ചന്ദ്രശേഖരൻ : അദ്ദേഹം പറഞ്ഞ കാര്യത്തിന് തെളിവുണ്ടെങ്കിൽ എനിക്ക് തന്നാൽ വേണ്ടുകില്ല, ഞാൻ ശ്രീ. ലാലു പ്രസാദ് യാദവിന് അയച്ചുകൊടുക്കാം.

..... (ബഹളം).....

ശ്രീ. എം. എം. ഹസ്സൻ : തെളിവുണ്ടോ ഇല്ലയോയെന്നുള്ളത് ബീഹാർ ഹൈക്കോടതി പറഞ്ഞിട്ടുണ്ട്. അവരോട് ചോദിച്ചാൽ മതി. കോടതി വിധികളെ ഉയർത്തിപ്പിടിച്ചുകൊണ്ട് സംസാരിക്കുന്ന പ്രമുഖനായ അഭിഭാഷകനാണല്ലോ അങ്ങ്. അങ്ങ് ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസാരിക്കണം.

.....(ബഹളം).....

ശ്രീ. കെ. ചന്ദ്രശേഖരൻ : അത് പറഞ്ഞിട്ടില്ല.

ശ്രീ. എം. എം. ഹസ്സൻ : അതിരിക്കട്ടെ. നമുക്ക് കാണാം ; വരാൻ പോകുന്ന നാളുകളിൽ ഇൻഡ്യൻ രാഷ്ട്രീയ രംഗത്ത് ബീഹാറിലെ അഴിമതി എവിടെ എത്തുമെന്ന് നമുക്ക് കാണാം.

ശ്രീ. കെ. ചന്ദ്രശേഖരൻ : ഇൻഡ്യൻ രാഷ്ട്രീയ രംഗത്ത് ശ്രീ. ഹസ്സനും കോൺഗ്രസ്സും എവിടെയുണ്ടെന്ന് കാണാൻ സാധിക്കും.

ശ്രീ. എം. എം. ഹസ്സൻ : ഇൻഡ്യൻ രാഷ്ട്രീയ രംഗത്ത് അവശേഷിക്കാൻ പോകുന്നത് കോൺഗ്രസ്സാണ്. ഇൻഡ്യയിലെ ഏറ്റവും വലിയ രഷ്ട്രീയ കക്ഷിയായി ഈ തെരഞ്ഞെടുപ്പ് കഴിയുമ്പോൾ പാർലമെൻറിൽ വരാൻ പോകുന്നത് ഇൻഡ്യൻ നാഷണൽ കോൺഗ്രസാണെന്ന് അഭിമാനത്തോടുകൂടി പറയാൻ എനിക്ക് കഴിയും. ഇന്നലെ ശ്രീ. വി. വി. രാഘവൻ കോൺഗ്രസ്സിനകത്തുള്ള കുഴപ്പങ്ങളെക്കുറിച്ച് പറഞ്ഞു. അധികാര മോഹികളുടേയും അവസരവാദികളുടേയും പാർട്ടിയായി ഇടതുപക്ഷ മുന്നണിക്ക് നേതൃത്വം കൊടുക്കുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അധ:പതിച്ചിരിക്കുകയാണ്. അതിനുള്ള തെളിവാണ്. തെരഞ്ഞെടുപ്പിൽ രണ്ട് പ്രാവശ്യം മൽസരിച്ചു കഴിഞ്ഞവർക്ക് സീറ്റ് കൊടുക്കണ്ട എന്ന് പാർട്ടി

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേറ്റ് കമ്മിറ്റി കൂടി തീരുമാനമെടുത്തിരിക്കുന്നത്. ഇപ്പോഴ അതിൽ വെള്ളം ചേർക്കുമെന്നാണ് പറയുന്നത്. ആഭ്യന്തര ജനാധിപത്യത്തിന്റെ പേരിൽ പാർട്ടി സ്റ്റേറ്റ് കമ്മിറ്റി എടുത്ത തീരുമാനത്തിൽ ഉറച്ചു നിൽക്കാൻ ധൈര്യമുണ്ടോ? രണ്ടു തവണ മൽസരിച്ചവർക്ക് സീറ്റ് കൊടുക്കില്ലെന്ന് തീരുമാനിച്ചില്ലേ? അതെങ്ങനെ പാറ്റും? നിങ്ങളുടെ പാർട്ടി സെക്രട്ടറിയായ സുർജിത് കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞത് കേരളത്തിൽ മാർക്സിസ്റ്റ് പാർട്ടിയിൽ അധികാര മോഹികളും തമ്മിലുള്ള മൽസരമാണ് നടക്കുന്നതെന്ന്. അത് പത്രങ്ങളിലെല്ലാം വന്നതാണ്. ശ്രീ. വി. വി. രാഘവൻ പറഞ്ഞു, ഐക്യമുന്നണിക്ക് നേതൃത്വം നൽകുന്ന കോൺഗ്രസിന്റെ സ്ഥിതി ഇതാണെങ്കിൽ ഐക്യമുന്നണി എങ്ങനെ നേരെയാകും എന്ന് ഇടതു മുന്നണിക്ക് നേതൃത്വം നൽകുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥിതിയെന്താണ്? തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചില്ല. ആരാണ് മുഖ്യമന്ത്രി ശ്രീ. നായനാരാണോ, ശ്രീ. അച്ചുതാനന്ദനാണോയെന്ന് പറഞ്ഞുകൊണ്ട് മുഖ്യമന്ത്രികുപ്പായം തുന്നുകയാണ്. അവസാനം പത്രത്തിൽ കണ്ടത് ഈ രണ്ടുപേരെയും മാറ്റി മൂന്നാമതൊരാളെ കൊണ്ടുവരാൻ തീരുമാനിച്ചിരിക്കുന്നു എന്നാണ്. സാക്ഷാൽ എ. കെ. ഗോപാലന്റെ പത്നി സുശീലാ ഗോപാലനെ നിറുത്തി അടുത്ത മുഖ്യമന്ത്രിയാക്കാൻ പോകുന്നു എന്നാണ് കേൾക്കുന്നത്. ഗർഭം ധരിച്ചതേയുള്ളൂ, കുട്ടി ജനിച്ചില്ല, അതിനു മുമ്പ് അതിന്റെ ജാതകം എഴുതുന്ന അവസ്ഥയാണിത്. തെരഞ്ഞെടുപ്പ് കാലത്ത് മുഖ്യമന്ത്രി ആരാണെന്ന് പറഞ്ഞ് കടിപിടി കൂടുന്നത് നിങ്ങളാണ്. അടുത്ത മുഖ്യമന്ത്രി ശ്രീ. നയനാരാണോ, ശ്രീ. അച്ചുതാനന്ദനാണോ, ശ്രീമതി സുശീലാ ഗോപാലനാണോ എന്നുള്ള തർക്കം അങ്ങോട്ടും ഇങ്ങോട്ടും മൂർച്ചിച്ചിരിക്കുന്ന സന്ദർഭത്തിൽ ഈ സംസ്ഥാനത്ത് നാളെ അധികാരത്തിൽ വരാൻ കഴിയുമെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ? കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്നത് സംശുദ്ധമായ വികസനത്തിന്റെ പാത ശക്തിപ്പെടുത്തിക്കൊണ്ടുള്ള ഭരണമാണ്. അതിന് ശ്രീ. എ. കെ. ആൻറണി ജയിച്ചുവരും. ഐക്യജനാധിപത്യ മുന്നണിയെ ജനങ്ങൾ പ്രതീക്ഷയോടുകൂടി ഉറ്റുനോക്കുകയാണ്. ഏറ്റവും ഒടുവിലായി, ഇന്നത്തെ 'മലയാള മനോരമ' പത്രത്തിൽ മലയാളികളുടെ . . പ്രിയങ്കരനായ ഒ. വി. വിജയൻ പറഞ്ഞിരിക്കുന്നത്, ശ്രീ. ആൻറണിയിൽ നൻമയുടെ അംശങ്ങൾ കാണുന്നു എന്നാണ്. അദ്ദേഹം അങ്ങനെ പറയാൻ കാരണം, ഈ രാജ്യത്തെ സമൂഹ മനസാക്ഷിയുടെ പ്രതീകമാണ്. അതുകൊണ്ട് കേരളം ഐക്യ ജനാധിപത്യ മുന്നണിയിൽ വിശ്വാസം അർപ്പിക്കും. ശ്രീ. എ. കെ. ആൻറണിയുടെ നേതൃത്വത്തിൽ അടുത്ത അഞ്ച് വർഷക്കാലം ഐക്യ ജനാധിപത്യ മുന്നണിക്ക് ഭരിക്കാനുള്ള അവകാശം ജനങ്ങൾ നൽകുമെന്ന് വിശ്വസിക്കുകയാണ്. അതിന് ജനങ്ങളുടെ മനഃസാക്ഷിയുടെ അംഗീകാരം നേടാനുള്ള ഒരു രൂപ രേഖയാണ് ഈ ഇടക്കാല ബഡ്ജറ്റ്. അതുകൊണ്ട് ഈ ഇടക്കാല ബഡ്ജറിനെ ഞാൻ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

ശ്രീ. കെ. കെ. തോമസ്: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ഇടക്കാല ബഡ്ജറിനെ ഞാൻ അനുകൂലിക്കുന്നു. ഐക്യ ജനാധിപത്യമുന്നണി അഞ്ചു വർഷക്കാലം പൂർത്തീകരിക്കുന്ന ഈ അവസരത്തിൽ യാതൊരു നികുതി നിർദ്ദേശവും ഇല്ലാതെ വസ്തുതകളെ വസ്തുതകളായി കാണിച്ചുകൊണ്ട്, വരാൻ പോകുന്ന ഗവൺമെൻറിനു ഒരു ബാദ്ധ്യതയും ഇല്ലാതെ ബഡ്ജറ് അവതരിപ്പിച്ച ധനകാര്യവകുപ്പു മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. കഴിഞ്ഞ അഞ്ചു വർഷക്കാലം ഈ ഗവണ്മെൻറ് കാർഷിക, വ്യാവസായിക മേഖലകളിലും മറ്റു മേഖലകളിലും കൈവരിച്ച നേട്ടങ്ങളെ വസ്തുനിഷ്ഠമായി അവതരിപ്പിക്കുന്നതിനു കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ സാമ്പത്തിക രംഗത്ത് ഭയാശങ്കകളില്ല,

LIBRARY ARCHIVES Kerala Legislative Assembly

ഓവർ ഡ്രാഫ്റ്റ് ഇല്ല, ട്രഷറി അടച്ചുപൂട്ടുന്നില്ല; അങ്ങനെ സംസ്ഥാനത്തെ സാമ്പത്തികരംഗത്ത് ഉണ്ടായിരുന്ന ഭയാശങ്കകൾ മാറ്റുന്നതിന് ഈ ഗവൺമെന്റിന് കഴിഞ്ഞു എന്നത് ബഡ്ജറ്റിലൂടെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. കാർഷികമേഖലയിൽ നയപരമായ നിരവധി കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞ അഞ്ചുവർഷക്കാലംകൊണ്ട് ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. നെൽക്കൃഷിക്കാർക്ക് വൈദ്യുതി സൗജന്യമാക്കി, മലയോര കർഷകർക്ക് പ്രകൃതിക്ഷോഭംകൊണ്ട് വിളകൾ നശിക്കുന്ന അവസരത്തിൽ അവരുടെ വിളകൾ സംരക്ഷിക്കുന്നതിന് കഴിഞ്ഞ ചിങ്ങം ഒന്നാം തീയതി 25 ഇനം കാർഷിക വിളകൾക്ക് വിള ഇൻഷ്വറൻസ് ഏർപ്പെടുത്തി, ഗ്രാമീണമേഖലയിലെ കർഷകർക്ക് കൃഷിഭവനുകളുമായി കൂടുതൽ ബന്ധപ്പെടാനുള്ള അവസരങ്ങളുണ്ടാക്കിക്കൊടുത്തു. കർഷകർക്ക് കൃഷിഭവനുകൾ സന്ദർശിക്കാനും നൂതനമായ കൃഷി സമ്പ്രദായങ്ങൾ സ്വീകരിക്കാനും കൃഷി ഉദ്യോഗസ്ഥന്റെ ഉപദേശം സ്വീകരിക്കാനും കഴിയുന്നു. ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് കൃഷി ഭവനുകളുമായി കൂടുതൽ ബന്ധം ഉണ്ടാക്കുന്നതിനും അതുവഴി അവരുടെ കാർഷിക മേഖല പുഷ്ടിപ്പെടുത്തുന്നതിനും കഴിയുന്നു. അതുപോലെതന്നെ കർഷകരെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി, ചിങ്ങം ഒന്നാം തീയതി കർഷകദിനമായി ആചരിക്കുന്നു, മാതൃകാ കർഷകനെ ആദരിക്കുന്നു. കാർഷിക മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് വളരെയേറെ സഹായിക്കുന്നുണ്ട്. മൃഗസംരക്ഷണരംഗത്ത് വളരെയേറെ മേൻമയുള്ള കാലിസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും അത് വ്യാപിപ്പിക്കുന്നതിനും കഴിഞ്ഞു. പാലിന്റെ ഉൽപ്പാദനം 6.37 ലക്ഷം ടണ്ണായി വർദ്ധിച്ചു ഇടുക്കി ജില്ലയിൽ ഒരു ഡയറി കോളേജ് ഈ വർഷം ആരംഭിക്കും എന്നുള്ളത് ഈ ഗവൺമെന്റിന്റെ പ്രഖ്യാപനമായിരുന്നു. അത് സംബന്ധിച്ച് ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

അതുപോലെ തന്നെ വ്യാവസായികരംഗത്ത് പൊതുമേഖലയെ ലാഭകരമാക്കിത്തീർത്തു. വ്യവസായ മേഖലയിൽ മുതൽമുടക്കുന്നതിനുവേണ്ടി ആളുകൾ വളരെ താൽപ്പര്യത്തോടുകൂടി വരുന്നുണ്ട്. സംസ്ഥാനത്തുള്ളവരും പുറത്തുള്ളവരും നമ്മുടെ സംസ്ഥാനത്ത് മുതൽമുടക്കാൻ ഇന്ന് വളരെ താൽപ്പര്യപൂർവ്വം മുന്നോട്ടു വരുന്നുണ്ട്. അത് നമ്മുടെ സംസ്ഥാനത്തിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം വളരെ ഗുണകരമാണ്.

വിനോദസഞ്ചാരത്തെക്കുറിച്ച് പറയുമ്പോൾ, ഏറ്റവും അഭിവൃദ്ധി പ്രാപിച്ച്, തൊഴിൽ ലഭിക്കുന്ന ഒരു മേഖലയാണിത്. ഈ വകുപ്പിൽ തൊഴിൽ ലഭ്യമാക്കുന്നതിന് നിരവധി നൂതനമായ മാർഗ്ഗങ്ങൾ ആവിഷ്ക്കരിച്ചിരിക്കുന്നു. ഇനിയും മുന്നോട്ടുള്ള പ്രയാണത്തിൽ ദേശീയരും വിദേശീയരുമായിട്ടുള്ള ടൂറിസ്റ്റുകളെ സ്വീകരിക്കുകയും അവർക്കുവേണ്ട രീതിയിൽ സംരക്ഷണം കൊടുക്കുകയും ചെയ്യുന്നതിനുള്ള നടപടികളെടുക്കുകയാണെങ്കിൽ കേരള സംസ്ഥാനം ഏറ്റവും വലിയ വിനോദസഞ്ചാര കേന്ദ്രമായി മാറും. അതിന് വളരെ നൂതനമായ മാർഗ്ഗങ്ങൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്.

അതുപോലെതന്നെ ഭവന നിർമ്മാണ രംഗത്തെക്കുറിച്ച് പറയുമ്പോൾ, രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിയിൽ 700 കോടി രൂപ ചെലവഴിച്ച് നാല് ലക്ഷം വീടുകൾ നിർമ്മിക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനത്ത് എവിടെ ചെന്നാലും പണ്ട് കാണാറുള്ള പഴയ ചെറ്റകുടിലുകൾ മാറി ആ സ്ഥാനത്ത് ഇഷ്ടികയും കോൺക്രീറും ഷീറ്റുമൊക്കെ ഉപയോഗിച്ചുകൊണ്ടുള്ള നല്ല വീടുകൾ നിർമ്മിക്കുന്നത് കാണാം. എല്ലാ വിഭാഗം ജനങ്ങളും വീടുകൾ

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മിക്കണമെന്നുള്ള സ്ഥിര പ്രതിജ്ഞയുമായി മുന്നോട്ടുള്ള പ്രയാണത്തിലാണ്.

തൊഴിൽമേഖല ഇന്ന് വളരെ പരിപുഷ്ടമായിരിക്കുന്നു. ഒരു കാലത്ത് തൊഴിലന്വേഷിച്ച് ജനങ്ങൾ നടന്നിരുന്നുവെങ്കിൽ ഇന്ന് തൊഴിൽ ജനങ്ങളെ അന്വേഷിച്ച് നടക്കുകയാണ്. അത്രമാത്രം മാറ്റം തൊഴിൽ മേഖലയിൽ വന്നിട്ടുണ്ട്. വളരെ സമാധാനപൂർണ്ണമായിട്ടാണ് ഇന്ന് തൊഴിൽമേഖല മുന്നോട്ടു പോകുന്നത്. ഈ മേഖലയിൽ കൊടുക്കേണ്ട എല്ലാ മിനിമം വേജസ് കരുറുകളും കാലാകാലങ്ങളിൽ പുതുക്കിക്കഴിഞ്ഞു. അഞ്ചു ലക്ഷത്തോളം/തൊട്ടം തോഴിലാളികളെ ബാധിക്കുന്ന മിനിമം കൂലിയും പുതുക്കി. ഇത് ചരിത്രത്തിലെ അപൂർവ്വമായ സംഭവമാണ്. അതുപോലെ തന്നെ വളരെ ആലോചിച്ച്, യുക്തിപൂർവ്വം വ്യവസായങ്ങളുടെ ഘടന പരിശോധിച്ച് അവയുടെ അഭിവൃദ്ധി പരിശോധിച്ച് തൊഴിലാളികളുടെ ബുദ്ധിമുട്ടുകളും മനസ്സിലാക്കിക്കൊണ്ട് തൊഴിൽ മേഖലയിൽ മിനിമം വേജസ് വർദ്ധിപ്പിക്കാൻ കഴിഞ്ഞു. നിരവധി തവണ പ്ലാന്റേഷൻ ലേബർ കമ്മിറ്റികളും കൂടി മിക്കവാറും തെറ്റിപ്പിരിയുകയാണ് പതിവ്. അവസാനം തൊഴിൽ വകുപ്പുമന്ത്രി ഈ മേഖലയിലെ കാര്യങ്ങളും പരിശോധിച്ചു നോട്ടിഫിക്കേഷൻ ഇറക്കി. അതിന്റെ ഫലമായിട്ട് തേയില, ഏലം, കാപ്പി എന്നീ പ്ലാന്റേഷനുകളിലെ തൊഴിലാളികളുടെ പ്രതിദിന കൂലിയിൽ ഏതാണ്ട് 50 ശതമാനം വർദ്ധനവുണ്ടായി. അവരുടെ ആവശ്യങ്ങളെല്ലാം പരിഹരിക്കാൻ കഴിഞ്ഞു. മിനിമം വേജസ് അഡ്വൈസറി കമ്മിറ്റിയുടെ മുമ്പിലുള്ള കേസുകളിൻമേൽ എത്രയും വേഗം തീരുമാനമെടുക്കണം. നമ്മുടെ സംസ്ഥാനത്തെ എല്ലാ തൊഴിലാളി സംഘടനകളും ഒന്നായി നിലകൊള്ളുന്നു. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പ് മന്ത്രിയോട് പറയാനുള്ളത് എത്രയും വേഗം മിനിമം വേജസ് അഡ്വൈസറി കമ്മിറ്റി കൂടി തീരുമാനമെടുത്ത് അതിനനുസരിച്ച് ഗവൺമെന്റിന്റെ അന്തിമമായ തീരുമാനം ഉണ്ടാകണമെന്നാണ്.

4 P.M.] വൈദ്യുതി ഉൽപ്പാദനരംഗത്ത് നമ്മൾ ജലവൈദ്യുത പദ്ധതികളെ മാത്രമാണ് ആശ്രയിച്ചിരുന്നത്. കേരളത്തിലെ തിരുവിതാംകൂറിന്റെ ചരിത്രം മുതൽ ഇന്നുവരെയുള്ള ചരിത്രം പരിശോധിച്ചാൽ ജല വൈദ്യുത പദ്ധതികളിൽ നിന്നും ചുരുങ്ങിയ ചെലവിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള നയമാണ് സ്വീകരിച്ചിരുന്നത്. ഇന്ന് അതു മാറി. വർദ്ധിച്ചുവരുന്ന വൈദ്യുതിയുടെ ആവശ്യം നമുക്ക് താങ്ങാൻ സാധിക്കുന്നതല്ല. കാർഷികാവശ്യങ്ങൾക്കും മറ്റു വികസനപരമായ ആവശ്യങ്ങൾക്കും വൈദ്യുതി കണ്ടെത്തണം. മുൻ ഗവൺമെന്റുകൾ ജലവൈദ്യുത പദ്ധതികളല്ലാതെ മറ്റ് മാർഗ്ഗങ്ങളൊന്നും സ്വീകരിച്ചിട്ടില്ല എന്നത് വസ്തുതയാണ്. ഊർജ്ജവകുപ്പിന്റെ ചുമതല വഹിക്കുന്ന ഊർജ്ജസചിവനായ മന്ത്രി ശ്രീ. കാർത്തികേയൻ ഈ പ്രതിസന്ധിക്കെല്ലാം പരിഹാരം സ്വീകരിച്ചിരിക്കുന്നു. ബ്രഹ്മപുരം ഡീസൽ പദ്ധതിയുടെ പണി ഉടനെ പൂർത്തിയാകും. സ്വകാര്യ പങ്കാളിത്തത്തോടെ 57. ചെറുകിട വൈദ്യുത പദ്ധതികൾക്കും, 25 തെർമ്മൽ പ്രോജക്ടുകൾക്കും വൈദ്യുതിബോർഡും, വ്യവസായ വികസന കോർപ്പറേഷനും ചേർന്നു കരാർ ഉണ്ടാക്കിയിരിക്കുന്നു. സംസ്ഥാനത്ത് തെർമ്മൽ പവർ പദ്ധതികൾ കൂടുതൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടി ആരംഭിക്കുന്നതിനു നടപടികൾ സ്വീകരിച്ചിരിക്കുന്നു. 1360 മെഗാവാട്ട് ശേഷിയുള്ള മൂന്നു പദ്ധതികൾക്ക് സ്വകാര്യ ഊർജ്ജ വകുപ്പ് ഉൽപ്പാദകരുമായി കരാറിൽ എത്തിയിരിക്കുന്നു, കാറ്റിൽ നിന്ന് വൈദ്യുതി എടുക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. രാമക്കൽമേടിലെ ഊർജ്ജ വകുപ്പിന്റെ പണികൾ പുരോഗമിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

നിരവധി കേന്ദ്രങ്ങളിൽ നിന്നും കാറ്റിൽ നിന്നു വൈദ്യുതി എടുക്കുന്നതിനു സാധിക്കും. എന്റെ നിയോജകമണ്ഡലത്തിൽ ഏതാണ്ട് മൂവായിരം അടി ചതുരശ്രമീറ്റർ ഉയരമുള്ള രണ്ടു മൂന്നു കേന്ദ്രങ്ങളിൽ വിൻഡ് പ്രോഗ്രാം എന്ന നിലയിൽ കാറ്റിൽ നിന്ന് വൈദ്യുതി എടുക്കുന്നതിന് ബോണ്ട് വച്ചു. പക്ഷെ അതിന്റെ ഗവേഷണം ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. ഗവേഷണം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇനിയൊരു പ്രതിസന്ധിയുണ്ടാകാത്ത രീതിയിൽ ജലവൈദ്യുത പദ്ധതികളിൽ നിന്നും പൂർണ്ണമായി വൈദ്യുതി ഉപയോഗിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണം, എന്റെ നിയോജകമണ്ഡലത്തിൽ വഴിക്കടവ്, കുറ്റിയാർ അഴുത, ഡൈവർഷൻ സ്കീം എന്നിവയിൽ നിന്നും ഏതാണ്ട് 150 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് വെള്ളം കൊടുക്കാവുന്ന ഡൈവർഷൻ സ്കീമുകളാണ്. ഉത്തരവാദിത്വത്തോടുകൂടി പണികളും തീർക്കുന്നതിനുള്ള നടപടി വൈദ്യുതി ബോർഡ് സ്വീകരിക്കണം. കഴിഞ്ഞ തുലാവർഷം നമുക്ക് അനുഗ്രഹിതമായിരുന്നില്ല. മഴ ഉണ്ടാകുന്നതിനെ സംബന്ധിച്ചും മഴ മാറുന്നതിനെ സംബന്ധിച്ചും വാനശാസ്ത്രജ്ഞൻമാരുടെ നിരീക്ഷണത്തിൽ നിന്നും അറിയാൻ കഴിഞ്ഞത്-ഭൂമി കറങ്ങുമ്പോൾ അല്ലെങ്കിൽ ചലനമുണ്ടാകുമ്പോൾ കാറ്റിന്റെ ഗതി മാറുമെന്നാണ്. ഒരിക്കലും മഴ പെയ്യാത്ത ഗൾഫ് നാടുകളിലും ഇപ്പോൾ മഴയുണ്ട്. തമിഴ്നാട്ടിൽ ഇപ്പോഴും മഴയുണ്ട്. തുലാവർഷവും, വേനൽ മഴയും നമുക്ക് അനുഗ്രഹിതമായിരുന്നില്ല. ഇടുക്കി ജലസംഭരണിയിലെ മുല്ലപ്പെരിയാർ ഡാമിനെക്കുറിച്ചാണ് ഇപ്പോഴുള്ള വിവാദം. മുല്ലപ്പെരിയാർ ഡാമുമായുള്ള അന്തർ സംസ്ഥാന കരാർ . പുതുക്കണമെന്നാണ്. അന്തർ സംസ്ഥാന കരാർ പുതുക്കിയിട്ട് 132 അടി ജലനിരപ്പാക്കി അതു നിർത്തണം, ഇടുക്കി ജലസംഭരണിയിൽ നിന്നും 403 അടി വെള്ളം പുറത്തു വരത്തക്കനിലയിൽ കരാർ പുതുക്കണം. മുല്ലപ്പെരിയാറിൽ നിന്നും തമിഴ്നാട് വെള്ളം ചോർത്തിക്കൊണ്ട് പോകുന്നത് ഏതുവഴിയാണ്? നമ്മുടെ നേരെയാണ് വെള്ളം ചോർത്തിക്കൊണ്ട് പോകുന്നത്. 104 അടി കനാലിൽ നിന്നും വെള്ളം ടണലിൽ ചെല്ലുന്നു. അവിടെ ഒരു ഡാം ഉണ്ട്. ആ ഡാമിൽ നിന്നും നാലു സ്പിൽ സ്റ്റോറാക്ക്. വഴി വെള്ളം പോകുന്നു. അപ്പോഴും വെള്ളം ഓവർഫ്ളോ ചെയ്തു പ്രകൃതിദത്തമായ നദിയിൽ കൂടി പോകുന്നു. അത് നിരീക്ഷണം നടത്തുന്നത് ഇറിഗേഷൻ വകുപ്പാണ്. ഇറിഗേഷൻ വകുപ്പിലെ ഉദ്യോഗസ്ഥൻമാർ മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല. ഓണം അല്ലെങ്കിൽ സംക്രാന്തി എന്നതുപോലെ വല്ലപ്പോഴും ചെന്നു നിരീക്ഷണം നടത്തി പോകുകയാണ് ഈ ഉദ്യോഗസ്ഥൻമാർ ചെയ്യുന്നത്. നിരീക്ഷണം നടത്തുന്നതിനും. മോണിറ്ററിംഗ് നടത്തുന്നതിനും അധികജലം കൊണ്ടുപോകുന്നതു തടയുന്നതിനും, ഇടുക്കി ജലസംഭരണിക്ക് വെള്ളം കിട്ടുന്നതിനുമുള്ള ഉത്തരവാദിത്വം ഇലക്ട്രിസിറ്റി ബോർഡിനുണ്ട്, മുലപ്പെരിയാറിൽ നിന്നു വെള്ളം നഷ്ടപ്പെടുന്നതിന്റെ ഉത്തരവാദിത്വവും ഇലക്ട്രിസിറ്റി ബോർഡിനാണ്. അതിന്റെ ഉദ്യോഗസ്ഥനെ മോണിറ്ററിംഗിന് നിയമിക്കുകയും, മുല്ലപ്പെരിയാറിന്റെ ചുമതല ഇലക്ട്രിസിറ്റി ബോർഡിനു നൽകുകയും വേണം. അധികജലം സംഭരണിയിൽ വരുമ്പോൾ അത് ഒഴിക്കിവിട്ട് ലോവർ പെരിയാറിനു കിട്ടുന്നു. ഞാൻ സൂചിപ്പിച്ചതു പോലെ വൈദ്യുതി നമുക്ക് സംഭരിക്കാവുന്ന രീതിയിൽ സംഭരിക്കണം. അതിനൊരു തടസ്സവുമുണ്ടാകരുത്. ഇടുക്കി ജലസംഭരണിയിലേക്കാവശ്യമായ വെള്ളം കിട്ടുന്നതിനുവേണ്ടി മുല്ലപ്പെരിയാർ അണക്കെട്ടിന്റെ കരാർ പുതുക്കി പുനഃപരിശോധിക്കണം. അഭിവൃദ്ധി പ്രാപിച്ച ഒരു ഗവൺമെന്റ് അഞ്ചുവർഷം പൂർത്തിയാക്കി തെരഞ്ഞെടുപ്പിനെ നേരിടാൻ പോകുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പത്മകുമാർ : സർ, മുല്ലപ്പെരിയാറിലെ വെള്ളം തമിഴ്നാട് കൊണ്ടുപോകുന്നതിന് അനുകൂലമായിട്ടാണ് ഇപ്പോൾ അങ്ങ് സംസാരിക്കുന്നത്.

ശ്രീ. കെ. കെ. തോമസ് : ചാരപ്രവർത്തനമെന്നത് ശ്രീ. പത്മകുമാറിന്റെ ജോലിയാണ്. എന്റെ ജോലിയല്ല. ഞാൻ പറഞ്ഞത് മുല്ലപ്പെരിയാർ ഡാമിൽ നിന്നും വെള്ളം കൊണ്ടുപോകുന്നത് നമ്മൾ കാണത്തക്കരീതിയിലാണ്. നമ്മുടെ കമ്മിറ്റിക്കു പോലും അതു ബോദ്ധ്യമായിട്ടില്ല. 104 അടി പൊക്കമുള്ള കനാലിൽകൂടി ചെല്ലുന്ന വെള്ളം 104 അടി ഉയർച്ചയുള്ള ടണലിൽ പ്രവേശിച്ച് മറ്റൊരു ഡാമിൽ പ്രവേശിക്കുന്നു. ഡാമിൽ നിന്നും 100 അടി താഴ്ചയുള്ള തുരങ്കത്തിൽ കൂടി ചെന്ന് നാലു സ്പിൽ സ്റ്റോക്കിലായിട്ട് വെള്ളം പോകുന്നു. വെള്ളം ചെല്ലുന്ന തടാകത്തിൽ നിന്ന് ഓവർഫ്ളോ ചെയ്തു ഏതാണ്ട് ഒരു സെക്കൻറിൽ 800 ഘനഅടി വെള്ളം കാലവർഷത്തിൽ തമിഴ്നാട്ടിലേക്ക് പോകാറുണ്ട്. അതു തടയുന്നതിനുള്ള നടപടി സ്വീകരിക്കാനായിട്ട് ഉദ്യോഗസ്ഥൻമാരെ നിയമിക്കണം. നിരീക്ഷണം നടത്താനുള്ള അധികാരം വൈദ്യുതിബോർഡിന് കൊടുക്കണം. വൈദ്യുതിയുടെ ഒഴിച്ചുകൂടാൻ പറ്റാത്ത ആവശ്യം കണക്കിലെടുത്താണ് ഞാനിത് പറയുന്നത്. നിരവധി അണക്കെട്ടുകളുള്ള ഏറ്റവും കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ജില്ലയിലെ ജനപ്രതിനിധികളാണ് നമ്മൾ ആ നിലയിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ആവശ്യകത നിലനിർത്തിക്കൊണ്ട്, കുരുടൻ ആനയെ കാണുന്ന രീതിയിൽ കാണാതെ മുല്ലപ്പെരിയാറിൽ നിന്നു വെള്ളം ചോർന്നു പോകുന്നത് തടയുന്നതിനുള്ള നടപടി സ്വീകരിക്കണം. അഞ്ചു വർഷം പൂർത്തിയാക്കി തെരഞ്ഞെടുപ്പിനെ നേരിടാൻ പോകുകയാണ് ഗവൺമെൻറ്. പ്രതിപക്ഷത്തിന്റെ ഏറ്റവും വലിയ ബുദ്ധിമുട്ട്, അവർ ഭയപ്പെടുന്നതുമായ വ്യക്തിയാണ് ശ്രീ. എ. കെ. ആൻറണി. കഴിഞ്ഞ മാർച്ചിൽ ശ്രീ. ശിവദാസമേനോൻ കലിതുള്ളിക്കൊണ്ട് വെളിച്ചപ്പാടിനെപ്പോലെ പറയുകയുണ്ടായി ; ആൻറണിയുടെ വ്യക്തിത്വം കളയുമെന്ന്. ശ്രീ. ആൻറണിക്കെതിരെ 150 കോടി രൂപയുടെ അഴിമതിയാരോപണങ്ങൾ വരെ പ്രതിപക്ഷനേതാവ് പറഞ്ഞെന്നറിയുന്നു. ഇത്തരം ആരോപണങ്ങൾ വച്ച് ശ്രീ. ആൻറണിയെ ഒഴിവാക്കാൻ ആഗ്രഹിക്കുന്നവർ ഒന്നു മനസ്സിലാക്കണം. ശ്രീ. ആൻറണി പഴയ ആളല്ല ; ഉൾക്കരുത്തുള്ള ആളാണ്. അദ്ദേഹത്തെ ഒഴിവാക്കാൻ സാധ്യമല്ല. ഉലയിൽ നിന്നൂതിയ പൊന്നുപോലെ ശ്രീ. ആൻറണി ശോഭിക്കും. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അടുത്ത തെരഞ്ഞെടുപ്പിനെ നേരിടും. ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു.

ശ്രീ. എം. മുരളി : സർ, ഈ ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുകയാണ്. ഭരണഘടനാപരമായ ബാധ്യതകൾ നിറവേറ്റിക്കൊണ്ട് പുതിയ പദ്ധതികളും, പ്രത്യേക ഇളവുകളും, നികുതികളുമൊന്നും ഇല്ലാതെ 1996-97-ലേക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ചിരിക്കുന്ന ഈ ഇടക്കാല ബഡ്ജറ്റ് അങ്ങേയറ്റം പ്രശംസ അർഹിക്കുന്നു. ജനാധിപത്യ മര്യാദകൾ പാലിച്ചുകൊണ്ടും, ഭരണസ്തംഭനം ഒഴിവാക്കിക്കൊണ്ടും അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റ് ആസന്നമായ പൊതുതെരഞ്ഞെടുപ്പ് കഴിഞ്ഞ് അധികാരത്തിൽ വരുന്ന ഗവൺമെൻറിനെ സാമ്പത്തികമായി തളച്ചിടാനുള്ള ഒരു പരിശ്രമവും നടത്തിയിട്ടില്ലയെന്ന കാര്യം പ്രത്യേകമായിട്ട് എടുത്തു പറയേണ്ടതാണ്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റ് കഴിഞ്ഞ അഞ്ചുവർഷക്കാലമായി സാമ്പത്തികരംഗത്ത് കൈവരിച്ചിട്ടുള്ള നേട്ടങ്ങളെ എടുത്തുപറയുന്നു. 1991 മുതലുള്ള അഞ്ചുവർഷത്തിനിടയിൽ കേരളം കൈവരിച്ച പുരോഗതി എല്ലാവരും തലകുലുക്കി സമ്മതിക്കുന്ന നേട്ടമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. വരാൻ പോകുന്ന

LIBRARY ARCHIVES Kerala Legislative Assembly

തെരഞ്ഞെടുപ്പിനെ ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രചരണമാകാമെന്നു പ്രതിപക്ഷത്തുള്ളവർ ആക്ഷേപിച്ചാലും വസ്തുതകൾ യാഥാർത്ഥ്യമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. 1991-ൽ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വരുമ്പോൾ 100 കോടി രൂപയുടെ ട്രഷറി കമ്മിയാണ് മുൻഭരണക്കാർ സെക്രട്ടേറിയറ്റ് വിട്ടു പോയത്. ദേശീയതലത്തിലും അന്നു സാമ്പത്തിക ഭദ്രതയില്ലായിരുന്നു. സാഹചര്യമാണ് ഉണ്ടായിരുന്നത്. 1991-92-ലെ സാമ്പത്തിക വളർച്ചാ നിരക്ക് നമ്മുടെ സംസ്ഥാനത്ത് 0.8 ശതമാനമായിരുന്നു. കാര്യക്ഷമമായ ധനകാര്യ മാനേജുമെൻറിലൂടെ ഈ സ്ഥിതിവിശേഷം മാറിയെടുക്കാൻ കേരളത്തിലെ ജനാധിപത്യ മുന്നണി സർക്കാരിനു കഴിഞ്ഞു. 1993-94-ൽ 9.97 കോടി രൂപയുടെ മിച്ചമുണ്ടാക്കാനും 1994-95-ൽ 417.53 കോടി രൂപയുടെ മിച്ചമുണ്ടാക്കാനും ഈ ഗവൺമെൻറിൻെറ പ്രവർത്തനകാലഘട്ടത്തിൽ കഴിഞ്ഞു. 1991-92-ൽ സംസ്ഥാനത്തിൻെറ തനതായ റവന്യൂ വരുമാനം 1908 കോടി രൂപയായിരുന്നുവെങ്കിൽ 1994-95-ൽ നമ്മുടെ റവന്യൂ വരുമാനം 3181 കോടി രൂപയാക്കി വർദ്ധിപ്പിക്കാൻ ഈ ഗവൺമെൻറിൻെറ പ്രവർത്തന കാലഘട്ടത്തിൽ കഴിഞ്ഞു. ഒരു കാര്യം എടുത്തു പറയട്ടെ, സംതൃപ്തമായ സിവിൽ സർവ്വീസ് ഏതു ഗവൺമെൻറിൻെറ മുഖമുദ്രയാണോ ആ ഗവൺമെൻറ് ഉയർത്തിപ്പിടിക്കുന്ന ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കാൻ സംതൃപ്തമായ ഒരു സിവിൽ സർവ്വീസിനെക്കൊണ്ടു മാത്രമേ സാധിക്കുകയുള്ളു. ഇടക്കാലാശ്വാസമാണെങ്കിലും ഗവൺമെൻറ് പ്രഖ്യാപിച്ച കേന്ദ്ര നിരക്കിലുള്ള ശമ്പള പരിഷ്ക്കരണമാണെങ്കിലും ജീവനക്കാർക്കു നൽകിയ ബോണസാണെങ്കിലും മറ്റാനുകൂല്യങ്ങളാണെങ്കിലും സംസ്ഥാന ഗവൺമെൻറ് ജീവനക്കാർക്കും അദ്ധ്യാപകർക്കും കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ നൽകിയ എല്ലാ ആനുകൂല്യങ്ങളും നടപ്പിലാക്കിയശേഷം പദ്ധതിയേതര ചെലവ് 53.12 ശതമാനമായി പരിമിതപ്പെടുത്താൻ ഈ ഗവൺമെൻറിനു കഴിഞ്ഞു. ധനകാര്യ രംഗത്ത് ഇത്രയും ഫലപ്രദമായ ഒരു ഭരണം കാഴ്ചവച്ച ഒരു കാലഘട്ടം നമ്മുടെ സംസ്ഥാനത്തിൻെറ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. ഗവൺമെൻറ് സ്വീകരിച്ച നയങ്ങളുടെ ഫലമായി സംസ്ഥാനത്തിൻെറ സമ്പദ്ഘടനയുടെ അടിത്തറ പൂർണ്ണമായും ബലപ്പെടുത്താൻ, അതു ഭാവി കേരളത്തിനുതകുന്ന നിലയിൽ ദീർഘകാല വളർച്ചയ്ക്ക് നമ്മുടെ സംസ്ഥാനത്തെ മുന്നോട്ടു നയിക്കത്തക്കനിലയിൽ ആവിഷ്ക്കരിക്കാൻ, സജ്ജമാക്കാൻ ഈ ഗവൺമെൻറിനു കഴിഞ്ഞു. കാർഷിക രംഗത്ത്, ഞാൻ ഇവിടെ ചർവ്വിതചർവ്വണം നടത്തുകയല്ല, ഈ അഞ്ചുവർഷം കൊണ്ട് നെൽകൃഷി മേഖലയിലും നാളികേര ഉൽപ്പാദന രംഗത്തും നമുക്ക് വമ്പിച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞു. ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ചുകൊണ്ട് ഉൽപ്പാദനച്ചെലവ് ചുരുക്കിക്കൊണ്ട് കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്താൻ ഈ ഗവൺമെൻറിനു കഴിഞ്ഞു. അതിൻെറ ഫലം നമ്മുടെ സംസ്ഥാനത്ത് കണ്ടുകൊണ്ടിരിക്കുകയാണ്. നാളികേരത്തിൻെറ ഉൽപ്പാദനത്തെക്കുറിച്ച് കഴിഞ്ഞ ദിവസം അവിടെ പറഞ്ഞ കണക്കിനെ ഖണ്ഡിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 1994-95-ൽ 5303 ദശലക്ഷമായിരുന്നു നാളികേരത്തിൻെറ ഉൽപ്പാദനം എന്ന കാര്യം ഞാൻ പറയട്ടെ. ഉൽപ്പാദനക്ഷമത ഒരു ഹെക്ടറിൽ 5688 ആയി വർദ്ധിപ്പിക്കാൻ ഈ ഗവൺമെൻറിൻെറ കാലഘട്ടത്തിൽ കഴിഞ്ഞു. ഇതൊരു സർവ്വകാല റിക്കാർഡാണ്. നാളികേരത്തിൻെറ വിലയിടിവ് നമ്മുടെ സമ്പദ്ഘടനയെ, നമ്മുടെ കാർഷിക മേഖലയെ ബാധിച്ചിട്ടുണ്ടെങ്കിലും നാളികേര ഉൽപ്പാദന രംഗത്ത് നമുക്ക് ബഹുദൂരം മുന്നോട്ടു പോകാൻ ഈ അഞ്ചുവർഷത്തെ ഭരണകാലഘട്ടത്തിൽ കഴിഞ്ഞു. പാലിൻെറ ഉൽപ്പാദനരംഗത്ത് കേരളം സ്വയംപര്യാപ്തതയിലായിരുന്നില്ല. ആന്ധ്രാ ഉൾപ്പെടെയുള്ള അന്യ സംസ്ഥാനത്തെ ആശ്രയിക്കേണ്ട സാഹചര്യമുണ്ടായിരുന്നു. പക്ഷേ ഈ അഞ്ചുവർഷത്തെ ജനാധിപത്യ

LIBRARY ARCHIVES Kerala Legislative Assembly

മുന്നണി സർക്കാരിന്റെ ഭരണകാലത്ത് പാലിന്റെ കാര്യത്തിൽ സ്വയംപര്യാപ്തതയിലേക്ക് നമ്മുടെ സംസ്ഥാനത്തെ എത്തിക്കുവാൻ നമ്മുടെ ക്ഷീരോൽപ്പാദന രംഗത്തിനു കഴിഞ്ഞു. മുട്ടയുടെ ഉൽപ്പാദന രംഗത്ത് കേരളം വളരെ പുറകിലായിരുന്നു. തമിഴ്നാട് പോലെയുള്ള സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സാഹചര്യമുണ്ടായിരുന്നു. ഇന്ന് ആ രംഗത്ത് നമ്മൾ നടത്തിയ കൂട്ടായ പരിശ്രമത്തിന്റെ ഫലമായി മുട്ടയുടെ ഉൽപ്പാദനരംഗത്ത് കേരളം സ്വയംപര്യാപ്തതയിൽ എത്തിക്കൊണ്ടിരിക്കുന്നു. മൽസ്യത്തിന്റെയും മാംസത്തിന്റെയും ഉൽപ്പാദനരംഗത്ത് ഏതാനും വർഷങ്ങൾ മുമ്പുവരെ കേരളം പരാശ്രയ സംസ്ഥാനമായിരുന്നുവെങ്കിൽ ഒരു സ്വാശ്രയ സംസ്ഥാനമായി നമ്മുടെ സംസ്ഥാനത്തെ മാറ്റിയെടുക്കാൻ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കഴിഞ്ഞു.

വ്യവസായ രംഗത്താണ് ഏറ്റവും അഭിമാനകരമായ വളർച്ച കൈവരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞത്. ടെക്നോപാർക്കിന്റെ കാര്യം ഞാൻ പ്രത്യേകം എടുത്തുപറയാൻ ആഗ്രഹിക്കുന്നു. വ്യവസായികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിച്ചുകൊടുക്കാൻ അത്യാധുനികമായ വ്യവസായ രംഗത്തേക്ക് സംരംഭകർക്ക് കടന്നു വരാനുള്ള അന്തരീക്ഷം നമ്മുടെ സംസ്ഥാനത്ത് ഉണ്ടായി. കേരളം തൊഴിലാളി സംഘടനകളുടെ സംസ്ഥാനമാണ്. അനാവശ്യ സമരങ്ങളുടെ സംസ്ഥാനമാണെന്ന പ്രചരണം അസ്ഥാനത്താണെന്നു തെളിയിച്ചുകൊണ്ട് വ്യവസായ സമാധാനം, തൊഴിൽശാലകളിലെ സമാധാനം നിലനിർത്താനും നമ്മുടെ വ്യവസായ ഉൽപ്പാദനം വർദ്ധിപ്പിക്കാനും ഈ കഴിഞ്ഞ അഞ്ചുവർഷത്തെ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കഴിഞ്ഞു. ഒരു പക്ഷേ എത്ര വ്യവസായസ്ഥാപനങ്ങൾ സിക്ക് യൂണിറ്റായി എന്നു ചോദിച്ചേക്കാം. പക്ഷേ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ 63785 ചെറുകിട വ്യവസായ യൂണിറ്റുകൾ നമ്മുടെ സംസ്ഥാനത്തു പ്രവർത്തനം ആരംഭിച്ചുവെന്നു പറഞ്ഞാൽ അതിലൂടെ ഒരു മിനി വ്യവസായ വിപ്ലവത്തിനു തുടക്കം കുറിക്കാൻ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കഴിഞ്ഞു. സിക്ക് യൂണിറ്റുകൾ ഒരുപക്ഷേ സംസ്ഥാനത്ത് ഉണ്ടാകാം. ഇന്നലെകളിൽ ഉണ്ടായിരുന്ന സിക്ക് യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കുവാനും മെച്ചപ്പെടുത്താനും പുതിയതായി ഏതാണ്ട് അറുപത്തിനാലായിരത്തോളം പുതിയ യൂണിറ്റുകൾക്ക് ജന്മം നൽകാൻ അതിലൂടെ ലക്ഷക്കണക്കിന് ചെറുപ്പക്കാർക്ക് തൊഴിൽ കൊടുക്കാൻ, ജീവിതമാർഗ്ഗമുണ്ടാക്കിക്കൊടുക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. ഒരുപക്ഷേ വ്യവസായ രംഗത്ത് ഒരു നിശബ്ദ വിപ്ലവം നടപ്പിലാക്കാൻ ഈ ചെറുകിട വ്യവസായ സംരംഭങ്ങളിലൂടെ ഈ ഗവൺമെന്റിന് കഴിഞ്ഞിരിക്കുന്നുവെന്ന് അഭിമാനത്തോടുകൂടി ഞാൻ അവകാശപ്പെടുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം വൈകിപ്പോയി, ബംഗാളിന്റെ മാതൃക പിൻതുടരേണ്ടതായിരുന്നു. വൈദ്യുതി ഉൽപ്പാദന രംഗത്ത് ബഹുദൂരം മുന്നോട്ടു പോയ, വൈദ്യുതി രംഗത്ത് ഒരു മിച്ച സംസ്ഥാനമാണ് ബംഗാൾ എന്ന കാര്യം ഞാൻ നിഷേധിക്കുന്നില്ല, കേരളം ഇന്ന് വൈദ്യുതി ഉൽപ്പാദന രംഗത്ത് ഏറ്റവും പിന്നണിയിലായിരിക്കുന്നു. ഒരു പരാശ്രയ സംസ്ഥാനമാണ്. നമ്മെ സംബന്ധിച്ചിടത്തോളം ലജ്ജാകരമായ ലോഡ് ഷെഡ്ഡിംഗിലൂടെ നമുക്ക് മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. പക്ഷേ ഈ വൈകിയ വേളയിലെങ്കിലും 3400 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ആവശ്യമായ പദ്ധതികൾക്കു രൂപം നൽകാൻ സ്വകാര്യ മേഖലയെ ആശ്രയിച്ചുകൊണ്ടാണെങ്കിലും ഈ ഗവൺമെന്റ് തയ്യാറായെന്നു കാണുന്നത് അഭിനന്ദനാർഹമായ കാര്യമാണ്; ആശ്വാസകരമായ കാര്യമാണ്. 21-ാം നൂറ്റാണ്ടിൽ കേരളം കാലെടുത്തു കുത്തുമ്പോൾ ഇരുട്ടിൽ കഴിയേണ്ട കേരളത്തെ രക്ഷിക്കാൻ ഈ നടപടിയിലൂടെ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

ജലസേചന രംഗത്ത് ഒച്ചിഴയുന്ന വേഗത്തിൽ പോയിക്കൊണ്ടിരുന്ന വിദേശ പദ്ധതികൾക്ക് പുനർ ജീവൻ നൽകുവാൻ ഈ രംഗത്ത് നടത്തിയ പ്രവർത്തനങ്ങൾകൊണ്ട് കഴിഞ്ഞുവെന്നുമാത്രമേ ചുരുക്കിപ്പറയുവാൻ ഞാൻ ആഗ്രഹിക്കുന്നുള്ളൂ. നമ്മുടെ സംസ്ഥാനത്തിന്റെ പുരോഗതിക്ക് അടിസ്ഥാനമായ ഒരുപക്ഷേ നാം വിഭാവന ചെയ്യുന്ന വൈദ്യുത പദ്ധതികൾ സ്വകാര്യ മേഖലയെക്കൂടി ആശ്രയിച്ചുകൊണ്ട്, ലക്ഷ്യം വച്ചുകൊണ്ട് മുന്നോട്ടുപോകുന്ന, രൂപകൽപ്പന നൽകിയിരിക്കുന്ന പദ്ധതികളും, ബഹുദൂരം മുന്നോട്ടു പോകാൻ ശ്രമം നടത്തിക്കൊണ്ടിരിക്കുന്ന ദേശീയ പദ്ധതികളും നമ്മുടെ സംസ്ഥാനത്തെ പുരോഗതിയുടെ പാതയിലേക്ക് നയിക്കുമെന്ന കാര്യത്തിൽ സംശയമില്ല. നമ്മുടെ സമ്പദ്ഘടന പറന്നുയർന്ന് ലോകസമ്പദ്ഘടനയുടെ ഭാഗമായി ഇന്ന് മാറിക്കൊണ്ടിരിക്കുകയാണ്. അത് 5 വർഷക്കാലത്തെ ഈ ഗവൺമെൻറിന്റെ നേട്ടങ്ങളുടെ ഭാഗമാണെന്നുള്ള കാര്യത്തിൽ സംശയമില്ല. നമ്മുടെ സമ്പദ്ഘടന ഈ രംഗത്ത് 6.4% വളർച്ച കൈവരിച്ചിരിക്കുന്നു. ലക്ഷ്യത്തിലും കവിഞ്ഞ ഒരു നേട്ടമാണ് ഈ രംഗത്ത് നാം കൈവരിച്ചുകഴിഞ്ഞിരിക്കുന്നത്. എനിക്ക് ഒരു കാര്യം ധനകാര്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ നമ്മുടെ ബാങ്ക് ഡെപ്പോസിറ്റുകളും വായ്പകളും തമ്മിലുള്ള അനുപാതം ഇന്ന് നമുക്കനുകൂലമായിരിക്കുന്നുവെന്നാണ് ധനകാര്യമന്ത്രി പറഞ്ഞിരിക്കുന്നത്. ഇന്ന് രാവിലെ ഈ സഭയിലത് വിവാദമാകുകയുണ്ടായി. പക്ഷേ നമ്മുടെ പ്ലാനിംഗ് ബോർഡിന്റെ ഇക്കണോമിക് സർവ്വേ സൂചിപ്പിക്കുന്നത് ഈ അനുപാതം നമുക്ക് അനുകൂലമല്ലെന്നാണ്. ധനകാര്യമന്ത്രി പറഞ്ഞതാണോ ശരി, പ്ലാനിംഗ് ബോർഡിന്റെ ഇക്കണോമിക് സർവ്വേ ചൂണ്ടിക്കാണിക്കുന്ന വസ്തുതയാണോ ശരിയെന്ന് ഇവിടെ ബഡ്ജറ്റ് ചർച്ചയ്ക്ക് മറുപടി പറയുമ്പോൾ ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പഞ്ചായത്തിരാജ് നിയമത്തിലൂടെയുള്ള ഭരണപരമായ വികേന്ദ്രീകരണം, പതിനഞ്ചിന പരിപാടികൾ കഴിഞ്ഞ ഏതാനും മാസക്കാലമായി വിജയകരമായി നടപ്പിലാക്കാൻ നടത്തിയ ഉദാത്തമായ പരിശ്രമങ്ങൾ, സഹകരണ മേഖലയിലെ പുതിയ സംരംഭങ്ങൾ, കോട്ടയത്താരംഭിക്കുന്ന ടയർ ഫാക്ടറിപോലെയുള്ള പുതിയ സംരംഭങ്ങൾ ഇതെല്ലാം ഈ ഗവൺമെൻറിന്റെ കാലഘട്ടത്തിലെ എടുത്തുപറയാവുന്ന നേട്ടങ്ങളായി ഞാൻ ചൂണ്ടിക്കാണിക്കട്ടെ. പദ്ധതി നിർവ്വഹണ രംഗത്ത് നമുക്കഭിമാനിക്കാനുള്ള വക കൈവരിക്കാൻ കഴിഞ്ഞു. 8-ാം പദ്ധതിയുടെ ആദ്യത്തെ 3 വർഷങ്ങളിലും വികസനച്ചെലവ് ലക്ഷ്യത്തിലും കവിഞ്ഞ തോതിലായിരുന്നു. 1992-93-ൽ 102%; 1993-94-ൽ 109%; 1994-95-ൽ 102% എന്നിങ്ങനെയായിരുന്നു നമ്മുടെ പദ്ധതി ചെലവ്. ഇതൊരു ഗണ്യമായ നേട്ടമായി ഞാൻ ചൂണ്ടിക്കാണിക്കട്ടെ. ധനകാര്യ രംഗത്ത് പൂർണ്ണമായ അർത്ഥത്തിൽ ഭദ്രത കൈവരിക്കാൻ നമ്മുടെ സംസ്ഥാനത്തിന് ഈ ഗവൺമെൻറിന്റെ കാലഘട്ടത്തിൽ കഴിഞ്ഞിട്ടുണ്ട്. നികുതി ചുമത്താതെ വരുമാനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ നാം ഇന്ന് കണ്ടെത്തിക്കഴിഞ്ഞിരിക്കുന്നു. 1991-92-ലെ 100 കോടി രൂപയുടെ കമ്മിയിൽ നിന്നും ഈ സർക്കാർ 206.25 കോടി രൂപയുടെ മിച്ചം അടുത്ത സർക്കാരിനെ ഏൽപ്പിക്കാൻ പോവുകയാണ്. ചാരായ നിരോധനം നടപ്പിലാക്കുമ്പോൾ 340 കോടി രൂപയുടെ റവന്യൂ നഷ്ടമുണ്ടാകുമെങ്കിലും പൊതുജനങ്ങളെ ഞെക്കിപ്പിഴിയാതെ, അധിക നികുതിഭാരം അടിച്ചേൽപ്പിക്കാതെ ഈ കമ്മി നികത്തുവാൻ ഗവൺമെൻറ് ഈ ബഡ്ജറിലൂടെ ശ്രമിച്ചിരിക്കുന്നുവെന്ന കാര്യംകൂടി ഞാൻ ചൂണ്ടിക്കാണിക്കട്ടെ. നികുതികളും ഇളവുകളുമില്ലാതെ ഈ ബഡ്ജറിനു രൂപം നൽകിയ, ധനശാസ്ത്രത്തിന് പുതിയ നിർവചനം നൽകിയ ധനകാര്യമന്ത്രിയെ ഞാൻ ഒരിക്കൽക്കൂടി അഭിനന്ദിക്കുന്നു. ഒരു വസ്തുതകൂടി ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ചൂണ്ടിക്കാണിക്കട്ടെ, പ്ലാനിംഗ് ബോർഡിന്റെ സർവ്വേ അനുസരിച്ച് എന്റെ ജില്ലയായ ആലപ്പുഴ ജില്ലയുൾപ്പെടെയുള്ള 4 ജില്ലകളും സാമ്പത്തികമായി നിശ്ചലാവസ്ഥയിലാണ്. ഈ നാലു ജില്ലകളുടേയും സാമ്പത്തിക വളർച്ചയ്ക്കുവേണ്ടിയുള്ള നടപടി സ്വീകരിച്ചില്ലായെങ്കിൽ കേരളത്തിന്റെ വളർച്ചയിൽ അസന്തുലിതാവസ്ഥയുണ്ടാകുമെന്ന് ഞാൻ ചൂണ്ടിക്കാണിക്കട്ടെ. ഒരു കാര്യംകൂടി ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരുന്നു. ഭൂപ്രദേശപരമായ സവിശേഷതകളും സാംസ്ക്കാരികമായ പ്രത്യേകതകളുമുള്ള പ്രദേശമാണ് മധ്യതിരുവിതാംകൂർ പ്രദേശം. വിദേശ ഇൻഡ്യാക്കാർ ഏറ്റവും കൂടുതലുള്ള പ്രദേശമാണ് മധ്യതിരുവിതാംകൂർ. നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ താങ്ങി നിർത്തിയിരിക്കുന്ന, താങ്ങും തണലുമായിരിക്കുന്ന 100 കണക്കിന് സഹോദരങ്ങൾ ഈ പ്രദേശത്തുനിന്നുമാണ് ഇൻഡ്യക്കു പുറത്തും കേരളത്തിനുപുറത്തുംപോയി തൊഴിലെടുത്ത് നമ്മുടെ സംസ്ഥാനത്തെ സമ്പന്നമാക്കുന്നത്. നമ്മുടെ സംസ്ഥാനത്തിന് 15-ാമത് ഒരു ജില്ലയുണ്ടാകുകയാണെങ്കിൽ അത് എന്റെ പ്രദേശമായ മാവേലിക്കര ആസ്ഥാനകേന്ദ്രമാക്കി ഭൂപ്രദേശപരമായ സവിശേഷതകളും സാംസ്ക്കാരികമായി പ്രത്യേകതകളുമുള്ള മധ്യതിരുവിതാംകൂർ ആയിരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. അങ്ങനെ ഒരു പുതിയ ജില്ലയുണ്ടാക്കണമെന്ന് ഈ സംരംഭത്തിൽ ഗവൺമെന്റിനുമുൻപിൽ ഒരു നിർദ്ദേശം ഉന്നയിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ സർവാത്മനാ സ്വാഗതം ചെയ്യുന്നു.

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : സർ ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു. എനിക്കുമുൻപ് സംസാരിച്ച നമ്മുടെ ബഹുമാനപ്പെട്ട മുരളി പ്രതിപക്ഷം ഈ ബഡ്ജറ്റിനെ ഒരു തെരഞ്ഞെടുപ്പു പ്രശ്നമായിട്ടാണ് കാണുന്നതെന്ന് പറയുകയുണ്ടായി. ഈ ബഡ്ജറ്റ് കേരളത്തിലെ ജനങ്ങളുടെ കണ്ണിൽ പൊടിയിടാനുള്ള ഒരു ബഡ്ജറ്റാണെന്നാണ് ഞങ്ങൾ പറയുന്നത്. അങ്ങനെ പറയാൻ കാരണമുണ്ട്. 5 വർഷങ്ങൾക്കുമുമ്പ് കേരളത്തിൽ നടന്ന തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട മുരളി അദ്ദേഹം യൂത്ത് കോൺഗ്രസ്സിന്റെ സംസ്ഥാന ജനറൽ സെക്രട്ടറിയായിരുന്നു, എന്നോടൊരു ചോദ്യം ചോദിച്ചു. ശ്രീ. എ. കെ. മണിയുൾപ്പെടെയുള്ള യൂത്ത് കോൺഗ്രസ്സുകാർ അതൊന്ന് പരിശോധിക്കണം. ഐക്യജനാധിപത്യമുന്നണി അധികാരത്തിൽ വരികയാണെങ്കിൽ നമ്മുടെ സംസ്ഥാനത്തെ രൂക്ഷമായ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കാൻ ആയിരംകോടി രൂപ നീക്കിവയ്ക്കുമെന്നു പറഞ്ഞുകൊണ്ട് പടച്ചുവിട്ട തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ വോട്ടുനേടി അധികാരത്തിൽ വന്നവർ ഇപ്പോഴും പറയുന്നത് ഇത് തെരഞ്ഞെടുപ്പ് സ്റ്റണ്ടാണെന്ന്. ആ അനുഭവം നമുക്കുണ്ടോ ? കേരളത്തിലെ യുവജനങ്ങളെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് വോട്ടുവാങ്ങി അധികാരത്തിൽവന്ന ഗവൺമെന്റാണിത്. അങ്ങനെ അധികാരത്തിൽ വന്നിട്ട് 10 പൈസ നീക്കിവച്ചുകൊണ്ട് ഈ ഗവൺമെന്റിന് ഈ സംസ്ഥാനത്തെ യുവജനങ്ങളുടെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞോ ? കഴിഞ്ഞില്ല. അതുമാത്രമല്ല, ഇവിടെ കേരളത്തിന്റെ കാർഷികമേഖലയെക്കുറിച്ച് രേണുകക്ഷിയിൽ നിന്നെല്ലാവരും വാനോളം പുകഴ്ത്തി പ്രസംഗിക്കുന്നതു കേട്ടു. എന്താണ് നമ്മുടെ കാർഷിക മേഖല ഞാൻ ചോദിക്കട്ടെ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നമ്മുടെ കാർഷിക സമ്പദ്ഘടനയ്ക്ക് ഏറ്റവും വിലപ്പെട്ട സംഭാവന ചെയ്യുന്ന കാർഷിക മേഖല സമ്പന്നമാക്കാൻ, ഏതെങ്കിലും ചെറുകിട ജലസേചന പദ്ധതികൾക്ക് തുടക്കം കുറിയ്ക്കാൻ കഴിഞ്ഞോ ? കഴിഞ്ഞില്ല എനിക്കറിയാം. എന്റെ മണ്ഡലത്തിൽപ്പെടുന്ന കാസർഗോഡ് ജില്ലയിലെ മൂന്നാം കടവ് കാക്കടവ് പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുവെങ്കിൽപ്പോലും

LIBRARY ARCHIVES Kerala Legislative Assembly

ആ പദ്ധതികളൊന്നുംതന്നെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. കാർഷിക മേഖലയെക്കുറിച്ച് നിങ്ങളും പറഞ്ഞല്ലോ ? നിങ്ങളും നാളികേരത്തെക്കുറിച്ചും, റബ്ബറിനെക്കുറിച്ചും, നെൽക്കൃഷിയെക്കുറിച്ചുമൊക്കെ ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട എ. കെ. മണി, നമ്മുടെ നാടിനെക്കുറിച്ച് ഒരുകാലത്ത് കേരളമെന്നൊക്കെ പറഞ്ഞ് നമ്മളും ആവേശം കൊള്ളുമായിരുന്നു. പ്രത്യേകിച്ചും തെങ്ങ്കൃഷിക്കാരനെ ഇവിടെ പൊന്നാടയണിയിച്ചതിനെക്കുറിച്ച് കർഷകരെ ആദരിച്ചതിനെക്കുറിച്ചൊക്കെ ഇവിടെ സംസാരിച്ചല്ലോ. കേരളമെന്നു പറഞ്ഞാൽ ഈ പൊന്നിൻചിങ്ങമാസത്തെക്കുറിച്ച്, നാം കണ്ട സ്വപ്നം നെൽപ്പാടങ്ങളിൽ പൂത്തുലഞ്ഞുനിൽക്കുന്ന നെൽക്കതിരുകളുമായിരുന്നല്ലോ കേരളത്തിന്റെ സങ്കൽപ്പം. ആ സങ്കൽപ്പം ഇന്നുണ്ടോ ? ആ സങ്കൽപ്പം ഇന്നു നമ്മുടെ മനസ്സിൽനിന്നും മാഞ്ഞുപൊയ്ക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എ. കെ. മണി : ഞങ്ങൾക്ക് അച്ചടിപ്പിശകൊന്നും ഉണ്ടായിട്ടില്ല. *ഇടതു കമ്യൂണിസ്റ്റ് മുന്നണി വാക്കുറുതിതാളിൽ 10 ലക്ഷം വേലെ ഇല്ലാത്ത ഇളൈഞർകളുക്കു വേലൈ കൊടുപ്പതാക കൂറിയതൈ അച്ചടിപ്പിഴൈ എൻറു താനേ കരുതവേണ്ടും.*

ശ്രീ. എം. നാരായണൻ (ഹോസ് ദുർഗ്ഗ്) : ഇടതുപക്ഷജനാധിപത്യ മുന്നണി 10 ലക്ഷംപേർക്ക് തൊഴിൽകൊടുക്കുമെന്ന് പറഞ്ഞത് അച്ചടിപ്പിശകാണെന്ന് പറഞ്ഞു. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ തെറ്റിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് അധികാരത്തിൽ വന്നതാണ് ഈ ഗവൺമെന്റ്. ഈ ഗവൺമെന്റ് പറഞ്ഞത് നടപ്പിലാക്കിയോ ?

ശ്രീ. എ. പത്മകുമാർ : ശ്രീ. എം. നാരായണന് തമിഴ് മനസ്സിലാകാഞ്ഞിട്ടാണ് ശ്രീ. എ. കെ. മണി ചോദിച്ചത് ഞങ്ങൾ ആയിരം കോടി രൂപയുടെ തൊഴിൽപദ്ധതിയെ സംബന്ധിച്ച് പറഞ്ഞത് ഓർമ്മയില്ലയെന്നാണ്.

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : അതാണ് ഞാനും പറഞ്ഞുവന്നത്. നമ്മുടെ കേരളത്തിന്റെ സങ്കൽപ്പത്തെക്കുറിച്ച് നമ്മുടെ നാട് കാർഷിക മേഖലയാണെന്നും. കുട്ടനാട്, പാലക്കാട് എന്നുപറഞ്ഞാൽ കേരളത്തിന്റെ നെല്ലായാണെന്നും, നെല്ലറയെന്നു പറയുന്നത് നമ്മുടെ സംസ്ഥാനത്തെ വയലേലകളെക്കുറിച്ചാണെന്നുമൊക്കെയാണല്ലോ. റവന്യൂ വകുപ്പ് സംസ്ഥാനത്തിന്റെ കാര്യത്തിൽ നമ്മളും മുൻപിലാണല്ലോ. ഒരുപക്ഷേ നാളത്തെ ഭാവിതലമുറ നെൽകൃഷിയെക്കുറിച്ച് നമ്മളോട് ചോദിച്ചാൽ റവന്യൂ വകുപ്പിനെ ചൂണ്ടിക്കാണിച്ചുകൊണ്ട്, പഞ്ചാബിലെയും ആസ്സാമിലേയും നെൽപ്പാടങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ട് അതാണ് മക്കളേ നെൽക്കൃഷിയെന്നും നെൽക്കതിരെന്നും ചൂണ്ടിക്കാണിക്കേണ്ടുന്ന ഒരവസ്ഥയിലേക്ക് നമ്മുടെ നാട് മാറിക്കൊണ്ടിരിക്കുന്നു. അതാണല്ലോ ശ്രീ. എം. നാരായണൻ (കുഴൽമന്ദം) രാവിലെ ശ്രദ്ധക്ഷണിക്കലിൽ ഉന്നയിച്ചത്. ഇന്ന് നാം ഉന്നയിച്ച വിഷയമുണ്ടല്ലോ നെൽക്കൃഷിയെക്കുറിച്ച്, ആ നെൽക്കൃഷിക്കാർ ആകമാനം ഇന്ന് കണ്ണീർക്കയത്തിലാണ്. അവർ ഉൽപ്പാദിപ്പിക്കുന്ന നെല്ലിന് ന്യായമായ വില ലഭിക്കുന്നില്ല. അതുപോലെതന്നെ കീടനാശിനികളുടേയും, വളത്തിന്റെയും വില ക്രമാതീതമായി വർദ്ധിപ്പിച്ചുകൊണ്ട് നെൽക്കൃഷിക്കാരന്റെ നട്ടെല്ലൊടിക്കുന്ന സമീപനം ഈ ഗവൺമെന്റും നമ്മുടെ കേന്ദ്രഗവൺമെന്റും തുടരുന്നതിന്റെ ഫലമായിട്ടാണ് ഇത്തരമൊരവസ്ഥയിൽ എത്തിയത്. ആ കൃഷിക്കാരെ സംരക്ഷിക്കാൻ നമുക്കിന്ന് കഴിയുന്നില്ല.

പിന്നെ, കർഷകത്തൊഴിലാളികളുടെ കാര്യം പറഞ്ഞല്ലോ. കർഷകതൊഴിലാളി കുടുംബത്തിൽപ്പെടുന്ന ഒരാൾ എന്ന നിലയിൽ, കർഷകതൊഴിലാളി പെൻഷൻ വാങ്ങാൻ അർഹതയുള്ള കുടുംബത്തിലെ ഒരംഗമെന്ന

LIBRARY ARCHIVES Kerala Legislative Assembly

നിലയിൽ ഞാൻ ചോദിക്കട്ടെ, കർഷകത്തൊഴിലാളി പെൻഷന്റെ അവസ്ഥ എന്താണ്? കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കാൽ വല്ല പദ്ധതിയും നിങ്ങൾക്കുണ്ടോ? കർഷകത്തൊഴിലാളി പെൻഷൻ ഇനത്തിൽ കൊടുക്കേണ്ട കുടിശ്ശികപോലും കൊടുത്തുതീർക്കാൻ കഴിയുന്നില്ല, കൊടുക്കുന്നില്ല. ആ കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് പ്രായോഗികമായ പ്രവർത്തനങ്ങൾ നടത്താൻ കഴിയാത്ത സർക്കാർ കർഷകത്തൊഴിലാളികളുടെ മുഖത്തുനോക്കി പറയുന്നു, അവർക്ക് ഞങ്ങൾ കുടിശ്ശിക കൊടുക്കാനുണ്ടെന്ന്. അതു മാത്രമാണോ. 10 ലക്ഷം പേർക്ക് തൊഴിൽ കൊടുത്തുവെന്ന് ഇപ്പോഴും പറഞ്ഞല്ലോ. തൊഴിലില്ലാത്തവരുടെ എണ്ണം 42 ലക്ഷത്തിൽ നിന്ന് 32 ലക്ഷമായി കുറഞ്ഞുവെന്ന് പറയുന്ന കണക്ക് നമ്മുടെ സംസ്ഥാനത്തെ യുവജനങ്ങളോട് ചെയ്യുന്ന കടുത്ത വഞ്ചനയാണെന്നുള്ളതിന് വ്യക്തമായ ഒരു ഉദാഹരണമാണ്.

ശ്രീ. എ. കണാരൻ :—യുവാക്കൾക്ക് ജോലി കൊടുത്തില്ലെന്നു പറയുന്നത് ശരിയല്ല. ജോലി കൊടുത്തിട്ടുണ്ട്. കള്ളവാറ്, പിടിച്ചുപറി, ബലാൽസംഗം ഈ രീതിയിലുള്ള ജോലിയെല്ലാം കൃത്യമായിട്ട് കൊടുത്തിട്ടുണ്ട്.

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്):—അത് ശരിയാണ്. ബഹുമാനപ്പെട്ട കണാരേട്ടൻ സൂചിപ്പിച്ചതുപോലെ നമ്മുടെ സംസ്ഥാനത്ത് മാനംമര്യാദയായി വഴിപോകാൻ പോലും കഴിയാത്ത ഒരവസ്ഥയിലേക്ക് മാറിയിരിക്കുന്നു. കുറെ പേർക്ക് ജോലി കിട്ടിയിട്ടുണ്ട്. പോക്കറടി, കൂലിത്തല്ല് ഇതൊക്കെയല്ലേ നമ്മുടെ തലസ്ഥാന നഗരിയിൽപോലും നടക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തതിൽ യഥാസമയം പുതുക്കാൻ കഴിയാത്ത ഒട്ടേറെ ആളുകളുണ്ട്. അത്തരം ആളുകളും അവരുടെ സീനിയോറിറ്റി പുതുക്കിക്കിട്ടുന്നതിനുവേണ്ടി എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽ അപേക്ഷ കൊടുത്ത് കാത്തിരിക്കുകയാണ്. ആ ആളുകളെയൊക്കെ ഈ ലിസ്റ്റിൽപ്പെടുത്തിക്കൊണ്ടാണ് 10 ലക്ഷം പേർക്ക് തൊഴിൽ കൊടുത്തുവെന്ന് പറയുന്നത്. ഇതിൽപ്പരം അപമാനമുണ്ടോ? ഇത് ഈ സംസ്ഥാനത്തെ യുവജനങ്ങളോട് വേണമോ ?

ശ്രീ. ഡേവിഡ് പിൻഹീറോ:— ഇങ്ങനെയുള്ള ആളുകൾക്ക് അവരുടെ രജിസ്ട്രേഷൻ പുതുക്കാനായിട്ട് ഗവൺമെന്റ് ഉത്തരവ് കൊടുത്തിട്ടുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയില്ലേ?

ശ്രീ. എ. പത്മകുമാർ:—ഇവിടെ ഒരുപാട് കാര്യങ്ങൾ ചെയ്തുവെന്നാണല്ലോ പറയുന്നത്. ഞാൻ രണ്ടു കാര്യങ്ങൾ പറയാം. എം.എൽ.എ. ക്വാർട്ടേഴ്സിൽ മൂട്ട താഴോട്ട് കടിച്ചുപിടിച്ചില്ലെങ്കിൽ കൊതുക് നമ്മളെ പൊക്കിക്കൊണ്ടു പോകുകയില്ലേ. അതുപോലെ അലക്കുകാരന് അവിടെ എത്ര രൂപ കുടിശ്ശിക കൊടുക്കാനുണ്ട്. കുടിശ്ശിക കൊടുക്കാതെ അയാൾ അലക്കുകയില്ലെന്നുവരെ പറഞ്ഞതാണ്. ഇങ്ങനെയുള്ള കാര്യങ്ങൾക്കുപോലും കാൽ കാശ് ചെലവഴിക്കാൻ ഇല്ലാത്തവരാണ് ഇവിടെ വന്ന് വർത്തമാനം പറയുന്നതെന്ന് അങ്ങേക്ക് മനസ്സിലായോ?

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :— ശ്രീ. പത്മകുമാർ പറഞ്ഞത് ശരിയാണ്. ഞാൻ പറഞ്ഞുവന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ രജിസ്ട്രേഷനെക്കുറിച്ചാണ്. സീനിയോറിറ്റി നഷ്ടപ്പെട്ടവരുടെ രജിസ്ട്രേഷൻ പുതുക്കാൻ ഉത്തരവ് കൊടുത്തത് ഈ ബഡ്ജറ്റ് അവതരിപ്പിച്ചതിന് ശേഷമാണ്. അല്ലെന്ന് നിങ്ങൾക്ക് പറയാൻ സാധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ രജിസ്ട്രേഷന്റെ സ്ഥിതി അതാണ്. അതുപോലെ കർഷകത്തൊഴിലാളികളെ ബാധിക്കുന്ന പല പ്രശ്നങ്ങളുമുണ്ട്. ക്ഷേമപദ്ധതികളൊന്നും ഗവൺമെന്റ് നടപ്പിലാക്കുന്നില്ല. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ ഇരുന്നപ്പോഴും 1990-ൽ നടപ്പിലാക്കിയ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്? ഇവിടെ നിങ്ങളും അഞ്ച് കൊല്ലം ഭരിച്ച് തേനും പാലും ഒഴുകുന്ന ഒരു സംസ്ഥാനമാക്കി മാറ്റിയെന്നാണല്ലോ അവകാശപ്പെടുന്നത്. ആ കർഷകത്തൊഴിലാളി ക്ഷേമനിധി നിയമത്തിലെ ഏതെങ്കിലും ഒരു വ്യവസ്ഥ നിങ്ങൾക്ക് നടപ്പിലാക്കാൻ കഴിഞ്ഞോ? കർഷകരിൽ നിന്ന് അംശാദായം പിരിക്കാൻ പറഞ്ഞപ്പോൾ വില്ലേജാഫീസർമാർ പറഞ്ഞു അവർക്ക് പിരിക്കാൻ കഴിയുകയില്ലെന്ന്. സംസ്ഥാനത്തെ ജീവനക്കാർ എന്ന നിലയിൽ ആ വില്ലേജാഫീസർമാരെ നിലയ്ക്ക് നിർത്താനും അവരെ കൊണ്ട് അംശാദായം പിരിപ്പിക്കാനുമുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചോ. എന്നിട്ട് പറയുന്നു, വില്ലേജാഫീസർമാർ അംശാദായം പിരിക്കാൻ കൂട്ടാക്കുന്നില്ലെന്ന്. ഇതിന് ആരാണ് ഉത്തരവാദി?

ശ്രീ. ഇ. ശങ്കരൻ:—കർഷകത്തൊഴിലാളി ക്ഷേമനിധി പെൻഷൻ ഇതൊക്കെ പറഞ്ഞിട്ട് ആ പാവങ്ങളെ പറഞ്ഞ് വോട്ട് വാങ്ങുക എന്നുള്ളതല്ലാതെ അവർക്ക് അഞ്ച് പൈസ കൊടുക്കണമെന്ന് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന് ആഗ്രഹമുണ്ടെന്ന് തോന്നുന്നുണ്ടോ?

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്):—അല്ല, അതാണ് ഞാൻ പറഞ്ഞത് കർഷകത്തൊഴിലാളികളുടെ ക്ഷേമനിധി നടപ്പിലാക്കുന്നതിനുവേണ്ടി കൃഷിക്കാരിൽ നിന്ന് പിരിക്കാനുള്ള അംശാദായം പിരിക്കാൻ കൂട്ടാക്കാത്ത ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിച്ചുകൊണ്ട് അത് പിരിപ്പിക്കാൻ തയ്യാറാകാത്ത ഒരു ഗവൺമെന്റാണിതെന്ന്.

ശ്രീ. എം. നാരായണൻ (കുഴൽമന്ദം):—ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നമ്മുടെ സംസ്ഥാനത്ത് കർഷകത്തൊഴിലാളി പെൻഷൻ അർഹതപ്പെട്ട പല കർഷകത്തൊഴിലാളികളുടെ വീട്ടിലും ഇപ്പോൾ ഓരോ കാർഡ് വരുന്നു. ആ കാർഡിൽ പറയുന്നത് മരിച്ചുപോയതുകൊണ്ട് നിങ്ങൾക്ക് നിങ്ങളുടെ പെൻഷൻ നിഷേധിച്ചിരിക്കുന്നു എന്നാണ്. ഇങ്ങനെ ജീവിച്ചിരിക്കുന്ന കർഷകത്തൊഴിലാളികളെ മരിച്ചതായിട്ട് ചിത്രീകരിച്ചിട്ട് അവർക്കെല്ലാം പെൻഷൻ നിഷേധിക്കുന്ന നടപടിയാണ് ഇപ്പോൾ ഗവൺമെന്റ് ചെയ്യുന്നതെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽ പെട്ടുവോ?

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്):—അത് ശരിയാണ്. അതുപോലെ കർഷകത്തൊഴിലാളി ക്ഷേമനിധി നിയമത്തിൽ പറഞ്ഞിട്ടുള്ള ഒരു വ്യവസ്ഥയുണ്ടല്ലോ. കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുത്ത ഒരു കർഷകത്തൊഴിലാളി മരിച്ചുപോയാൽ അയാളുടെ മരണാനന്തരകർമ്മം നടത്താൻ വേണ്ടി ഒരു സഹായം കൊടുക്കുമെന്ന്. ആ പണം പോലും ഗവൺമെന്റ് കൊടുക്കുന്നുണ്ടോ? ആരാണ് ഇതിന് ഉത്തരവാദി? ഈ പണം കൊടുക്കേണ്ടതല്ലേ. ഈ പണം കിട്ടണമെങ്കിൽതന്നെ എന്തെല്ലാം നൂലാമാലകളാണ്. കർഷകത്തൊഴിലാളി ജീവിച്ചിരിക്കുമ്പോൾ ക്ഷേമനിധിധിയിൽ അടച്ചപണം മരിച്ചു കഴിഞ്ഞാൽ അയാളുടെ കുടുംബത്തിലെ ആശ്രിതർക്ക് നൽകേണ്ടതുണ്ട്. ആ പണം പോലും ഗവൺമെന്റിന് നൽകാൻ കഴിയുന്നില്ല. ആരാണ് ഉത്തരവാദി?

LIBRARY ARCHIVES Kerala Legislative Assembly

കാർഷിക മേഖലയെക്കുറിച്ച് പറയുമ്പോഴും കണ്ണൂർ, കാസർകോട് ജില്ലകളിലെ പ്രധാനപ്പെട്ട ഒരു കൃഷിയാണ് കശുമാവ് കൃഷി. ഇപ്പോഴും ഈ ജില്ലകളിലെ കശുമാവ് കർഷകർ കണ്ണീരൊഴുക്കുകയാണ്. കാരണം നമ്മുടെ സംസ്ഥാനത്ത് ഏറ്റവും നല്ല കശുവണ്ടി ഉൽപ്പാദിപ്പിക്കുന്ന ഈ ജില്ലകളിലെ കശുമാവ് കർഷകരുടെ കശുവണ്ടി എടുക്കാൻ ഇന്ന് ആളില്ല. കശുവണ്ടി എടുക്കാൻ ആളില്ലെന്ന് പറയുമ്പോഴും ഈ കർഷകരെ ചൂഷണം ചെയ്യുന്ന ഒരു വിഭാഗം വ്യാപാരികളും രംഗത്ത് വന്നിരിക്കുന്നു.

ശ്രീ. വി. കേശവൻ :— ബഹുമാനപ്പെട്ട മെമ്പർ കർഷകത്തൊഴിലാളി പെൻഷനും അതുപോലുള്ള ആനുകൂല്യങ്ങളും കൊടുക്കാത്തതിനെപ്പറ്റി പറഞ്ഞു. മുൻ തൊഴിൽ വകുപ്പുമന്ത്രി ശ്രീ. എൻ. രാമകൃഷ്ണൻ തെങ്ങുകയറ്റ തൊഴിലാളികളുടെ പെൻഷൻ പ്രായം 55 വയസ്സാക്കി കുറയ്ക്കുന്നതാണെന്ന് ഒരു സബ്മിഷനു മറുപടിയായി നിയമസഭയിൽ പറഞ്ഞതാണ്. വലിയ ആയാസകരമായിട്ടുള്ള ഒരു ജോലിയാണല്ലോ അത്. അത് പ്രാബല്യത്തിൽ വരണമെങ്കിൽ നിയമത്തിൽ ഭേദഗതി വരുത്തണം. യാതൊരു നിയമ ഭേദഗതിയും വരുത്താതെ ആ പറഞ്ഞ ഉറപ്പ് പാലിക്കാത്തതുകൊണ്ട് ഏതാണ്ട് മൂന്ന് ലക്ഷത്തോളം വരുന്ന തെങ്ങുകയറ്റ തൊഴിലാളികളെ വഞ്ചിക്കുകയല്ലേ ചെയ്തതെന്നുള്ള കാര്യത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ് ?

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :—അതു തന്നെയാണ് ഞാൻ പറഞ്ഞുവന്നതും. നമ്മുടെ സംസ്ഥാനത്തെ ആർത്തൻമാരുടേയും ആലംബഹീനൻമാരുടെയും കാര്യങ്ങളാരോട് പറയാനാണ്? നമ്മുടെ കശുമാവ് കർഷകർ ഇന്ന് കണ്ണീരൊഴുക്കുകയാണ്. അവരെ സംരക്ഷിക്കാൻ കുത്തക സംഭരണം ഏർപ്പെടുത്തി സഹായിക്കണം.

മറ്റൊന്ന്, വിദ്യാഭ്യാസ രംഗമാണ്. ഇവിടെ നിങ്ങളും ഏറ്റവും കൂടുതൽ വാചാലമായി സംസാരിച്ചല്ലോ പ്രതിപക്ഷം വിദ്യാഭ്യാസ രംഗത്തെ എതിർക്കുന്നുവെന്ന്. കാസർകോട് ജില്ലയിൽ ഈ വർഷം അവസാനിക്കുമ്പോഴേക്കും 50 സ്കൂളുകളും അൺ എക്കണോമിക് എന്നു പറഞ്ഞുകൊണ്ട് അടച്ചുപൂട്ടാൻ പോകുകയാണ്. പത്രത്തിൽ വന്ന വാർത്തയാണ്. അതിൽ 31 സർക്കാർ സ്കൂളുകളും 19 എയ്ഡഡ് സ്കൂളുകളുമുണ്ട്. നമ്മുടെ സംസ്ഥാനത്തെ പാവപ്പെട്ടവരുടെ മക്കളും പഠിക്കുന്ന ഇതുപോലുള്ള പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളും അടച്ചുപൂട്ടിയാൽ എവിടെയാണ് അവർക്ക് പഠിക്കാൻ അവസരമുണ്ടാകുക. നാം എങ്ങോട്ടാണ് പോകുന്നത്. ഏഴാം നൂറ്റാണ്ടിലേക്കാണോ ?

മി. ചെയർമാൻ.—വിദ്യാർത്ഥികളും ഇല്ലാത്തതുകൊണ്ടല്ലേ സ്കൂളുകളും അടച്ചുപൂട്ടേണ്ടി വരുന്നത്.

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :—വിദ്യാർത്ഥികളും ഇല്ലാതിരിക്കുന്നതിന് കാരണം പ്രധാനമായും അൺ എയ്ഡഡ് സ്കൂളുകളും കൂടുതൽ അനുവദിക്കുന്നതുകൊണ്ടാണ്. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ അൺ എയ്ഡഡ് സ്കൂളുകളും അനുവദിക്കപ്പെട്ട ഒരു ജില്ലയാണ് കാസർകോട് ജില്ല. അത്തരം അൺ എയ്ഡഡ് സ്കൂളുകളും അനുവദിക്കപ്പെട്ടതു കൊണ്ടാണ് നമ്മുടെ സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളും അടച്ചു പൂട്ടേണ്ട സ്ഥിതി ഉണ്ടാകുന്നത്. ഇതിനു മാറ്റമുണ്ടാകണ്ടേ. അതുകൊണ്ട് സാധാരണക്കാർ ഉൾപ്പെടെ നമ്മുടെ സംസ്ഥാനത്തെ മുഴുവൻ ജനവിഭാഗങ്ങളേയും ഒരുപോലെ ബാധിക്കുന്ന, ഒരുപോലെ നിരാശരാക്കുന്ന ഈ ബഡ്ജറ്റിനെ ശക്തിയായി എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു...

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ]

ശ്രീ. തച്ചടി പ്രഭാകരൻ : സർ, ഐക്യജനാധിപത്യ മുന്നണി 5 വർഷം പൂർത്തിയാകുന്നതിനു രണ്ടുമാസം കൂടി അവശേഷിക്കുമ്പോഴാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒരു ബഡ്ജറ്റ് അവതരിപ്പിക്കാനിടയായത്. അതിൽ സദാചാരം നിലനിർത്തിക്കൊണ്ടാണ് ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റ് അവതരിപ്പിച്ചത്. കാരണം വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കാതെയിരിക്കാൻ നിർവ്വാഹമില്ല. അതേസമയം 4 മാസക്കാലത്തേക്കുള്ള വോട്ട് ഓൺ അക്കൗണ്ട് നിയമസഭ പാസ്സാക്കിയില്ലെങ്കിൽ ഏപ്രിൽ ഒന്നാം തീയതി മുതൽ ഒരൊറ്റ ഉദ്യോഗസ്ഥനും ശമ്പളം കിട്ടാനുള്ള സാഹചര്യം ഉണ്ടാവില്ല. അപ്പോഴാ അതിന് പ്രതിപക്ഷം എന്താണ് പറഞ്ഞത് ? ഈ തെരഞ്ഞെടുപ്പ് വരാൻ പോകുന്ന അവസരത്തിൽ സമ്പൂർണ്ണ ബഡ്ജറ്റ് വരാൻ പോകുകയാണ്. ആ സമ്പൂർണ്ണ ബഡ്ജറ്റ് അവതരിപ്പിക്കാൻ ഈ മുന്നണിക്ക് അധികാരമില്ല എന്നു വിമർശിച്ച ആളുകളുണ്ട്. അതെല്ലാം ബഡ്ജറ്റ് വരുന്നതിനുമുമ്പുള്ള വിമർശനമായിരുന്നു. നേരെ മറിച്ച് ഈ ഗവൺമെന്റ് ഒരു ബഡ്ജറ്റ് അവതരിപ്പിച്ചപ്പോഴാ യാതൊരു പ്രഖ്യാപനങ്ങളുമില്ല. ഈ സഭ പിരിഞ്ഞ് പുതിയ ഒരു സഭ വരുന്ന അവസരത്തിൽ ആവശ്യമായ എല്ലാ ഭേദഗതികളോടും കൂടിയായിരിക്കും പുതിയ ബഡ്ജറ്റ് വരുന്നത്. ഐക്യജനാധിപത്യമുന്നണി തന്നെയാണ് വീണ്ടും ബഡ്ജറ്റിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തണമെങ്കിൽ വരുത്തിക്കൊണ്ട് അവതരിപ്പിക്കാൻ പോകുന്നത് എന്ന കാര്യത്തിൽ യാതൊരു സംശയവും ഇല്ല.

ശ്രീ. എ. പത്മകുമാർ : ബഹുമാനപ്പെട്ട ശ്രീ. പത്മരാജൻ വക്കീൽ അവതരിപ്പിച്ച ബഡ്ജറ്റിനെ സംബന്ധിച്ച് ഞങ്ങൾ ആക്ഷേപം പറഞ്ഞപ്പോൾ അത് അങ്ങേക്കും ഗുണകരമായി ഭവിക്കും എന്ന് അറിഞ്ഞുകൂടേ ? അങ്ങയെപോലെ നല്ലൊരു ധനകാര്യ മന്ത്രിയായിരുന്ന ആൾ മറ്റാരാണുള്ളത്.

ശ്രീ. കെ. ചന്ദ്രശേഖരൻ : താങ്കൾ തന്നെയായിരിക്കുമോ അത് അവതരിപ്പിക്കുന്നത് ?

ശ്രീ. തച്ചടി പ്രഭാകരൻ : അത് തെരഞ്ഞെടുപ്പിനുശേഷം യു. ഡി. എഫ്. തീരുമാനിക്കും. അവർ തന്നെയായിരിക്കും ഇവിടെ അവതരിപ്പിക്കുന്നത്. എന്തെല്ലാം രീതിയിലുള്ള പ്രതിസന്ധിയാണ് ഗവൺമെന്റ് അധികാരം ഏറ്റെടുത്തപ്പോൾ ഉണ്ടായത്. ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ മുഖമുദ്രയായി കാണാൻ കഴിയുന്നത് യാതൊരു രീതിയിലുമുള്ള ബാനുകളും ട്രഷറിയുടെ പേമെന്റിൽ ഉണ്ടാകാതിരുന്നുവെന്നുള്ളതാണ്. അതാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടവും. 28.8 കോടി രൂപയുടെ കമ്മിയാണ് ഈ ഗവൺമെന്റ് പ്രഖ്യാപിച്ചത്. ചാരായ നിരോധനം വഴി 300 കോടി രൂപയുടെ കമ്മി നമ്മുടെ റവന്യൂവിൽ വന്നിട്ടുപോലും 28.8 കോടി രൂപയുടെ കമ്മി മാത്രമാണുള്ളത്.

ശ്രീ. ലോനപ്പൻ നമ്പാടൻ : കേരളത്തിൽ സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കണമെന്ന അഭിപ്രായം അങ്ങേക്കുണ്ടോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ആദ്യപടി എന്ന നിലയിൽ ചാരായവും, അടുത്ത പ്രാവശ്യം കള്ളും അതിന്റെ അടുത്ത പ്രാവശ്യം ഫോറിൻ ലിക്വറും നിരോധിക്കും.

മി. സ്പീക്കർ : തച്ചടി പ്രഭാകരൻ ഇത് താത്വികമായി അംഗീകരിക്കുന്നുണ്ടോ ?

ശ്രീ. തച്ചടി പ്രഭാകരൻ: അതെ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പത്മകുമാർ : ഭരണ കക്ഷിയിലെ ഒരു മെമ്പർ സംസാരിക്കുക്കുമ്പോഴും ഭരണ കക്ഷിയിലെ മുഴുവൻ മെമ്പർമാരും സഭ ബഹിഷ്കരിച്ചു പോകുന്നതു ഓർഡറിലാണോ ?

മി. സ്പീക്കർ : ബഹിഷ്കരിച്ചതല്ല, കാപ്പി കുടിക്കാനൊക്കെ പോയതാണ്.

ശ്രീ. എ. പത്മകുമാർ.—ഇനി ശ്രീ. ടി. കെ. ഹംസ സംസാരിക്കാൻ തുടങ്ങുമ്പോഴും ഞങ്ങളൊക്കെ അപ്പുറത്ത് പോയി ഇരിക്കേണ്ട സ്ഥിതിയിലാണ്.

മി. സ്പീക്കർ : സഭ എന്നു പറഞ്ഞാൻ എല്ലാവരും ഉണ്ട്.

ശ്രീ. തച്ചടി പ്രഭാകരൻ : നിങ്ങളും ഇപ്പുറത്തിരിക്കാൻ സ്വപ്നം കാണണ്ട, അത് സാദ്ധ്യവുമല്ല.

മി. സ്പീക്കർ : സഭ എന്നു പറഞ്ഞാൽ ഭരണകക്ഷിയും, പ്രതിപക്ഷവും ഒക്കെ ഉള്ളതാണ്. നമ്മളെല്ലാവരും കാവേത്തിന്റെ ഭാഗമാണ്. അതുകൊണ്ട് ഭരണ കക്ഷിയിൽ നിന്നും ഇത്ര ആളുകളും വേണമെന്നൊന്നുമില്ല.

ശ്രീ. ഒ. ഭരതൻ : ഇങ്ങനെയൊരു നിസ്സഹകരണവും, നിസ്സംഗതയും, ബഹിഷ്കരണവും അഭിമാനകരമാണോ ? കോൺഗ്രസ്സിന്റെ തലയെടുപ്പുള്ള ഏറ്റവും മൂത്ത ഒരു മെമ്പറല്ലേ അദ്ദേഹം ? ഈ നിയമസഭയിൽ തന്നെ എന്തെല്ലാം ചരിത്രം സൃഷ്ടിച്ചിട്ടുള്ള പാരമ്പര്യമായിരുന്നു ശ്രീ. തച്ചടിക്കുള്ളത്. എന്നിട്ട് ശ്രീ. തച്ചടി പ്രസംഗിക്കുമ്പോഴും മുഴുവൻ ആളുകളും ഒന്നടങ്കം ബഹിഷ്ക്കരിക്കുകയെന്നു പറയുന്നത് അപമാനകരമല്ലേ ?

മി. സ്പീക്കർ : അങ്ങനെ തച്ചടിയെ പ്രകോപിപ്പിക്കണ്ട. അംഗങ്ങൾ ഇവിടെ സജീവമായതുകൊണ്ട്, പല കാര്യങ്ങൾക്കും വേണ്ടി പോയിരിക്കുകയാണ്.

ശ്രീ. തച്ചടി പ്രഭാകരൻ : അപ്പുറത്തിരിക്കുന്ന 20-നു തുല്യമാണ് ഞങ്ങൾ 3 പേരും.

ശ്രീ. എ. പത്മകുമാർ : ഞങ്ങൾകൂടി ഭരണകക്ഷിക്കാർ കാണിച്ചതു പോലെ കാണിച്ചാൽ എന്തായിരിക്കും സ്ഥിതി ? സഭ നിർത്തിവയ്ക്കേണ്ടി വരില്ലേ?

മി. സ്പീക്കർ : തച്ചടിയോട് നിങ്ങൾ വളരെ മാന്യമായി പെരുമാറും എന്നറിയാം.

ശ്രീ. ലോനപ്പൻ നമ്പാടൻ : സ്കോച്ച് വിസ്കി ഉൾപ്പെടെയുള്ള വിദേശ മദ്യങ്ങൾക്ക് വിലകൂട്ടിയതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം എന്താണ് ? അനുകൂലമാണോ, പ്രതികൂലമാണോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ഗവൺമെന്റിന്റെ എല്ലാ നയങ്ങൾക്കും ഞാൻ അനുകൂലമാണ്. ശ്രീ. നമ്പാടൻ മാസ്റ്റർ ഇപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടിയിലാണ്. പണ്ട് ഒറ്റയാനായിട്ടിവിടെ നിന്നതാണ് ഇപ്പോഴും കോഴിക്കോട് കൃഷ്ണൻനായർ അനുഭവിക്കുന്ന ദുരിതം. ഇപ്പോൾ ശ്രീ. നമ്പാടൻ മാസ്റ്ററുടെ അടുത്തേക്ക് കൊണ്ടുതള്ളി. ആരെയൊക്കെയാണ് തള്ളിയത് ? ശ്രീ. എം. വി. രാഘവനെ തള്ളി. ഞങ്ങൾ ഒരു പ്രൊട്ടക്ഷൻ കൊടുത്തതു കൊണ്ട് പുള്ളി ഇവിടെയായി.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : തച്ചടിയുടെ പ്രധാനപ്പെട്ട പോയിന്റ്സ് പ്രസന്റു ചെയ്യുന്നതിനെ ഡിസ്റ്റർബ് ചെയ്യുകയാണ്. വഴങ്ങണ്ട, തുടങ്ങിക്കോളൂ.

ശ്രീ. തച്ചടി പ്രഭാകരൻ : ബഹുമാനപ്പെട്ട ചെയർ പറഞ്ഞതുപോലെ അതിന്റെ ഗൗരവത്തിൽ നിന്ന് കൂടുതൽ കൂടുതൽ ചോദ്യങ്ങളും ചോദിക്കുമ്പോൾ നമ്മളും അതിൽ നിന്നും വ്യതിചലിക്കുകയാണ്. ഈ ഗവൺമെന്റിന് അഞ്ചു വർഷം പൂർത്തിയാകുന്നതിന് രണ്ടു മാസമാണ് ഇനി അവശേഷിക്കുന്നത്. ശ്രീ. നരസിംഹറാവുവിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റു വന്നപ്പോൾ ഭൂരിപക്ഷം ഉണ്ടായിരുന്നോ ? വളരെ നിർണ്ണായകമായ ഭൂരിപക്ഷത്തോടുകൂടി എല്ലാവരുടേയും ആശങ്കകളും ദിവസമെന്നോണം അകറ്റി ശ്രീ. നരസിംഹറാവുവിന്റെ ഭരണം ഇന്നുനിലനിൽക്കുകയാണ്.

ശ്രീ. ഇ. പി. ജയരാജൻ: ലോകസഭയിൽ ഭൂരിപക്ഷം ഉണ്ടാക്കാൻ ലക്ഷക്കണക്കിന് ഉറുപ്പിക കൊടുത്ത് ഝാർഖണ്ഡ് മുക്തിമോർച്ച എം. പി. മാരെ വിലയ്ക്കെടുത്ത പ്രശ്നം ഇപ്പോൾ കോടതിയുടെ അന്വേഷണ പരിധിക്കകത്തു നിൽക്കുകയാണെന്നും, മുണ്ട എന്ന മറ്റൊരു എം. പി.യെ മൂന്നുറും മദ്യപിപ്പിച്ച് ഇൻഡ്യൻ പാർലമെന്റിന്റെ ജനാധിപത്യത്തെ അവഹേളിച്ചതും അങ്ങയുടെ പാർട്ടി നേതാവ് ശ്രീ. നരസിംഹറാവു ആണെന്ന് അങ്ങ് മറക്കുകയാണോ ?

ശ്രീ. തച്ചടി പ്രഭാകരൻ: വിലയ്ക്കു വാങ്ങാൻ പറ്റിയ ആളുകളാണ് പ്രതിപക്ഷത്തുള്ളത്. നിങ്ങളിൽ പലരേയും വിലയ്ക്കെടുത്തേനെ. ഞങ്ങൾക്ക് അതാവശ്യമില്ല. ഞങ്ങൾക്ക് മൃഗീയ ഭൂരിപക്ഷമാണ് 89, 90 പേർ ഞങ്ങളുണ്ട്. അഥവാ ഭൂരിപക്ഷം കുറഞ്ഞിരുന്നെങ്കിൽ ഞങ്ങൾക്ക് നിങ്ങളെ വിലയ്ക്കെടുക്കാൻ ഒരു പ്രയാസവും ഉണ്ടാവുകയില്ല. അതിന് പല അനുഭവങ്ങളും ഈ രാജ്യത്ത് ഉണ്ടായിട്ടുണ്ട്.

ശ്രീ. ഒ. ഭരതൻ: 35 വയസ്സിനും 55 വയസ്സിനും ഇടയിലുള്ളവർക്കു മാത്രമേ ടിക്കറ്റു കൊടുക്കൂ എന്നാണല്ലോ ഇന്നത്തെ പത്രത്തിൽ വന്നത്. ആ ഗണത്തിൽപ്പെടുമോ തച്ചടി ?

ശ്രീ. തച്ചടി പ്രഭാകരൻ : ഞാൻ പാർലമെന്റിൽ മൽസരിക്കുന്നില്ലല്ലോ ? ഞാൻ അസംബ്ലിയിലേക്കാണ് മൽസരിക്കുന്നത്.

മി. സ്പീക്കർ : തച്ചടിക്കിപ്പോഴും ഒരു 40 വയസ്സിന്റെ മനോഭാവമാണ്.

ശ്രീ. തച്ചടി പ്രഭാകരൻ : ചെറുപ്പക്കാരെ പ്രോൽസാഹിപ്പിക്കാനുള്ള നിങ്ങളാണ് ഈ കിഴവൻമാരെ പ്രോൽസാഹിപ്പിക്കുന്നത്. 85 വയസ്സായ ഇ. എം. എസ്. ഒക്കെ നിങ്ങളുടെ നേതാവായിരിക്കുന്നു. അദ്ദേഹത്തിന്റെ നിർദ്ദേശമാണ് ശ്രീ. ഭരതനടക്കമുള്ള ആളുകളും ഇപ്പോഴും സ്വീകരിക്കുന്നത്. നിങ്ങളും തല മുരടിച്ച ആളുകളുടേയും ഞങ്ങളും നല്ല ചെറുപ്പക്കാരുടേയും സമീപനമാണ് സ്വീകരിക്കുന്നത്. ഞാൻ അത്ര ചെറുപ്പമൊന്നാണും പറയുന്നില്ല. ഇനിയും 10, 23 വർഷംകൂടി ജീവിച്ചിരിക്കാൻ പോകുന്നു.

ശ്രീ. ഒ. ഭരതൻ : ഒരു പ്രസിദ്ധമായ കവിതയുണ്ട്. തല നരയ്ക്കുവതല്ലെന്റെ വാർദ്ധക്യം, തല നരയ്ക്കാത്തതല്ലെന്റെ യൗവനം. ആ കൂട്ടത്തിൽ പെട്ടതാണ് തച്ചടി.

ശ്രീ. തച്ചടി പ്രഭാകരൻ: സർ, എനിക്ക് എന്തായാലും കഷണ്ടിയില്ല. അൽപ്പം നര പ്രായമായിക്കഴിഞ്ഞാൽ ഉണ്ടാകില്ലേ ? അത് ബഹുമാനപ്പെട്ട ചെയറിനും അറിയാവുന്ന കാര്യമല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : മി. ഭരതനു് ഇതു് രണ്ടും ബാധകമല്ലല്ലോ.

ശ്രീ. തച്ചടി പ്രഭാകരൻ : സർ, കഷണ്ടിയുള്ളവരെയാണു് സൂക്ഷിക്കേണ്ടതു്. ഭരതേട്ടനു് കഷണ്ടിയാണു്. എന്തായാലും സുപ്രീംകോടതി രക്ഷപ്പെടുത്തിയതു കൊണ്ടു് ഇവിടെ വന്നു് ഇരിക്കാൻ പറ്റി. അതു് പോകട്ടെ. ഞാൻ പറഞ്ഞു വന്നതു്.....

ശ്രീ. എം. വിജയകുമാർ : സർ, അങ്ങു് ഇപ്പോഴം തെരഞ്ഞെടുപ്പിനെ കുറിച്ചാണല്ലോ പറയുന്നതു്. തെരഞ്ഞെടുപ്പ് ലെ ഏറ്റവും പ്രധാനപ്പെട്ട വിഷയം പാരായ നിരോധനമാണു്. പാരായ നിരോധനത്തെ സംബന്ധിച്ചു് അങ്ങയുടെ കായംകുളം നിയോജകമണ്ഡലത്തിലെ കാമ്പയിൻ നയിക്കേണ്ടതു് അങ്ങാണല്ലോ. അങ്ങനെ അങ്ങയുടെ നേതൃത്വത്തിൽ ഒരു കാമ്പയിൻ നയിച്ചാൽ മദ്യനിരോധനത്തെക്കുറിച്ചു് ജനങ്ങളുടെ പ്രതികരണം എന്തായിരിക്കുമെന്നു് ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. തച്ചടി പ്രഭാകരൻ : സർ, ശ്രീ. എം. വിജയകുമാറിനു് ഒരു സംശയവും വേണ്ട. ഞങ്ങളുടെ നിയോജക മണ്ഡലത്തിലെ ബഹുഭൂരിപക്ഷി വരുന്ന സ്ത്രീകളും വീട്ടമ്മമാരും ശ്രീ. ആൻറണിയുടെയും ഈ ഗവൺമെൻറിനേറയും നയത്തെ വളരെയധികം സ്വാഗതം ചെയ്യുകയാണു്. അവരെല്ലാം ഞങ്ങൾക്കു് വോട്ടു് ചെയ്യും. അതാണു് ഞങ്ങൾക്കു് അടുത്ത തെരഞ്ഞെടുപ്പിലെ ഏറ്റവും പ്രധാനമായ ഒരു ഘടകം. ശ്രീ. എം. വിജയകുമാറിനു് അതിൻറെ ദോഷം വരാൻ പോകുന്നതേയുള്ളു. അതുകൊണ്ടു് സൂക്ഷിച്ചിരുന്നോളു.

സർ, ഞാൻ പറഞ്ഞുവന്നതു് ഈ ഗവൺമെൻറു് 5 വർഷം അധികാരത്തിലിരുന്നതിനുശേഷം, കേന്ദ്ര ഗവൺമെൻറിൻെറ മുന്നിൽ സമർപ്പിക്കാൻവേണ്ടി പ്ലാൻ ഡിസ്കഷനു് പോയപ്പോഴം അന്തസോടുകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ധനകാര്യ വകുപ്പുമന്ത്രിക്കും തിരിച്ചുവരാൻ കഴിഞ്ഞു. കാരണം നമ്മുടെ സംസ്ഥാനത്തിൻെറ റിസോഴ്സസു് 300 കോടി രൂപ പാരായത്തിൽ നിന്നു് നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽപോലും നമ്മുടെ സംസ്ഥാനത്തെ റിസോഴ്സസു് വർദ്ധിപ്പിക്കുന്നതിനുവേണ്ടി കുടിശ്ശിക പിരിക്കുന്ന കാര്യത്തിലും മറെറല്ലാ കാര്യത്തിലും ഈ ഗവൺമെൻറു് തീവ്രമായ ശ്രമമാണു് നടത്തിയതു്. അതുകൊണ്ടാണു് പ്ലാൻ ഡിസ്കഷനിൽ 8-ാം പഞ്ചവൽസര പദ്ധതിയിൽ നമ്മുടെ ഗവൺമെൻറു് കേന്ദ്രത്തിനും പ്ലാനിംഗു് കമ്മിഷനും സമർപ്പിച്ച പദ്ധതി അതേ രൂപത്തിൽ കേന്ദ്ര ഗവൺമെൻറും പ്ലാനിംഗു് കമ്മീഷനും അംഗീകരിച്ചു എന്നുള്ളതു് ഈ ഗവൺമെൻറിൻെറ അഭിമാനകരമായ നേട്ടമായി ചൂണ്ടി കാണിക്കാം. അങ്ങനെ ഓരോ രംഗം എടുത്തു് പരിശോധിച്ചാലും അതു് കാണാൻ കഴിയും.

സർ, വികസനരംഗം എടുത്തുനോക്കുകയാണെങ്കിൽ കാർഷികരംഗത്തു് സമൂലമായ മാറ്റമുണ്ടാകാൻ പോവുകയാണു്. കാർഷികരംഗത്തു് വിപ്ലവത്തരമായ മാറ്റങ്ങം ഈ സംസ്ഥാനത്തുണ്ടായി. ഇവിടെ രാവിലെ ആരോ പ്രസംഗിച്ചപ്പോഴം പറഞ്ഞു നെൽക്കൃഷി അപകടത്തിലാണെന്നു്. നെൽക്കൃഷി ആദായകരമല്ലാത്തതുകൊണ്ടു് നെൽക്കൃഷിക്കാരായ ആളുകം മററു് കൃഷിയിലേക്കു് പോകുന്നു.

സർ, കഴിഞ്ഞവർഷത്തെ ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ കണക്കനുസരിച്ചു് നാളികേര ഉൽപ്പാദനം 350 കോടിയാണു്. ഇന്നു് 500 കോടിയായി വർദ്ധിച്ചിരിക്കുന്നു. 150 കോടിയിലധികം നാളികേരം ഉണ്ടായതുകൊണ്ടു് ശരാശരി 3 രൂപയെങ്കിലും ഒരു കൃഷിക്കാരനു് ഒരു നാളികേരത്തിൽ നിന്നു് കിട്ടുമെങ്കിൽ എന്തൊരു അഭിമാനകരമായ നേട്ടമാണു് കാർഷികരംഗത്തു് ഈ ഗവൺമെൻറു് ഉണ്ടാക്കിയിട്ടുള്ളതു്. എല്ലാ രംഗത്തേയും കാര്യങ്ങം എടുത്തു് ദീർഘമായി പ്രസംഗിക്കാൻ ആഗ്രഹിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ, വ്യവസായ രംഗത്തിന്റെ കാര്യമെടുക്കാം. വ്യവസായികൾക്ക് കേരളത്തെക്കുറിച്ച് വളരെ മോശമായ ഒരഭിപ്രായം ഉണ്ടായിരുന്നത് എന്തു കൊണ്ടാണ്? ഇവിടെ തൊഴിലാളികൾ സമരം ചെയ്യുന്നു, വ്യവസായശാലകൾ അടച്ചുപൂട്ടുന്നു. ഇങ്ങനെയൊക്കെ ഉണ്ടായിരുന്ന ആക്ഷേപങ്ങൾക്ക് മാറ്റം വരുത്തിയതിന്റെ ഫലമായി ഒന്ന് രണ്ട് വർഷമായി വിദേശ വ്യവസായികൾ അടക്കം പുതിയ വ്യവസായികളെ ആകർഷിക്കാൻ കഴിയുന്ന വ്യവസായ സമാധാനാന്തരീക്ഷം കേരളത്തിലുണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു.

ശ്രീ. ഇ. പി. ജയരാജൻ : സർ, അങ്ങ് പറഞ്ഞല്ലോ കഴിഞ്ഞ നാലരവർഷത്തിനുള്ളിൽ വിദേശ വ്യവസായികളെ കേരളത്തിൽ ആകർഷിക്കാൻ കഴിഞ്ഞു എന്ന്. കഴിഞ്ഞ നാലരക്കൊല്ലത്തിനുള്ളിൽ വിദേശികളെ ആകർഷിച്ച് കേരളത്തിൽ ആരംഭിച്ച ഒരു വ്യവസായം, 1000 ഏക്കർ സ്ഥലത്ത് കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പിൽ സ്ഥാപിക്കുമെന്ന് പറഞ്ഞ കമ്പോത്ത് സെൻസർ നിങ്ങൾ ഉപേക്ഷിച്ചിരിക്കുകയാണ്.

ശ്രീ. തച്ചടി പ്രഭാകരൻ : ചില വ്യവസായങ്ങൾ അതിനുള്ള റാ മെറ്റീരിയൽസ് കിട്ടാതിരുന്നാൽ അടച്ചിരിക്കും. ഞാൻ പറഞ്ഞത് അതല്ല. പുതിയ വ്യവസായങ്ങൾ തുടങ്ങാൻ കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു വ്യാവസായിക സമാധാനാന്തരീക്ഷം ഉണ്ടായി എന്നാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിദേശികളെ ആകർഷിച്ചുവെന്ന് പറഞ്ഞു. എവിടെയെല്ലാം ഏതെല്ലാം വ്യവസായങ്ങളാണ് പുതിയതായിട്ട് തുടങ്ങിയതെന്ന് ഒന്ന് പറയാമോ ? അങ്ങയുടെ നിയോജകമണ്ഡലത്തിൽ പുതിയതായി തുടങ്ങിയ വ്യവസായം എന്താണെന്ന് പറയാമോ ? അവിടെ എത്രപേർക്ക് തൊഴിൽ കിട്ടിയെന്നുകൂടി പറയണം.

ശ്രീ. തച്ചടി പ്രഭാകരൻ : സർ, അത് ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. 6.82 ലക്ഷം ആളുകൾക്ക് പുതിയതായി തൊഴിൽ നൽകി തൊഴിലില്ലായ്മ പരിഹരിച്ചുവെന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. ഇത് ആധികാരികമായ രേഖയല്ലേ?

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, ഏതാണെന്ന് പറഞ്ഞില്ല.

ശ്രീ. തച്ചടി പ്രഭാകരൻ : സർ, മി. ലോനപ്പൻ നമ്പാടന് ആവശ്യമുണ്ടെങ്കിൽ ഞാൻ വ്യവസായ വകുപ്പുമന്ത്രിയുമായിട്ട് ചർച്ച ചെയ്ത് അതിനുള്ള പട്ടിക തയ്യാറാക്കി തരാനുള്ള ഏർപ്പാട് ചെയ്യാം. ഞാൻ വ്യവസായ വകുപ്പുമന്ത്രി അല്ലാത്തതുകൊണ്ട് ആ കാര്യത്തെക്കുറിച്ചുള്ള പട്ടിക എന്റെ കൈവശമില്ല. വ്യവസായരംഗത്ത് വിപ്ലവകരമായ ഒരു മാറ്റമാണ് ഉണ്ടായിട്ടുള്ളത്. അതിൽ പ്രതിപക്ഷത്തിന്റെ കൂടി സംഭാവനയുണ്ടെന്ന് ഞാൻ അംഗീകരിക്കുന്നു. എന്നും സമരം നടത്തുന്ന ആളുകളാണ് ശ്രീ. പിണറായിയുടെ കക്ഷി. ആ കക്ഷിയൊക്കെ ഇപ്പോൾ മാനംമര്യാദയോടെ സമരത്തിൽനിന്ന് ഒഴിഞ്ഞു നിൽക്കുന്നു എന്തുകൊണ്ട്? അവർ സമരം നടത്താൻ മുന്നോട്ടുപോയാൽ തൊഴിലാളികളെ കിട്ടുന്നില്ല. അതാണ് വസ്തുത. അതാണ് കേരളത്തിന്റെ പ്രത്യേകത. അതുകൊണ്ട് വ്യവസായരംഗത്ത് സമാധാനപരമായ ഒരന്തരീക്ഷം ഉണ്ടായത് ഭരണകക്ഷിയുടെ മാത്രം നേട്ടമായിട്ട് പറയുന്നില്ല. പ്രതിപക്ഷത്തിന്റെകൂടി നേട്ടമായി കാണുന്നു. പക്ഷേ ഇവിടത്തെ ഏറ്റവും വലിയ പ്രശ്നമെന്താണ് ? ഇവിടെ നോൺ പ്രൊഡക്ടീവ് പർപ്പസിനുവേണ്ട ചെലവുകൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അതിന് വിരാമമിടാൻ എങ്ങനെ സാധിക്കും? ഇവിടെ നോൺ പ്രൊഡക്ടീവ് പർപ്പസിന്റെ കാര്യം വരുമ്പോൾ ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം കൊടുക്കാതെ പറ്റുമോ ? കേന്ദ്രം ഒരു ഡി. എ. പ്രഖ്യാപിച്ചാൽ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെയും ഒരു ഡി. എ. കൊടുക്കാതിരിക്കാൻ നിർവ്വാഹമില്ല. അതൊക്കെ സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്നതാണ്. പക്ഷേ, അങ്ങനെ സാമ്പത്തിക ബാദ്ധ്യതയുണ്ടാകുമ്പോഴും പുതിയ തസ്തികകളുണ്ടാക്കാതെ, പുതിയ നിയമനങ്ങളുണ്ടാക്കാതെ മുന്നോട്ടു പോകുന്ന ഒരു സമീപനമുണ്ടാകണം. 8 മണിക്കൂർ ജോലി ചെയ്യാൻ ശമ്പളം കൂട്ടിക്കൂട്ടി വാങ്ങിക്കുന്ന ആളുകൾ ജോലി ചെയ്യുകയാണ് ആവശ്യം. ഈ സെക്രട്ടേറിയറ്റിന്റെ കാര്യമൊന്ന് പരിശോധിക്കാം. 11 മണിക്ക് എല്ലാവരും ചായ കുടിക്കാൻ പോയാൽ 12 മണി കഴിഞ്ഞാലും തിരിച്ചു സീറ്റിൽ വരില്ല. എന്നു പറഞ്ഞാൽ ചായകുടിക്കാൻ ഒരു മണിക്കൂർ. ഉച്ചയ്ക്ക് ഊണ് കഴിക്കാൻ സ്വാഭാവികമായി ഒരു മണിക്കൂർ എടുക്കുന്നതിൽ അവരെ കുറ്റം പറയാനില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരുമിരിക്കുന്ന സെക്രട്ടേറിയറ്റിൽ പോലും ഗവൺമെന്റ് കാര്യമായി നിയന്ത്രിക്കാൻ കഴിയുന്നില്ല. കാരണം, ഓരോ രാഷ്ട്രീയ കക്ഷിക്കും സെക്രട്ടേറിയറ്റിൽ അസോസിയേഷനുണ്ട്. അവരുടേതായ സംഘടനകളുണ്ട്. കോൺഗ്രസ്സിന്റെ ഭരണം പോയി, അല്ലെങ്കിൽ എൽ. ഡി. എഫ്.-ന്റെ ഭരണം പോയി, അല്ലെങ്കിൽ മറ്റേതെങ്കിലും ഭരണം വന്നാൽ അവരുടെ താല്പര്യത്തിന് അനുസരിച്ച് ഭരണസ്തംഭനം ഉണ്ടാകുന്നു. അതുകൊണ്ടാണ് അതിന് മാറ്റം വരുത്താൻ കഴിയാതിരിക്കുന്നത്. അത് ഗവൺമെന്റ് വളരെ ഗൗരവമായിട്ട് പരിശോധിക്കണം.

സർ, മറ്റൊരു കാര്യം എനിക്ക് സൂചിപ്പിക്കാനുള്ളത് നമ്മുടെ റവന്യൂ കുടിശ്ശിക വളരെ കൂടുതലായി നിലനിൽക്കുന്നു. റവന്യൂ കുടിശ്ശിക പിരിക്കാൻവേണ്ടിയുള്ള തീവ്രമായ ശ്രമം നടത്തി വരുമാനം വർദ്ധിപ്പിക്കണം. അതിലും കാര്യമായ പുരോഗതി ഉണ്ടായതായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസംഗത്തിൽ കാണുന്നില്ല. അതുപോലെ എക്സൈസ് കുടിശ്ശിക. തീവ്രയത്ന പരിപാടിയുടെ അടിസ്ഥാനത്തിൽ റവന്യൂ കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കണം. റീസോഴ്സസ് വർദ്ധിപ്പിക്കണം. അടുത്ത പ്ലാൻ ഡിസ്കഷനു പോകുമ്പോഴും നമ്മുടെ സംസ്ഥാനത്തിന്റെ റവന്യൂ കാര്യക്ഷമതയോടുകൂടി പിരിച്ചു എന്നുള്ള ആത്മവിശ്വാസത്തോടുകൂടിയായിരിക്കണം ഗവൺമെന്റ് മുന്നോട്ടു പോകേണ്ടത്. അങ്ങനെ പോയിക്കഴിഞ്ഞാൽ നമ്മുടെ പ്ലാൻ വിഹിതം വർദ്ധിപ്പിച്ചെടുക്കാൻ കഴിയും. 8-ാം പഞ്ചവൽസര പദ്ധതി അവസാനിക്കുന്നതിന് പരിമിതമായ ഒന്നോ രണ്ടോ വർഷങ്ങൾ മാത്രമേയുള്ളു. 9-ാം പഞ്ചവൽസര പദ്ധതിയിൽ നമുക്ക് കൂടുതലായി വിഹിതം കിട്ടണമെങ്കിൽ തീർച്ചയായും നമ്മുടെ റീസോഴ്സസ് വർദ്ധിപ്പിച്ച് കേന്ദ്ര ഗവൺമെന്റിനേയും പ്ലാനിംഗ് കമ്മീഷനേയും ബോദ്ധ്യപ്പെടുത്താൻവേണ്ട തീവ്രമായ ശ്രമം നടത്തണം. ഈ ഗവൺമെന്റിന്റെ അവസാനകാലത്ത് അത് ചെയ്താൽ നന്നാകുമെന്ന് എനിക്ക് തോന്നുന്നില്ല. എങ്കിലും ആ ഒരു ദീർഘവീക്ഷണത്തോടുകൂടിയ സമീപനമായിരിക്കണം ഈ ഗവൺമെന്റിന്റേതെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. ഈ ബഡ്ജറ്റിനെ ഒരിക്കൽകൂടി ഞാൻ പിന്താങ്ങുന്നു.

ശ്രീ. ടി. കെ. ഹംസ: സർ, ചെറുപ്പകാലത്ത് എറണാകുളത്തെ കായലിന്റെ വക്കത്തുള്ള പാർക്കിൽ ഇരുന്ന് ആ വെള്ളത്തിൽ നോക്കിയിട്ടാണ് ഞാനും ശ്രീ. തച്ചടിയുമൊക്കെ പ്രസംഗം പഠിച്ചത്. അതുപോലെ ബഹുമാനപ്പെട്ട ബഞ്ചുകളേ, ഡസ്ക്കുകളേ നിങ്ങൾ എല്ലാം ആവേശഭരിതരായി പ്രസംഗം കേൾക്കണമെന്ന ആമുഖത്തോടുകൂടിയാണ് ഞാൻ പ്രസംഗിക്കുന്നത്. ഇത്ര അപമാനകരമായ ഒരു സ്ഥിതിയുണ്ടോ? ഈ സഭ അഞ്ചാമത്തെ കൊല്ലം അവസാനിപ്പിക്കാൻ പോവുകയല്ലേ? ഭരണപക്ഷത്തുള്ള ഏതെങ്കിലും ഒരാൾക്കെങ്കിലും താൽപ്പര്യമുണ്ടോ? ബഡ്ജറ്റല്ലേ ചർച്ച

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നത്? ഇവിടെ ഗൗരവമായ ഒരു ചർച്ചയോ ഗൗരവമായ ഒരു അഭിപ്രായ പ്രകടനമോ നടക്കണ്ടേ? കാര്യമായ ഒരു പ്രസംഗം ഇന്നുണ്ടായത് ശ്രീ. തച്ചടിയുടേതാണ്.

ശ്രീ. എം. വിജയകുമാർ : ഫലപ്രദമായി കാര്യങ്ങൾ നടക്കുന്നുണ്ട്. ആകെ മൂന്നാഴ്ചക്കാലമേയുള്ളു.

ശ്രീ. ടി.കെ. ഹംസ : ഞാനതിന്റെ ഗൗരവം പറഞ്ഞതാണ്. നിങ്ങളുടെ ഭരണം അവസാനിക്കാൻ പോകുമ്പോൾ ബഡ്ജറ്റ് പ്രസംഗത്തിലെങ്കിലും . . . . . .

മി. സ്പീക്കർ : ഹംസയുടെ പ്രസംഗം കേൾക്കാനാളില്ലെങ്കിലും നന്നായിട്ട് പ്രസംഗിക്കാൻ അറിയാമല്ലോ ?

ശ്രീ. ടി. കെ. ഹംസ : അങ്ങ് കേൾക്കുമെന്ന് എനിക്കറിയാം. ഞാൻ ഉദ്ദേശിച്ച കാര്യം ബഡ്ജറ്റ് എന്നുപറയുമ്പോൾ നടപ്പുവർഷത്തെ സാമ്പത്തിക മാനേജ്മെന്റ് അതിനെ വിശകലനം ചെയ്തുകൊണ്ട് വരാനിരിക്കുന്ന കൊല്ലത്തെ ഭരണ സംവിധാനം സാമ്പത്തികമായിട്ട് എങ്ങനെ ക്രമീകരിക്കണം എന്നതാണ്. ആ അടിസ്ഥാനത്തിൽ നമ്മൾ ഭരണരംഗത്ത് ഓരോ മേഖലയിലും നടന്നിട്ടുള്ള നടപടിക്രമങ്ങൾ പഠിക്കണം. ഇപ്പോൾ ആശാവഹമായ പുരോഗതി എല്ലാ മേഖലയിലും കൊണ്ടുവന്നതിന്റെ അഭിമാനകരമായ നേട്ടമാണ് അവിടെന്ന് പറഞ്ഞ് കേട്ടത്. പക്ഷേ പത്ത് ആളുകൾക്കെങ്കിലും തൊഴിൽ കൊടുക്കുന്നതിന് ഒരു കമ്പനി ഇവിടെ കൊണ്ടുവന്നുവെന്ന് മുൻധനകാര്യമന്ത്രിക്കുപോലും പറയാൻ കഴിഞ്ഞിട്ടില്ല. ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ ഉണ്ടെന്നാണ് ശ്രീ. തച്ചടി പറഞ്ഞിട്ടുള്ളത്. എവിടെയുണ്ട്? ബഹുമാനപ്പെട്ട തൊഴിൽ വകുപ്പു മന്ത്രി ശ്രീ. ആര്യാടൻ പറഞ്ഞു പത്തുലക്ഷം പേർക്ക് പണി കൊടുത്തു എന്നാണ്. അതിനെന്താണ് കണക്ക് ? എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പത്തുലക്ഷം ആളുകളുടെ പേര് കാണുന്നില്ല. പേര് കാണാത്തവർക്കൊക്കെ പണി കിട്ടിയെന്നാണ് അവരുടെ കണക്ക്. "പൊട്ടൻ മമ്മദിന്റെ കണക്ക്" നാട്ടിലില്ലാത്തവരെല്ലാം സ്വർഗ്ഗത്തിലാണെന്നാണ് കണക്ക്. അല്ലാതെ ഒരു ചായ പീടികയിൽ ജോലി കൊടുത്തുവെന്നോ അല്ലെങ്കിൽ കച്ചവടത്തിന് ഇരുത്തിയെന്നോ എന്തെങ്കിലുമൊന്ന് പറയണ്ടേ ? കാർഷിക രംഗത്ത് നമ്മൾ പരിശോധിച്ച് നോക്കുമ്പോൾ കാർഷികരംഗം ശക്തിപ്പെടാതെ വ്യാവസായിക രംഗത്ത് ശക്തി ഉണ്ടാക്കാനെങ്ങനെ സാധിക്കും ? കാർഷികരാജ്യമായ ഇൻഡ്യയിൽ അതിന്റെ ഭാഗമായ കേരളത്തിൽ കാർഷിക വിളകൾക്ക് വില കിട്ടാനും അതിന് പ്രോൽസാഹനം നൽകാനുമുള്ള നടപടികളല്ലേ എടുക്കേണ്ടത് ? റാസവളത്തിന്റെ വില ക്രമാതീതമായി വർദ്ധിച്ചതോടുകൂടി ഇവിടത്തെ കൃഷിയെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. അതുപോലെതന്നെ പ്രോൽസാഹജനകമായിട്ടുള്ള ഏതെങ്കിലും വിധത്തിലുള്ള ഒരു നടപടി വേണ്ടേ ? 1991-ൽ ഇവിടെ ഒരു ധനകാര്യ വകുപ്പുമന്ത്രി ഉണ്ടായിരുന്നു, ശ്രീ. വിശ്വനാഥമേനോൻ. വ്യവസായമേഖലയിൽ നിന്നുണ്ടാകുന്ന ലാഭത്തിന് കേന്ദ്രത്തിന്റെ സെൻട്രൽ ഇൻകംടാക്സ് വരും. കാർഷിക മേഖലയിൽ നിന്നുണ്ടാകുന്ന ലാഭത്തിന് കാർഷികാദായ നികുതി വരും. ഇതു രണ്ടിനേയും സമതുലിതാവസ്ഥയിൽ നിറുത്തണമെന്നുള്ള ഒരു വീക്ഷണമായിരുന്നു അദ്ദേഹത്തിന് ഉണ്ടായിരുന്നത്. അത് ശ്ലാഘനീയമായ വീക്ഷണമായിരുന്നു. അതിന് ആവശ്യമായ നടപടിക്രമങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

1991-ൽ അവതരിപ്പിച്ച ബഡ്ജറ്റിൽ ആവിഷ്കരിക്കുകയുണ്ടായി. കേന്ദ്ര ഗവൺമെന്റ് അതിനുശേഷം കഴിഞ്ഞ അഞ്ചുകൊല്ലത്തിൽ ചില്ലറ മാറ്റങ്ങൾ സെൻട്രൽ ഇൻകംടാക്സിന്റെ പരിധിയിൽ വരുത്തുകയുണ്ടായി. സ്ലാബ് റേറ്റ് കൂട്ടി. അതുകൊണ്ട് ഇൻകംടാക്സ് കൊടുക്കുന്നതിൽനിന്ന് കുറെ ചെറുകിടക്കാർ ഒഴിവായി. അങ്ങനെ വ്യവസായരംഗത്ത് ചില ആനുകൂല്യങ്ങൾ കിട്ടിയെങ്കിലും കാർഷികരംഗത്ത് ഈ അഞ്ചുകൊല്ലക്കാലത്തിനിടയിൽ എന്ത് ചെയ്തു? ഏതെങ്കിലും ഒരൊറ്റ മാറ്റം 1991-ലെ ബഡ്ജറ്റിൽ പ്രസ്താവിച്ചതിനുശേഷം ഇതുവരെ ഉണ്ടായിട്ടുണ്ടോ? ഞാൻ ഒരു കണക്ക് പറയാം. 1994-95-ൽ ഒരു ലക്ഷം രൂപയുടെ വരുമാനം ഉണ്ടെങ്കിൽ സെൻട്രൽ ഇൻകംടാക്സ് 19,000 രൂപ കൊടുത്താൽ മതി. ഒരു ലക്ഷം രൂപയ്ക്ക് അഗ്രികൾച്ചറൽ ഇൻകംടാക്സ് ഈ കേരളത്തിന് 26,400 രൂപ കൊടുക്കണം. അഗ്രികൾച്ചർ ഇൻകംടാക്സിന്റെ തോത് സെൻട്രൽ ഇൻകംടാക്സിനേറ്തിന് തുല്യമാക്കാതെ വ്യവസായവും കൃഷിയും സമതുലിതത്തിൽ വരുത്തിയാൽ എങ്ങനെ? 1995-96-ൽ ഒരുലക്ഷത്തി ഇരുപതിനായിരം രൂപ വരുമാനമുണ്ടെങ്കിൽ ഇൻകംടാക്സ് 23,000 രൂപ കൊടുക്കണം. അതേ സംഖ്യക്ക് അഗ്രികൾച്ചറൽ ഇൻകംടാക്സ് എത്രയെന്ന് അറിയാമോ? 36,400 രൂപയാണ്. അപ്പോൾ കർഷകനെ നിങ്ങൾ സഹായിക്കുന്നുണ്ടോ? അതോ ദ്രോഹിക്കുന്നുണ്ടോ? ഈ കർഷക ദ്രോഹനയ. ടാക്സ് കാര്യത്തിൽ ഒഴിവാക്കണമെന്നാണ് ഞങ്ങൾക്ക് അഭ്യർത്ഥിക്കുവാനുള്ളത്. അതിനെക്കുറിച്ച് പഠിക്കണം. ഇനി എപ്പോഴാണ് നിങ്ങൾ പഠിച്ചിട്ട് നടപ്പാക്കാൻ പോകുന്നത്? 1991-ലെ ബഡ്ജറ്റിൽ തന്നെ ഞങ്ങൾ പറഞ്ഞു റബ്ബർ കൃഷിക്ക് മൂന്ന് ഹെക്ടറിനുതാഴെയുള്ളവർ ടാക്സ് കൊടുക്കണ്ടെന്ന്. അതിന്റെ റേറ്റ് ഇൻകംടാക്സിന് അനുസരിച്ച് മാറ്റുകയാണെങ്കിൽ റേറ്റ് ധാരാളം പ്രാവശ്യം മാറ്റണം. ഇപ്പോൾ മാറ്റിയിട്ടുണ്ടോ? അതുപോലെതന്നെ ഏറ്റവും ശ്ലാഘനീയമായ ഒരു നടപടി സ്വീകരിച്ചത് കോമ്പൗണ്ടിംഗ് സമ്പ്രദായമാണ്. 20 ഹെക്ടറിന് താഴെയുള്ള കർഷകർക്ക് കോമ്പൗണ്ട് ചെയ്യാനുള്ള നിർദ്ദേശം അതിനകത്ത് അംഗീകരിച്ചുകൊടുത്തു. അഞ്ചുകൊല്ലത്തിനിടയ്ക്ക് അത് ഫലപ്രദമായി നടപ്പാക്കാൻ അങ്ങ് ശ്രമിച്ചോ? കൃഷിക്കാർക്കും ഗവൺമെന്റിനും സൗകര്യമല്ലേ കോമ്പൗണ്ടിംഗ് സമ്പ്രദായം. അത് നടപ്പാക്കാൻ ശ്രമിച്ചിട്ടില്ല എന്നാണ് 'മനോരമ' എഴുതിയ ഒരു മുഖപ്രസംഗത്തിൽ പറയുന്നത്. അതു ഞാൻ വായിക്കാം. 'കേന്ദ്ര ആദായ നികുതികളെക്കാൾ എന്നും കൂടുതലായിരുന്നു സംസ്ഥാനത്തെ കാർഷികാദായ നികുതിയുടെ തോത്. ദീർഘകാലത്തെ നിവേദനങ്ങളുടെ ഫലമായി 1991-ൽ കാർഷികാദായ നികുതി നിയമം പരിഷ്കരിച്ച് ഏതാണ്ട് തുല്യത വരുത്തി.' ഇത് ആരാണ് വരുത്തിയത്? ഇടതുപക്ഷമുന്നണി ഗവൺമെന്റാണ് വരുത്തിയത്. അതുപോലെ നിരക്കുകളിൽ കേന്ദ്രം കുറവുവരുത്തിയെങ്കിലും സംസ്ഥാന നിയമത്തിൽ കാര്യമായ മാറ്റം ഉണ്ടായില്ല. ഇതു കർഷകനു പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് കർഷകൻ ഏറ്റവും അധികം സ്വാഗതം ചെയ്ത നടപടിയായിരുന്നു 1991-ലെ നിയമത്തിലെ കോമ്പൗണ്ടിംഗ് സമ്പ്രദായം. അവസാന നിമിഷത്തിലെങ്കിലും മലയാള മനോരമയ്ക്ക് ഇങ്ങനെ ഒന്ന് പറയുവാൻ തോന്നിയല്ലോ. 7-3-1995-ലെ മുഖപ്രസംഗമാണ് ഞാൻ വായിച്ചത്. അത്തരത്തിലുള്ള എന്തെങ്കിലും സഹായകരമായ ഒരു നിലപാട് കൃഷിക്കാരനു ഇന്ന് ഉണ്ടായിട്ടില്ല. അതുകൊണ്ട് കാർഷികരംഗത്തുള്ള സ്ഥിതി വളരെ ശോചനീയമായിട്ടാണിരിക്കുന്നത്. അതുപോലെ വ്യവസായരംഗത്തെക്കുറിച്ച് ഞാൻ പറയേണ്ടതില്ലല്ലോ. ഇനി വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് നോക്കാം. വിദ്യാഭ്യാസ രംഗത്ത് ഇവിടെ മന്ത്രിയുടെ പ്രസംഗത്തിൽ 33-ാമത്തെ പാരഗ്രാഫിൽ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിട്ടുള്ളത് വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായ പുരോഗതി 247 സ്വകാര്യ അൺഎയിഡഡ് സ്കൂളുകളും കൊടുത്തു എന്നതാണ്. സ്വകാര്യ അൺഎയിഡഡ് സ്കൂളുകളും കൊടുക്കാൻ സംസ്ഥാന ഗവൺമെന്റിന് എന്താണ് ചെലവ് ? സമൂഹത്തിലെ പ്രമാണിവർഗ്ഗത്തിന് വിദ്യാർത്ഥികളെ ചേർത്തും അദ്ധ്യാപകരെ നിയമിച്ചും കൈക്കൂലി വാങ്ങാനുള്ള സൗകര്യത്തിനുവേണ്ടി 247 അൺഎയിഡഡ് സ്കൂളുകളാണ് വിദ്യാഭ്യാസരംഗത്ത് ഉണ്ടാക്കികൊടുത്തത്. അങ്ങനെ വിദ്യാഭ്യാസരംഗത്ത് അഴിമതിക്കുള്ള കളമൊരുക്കികൊടുത്തിരിക്കുകയാണ്. അത് പരിയാരം മെഡിക്കൽകോളേജിലായാലും അൺഎയിഡഡ് സ്കൂളുകളിലായാലും ശരി. അദ്ധ്യാപകരെ ചേർക്കുന്നു, വിദ്യാർത്ഥികളെ ചേർക്കുന്നു, കാശ് വാങ്ങുന്നു. ഇത് വളരെ മോശമായിട്ടാണ് കൈകാര്യം ചെയ്യുന്നതെന്ന് ഞങ്ങൾ പറയുന്നു സർ? 247 സ്കൂളുകൾ അനുവദിച്ചതിൽ നിക്ഷിപ്ത താൽപ്പര്യങ്ങളുണ്ടെന്നു് ആരാണ് പറഞ്ഞത് ? ഏതാണ് നിക്ഷിപ്ത താൽപ്പര്യം ? സാമ്പത്തികം, സാമുദായികം, പക്ഷപാതപരം ഇത് പറയുന്നത് ആരാണെന്നറിയാമോ ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആൻറണി. കഴിഞ്ഞ ഫെബ്രുവരി 4-ാം തീയതിയിലെ മാതൃഭൂമിയിലാണ് ഇത് സംബന്ധിച്ചുള്ള വാർത്ത വന്നിട്ടുള്ളത്. അതിൽ ശ്രീ. ആൻറണി പറഞ്ഞതായി റിപ്പോർട്ട് ചെയ്തിരിക്കുന്നത് ഞാനിവിടെ വായിക്കാം. വളരെ രസകരമാണ് ശ്രീ. ആൻറണിയുടെ പ്രസ്താവന. "സംസ്ഥാനത്ത് അടുത്ത കാലത്ത് സ്കൂൾ അനുവദിച്ചതിൽ ചില നിക്ഷിപ്ത താൽപ്പര്യങ്ങളുള്ളതായി തനിക്ക് തോന്നിയിട്ടുണ്ടെന്ന് മുഖ്യമന്ത്രി ശ്രീ. എ.കെ. ആൻറണി പറഞ്ഞു. പ്രബലരായ പലരും സ്കൂളുകൾ പിടിച്ചുവാങ്ങിയെന്ന്". സ്കൂളുകൾ പിടിച്ചുവാങ്ങിയെന്ന് പറഞ്ഞാൽ എന്താണ് ? ഇത്തരത്തിലുള്ള ഒരു കച്ചവടമാ വിദ്യാഭ്യാസം ? പ്രബലരായ പലരും സ്കൂളുകൾ പിടിച്ചുവാങ്ങി എന്ന് ആരാണ് പറയുന്നത് ? നിങ്ങളുടെ മുഖ്യമന്ത്രി, ഒരു സംസ്ഥാനത്തിൻെറ മുഖ്യമന്ത്രി. ആ ഗവൺമെൻറിലെ വിദ്യാഭ്യാസ മന്ത്രി ആൻറണിയുടെ കൈയിൽനിന്നും പിടിച്ചുവാങ്ങിയെന്ന് നിസ്സഹായത പറയുകയാണോ ? ആരാണീ പ്രബലരായ പലരും ? പ്രമാണിമാർ പലരും പിടിച്ചുവാങ്ങിയെന്ന് ഞങ്ങൾ ആക്ഷേപം പറയുന്നതിനെക്കുറിച്ചല്ലേ തച്ചടി, നിങ്ങൾ പറയുന്നത് ? വിദ്യാഭ്യാസരംഗത്ത് നടന്നിട്ടുള്ള അഴിമതി ചൂണ്ടിക്കാണിക്കുമ്പോൾ ഞങ്ങൾ സ്വകാര്യ വിദ്യാഭ്യാസത്തെ എതിർക്കുകയാണ്. ഞങ്ങൾ സമുദായങ്ങൾ നടത്തുന്ന സ്ഥാപനങ്ങളെ തകർക്കുകയാണ് എന്നല്ലേ നിങ്ങളുടെ പ്രചാരണം ? മലബാർ ക്രിസ്ത്യൻ കോളേജിന് ഞങ്ങളെതിരല്ല, എൻ.എസ്.എസ്. കോളേജിന് ഞങ്ങളെതിരല്ല, എസ്.എൻ. കോളേജിന് ഞങ്ങളെതിരല്ല. പിന്നെ ഞങ്ങളെന്തിനാണ് എതിര് ? ഞങ്ങൾ കൈക്കൂലി വാങ്ങുന്നതിനാണ് എതിര്. ഞാൻ ഇതിന് എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും കാണിച്ചുതരാം. അദ്ധ്യാപകരെ നിയമിക്കാനും വിദ്യാർത്ഥികളെ ചേർക്കാനും കാശുവാങ്ങുന്ന ഉദ്യോഗസ്ഥൻമാർ, പ്രമാണിമാർ എന്നിവർ സ്കൂളുകൾ പിടിച്ചുവാങ്ങി എന്നാണോ നിങ്ങൾ പറയുന്നത് ? ചിലർക്ക് ഒന്നും കിട്ടിയില്ല. അത് പിന്നെ പിടിച്ചുപറി അങ്ങനെയല്ലേ ? പിടിച്ചുവാങ്ങാൻ കൈയ്യൂക്കുള്ളവർക്കല്ലെ പറ്റൂ. അതില്ലാത്തവർക്ക് കിട്ടുകയില്ല. ഇതാണ് മാതൃഭൂമിയിൽ വന്ന ശ്രീ. ആൻറണിയുടെ പ്രസംഗം. അപ്പോൾ പിടിച്ചുപറി നടക്കുമ്പോൾ ചിലർക്ക് കിട്ടും, ചിലർക്ക് കിട്ടുകയില്ല എന്നുള്ളത് സ്വാഭാവികമല്ലേ ? പിന്നെ ആൻറണി പറയുകയാണ്, സ്കൂളുകളുടെ വീതം വയ്ക്കലിനിടയിൽ ചെറിയ സമുദായങ്ങൾ ചതഞ്ഞമർന്നുപോയി" എന്ന്. നിങ്ങളുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് ഇതുപറയുന്നത്. അപ്പുറത്തിരുന്നുകൊണ്ട്. ശ്രീ. തച്ചടി ചിരിക്കുന്നതിൻെറ അർത്ഥം എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലാകുന്നുണ്ട്. പക്ഷേ അത് ഞാനിപ്പോഴും പറയുന്നില്ല. വീതം വയ്ക്കലിൽ ഏത് സമുദായമാണ് ഞെരിഞ്ഞമർന്നുപോയതെന്ന്. ശ്രീ. തച്ചടിക്ക് അറിയില്ലേ? ഇക്കാര്യങ്ങളും മുഖ്യമന്ത്രി ഒരു യോഗത്തിൽ പരസ്യമായി പ്രസംഗിക്കുകയാണ്. ഞാൻ ചോദിക്കട്ടെ, അദ്ദേഹത്തിന് മുഖ്യമന്ത്രിയായിട്ട് ഇരിക്കാനുള്ള അവകാശമുണ്ടോ? തന്റെ ഗവൺമെന്റ് 247 സ്ക്കൂളുകളും കൊടുത്തത് അത് കൊടുത്തതല്ല, കുളളൻമാർ പിടിച്ചു വാങ്ങിയതാണ്. അത് പക്ഷപാതപരമായിട്ടാണ് പിടിച്ചുവാങ്ങിയത്, അതിൽ ചെറിയ സമുദായങ്ങളും ഞെരിഞ്ഞമർന്നുപോയി എന്ന് മുഖ്യമന്ത്രി ശ്രീ. ആന്റണി ഇവിടെ പ്രസംഗിച്ചല്ലോ. ശ്രീ. സുജനപാൽ ഇത് ശ്രദ്ധിക്കണം. ഇത് നിങ്ങളുടെ മുഖ്യമന്ത്രി പറഞ്ഞതല്ലേ? നിങ്ങളുടെ മുഖ്യമന്ത്രിയുടെ പ്രസംഗമാണിത്. ഇതുപറഞ്ഞ് കഴിഞ്ഞ് പിറേറദിവസം വിദ്യാഭ്യാസമന്ത്രിയെ നിലയ്ക്ക് നിറുത്തണമെന്ന് പറയുന്നത് കേട്ടു. ആരാണ് ഇത് പറയുന്നത്? കോൺഗ്രസ്സിന്റെ അഖിലേന്ത്യാ സെക്രട്ടറി രമേഷ് ചെന്നിത്തലയാണ് പറയുന്നത്, അഖിലേന്ത്യാ തലയാണ് പറയുന്നത്, നമ്മുടെ നാടൻ തലയല്ല. അപ്പോഴും നമ്മുടെ വിദ്യാഭ്യാസരംഗത്ത് നടന്നിട്ടുള്ള കൊള്ളകളെക്കുറിച്ച് വിദ്യാഭ്യാസമേഖലയിലെ കച്ചവടത്തെക്കുറിച്ച് ചൂണ്ടിക്കാണിക്കുന്നത് യാഥാർത്ഥ്യമാണോ ഇല്ലയോ എന്നുള്ളത് പരിശോധിക്കേണ്ടതല്ലേ? വിദ്യാഭ്യാസമന്ത്രിയെ പിടിച്ചുകെട്ടണമെന്നാണ് പറഞ്ഞിരിക്കുന്നത്. ബഡ്ജറ്റ് പ്രസംഗത്തിൽ ക്രമസമാധാന നിലയെക്കുറിച്ച് പറയുന്ന ഒരു പാരാഗ്രാഫിലെ കാര്യംകൂടി പരാമർശിക്കട്ടെ. കഴിഞ്ഞ 5 വർഷക്കാലത്തിനിടയിൽ വർഗ്ഗീയ സംഘട്ടനങ്ങളും അതുമൂലമുള്ള കൊലപാതകങ്ങളും ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ഈ അഞ്ചുകൊല്ലക്കാലമാണ് കുറഞ്ഞതെങ്കിൽ പണ്ടത്തെസ്ഥിതി എന്താണിവിടെ തച്ചടി? അപ്പോഴും ഇവിടെ യഥാർത്ഥത്തിൽ കുറഞ്ഞതെന്താണ്? ഈ ഗവൺമെന്റിന്റെ കഴിഞ്ഞ 5 കൊല്ലക്കാലത്തിനിടയ്ക്ക് പാലക്കാട് മൂന്ന് സ്ഥലത്ത് വർഗ്ഗീയ സംഘട്ടനം ഉണ്ടായിട്ടില്ലേ? ജെയിനിമേട്, പുതിപ്പള്ളിത്തെരുവ്, മേപ്പറമ്പ് എന്നിവിടങ്ങളിൽ വർഗ്ഗീയ സംഘട്ടനമുണ്ടായിട്ടില്ലേ? അന്നല്ലേ നാലെണ്ണത്തെ വെടിവെച്ച് മൂലയ്ക്കലാക്കിയത്? സിറാജുന്നീസ എന്ന പെൺകുട്ടി മരിച്ചത്. അതുകഴിഞ്ഞപ്പോളല്ലേ കുറ്റ്യാടി വർഗ്ഗീയ സംഘട്ടനമുണ്ടായത്? അബൂബേക്കർ മാസ്റ്ററെ അറുത്തത്? അതുപോലെ ബീമാപള്ളിയിലെയും പൂന്തുറയിലെയും കാര്യം പറയാൻ മറന്നുപോയി? ബീമാപള്ളിയിൽ 18 ആളുകളും മരിച്ചില്ലേ? പൂന്തുറയിൽ 9 പേർ മരിച്ചു, ബാബറിമസ്ജിദ് പള്ളി പൊളിച്ചതിന്റെ പേരിൽ 18 എണ്ണം വീണ്ടും മരിച്ചു. ഇതെല്ലാം കരുണാകരന്റെ കാലത്താണെന്ന് പറയും ശ്രീ. ആന്റണി. എന്നാൽ ശ്രീ. ആന്റണിയുടെ കാലത്ത് വിഴിഞ്ഞത്ത് 8 പേർ മരിച്ചത് ഇപ്പോളല്ലേ? ശ്രീ. എ. കെ. ആന്റണി ഇവിടെ വന്നതിനുശേഷം രണ്ട് സമുദായങ്ങളും തമ്മിൽ വർഗ്ഗീയ സംഘട്ടനം ഉണ്ടായതിന്റെ ഫലമായിട്ടല്ലേ ഇത് ഉണ്ടായിട്ടുള്ളത്? ബീമാപള്ളി, പൂന്തുറ എന്നിവിടങ്ങളിൽ ഹിന്ദു-മുസ്ലീം വർഗ്ഗീയ സംഘട്ടനമായിരുന്നു നടന്നതെങ്കിൽ വിഴിഞ്ഞത്ത് മുസ്ലീങ്ങളും ക്രിസ്ത്യാനികളും തമ്മിലായിരുന്ന വർഗ്ഗീയ സംഘട്ടനമുണ്ടായത്. രണ്ടെണ്ണം ആദ്യം അവിടെ മരിച്ചപ്പോഴും ഞങ്ങൾ പറഞ്ഞതാണ് ഒന്നുകിൽ പോലീസ് ബന്തവസ്സ് ഏർപ്പെടുത്തണം, അല്ലെങ്കിൽ ആ സമുദായങ്ങളെ രമ്യതയിൽ കൊണ്ടുവരണമെന്ന്. എന്നിട്ട് ഇത് രണ്ടും ചെയ്തോ നിങ്ങൾ? നിങ്ങൾ ഇവിടെ കാലുവാരുക, ക്രൂശിക്കുക, ഉറൂസ് കാക്കുക ഇതല്ലേ ചെയ്തുകൊണ്ടിരിക്കുന്നത്. കരുണാകരൻ മേൽപ്പോട്ട്, ആന്റണി കീഴ്പോട്ട് ഇതല്ലേ പണി? ഇതല്ലേ ഇവിടെ നടന്നത്. ആ സമയത്തല്ലേ ഇവിടെ വിഴിഞ്ഞത്ത് ആറെണ്ണം മരിച്ചുവീണത്? എന്നിട്ട് ഈ ബഡ്ജറ്റ് പ്രസംഗത്തിൽ ശ്രീ. പത്മരാജൻ

LIBRARY ARCHIVES Kerala Legislative Assembly

എഴുതിവച്ചിരിക്കുകയാണ്‌ വർഗ്ഗീയ സംഘട്ടനങ്ങൾ ഗണ്യമായി കുറഞ്ഞുവെന്ന്‌. അപ്പോൾ ഇത്‌ ഏറിയാൽപ്പിന്നെ നമ്മുടെ നാടിന്റെ സ്ഥിതിയെന്താണ്‌ ? ബഹുമാനപ്പെട്ട തച്ചടി, നാലരക്കൊല്ലക്കാലം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്‌ ഈ കേരളം ഭരിച്ചല്ലോ, ഒരൊറ്റ വർഗ്ഗീയസംഘട്ടനത്തിലോ പോലീസ്‌ വെടിവയ്പ്പിലോ രണ്ടാൾ മരിച്ചുവെന്ന ഒരു സംഭവമെങ്കിലും ചൂണ്ടിക്കാണിക്കാൻ നിങ്ങൾക്ക്‌ കഴിയുമോ ? ഒറ്റൊന്നെങ്കിലും നിങ്ങൾക്ക്‌ പറയാമോ ? ഒറ്റൊന്ന്‌, രണ്ടാമതൊന്ന്‌ ഞാൻ നിങ്ങളോട്‌ ചോദിക്കുന്നില്ല. ഒറ്റൊന്ന്‌ ഉണ്ടായിട്ടുള്ളതായിട്ട്‌ നിങ്ങൾക്ക്‌ പറയാൻ കഴിയുമോ ? നിങ്ങളിവിടെ ഇങ്ങനെ വീമ്പിളക്കി ഇല്ലാത്ത വലിപ്പത്തരം പറഞ്ഞുകൊണ്ട്‌ പ്രസംഗിച്ചാൽ മാത്രം മതിയോ ? നിങ്ങൾ അധികാരത്തിൽ വരുമ്പോൾ മാത്രം ഈ വർഗ്ഗീയ സംഘർഷവും വെടിവെയ്പ്പും കൊള്ളയും കൊലയും കൊള്ളിവയ്പുമൊക്കെ വരാൻ എന്താണ്‌ കാരണം ?

ശ്രീ. കെ. ബാബു : ഒന്നുചോദിച്ചോട്ടെ.

ശ്രീ. ടി. കെ. ഹംസ : ഒന്നല്ല, രണ്ട്‌ ചോദിച്ചോ.

ശ്രീ. കെ. ബാബു : ബഹുമാനപ്പെട്ട ഹംസ മന്ത്രിയായിരുന്ന ഗവൺമെന്റിന്റെ കാലത്താണ്‌ മട്ടാഞ്ചേരി വർഗ്ഗീയ കലാപം ഉണ്ടായതെന്നും പിന്നീട്‌ വെടിവെയ്പ്പുണ്ടായതെന്നുമുള്ള കാര്യം അങ്ങ്‌ ഓർക്കുന്നുണ്ടോ ?

ശ്രീ. ടി. കെ. ഹംസ : ഞാൻ പറഞ്ഞത്‌ ഒരു രാജ്യത്ത്‌ രണ്ടാളുകൾ തമ്മിൽ ഉന്തും തള്ളും തർക്കവും ഉണ്ടായോ കൂടിയോ എന്നാണ്‌. ജാതിമത വിദ്വേഷമൊക്കെ ഉണ്ടാവും. ഞാൻ പറഞ്ഞത്‌ സംഘർഷങ്ങൾ, സംഘട്ടനങ്ങൾ, പോലീസ്‌ വെടിവയ്പ്പ്‌ അങ്ങിനെ രണ്ടോ നാലോ ആളുകൾ മരിച്ചതുപോലുള്ള ഒരു സംഭവമുണ്ടായിട്ടുണ്ടോ എന്നാണ്‌ ? അതുപോലെതന്നെ ഒരു സംഭവം ഇടതുപക്ഷജനാധിപത്യമുന്നണി ഭരിച്ച കാലത്തെങ്ങാനും കേരളത്തിലുണ്ടായിട്ടുണ്ടോയെന്നാണ്‌ ചോദിച്ചത്‌. ഞങ്ങൾ അത്‌ ഉണ്ടാവാൻ ഇവിടെ അനുവദിച്ചിരുന്നില്ല, എന്തെങ്കിലുമുണ്ടെന്ന്‌ കണ്ടാൽ അതിനെ മുളയിലെ നുള്ളും, അത്‌ തുടങ്ങുന്നതിനുമുമ്പുതന്നെ അടിച്ച്‌ പൂസ്സാക്കണം. ഇതൊക്കെ അങ്ങിനെയാണ്‌ എടുക്കുക. ഇവിടെ ബീമാപള്ളി, പൂന്തുറ സംഭവം നടന്നു. അന്ന്‌ 14 ദിവസം ഇവിടെ നമ്മൾ കാത്തിരുന്നില്ലേ ? ഒരാളെ പിടിച്ചാൽ ഈ മന്ത്രി വിടാൻ പറയും. മറേറ ആളെ പിടിച്ചാൽ മറെറാരു മന്ത്രി പറയും വിടാൻ. അങ്ങനെ ഇരുഭാഗത്തും മന്ത്രിമാരുണ്ട്‌. രണ്ട്‌ മന്ത്രിമാരെ ഇവിടെ നിയന്ത്രിക്കാൻ മുഖ്യമന്ത്രിക്ക്‌ വയ്യ. ജാതിക്കോമരങ്ങളുടെ കൂട്ടുകെട്ടാവുമ്പോഴുള്ള കുഴപ്പം ഇതാണ്‌. പക്ഷേ ഇതൊക്കെ ഇവിടത്തെ ജനങ്ങൾ വിലയിരുത്തിക്കൊള്ളും. എന്നാലും ഈ ബഡ്ജറ്റ്‌ പ്രസംഗ ബുക്കിൽ ഇത്‌ അടിച്ചുവയ്ക്കാൻ നിങ്ങൾക്കുള്ള കഴിവിനെക്കുറിച്ചാണ്‌ ഞാനാലോചിക്കുന്നത്‌. ക്രമസമാധാനനില ഇവിടെ വളരെ സുന്ദരമായിട്ട്‌ വന്നിരിക്കുന്നുവെന്നല്ലേ പറഞ്ഞിരിക്കുന്നത്‌. പക്ഷേ കുറഞ്ഞുവന്നിരിക്കുന്നതെന്താണെന്ന്‌ എല്ലാവർക്കുമറിയാം. ഞാൻ ബാക്കിയുള്ള കാര്യങ്ങളൊന്നും വിശദീകരിക്കുന്നില്ല. ഈ ബഡ്ജറ്റ്‌ ഒരു രാഷ്ട്രീയപ്രസംഗമെന്നല്ലാതെ സത്യസന്ധമായിട്ടുള്ള ഒരു കാര്യമെങ്കിലും നിങ്ങളിൽ അവതരിപ്പിച്ചിട്ടുണ്ടോ ? ഇതിനകത്ത്‌ നിങ്ങൾ 28.67 കോടി ഉറുപ്പികയുടെ കമ്മിയാണെന്നാണ്‌ പറഞ്ഞിരുക്കുന്നത്‌. അങ്ങനെയാണോ യഥാർത്ഥത്തിൽ ? നിങ്ങൾ പറഞ്ഞിട്ടുള്ള കമ്മി കേവലം 28.67 കോടി രൂപയാണ്‌. എന്നാൽ ഇവിടത്തെ പി.ഡബ്ലിയു.ഡി. യിലെ കരാറുകാർക്ക്‌ മാത്രം കൊടുക്കാനുള്ള കുടിശ്ശികയെക്കുറിച്ച്‌ നിങ്ങളെന്തേ ഒന്നും മിണ്ടാത്തത്‌ ? പി.ഡബ്ലിയു.ഡി.യിലെ കരാറുകാർക്ക്‌ കൊടുക്കാനുള്ള തുക

LIBRARY ARCHIVES Kerala Legislative Assembly

എത്രയാണെന്ന് ഇവിടെ ചോദിച്ചതിന് നിങ്ങൾ മറുപടിയായി എഴുതി തന്നിട്ടുണ്ട്, അതിൽ പറയുന്നത് 137,63, 25,000 ഉറുപ്പിക കൊടുക്കാനുണ്ടെന്നാണ്. നിങ്ങൾ ഇവിടെ അസംബ്ലിയിൽ തന്ന മറുപടിയിലാണ് ഇത് പറഞ്ഞിട്ടുള്ളത്. ഇത് കരാറുകാരുടെ കൂട്ടത്തിലുള്ള എല്ലാവർക്കും കൊടുക്കാനുള്ള സംഖ്യയല്ല, പബ്ലിക് വർക്സ് ഡിപ്പാർട്ടുമെന്റിന്റെ റോഡുകളുടേയും പാലങ്ങളുടേയും വിഭാഗത്തിൽപ്പെടുന്ന കരാറുകാർക്ക് മാത്രം കൊടുക്കാനുള്ളതാണ്. എന്നാൽ ഈ കണക്ക് എന്താണ് ധനകാര്യ മന്ത്രിയുടെ ബഡ്ജറ്റിൽ കാണാത്തത് ? കൊടുക്കാനുള്ളത് കൊടുക്കാതെ പിന്നെ എന്തിനാണ് നിങ്ങൾ മിച്ചവും കമ്മിയുമൊക്കെ കാണിച്ചിരിക്കുന്നത് ? ഇറിഗേഷന്റെ വിഭാഗത്തിൽപ്പെടുന്ന കരാറുകാർക്ക് കൊടുക്കാനുള്ള സംഖ്യ ഇക്കൂട്ടത്തിൽ പറഞ്ഞിട്ടില്ല. അതുംകൂടി എടുത്താൽ ഭീമമായ ഒരു സംഖ്യ അതിലും കൊടുക്കാൻ ബാക്കിയുള്ളതായിട്ട് കാണാൻ കഴിയും. ഇറിഗേഷന്റെ കണക്കുകൂടി നോക്കിയാൽ 400 കോടിയിലധികമാണ് നിങ്ങൾക്ക് കടബാദ്ധ്യതയുള്ളത്. പിന്നെ പെൻഷൻ കൊടുക്കാനായി ക്ഷേമനിധി പിരിച്ചതിൽ എത്രകോടി കൊടുക്കുന്നുണ്ട് ? പെൻഷനുവേണ്ടി പണം പിരിച്ചുവെങ്കിലും അതൊന്നും കൊടുക്കാൻ നിങ്ങൾ മിനക്കെടുന്നില്ലായെന്നുള്ളതല്ലേ വസ്തുത ? പെൻഷനുവേണ്ടി വാങ്ങിയതിൽ എത്ര കൊടുക്കാനുണ്ടെന്ന് അങ്ങേയ്ക്കറിയാമല്ലോ.

വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, ക്ഷയരോഗികളുടെ പെൻഷൻ, അഗതി പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മവേതനം ഇതൊക്കെ കോടിക്കണക്കിന് രൂപ കൊടുക്കാൻ നിങ്ങൾ ബാക്കിവച്ചിട്ടില്ലേ ? എന്നാൽ ഇതൊന്നും കണക്കിൽ പെടുത്താതെ നിങ്ങൾക്ക് മിച്ചമുണ്ടുപോലും. എവിടെനിന്ന് കിട്ടി നിങ്ങൾക്കീ മിച്ചം ? എന്നിട്ട് ഒടുവിൽ കമ്മിയെക്കുറിച്ച് പറയുമ്പോൾ പറയുന്നത് 28 കോടിയുറുപ്പിക കമ്മിയാണെന്നാണ്. നിങ്ങളിങ്ങനെ പറഞ്ഞാൽ ആരാണ് ഇത് വിശ്വസിക്കുക ? ഞാൻ ചോദിക്കട്ടെ, പഞ്ചായത്ത് തെരഞ്ഞെടുപ്പ് ഇവിടെ കഴിഞ്ഞിട്ട് എട്ടുമാസക്കാലമായില്ലേ ? എന്നിട്ട് നിങ്ങൾ പഞ്ചായത്തുകൾക്ക് കൊടുക്കേണ്ട സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിലെ വിഹിതത്തിൽനിന്നും ഒരു പൈസയെങ്കിലും അവർക്ക് ലഭ്യമാക്കിയോ ? അതുപോലെ ഭൂനികുതി, വാഹനനികുതി വിഹിതം, ഇതിലൊക്കെ അവർക്ക് ലഭിക്കേണ്ടതായിട്ടുള്ള വിഹിതത്തിന്റെ അൽപ്പമെങ്കിലും നിങ്ങൾക്ക് അവയുടെ പ്രവർത്തനത്തിനായി അനുവദിക്കാൻ കഴിഞ്ഞോ ? പഞ്ചായത്തുകളുടെ മൂന്ന് പ്രധാനപ്പെട്ട റവന്യൂവല്ലേ നിങ്ങൾ തടഞ്ഞുവച്ചിരിക്കുന്നത് ? ത്രിതല പഞ്ചായത്തുകൾക്ക് കൊടുക്കേണ്ട തുകയൊന്നുംതന്നെ നിങ്ങൾ കൊടുക്കുന്നില്ല. ജില്ലാപഞ്ചായത്തിനും ഗ്രാമപഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനും കൊടുക്കേണ്ട തുക നിങ്ങൾ അനുവദിക്കാത്തതുകൊണ്ട് അവയുടെ പ്രവർത്തനം തന്നെ വഴിമുട്ടി നിൽക്കുകയല്ലേ ഇവിടെ ? 150 കോടിയോളം രൂപ ജില്ലാപഞ്ചായത്തിനും ഗ്രാമപഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനുമായി നിങ്ങൾ കൊടുക്കാനില്ലേ ? എന്നിട്ടും നിങ്ങളെന്തേ അത് കൊടുക്കാത്തത് ? കൊടുത്തില്ലാ എന്നതുപോട്ടെ, എന്നാൽ അത് കൊടുക്കുന്നതിനുള്ള വിഹിതം നിങ്ങൾക്ക് ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാമായിരുന്നില്ലേ ? നിങ്ങൾ എന്താണ് ആ വിഹിതം ഉൾപ്പെടുത്താതിരുന്നത് ? മൂന്നുനാൽ മന്ത്രിമന്ദിരങ്ങൾ ഇവിടെ റിപ്പയർ ചെയ്തിട്ടുണ്ടല്ലോ ആ കരാറുകാരെ കൊണ്ടല്ലേ ഇവിടെ സെക്രട്ടേറിയറിനുമുന്നിൽ നിങ്ങൾ സമരം ചെയ്യിപ്പിച്ചത്. അവരുടെ പൈസ എന്തേ നിങ്ങൾ കൊടുക്കാത്തത് ? ഒന്നുമില്ലെങ്കിലും അവർ മന്ത്രിമാർക്ക് സുഖമായിട്ട് താമസിക്കാനായി മന്ത്രിമന്ദിരങ്ങൾ മോടിപിടിപ്പിച്ചവരല്ലേ ? അവരെ കണ്ടില്ലെന്ന് നടിക്കുന്നത് ശരിയാണോ ? മന്ത്രിമന്ദിരങ്ങളിലേക്ക് സോഫ, സോഫായുടെ

LIBRARY ARCHIVES Kerala Legislative Assembly

സീറ്റ് മാറ്റുക, കർട്ടൻമാറ്റുക, സുന്ദരമാക്കുക അതൊക്കെ ആരുടെ പൈസകൊണ്ടാണ് സുന്ദരമാക്കിയത്? നിങ്ങൾ കൊടുക്കാനുള്ള തുകയൊന്നും ആർക്കും കൊടുക്കുകയില്ല. ഇതൊക്കെ പിന്നെ നിങ്ങൾ ഏത് ബഡ്ജറ്റിൽ പ്രൊവിഷനുണ്ടാക്കിയിട്ടാണ് കൊടുക്കാൻ പോകുന്നത്? എന്നിട്ടിവിടെ വന്ന് വൻപിച്ച കടക്കെണി ഈ സംസ്ഥാനത്തുണ്ടാക്കിവച്ചശേഷം വീമ്പിളക്കികൊണ്ട് പറയുകയാണ്, കമ്മിയാണ് മിച്ചമാണ് എന്ന് കമ്മിയാണ് മിച്ചമാണ് എന്ന് മുൻപ് മാണി പറഞ്ഞതുപോലെ ഇറങ്ങിപ്പോകുന്നതിന് മുമ്പുള്ള മായാജാലപ്രകടനം. ഇതല്ലേ നിങ്ങളിവിടെ ബഡ്ജറ്റ് എന്നപേരിൽ കാട്ടിക്കൂട്ടിയിട്ടുള്ളത്? ഇവിടെ വന്ന് പറയുകയാണ് സാമ്പത്തികനില ഭദ്രം, ക്രമസമാധാനനില ഭദ്രം, എല്ലാം ഭദ്രം—മായാജാലം. ഒന്നും കൊടുക്കാതിരുന്നാൽ നിങ്ങൾക്ക് ഇവിടെ എല്ലാം ഭദ്രമാവുമല്ലോ. കൊടുക്കാനുള്ളതൊന്നും നിങ്ങൾ ആർക്കും കൊടുക്കാതെ കെട്ടി ഭദ്രമായിട്ട് വച്ചിരുന്നാൽ എല്ലാം ഭദ്രമാവുമല്ലോ. നിങ്ങൾ കഴിഞ്ഞ 5 വർഷക്കാലത്തിനിടയിൽ പത്ത് ഉദ്യോഗാർത്ഥികൾക്കെങ്കിലും ജോലി കൊടുത്തോ? പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കിയിട്ടുള്ള റാങ്കുലിസ്റ്റുകളിൽ പലതും കാലാവധി കഴിഞ്ഞ് ഇല്ലാതായിക്കഴിഞ്ഞില്ലേ? എത്രയെത്ര റാങ്കുലിസ്റ്റുകൾ നിങ്ങളുടെ കാലത്ത് ലാപ്സാക്കി? നിങ്ങൾ ആർക്കെങ്കിലും ഇവിടെ ഉദ്യോഗം കൊടുത്തോ? വിവിധ ഡിപ്പാർട്ടുമെന്റുകളിൽ പലവിധ തസ്തികകളിലേക്ക് വേക്കൻസികൾ നിലവിലുണ്ടെങ്കിലും നിങ്ങൾ അവ ഒന്നുംതന്നെ നികത്തുന്നില്ല. എന്തിന് കെ. എസ്. ആർ. ടി. സി. യിൽ കണ്ടക്ടർമാരായി പി.എസ്.സി. തെരഞ്ഞെടുത്തവർക്ക് നിങ്ങൾ ഇതുവരെ അഡ്വൈസ് മെമ്മോയെങ്കിലും കൊടുത്തോ? എന്തിനേറെ പറയുന്നു മരിച്ചവരുടെ ആശ്രിതർക്ക് കൊടുക്കേണ്ട ജോലിപോലും നൽകാതെ നിങ്ങൾ അവരെപ്പോലും വഞ്ചിക്കുകയും ബുദ്ധിമുട്ടിക്കുകയുമല്ലേ ചെയ്തുകൊണ്ടിരിക്കുന്നത്? മരിച്ചവരുടെ ആശ്രിതർക്ക് കൊടുക്കേണ്ട നിയമനംപോലും നടത്താത്ത നയമല്ലേ നിങ്ങളുടേത്? തൊഴിലില്ലാത്ത 10 ലക്ഷം പേർക്ക് തൊഴിൽ കൊടുത്തുവെന്നുപറഞ്ഞ് വീമ്പിളക്കുകയാണ്. നിങ്ങൾ ഈ വിധത്തിൽ കള്ളക്കണക്കുകൊണ്ട് കസർത്തുനടത്തി വരാൻപോകുന്ന തെരഞ്ഞെടുപ്പ് മുന്നിൽകണ്ടുകൊണ്ട് ഈ നാട്ടിലെ ജനങ്ങളെ വഞ്ചിക്കാനല്ലേ ഇത്തരമൊരു ബഡ്ജറ്റ് പ്രസംഗം ഇവിടെ നടത്തിയതെന്ന് ഞാൻ ചോദിക്കുകയാണ്.

സർ, കേരളത്തിലെ അഴിമതിയെ സംബന്ധിച്ച് ഇതിൽ നല്ലൊരു കാര്യം പറഞ്ഞിട്ടുണ്ട്. അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾക്ക് സർക്കാർ മുന്തിയ പരിഗണന കൊടുക്കും. ഏത് മുന്തിയ പരിഗണനയാണ്? ഇന്നലെ ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ഈ സഭയിൽ പറഞ്ഞത് എന്താണ്? ജീരകക്കച്ചവടത്തിൽ 3 കോടി രൂപ അഴിമതി കാണിച്ചവരെ താക്കീത് ചെയ്തുവെന്നാണ് പറഞ്ഞത്. ജീരകം സിവിൽ സപ്ലൈസ് വകുപ്പിൽ ആവശ്യമില്ലാതിരുന്ന സർപ്ലസ് സ്റ്റോറാക്കുള്ള സമയത്ത് വാങ്ങി മൂന്നുകോടി രൂപ അഴിമതി കാണിച്ചുവെന്ന് കേസിലെ ഉദ്യോഗസ്ഥൻമാരെ താക്കീത് ചെയ്ത് വിട്ടയയ്ക്കണമെങ്കിൽ അതിന് കൂട്ടുനിന്നവർക്ക് അതിൽ എന്തോ പങ്കുണ്ടെന്നല്ലേ അർത്ഥം? "വ്യക്തമായ താക്കീത് നൽകി" എന്നാണ് പറഞ്ഞത്. താക്കീത് കൊടുക്കുക, മയപ്പെടുത്തുക ഉഴിഞ്ഞ് വിടുക എന്നൊക്കെ പറഞ്ഞാൽ ഇത് സൃഷ്ടിക്കുന്നവന് അതിൽ പങ്കുണ്ടെന്നാണ് ഞങ്ങൾ മനസിലാക്കേണ്ടത്. ഇതൊരു ഒത്തുതീർപ്പാണ്. ഞാൻ ചോദിക്കട്ടെ, രണ്ട് കളവ് കേസിലെ പ്രതിയാണലോ ഈ മന്ത്രിസഭയിലെ ശ്രീ. ആർ. ബാലകൃഷ്ണപിള്ള, കേരളത്തിൽ കറൻറ് ഇല്ലാത്ത സമയത്ത് കേരളത്തിന്റെ കറൻറ് ബാറ്റൂരിലുള്ള ഒരു കമ്പനിക്ക് മറിച്ച് വിറ്റു. അതിന് കൈക്കൂലി വാങ്ങിയെന്ന കേസിൽ വിജിലൻസ് പോലീസ്.....

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. സി.വി. പത്മരാജൻ): സർ, ഇത് കോടതിയിൽ ഇരിക്കുന്ന കേസാണ്. അതിനെപ്പറ്റി ഈ സഭയിൽ പരാമർശിക്കുന്നത് ശരിയല്ല.

ശ്രീ. ടി. കെ. ഹംസ: ബഹുമാനപ്പെട്ട പത്മരാജൻ, അങ്ങയെക്കാൾ രണ്ടുകൊല്ലം കൂടുതൽ കോടതിയിൽ ഇരുന്നവനാണ് ഞാൻ. അത്തരത്തിലുള്ള വീമ്പൊന്നും പറയണ്ട. കേസിന്റെ മെറിറ്റിലേയ്ക്ക് ഞാൻ പോകുന്നില്ല.

മി. സ്പീക്കർ: ശ്രീ. ഹംസ കൊല്ലങ്ങളുടെ സീനിയോറിറ്റി മാത്രം പോരാ.

ശ്രീ. ടി. കെ. ഹംസ: കൊല്ലങ്ങൾ പോര, ബുദ്ധിയും വേണം, ബുദ്ധിയില്ലാത്ത പറച്ചിലാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. മന്ത്രി ആലോചിച്ചിട്ടില്ല. ഞാൻ കേസിന്റെ മെറിറ്റിലേയ്ക്ക് പോയില്ല. ശിക്ഷിക്കാൻ പോകുന്നുവെന്നോ വിടാൻപോകുന്നുവെന്നോ തെളിവുകളുടെ കാര്യമോ ഒന്നും പറഞ്ഞില്ല. വിജിലൻസ് പോലീസ് അന്വേഷണം നടത്തി ചാർജ് ഷീറ്റ് കൊടുത്തിട്ടുള്ളതാണ്. പ്രതിപക്ഷത്തുനിന്നോ എതിരാളികളാരെങ്കിലുമോ ഒരു പ്രൈവറ്റ് കംപ്ലെയിന്റ് കൊടുത്തതാണെങ്കിൽ മനസിലാകും. ഇത് അതല്ലല്ലോ ? ഈ സർക്കാരിന്റെ വിജിലൻസ് പോലീസ് അന്വേഷണം നടത്തിക്കൊടുത്ത ചാർജ് ഷീറ്റിലെ വിശദാംശമാണ് ഞാൻ പറഞ്ഞത്.

ശ്രീ. കെ. കൃഷ്ണൻ കുട്ടി: ബാംഗ്ലൂരിലെ അഞ്ച് കമ്പനികൾക്കെതിരായി വിജിലൻസ് കേസ് ചാർജ് ചെയ്തതിലും ശ്രീ. ബാലകൃഷ്ണപിള്ള പ്രതിയാണ്. ആ ഫയൽ ഇലക്ഷൻ കോപ്രമൈസിന്റെ പേരിൽ മുഖ്യമന്ത്രിയുടെ കൈയ്യിൽതന്നെ പൂഴ്ത്തിവെച്ചിരിക്കയാണ്. അതിലും നടപടി എടുത്തിട്ടില്ലെന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ ?

ശ്രീ. ടി. കെ. ഹംസ: മുഖ്യമന്ത്രി അതും അതിനപ്പുറവും. പൂഴ്ത്തിവയ്ക്കും. ഇപ്പോഴത്തെ അവസാനത്തെ കളിയാണ്. ശ്രീ. എ. കെ. ആന്റണി പറഞ്ഞിട്ട് പണ്ട് ഞാനും ശ്രീ. കൃഷ്ണൻകുട്ടിയുമൊക്കെ ബസിന് കല്ലെറിഞ്ഞിട്ടുണ്ട്. എറിയെടാ എന്ന് പറഞ്ഞു. ഞങ്ങൾ ബസിൽ എറിഞ്ഞുകൊടുത്തു. ഞങ്ങളുടെ വിചാരം രാജ്യം നന്നാകുമെന്നാണ്. കെ. എസ്. യു. വിൽ പ്രവർത്തിച്ചകാലത്തെ കഥയാണ് പറഞ്ഞത്. എറണാകുളത്തെ കെ.എസ്. യു. വിൽ പ്രവർത്തിച്ചിരുന്ന കാലത്ത് കൃഷ്ണൻകുട്ടിയും ഞാനും ശ്രീ. എ. കെ. ആന്റണി പറഞ്ഞിട്ടാണ് ബസിന് കല്ലെറിഞ്ഞത്. അപ്പോഴത്തെ ഞങ്ങൾക്ക് ബുദ്ധിയുണ്ടെങ്കിൽ എറിയുമോ ? ശ്രീ. എ. കെ. ആന്റണി നല്ലതാണെന്ന് വിചാരിച്ചിട്ട് എറിഞ്ഞതല്ലേ ? അന്ന് തുടങ്ങിയതാണ് ഈ ഏർപ്പാട്. അത് ഞാൻ ഇപ്പോഴത്തെ കൂടുതൽ വിശദീകരിക്കുന്നില്ല. ഏത് കള്ളനും കയ്യിട്ട് പിടിക്കും, ഏത് കൊലക്കുറ്റവും അദ്ദേഹം പൂഴ്ത്തിവയ്ക്കും. അദ്ദേഹത്തെ നിങ്ങൾക്ക് മനസ്സിലായിട്ടില്ല. ശ്രീ. കരുണാകരൻ തീയാണ്. ആന്റണി കാറ്റാണ്. കാറ്റിന്റെ ശക്തി ചിലപ്പോഴത്തെ തീക്ക് ഉണ്ടാവുകയില്ല. തീ ആളിക്കത്തണമെങ്കിൽ കാറ്റുവേണം. രണ്ടിന്റെയും ഫലം ഒന്നാണ്. ചുഴലിക്കാറ്റ് വന്നാൽ തകർന്നുപോകും. അതൊന്നും ഇവിടെ പറഞ്ഞിട്ട് കാര്യമില്ല. ഒരു കേസ് ഗ്രാഫൈറ്റ്. മറ്റൊന്ന്, ഇടമലയാർ. ഇടമലയാർ കേസിനെ സംബന്ധിച്ച് ഞാൻ എന്തിനാണ് പറയുന്നത് ? പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ജസ്റ്റീസ് സുകുമാരൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പോലീസ് അന്വേഷണം നടത്തി ചാർജ് ഷീറ്റ് തയ്യാറാക്കിയിട്ടുള്ള കേസിൽ മൂന്നുകോടി രൂപ കൈക്കൂലി വാങ്ങിയെന്നാണ് പറഞ്ഞിട്ടുള്ളത്. ഐ.പി.സി. 364 വകുപ്പ് ഏതാണെന്ന്

LIBRARY ARCHIVES Kerala Legislative Assembly

അങ്ങേയ്ക്കറിയാമല്ലോ ? Receiving illegal justification നിയമവിരുദ്ധമായി കൈക്കൂലി വാങ്ങൽ എന്നാണ് ഐ. പി. സി. 364-ാം വകുപ്പ് പറയുന്നത്. ശ്രീ. ബാലകൃഷ്ണപിള്ളയുടെ പേരിലുള്ള കേസ് ആ വകുപ്പുപ്രകാരമാണ്. ബാലകൃഷ്ണപിള്ള നിങ്ങളുടെ മന്ത്രിസഭയിലുള്ള ഒരംഗമായിരുന്നു.

സർ, കേന്ദ്രത്തിന്റെ ഹവാലയും ബനാത്തുവാലയും പറഞ്ഞ് നമ്മൾ എന്തിനാണ് നേരം കളയുന്നത്. നമ്മുടെ നാടൻ കള്ളൻമാരുടെ സ്ഥിതി എന്താണ് ? ഈ രണ്ട് കേസിലും പ്രതിയായിട്ട് പോലീസ് ചാർജ് ചെയ്തിട്ടുള്ള ശ്രീ. ഗോപാലകൃഷ്ണപിള്ളയെ ബുദ്ധിയുള്ളവനാണെങ്കിൽ പബ്ലിക് സർവ്വീസ് കമ്മിഷന്റെ ചെയർമാനാക്കുമോ ? രണ്ട് കള്ളവ് കേസുകളിൽ പ്രതിയായിട്ടുള്ള ശ്രീ. ഗോപാലകൃഷ്ണപിള്ളയെ ഒരു കോസി ജുഡിഷ്യൽ ബോഡിയുടെ ഹെഡ് ആയിട്ട്, ജഡ്ജായിട്ട് വയ്ക്കുമോ ? പി.എസ്.സിയിൽ തെരഞ്ഞെടുക്കുക എന്ന് പറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ് ? ഒരു ജഡ്ജ്മെന്റ് എഴുതാനുള്ള അധികാരം അദ്ദേഹത്തിനുണ്ട്, അദ്ദേഹത്തെ കേസിൽനിന്ന് ഒഴിവാക്കാൻവേണ്ടി അദ്ദേഹം സുപ്രീംകോടതി വരെ പോയില്ലേ ? പ്രതികളുടെ നിരയിൽനിന്ന് ഒഴിവാക്കികിട്ടണമെന്ന് പറഞ്ഞ് ഹൈക്കോടതിയിൽ കേസുകൊടുത്തു. ആ കേസും തള്ളി, സുപ്രീംകോടതിയിൽ കൊടുത്തു, ആ കേസും തള്ളി. അങ്ങനെയുള്ള ഒരാളെത്തന്നെ ചെയർമാനാക്കണമെന്ന് പറഞ്ഞാൽ ഈ മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയും കള്ളനെ കൂടപിടിക്കാൻ മടിക്കുമോ ? ഗവർണ്ണർക്ക് ഇത് കണ്ടപ്പോഴേ മനസിലായി. മൂപ്പർ ഇതിൽ പരിചയമുള്ള ആളാണല്ലോ ? അതിനെപ്പറ്റിയൊന്നും ഞാൻ ഇപ്പോഴേ പറയുന്നില്ല. ഹവാല ഗവർണ്ണർപോലും മടക്കിയ ഫയൽ. ഇതിൽ കൂടുതൽ എന്താണ് പറയുക ? അലക്കുകാരൻ വലിച്ചെറിഞ്ഞ മുണ്ടെടുത്ത് നിങ്ങൾ ഉടുക്കുമോ ? ആ ഗവർണ്ണർ ഒഴിവാക്കിയിട്ടുള്ള ഫയലിൽ ഗോപാലകൃഷ്ണപിള്ളയെ പിടിച്ച് പി. എസ്. സി. ചെയർമാനാക്കി. നാണക്കേട് എന്നല്ലാതെ ഇവരെപ്പറ്റി എന്താണ് പറയുക?

സർ, ഈ ബഡ്ജറ്റ് പ്രസംഗത്തിൽ മറ്റൊരു രസകരമായ സംഗതിയുണ്ട്. "ഈ ഗവൺമെന്റിന് പ്രശ്നങ്ങൾ മുൻകൂട്ടി കാണാനും അവ ഉണ്ടാകുമ്പോഴേതന്നെ പരിഹരിക്കാനും കഴിവുണ്ടെന്ന് പറയുന്നു" ഏത് പ്രശ്നമാണ് ധനകാര്യമന്ത്രി മുൻകൂട്ടി കണ്ടത്? തലയ്ക്ക് വെളിവുണ്ടെങ്കിൽ ശ്രീനാരായണ ഗുരു സമാധിമഠത്തിൽ പോലീസിനെ അയയ്ക്കുമോ? അങ്ങ് അല്ലേ ഇതിന് ഫണ്ട് പിടിച്ചുകൊടുത്തത് ? കോടതിവിധി നടപ്പാക്കിയെന്നാണ് പറഞ്ഞത്. നമ്മൾ രണ്ടുപേരും കോടതിയിൽ നിന്ന് വന്നവരല്ലേ? ഇങ്ങനെ പോലീസും പട്ടാളവും ചവിട്ടിമെതിച്ചിട്ട് ഏത് വിധിയാണ് നടപ്പാക്കിയിട്ടുള്ളത് ? കോടതിവിധി നടപ്പാക്കുന്നതിന് ചില മര്യാദകളും നിയമങ്ങളും സംവിധാനങ്ങളുമുണ്ട്. ശ്രീനാരായണഗുരുവെന്ന് പറഞ്ഞാൽ എല്ലാ സമുദായങ്ങളും ബഹുമാനിക്കുന്ന ഒരു മഹാനാണ്. അദ്ദേഹത്തിന്റെ സമാധിമഠത്തിലുള്ള വിളക്കിനെ അടിച്ചുമറിച്ചു. അതിന്റെയടുത്ത് ഭജിച്ചുകൊണ്ടിരുന്ന ശാശ്വതീകാനന്ദ സ്വാമികളെ അടിച്ചു. ഇപ്പോഴേ ഈ പ്രശ്നം തീർക്കാൻവേണ്ടി ഡൽഹിയിൽ ശ്രീ. കരുണാകരന്റെ കാലുപിടിക്കാൻ പോകുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ) : സർ, പോലീസ് ശാശ്വതീകാനന്ദ സ്വാമിയെ ചവിട്ടിയെന്നൊരു കേസുണ്ടോ ? ഇപ്പോഴാണ് അത് കേൾക്കുന്നത് ശ്രീ. ഹംസയ്ക്ക് അദ്ദേഹത്തോട് ഇപ്പോഴേ ബഹുമാനമാണെങ്കിൽ അങ്ങ് പറഞ്ഞത് ഞാൻ വിശ്വസിക്കാം.

ശ്രീ. ടി. കെ. ഹംസ : ഒരാളെ ചവിട്ടി, ഒരു സംഗതി നടന്നുവെന്ന രീതിയിൽ അനലൈസ് ചെയ്തിട്ടല്ല ഞാൻ പറയുന്നത്. ആ സംഭവത്തെ

LIBRARY ARCHIVES Kerala Legislative Assembly

അങ്ങയുടെ കൈയിൽ വയ്ക്കുകയാണ്. രാവിലെ എട്ടുമണിക്ക് രണ്ട് മൂന്ന് വാൻ പോലീസും പട്ടാളവും പോയി ആരാധനാലയത്തിൽ ഇത്ര ക്രൂരമായി പെരുമാറാൻ എന്തുണ്ടായി ? ശ്രീ. കരുണാകരന്റെ കാല് തച്ചൊടിക്കണമെന്ന് പറഞ്ഞയാളുകൾ ഇപ്പോൾ അതിൽനിന്ന് തലയൂരാൻ ഡൽഹിയിൽ പോയിട്ട് അദ്ദേഹത്തിന്റെ കാല് നക്കുകയല്ലേ ? കരുണാകരൻ പറഞ്ഞു, ഇവിടെനിന്ന് കാണാൻ പറ്റുകയില്ല. എടവണ്ണയിൽ വരൂ. പാലം ഉത്ഘാടനം ചെയ്യുന്ന സ്ഥലത്ത് എന്ന്. അവിടെപ്പോയി കാല് രണ്ടും പിടിച്ചു. പിന്നെ രാമനിലയത്തിൽ വരുവെന്ന് പറഞ്ഞു. അവിടെയും ചെന്നു പിന്നെ മകൾ പത്മജയുടെ വീട്ടിൽ ചെന്നിട്ട് ഉറക്കത്തിൽ വിളിച്ചു. കരുണാകരന്റെ കാല് പിടിക്കുന്നത് എന്തിനാണ് ? അത് നിങ്ങൾ തമ്മിൽ ആയിക്കോ ഞങ്ങൾക്ക് വിരോധമില്ല. പക്ഷെ, നിങ്ങൾ പ്രശ്നങ്ങളെ മുൻകൂട്ടി കാണുമെന്ന് പറഞ്ഞതാണ് എനിക്ക് മനസ്സിലാകാത്തത്. അതുപോലെതന്നെ നായർ സമുദായത്തെ ലോഹ്യമാക്കാൻവേണ്ടിയാണ് പ്രധാനമന്ത്രിയെ വിളിച്ചുകൊണ്ടുവന്നത്. പ്രധാനമന്ത്രിയെകൊണ്ടുവന്നിട്ട് മന്നത്ത് പത്മനാഭന്റെ സമാധിമഠത്തിലേക്കാണ് കൊണ്ടുപോയത്. കൊണ്ടുപോകുമ്പോൾ ശ്രീ. നാരായണപ്പണിക്കരോട് ഒന്നു ചോദിച്ചുകൂടെ ? ഞാൻ ഇപ്പോൾ ഗുരുവായൂരിൽപ്പോകുമ്പോൾ മുഹമ്മദ് ഹാജിയെയും കൂട്ടിപോയിട്ട് എന്താണ് കാര്യം ? ശ്രീ. ആൻറണിയേയും കൂടി പ്രധാനമന്ത്രി ശ്രീ.മന്നത്തുപത്മനാഭന്റെ സമാധിമഠത്തിലേക്ക് പോയിട്ട് എന്താണ് കാര്യം ? അവിടത്തെ ചിട്ടകളും കാര്യങ്ങളും നാരായണപ്പണിക്കർക്കല്ലേ അറിയൂ. ഞാൻ ഗുരുവായൂരിൽ പോകുമ്പോൾ മുഹമ്മദ് ഹാജിയെയും കൂട്ടി പോയാൽ അഹിന്ദുക്കൾ പോകാത്ത സ്ഥലത്തുപോയി ഊരയ്ക്ക് തല്ലുകൊള്ളണമല്ലോ ? അപ്പോൾ ഞാൻ എന്ത് ചെയ്യണം. ശ്രീ. നാരായണപ്പണിക്കരേയുംകൂട്ടി പോകണം. അപ്പോൾ അദ്ദേഹം പറയും, അവിടെ പോകണ്ട, ഇതിലെ പോയാൽ മതിയെന്നൊക്കെ. അതുപോലെതന്നെ മന്നത്തു പത്മനാഭന്റെ സമാധി സ്ഥലത്ത് കടക്കുമ്പോൾ നാരായണപ്പണിക്കർ പോകണ്ടേ ? ഈ ആൻറണിക്ക് എന്താണ് കാര്യം ? അതിന്റെ ഒരു രൂപമാണ് അവിടെ കണ്ടത്. നിങ്ങൾ കാര്യങ്ങൾ മുൻകൂട്ടി കണ്ടതാണ്. വല്ലാത്തൊരു ദീർഘവീക്ഷണം. വാസ്തവത്തിൽ റഷ്യയിലേക്ക് നിങ്ങളെ കുറച്ചുദിവസം കിട്ടിയിരുവെങ്കിൽ നിങ്ങളുടെ ആവശ്യം അവിടെയുണ്ടായിരുന്നു. പെരിസ്ട്രോതിക്ക പഠിപ്പിച്ചയാൾ ഇവിടെയുണ്ട്. മുൻധനകാര്യമന്ത്രി ഗോബർച്ചോവിനെ പെരിസ്ട്രോയിക്കയും ഗ്ലാസ്നോസ്റ്റും പഠിപ്പിച്ചത് ശ്രീ. കെ. എം. മാണി ആണല്ലോ ? അത് തീർന്നു. നിങ്ങൾ ദീർഘ വീക്ഷണത്തോടുകൂടി അവിടം നന്നാക്കിതന്നാൽ നമുക്ക് സന്തോഷമേയുള്ളൂ.

സർ, ഇലക്ട്രിസിറ്റിയിൽ നിങ്ങളുടെ ദീർഘവീക്ഷണം എന്താണ് ? കായംകുളം പദ്ധതിയും തൃക്കരിപ്പൂർ പദ്ധതിയും നിങ്ങൾ ലാപ്സാക്കികളഞ്ഞില്ലേ? ഈ അഞ്ചു കൊല്ലക്കാലംകൊണ്ട് അത് നേരെയാക്കിയെടുത്തിരുന്നുവെങ്കിൽ ഇന്ന് ഈ ഗതികേട് വരുമോ ? കോഴിക്കോട്, കാസറകോട്, ബ്രഹ്മപുരം തുടങ്ങിയ പദ്ധതികൾ തുടങ്ങിയിരുന്നെങ്കിൽ ആ നാട്ടുകാർ രക്ഷപ്പെടുമായിരുന്നുവെങ്കിൽ ആ നാട്ടുകാർ രക്ഷപ്പെടുമായിരുന്നു. നിങ്ങൾ പോകാൻ നേരത്തല്ലെ ബ്രഹ്മപുരത്തിന്റെ ടെണ്ടർ കൊടുത്തത്. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല. അതിൽ നിങ്ങൾ തമ്മിൽ ഒരു കേസ് നടക്കുന്നുണ്ട്. അതിന്റെ വിധി വരട്ടെ, ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് ഒരു കേസ് കൊടുത്തതാണെങ്കിൽ നമുക്ക് ഒന്ന് നോക്കാമായിരുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഏതോ ഒരു ഉദ്യോഗസ്ഥനെക്കൊണ്ടല്ലേ കേസ് കൊടുപ്പിച്ചത്. ഞങ്ങളൊക്കെ defamation കേസുകൾ കണ്ടിട്ടുള്ളത് aggrieved പാർട്ടി കൊടുത്തിട്ടുള്ളതാണ്. ശ്രീ. പത്മരാജൻ വ്യക്തിപരമായിട്ടും defamed ആണെങ്കിൽ the aggrieved party will file the complaint നിങ്ങൾ കൊടുത്തോ കംപ്ലയിൻറ്?

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ എന്താണ് കൊടുക്കാത്തത്? Malacious procecution-ന് കേസ് തിരിച്ച് വരുമ്പോൾ നഷ്ടത്തിൽനിന്ന് രക്ഷപ്പെടാൻ കള്ളകേസ് കൊടുത്താൽ കള്ള കേസാണെന്ന് പറഞ്ഞ് കോടതി തള്ളിയാൽ ശ്രീ. പത്മരാജന് എതിരായി malaciaous procecution വരും. അതിൽ നിന്ന് രക്ഷപ്പെടാൻ ഏതോ ഒരു ഉദ്യോഗസ്ഥനോട് കേസ് കൊടുക്കരുത് പറഞ്ഞു. കേസ് തോറ്റാൽ ഉദ്യോഗസ്ഥൻ തോറ്റു. ജയിച്ചാൽ ശ്രീ. പത്മരാജൻ ജയിച്ചു. പക്ഷെ, നിങ്ങൾ ബ്രഹ്മപുരം പദ്ധതി അഞ്ചുകൊല്ലം മുൻപ് തുടങ്ങിയിരുന്നുവെങ്കിൽ അതിൽനിന്ന് കറൻറ് ഉണ്ടാകുമായിരുന്നില്ലേ ഇപ്പോൾ ? കോഴിക്കോട് പദ്ധതി ഇനി പത്തുകൊല്ലം കഴിഞ്ഞാൽ തുടങ്ങുമോ ? കാസർഗോഡ് പദ്ധതി തുടങ്ങുമോ ? മൂന്ന് ഡീസൽ പദ്ധതിയും കുളത്തിലിറക്കി, രണ്ട് തെർമൽ പ്ലാൻറും കളത്തിലിറക്കി. എന്നിട്ട് ഇപ്പോൾ പറയുകയാണ് ദീർഘവീക്ഷണമെന്ന്, നിങ്ങളുടെ ദീർഘവീക്ഷണം നന്നായിട്ടുണ്ട്. ഇപ്പോൾ കറണ്ട് കട്ട് വന്നത് എന്തുകൊണ്ടാണ്? സാധാരണ കറണ്ട് കട്ട് വരുന്നത് വയലുകളും തോടുകളും പാടങ്ങളുമൊക്കെ വെള്ളമില്ലാതെ വറ്റി വരണ്ട് വരുന്ന മേയ് മാസം അവസാനമാണ്. ഇപ്പോൾ കറണ്ട് കട്ട് വന്നത് എപ്പോഴാണ്. ജനുവരിയിൽ 35, ഫെബ്രുവരിയിൽ 75 മാർച്ച് മാസത്തിൽ 150 ഏപ്രിലാകുമ്പോൾ 300 എന്നീ ശരാശരി നിരക്കിലാണ് കറണ്ട് കട്ട്. അമ്മി കൊത്താനുണ്ടോ ; അമ്മി കൊത്താനുണ്ടോ എന്ന് ചോദിക്കുന്നത് പോലെ മേയ് മാസത്തിൽ ഇലക്ഷൻ ചുട്ടും കുത്തിച്ചു പടിച്ച് വോട്ട് തരാമോ വോട്ടു തരുമോ എന്നു ചോദിക്കണം. ഇപ്പോൾ ജനുവരി മാസത്തിലാണ് 35% പവർ കട്ടും മൂന്നര മണിക്കൂർ ലോഡ് ഷെഡ്ഡും ഏർപ്പെടുത്തിയിരിക്കുന്നത്. കേരളത്തിൽ ഇതിനു മുൻപ് വരെ ഇങ്ങനെയുണ്ടായിട്ടുണ്ടോ ? ജൂൺ മാസം ഒന്നാം തീയതി മഴക്കാലം ആരംഭിക്കുന്നതിന് രണ്ടാഴ്ച മുൻപ് മേയ് മാസം 15-ാം തീയതി വരെച്ച വരും പവർ കട്ട് വരും. ഇവിടെ ജനുവരി മാസത്തിൽ പവർ കട്ട് വരാൻ കാരണം എന്താണ് ? നിങ്ങളുടെ ദീർഘവീക്ഷണം, വല്ലാത്ത വീക്ഷണംമൂലമാണ്. ഇടുക്കി റിസർവോയറിൽ മണൽ വന്നു നിറഞ്ഞിട്ട് ഏതെങ്കിലുമൊരു ഘട്ടത്തിൽ നിങ്ങൾ അതുനീക്കം ചെയ്തോ? റിസർവോയറിൽ വെള്ളം നിറയണമെങ്കിൽ അതിലുള്ള മണൽ ഒഴിവാക്കികൊടുക്കണ്ടേ ? ഈ അഞ്ചു വർഷമായിട്ട് നിങ്ങൾ അതു ചെയ്തോ ? നിങ്ങൾ അഞ്ചുവർഷമായിട്ട് യാതൊരു റിപ്പയറും ചെയ്തിട്ടില്ല. വെള്ളം ഒഴുകി വരുമ്പോൾ മണലും ഒഴുകി വരും. അതു നീക്കം ചെയ്യണ്ടേ ? റിസർവോയറിന്റെ ടണലിൽ ചോർച്ചയുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ റിപ്പോർട്ട് തന്നിട്ട് എത്ര കൊല്ലമായി. നിങ്ങൾ നോക്കിയോ ? അഞ്ചുകൊല്ലമായിട്ട് ചോർച്ചയെപ്പറ്റി നിങ്ങൾ ശ്രദ്ധിച്ചോ ? ഇക്കൊല്ലം വെള്ളം കൂടുതൽ ഒഴുകിപ്പോയി. മണലുള്ള ഭാഗത്ത് വെള്ളമില്ല. നിങ്ങളുടെ ദീർഘവീക്ഷണത്തോടെ നോക്കിയപ്പോൾ വെള്ളമുണ്ടെന്ന് തോന്നി. പക്ഷേ മണലായിരുന്നു അടിയിൽ. അതു നിങ്ങൾക്ക് മനസിലായില്ല. അതല്ലേ സത്യം? ബഹുമാനപ്പെട്ട പത്മരാജൻ പറയണം. ഇടുക്കിയിൽ 9 ജനറേറ്ററുകളുള്ളതിൽ എട്ടെണ്ണവും കേട് വന്നു കിടക്കുകയല്ലേ? മൂലമറ്റത്ത് എട്ട് ജനറേറ്ററും കേടല്ലേ? നിങ്ങൾ അതു റിപ്പയർ ചെയ്തോ, പൂഴി പിടിച്ചു കേടുവന്ന ആ ജനറേറ്ററുകൾ നന്നാക്കിയോ ? എത് എഞ്ചിനാണെങ്കിലും ഒരു കൊല്ലം കഴിയുമ്പോൾ ബ്രേക്ക് കൊടുത്ത് നന്നാക്കാറില്ലേ? ലോറി, ബസ്, കാർ, സിനിമാ മെഷനറി ഇതൊക്കെ അങ്ങനെയല്ലേ റിപ്പയർ ചെയ്യുന്നത്. കഴിഞ്ഞ അഞ്ചുകൊല്ലമായിട്ട് ഇടുക്കിയിലെ ജനറേറ്ററുകൾ റിപ്പയർ ചെയ്തിട്ടില്ല. ഇതാണു നിങ്ങളുടെ ദീർഘവീക്ഷണം. അതുകൊണ്ടാ ഇപ്പോൾ കറണ്ട് ഇല്ലാതെ വന്നത്. ഭിക്ഷകൊടുത്തില്ലെങ്കിലും പട്ടിയെ വിട്ട് കടിപ്പിക്കരുത് എന്നാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്. നിങ്ങൾ ഞങ്ങളെ കളിയാക്കുന്നുണ്ട്. അത് ഒഴിവാക്കിത്തരണം. ഇനി കറണ്ട് ഉണ്ടാവുകയില്ല

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ മിക്സി ഉപയോഗിക്കരുതെന്ന് പത്രങ്ങളിലൂടെ ഞങ്ങളോട് പറയുകയാണ്. പഴയ അമ്മിയും അമ്മിക്കുട്ടിയും തിരികെ എടുക്കണമെന്നാണ് പറയുന്നത്. നമ്മുടെ അമ്മിയും അമ്മിക്കുട്ടിയും എവിടെപ്പോയി എന്ന് ഞാൻ എന്റെ ഭാര്യയോട് ചോദിച്ചു. അളിയാ അതു പണ്ടേ അരച്ചരച്ച് കുഴിയായിട്ട് പട്ടിക്ക് കഞ്ഞികൊടുക്കാൻ വച്ചുകൊടുത്തു എന്ന് അവർ പറഞ്ഞു. എന്റെ വീട്ടിൽ അമ്മിയുമില്ല, മിക്സിയുമില്ല, നിങ്ങൾ എന്തിനാണ് ഞങ്ങളെ കളിയാക്കുന്നത്. ഇല്ലെങ്കിൽ ഇല്ലെന്നു പറഞ്ഞാൽ പോരേ ? ഫെബ്രുവരി 14-ാം തീയതി മാതൃഭൂമി പത്രത്തിൽ വന്ന ഒരു ചിത്രമുണ്ട്. ആ ചിത്രത്തിൽ അമ്മിയും അമ്മിക്കുട്ടിയുമുണ്ട്. നിങ്ങൾ ഇങ്ങനെ ആളെ കളിയാക്കരുത്. മുത്തശ്ശിക്ക് വെള്ളം ചൂടാക്കാൻ ഇനി ഹീറർ ഉപയോഗിക്കരുത്. കലത്തിൽ വെള്ളം വച്ച് ചകിരി ഉപയോഗിച്ച് വെള്ളം ചൂടാക്കണമെന്ന് ഞങ്ങളെ ഉപദേശിച്ചു. കറണ്ട് ഇല്ലെങ്കിൽ ഇസ്തിരി ഉപയോഗിക്കരുത്, പകരം ഷർട്ട് ശരിയായി മടക്കി തലയണ ചുവട്ടിൽ വച്ചിട്ട് കിടന്നാൽ മതി. നേരം വെളുക്കുമ്പോൾ ഇസ്തിരിയിട്ട മാതിരിയാകും, നല്ല കട്ടിയുള്ള ഖദറാകുമ്പോൾ രണ്ടാൾ കിടക്കേണ്ടിവരുമെന്ന വ്യത്യാസമേയുള്ളൂ. ഇനി ഇസ്തിരിപ്പെട്ടി വേണ്ട, ഷർട്ട് മടക്കി ബെഡ്ഡിന്റെ ചുവട്ടിൽ വച്ചു കിടന്നാൽ മതിയെന്നാണ് പറയുന്നത്. പണ്ട് ഞങ്ങളുടെ വാപ്പ പാള കൊണ്ടുള്ള വീശറി ഉപയോഗിക്കുമായിരുന്നു. അതുപോലെയുള്ള വീശറി വാങ്ങാൻ ബഹുമാനപ്പെട്ട പത്മരാജൻ ഞങ്ങളെ ഉപദേശിക്കുമായിരിക്കും. നിങ്ങളുടെ ദീർഘവീക്ഷണമാണ് ഞാൻ പറയുന്നത്. നിങ്ങളുടെ ദീർഘവീക്ഷണത്തെപ്പറ്റി കേന്ദ്ര മന്ത്രി പറഞ്ഞതു കേട്ടല്ലോ. കേരളത്തിൽ വൈദ്യുതിക്ഷാമമുണ്ടാകുമെന്ന് ഇവിടത്തെ ഭരണാധികാരികൾ മുൻകൂട്ടി കണ്ടിട്ടില്ല എന്നാണ് കേന്ദ്രമന്ത്രി ശ്രീ. പി. ജെ. കുര്യൻ പറഞ്ഞത്.

ശ്രീ. നാലകത്തു സൂപ്പി : കേരളത്തിൽ പത്തു കൊല്ലമേ കോൺഗ്രസിന്റെ വൈദ്യുതിമന്ത്രിമാർ ഉണ്ടായിരുന്നുള്ളൂ. ബാക്കി കാലങ്ങളിൽ സി.പി.ഐ.യും സി. പി. എം.-ഉം ആണ് ഇവിടെ ഭരിച്ചത്. അതുകൊണ്ട് ഇതൊക്കെ മുൻകൂട്ടി കാണേണ്ട ഉത്തരവാദിത്വം നിങ്ങൾക്കുമുണ്ടായിരുന്നു.

ശ്രീ. ടി. കെ. ഹംസ : ബഹുമാനപ്പെട്ട സൂപ്പി ചോദിച്ചതുകൊണ്ട് ഞാൻ വിശദീകരിക്കാം. പഴയ ചരിത്രത്തിലെ കാര്യങ്ങളൊക്കെ വച്ചുകൊണ്ടാണ് ഞാൻ ചോദിക്കുന്നത്. ഇവിടെ കറണ്ട് കട്ട് ഉണ്ടാകാറുണ്ട്. അത് മേയ് മാസത്തിലായിരിക്കും. ഇപ്പോൾ ജനുവരി മുതൽ കറണ്ട് കട്ടാണ്. ഇടുക്കി ഡാമിന്റെ റിസർവോയറിലെ ചോർച്ച നിങ്ങൾ നോക്കിയില്ല. ടണലിലെ മണൽ വാരി മാറ്റിയില്ല. ജനറേറ്റ് ചെയ്യുകയും നിങ്ങൾ റിപ്പയർ ചെയ്തില്ല. അതുകൊണ്ടാണ് നിങ്ങളുടെ ദീർഘവീക്ഷണത്തെപ്പറ്റി കേന്ദ്ര മന്ത്രി പറഞ്ഞത്. നിങ്ങളുടെ ക്രമസമാധാന വീഴ്ചയെപ്പറ്റി രണ്ട് വാക്കു കൂടി പറഞ്ഞുകൊള്ളട്ടെ. നല്ല ക്രമ സമാധാനമാണ്. നിയമസഭയിൽ തന്നിട്ടുള്ള കണക്കുണ്ട്. 22432 കൊല കൊള്ള 600 ബലാൽസംഗം. പട്ടാമ്പിയിൽ പോലീസ് കസ്റ്റഡിയിൽവെച്ച് അഞ്ച് മുസ്ലീം ലീഗുകാരെ വസ്ത്രാക്ഷേപം നടത്തിയെന്ന് പരാതി വന്നു. പട്ടാമ്പി പോലീസ് സ്റ്റേഷനിലാണ് സംഭവം. മുസ്ലീം ലീഗ് പഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റും ഊളിക്കടവ് ആക്ഷൻ കമ്മിറ്റി ജോയിന്റ് കൺവീനറുമായ ടി. കെ. മൊയ്തീൻകുട്ടി, മുസ്ലീം ലീഗ് ജില്ലാ സെക്രട്ടറിയും പട്ടാമ്പി പഞ്ചായത്ത് മെമ്പറുമായ ടി. എം. എ. കരീം, മണ്ഡലം സെക്രട്ടറി എ. പി. അബു, ജോയിന്റ് സെക്രട്ടറി റസാക്ക് തുടങ്ങിയവർ പട്ടാമ്പി പോലീസ് സ്റ്റേഷനിൽ ബന്ധപ്പെട്ടിട്ടും ഫലമുണ്ടായില്ല. അഞ്ചു മുസ്ലീം ലീഗുകാരെ കൊണ്ടുപോയി. വസ്ത്രാക്ഷേപം നടത്തി,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. ബാലൻ വൈദ്യർ : * * * * * * * *

ശ്രീ. ടി. കെ. ഹംസ : ആ ജാതി വർത്തമാനമൊന്നും പറയണ്ട. നിങ്ങളുടെ അഞ്ചു കൊല്ലത്തെ ദുർഭരണംകൊണ്ട് ജനങ്ങൾ പൊറുതി മുട്ടി. ഇലക്ഷൻ പ്രഖ്യാപനം വരുന്നതിന്റെ തലേന്ന് തറക്കല്ലിടുന്നു. നിങ്ങൾക്ക് അഞ്ച് കൊല്ലം മുൻപ് തറക്കല്ലിട്ടു കൂടായിരുന്നോ ? ഇത്തരം വിവരക്കേട് ലോകത്താരെങ്കിലും ചെയ്യുമോ ? ചാരായം കൊണ്ട് ചെപ്പടിവിദ്യ കളിച്ച് രക്ഷപ്പെടാം എന്നല്ലേ നിങ്ങൾ കരുതുന്നത് ? പഞ്ചായത്ത് തെരഞ്ഞെടുപ്പ് പ്രചരണം തുടങ്ങിയതിനുശേഷമാണ് നിങ്ങൾ രണ്ടുദിവസം സഭ വിളിച്ചുകൂട്ടിയത്. വളരെ ഗൗരവതരമായ ഒരു കാര്യമെന്നാണ് പറഞ്ഞത്, സംവരണ സംരക്ഷണ നിയമം പാസ്സാക്കണമായിരുന്നു. നിങ്ങൾ ആ നിയമം പാസാക്കിയില്ലെങ്കിൽ സംവരണം സംരക്ഷിക്കുകയില്ല എന്നുപറഞ്ഞ് നിങ്ങൾ പാസ്സാക്കിയല്ലോ. ആ നിയമം എവിടെപ്പോയി ? അതിന്റെ പേരിൽ വോട്ടു കിട്ടിയോ; സമുദായ സംരക്ഷണ നിയമം പാസ്സാക്കിയിട്ട് നിങ്ങൾക്ക് വോട്ട് കിട്ടിയോ ?

നിങ്ങൾ പറഞ്ഞല്ലോ മലപ്പുറം പഞ്ചായത്തിൽ ഞങ്ങൾ ആരെയൊക്കെയോ കൂട്ടുപിടിച്ചിട്ടാണെന്ന്. കോഴിക്കോട് കോർപ്പറേഷനിലോ? 50 സീറ്റിൽ 37 എണ്ണം ഇടതുപക്ഷം വാങ്ങിയല്ലോ.അത് എങ്ങനെയാണ്? കൂട്ടിയിട്ടാണോ? കോഴിക്കോട് ജില്ലാ കൗൺസിലിൽ 28 സീറ്റിൽ 27 സീറ്റും നമുക്ക്കിട്ടി. അത് എങ്ങനെ? കണ്ണൂർ ജില്ലാ കൗൺസിലിൽ എങ്ങനെ കിട്ടി ? അപ്പോൾനിങ്ങൾ ഒരുസംവരണ സമുദായസംരക്ഷണനിയമം പാസാക്കി ആളുകളെ പറ്റിക്കാമെന്ന് വിചാരിച്ചു കള്ളത്തരമൊക്കെ ജനങ്ങൾക്കറിയാം. തലേദിവസം രാത്രി പറയുകയാണ് ചാരായം കുടിക്കണ്ടെന്നേ. ചാരായം കുടിക്കണ്ട; കള്ള് കുടിക്കാൻ പാടില്ല. വിദേശമദ്യം എപ്പോഴാണ് നിർത്തലാക്കുന്നത്? കള്ള് എപ്പോഴാണ് നിർത്തലാക്കുന്നത്? കഞ്ചാവ് എപ്പോഴാണ് നിർത്തലാക്കുന്നത്? ചരസ് എപ്പോൾ നിർത്തലാക്കും ? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മലപ്പുറത്ത് 5 ബാർ അറ്റാച്ച് ഹോട്ടലിന് ലൈസൻസ് കൊടുത്തില്ലേ? അത് നിർത്തലാക്കാത്തത് എന്താണ്? കോഴിക്കോട് ബാർ അറ്റാച്ച്ഡ് ഹോട്ടലിന് ലൈസൻസ് കൊടുക്കുന്നില്ലേ? കള്ള് എന്ന് പറഞ്ഞാൽ എല്ലാ മദ്യവും ഒന്നല്ലേ ? ചാരായം നിർത്തലാക്കിയെന്നുപറഞ്ഞ് പ്രചരണം നടത്തി. അതുകൊണ്ട് ആ ഒറ്റമൂലി പ്രയോഗിച്ച് രക്ഷപ്പെടുമെന്ന് കരുതണ്ട. ഈ തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ തങ്ങൾ അധികാരത്തിൽവരുമെന്ന് അപ്പുറത്തുനിന്ന് പറയുകയാണ്. വരുമെന്ന് ഇടയ്ക്കിടക്ക് പറയുമ്പോൾ ഞങ്ങൾക്കൊരു സംശയം. ഇപ്പോൾ ശ്രീ. തച്ചടി പറയുകയാണ്, തീർച്ചയായിട്ടും ഞങ്ങൾ പുലിക്കുട്ടികളായി തിരിച്ചുവരുമെന്ന്. തച്ചടി, നിങ്ങൾ ഇങ്ങനെ പറയുമ്പോഴാണ് ഞങ്ങൾക്ക് സംശയം. നിങ്ങൾക്ക് എന്തോ ഒരു വിഷമം തോന്നിയിരിക്കുന്നുവെന്ന്. എന്നാൽ ബഹുമാനപ്പെട്ട തച്ചടി. നിങ്ങൾ ഇനി അധികാരത്തിൽ വരില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി മുഖ്യമന്ത്രി ഏപ്രിൽ 5-ന് സത്യപ്രതിജ്ഞ ചെയ്യും. ഉറപ്പാണ്. നിങ്ങൾക്ക് സംശയംവേണ്ട. ഞാൻ പറയുന്നത് ജയിക്കുമെന്നുള്ള 'മലർപ്പൊടിക്കാരന്റെ സ്വപ്നം കണ്ടിട്ടല്ല'. ജയിച്ച് നിങ്ങളുടെ മുൻപിൽ കാണിച്ച് തന്നിട്ടാണ് തിരുവനന്തപുരം കോർപ്പറേഷനിൽ ജയിച്ചു കാണിച്ചുതന്നു. തിരുവനന്തപുരം ജില്ലാകൗൺസിലിൽ ജയിച്ചുകാണിച്ചു തന്നു. കൊച്ചിൻ കോർപ്പറേഷനിൽ ജയിച്ചു കാണിച്ചുതന്നു. കൊച്ചിൻ ജില്ലാ കൗൺസിലിൽ ജയിച്ചു കാണിച്ചുതന്നു. അതുപോലെ കോഴിക്കോട് കോർപ്പറേഷനിലും കോഴിക്കോട് ജില്ലാ കൗൺസിലിലും ജയിച്ചു കാണിച്ചുതന്നു. മലപ്പുറത്ത് 5 മുനിസിപ്പാലിറ്റിയിലും 47

*** ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശാനുസരണം രേഖയിൽ നിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകളിലുമാണ് ജയിച്ചു കാണിച്ചുതന്നിട്ടുള്ളത്. സ്വർഗ്ഗവാസികളല്ല, മനുഷ്യൻവോട്ടുചെയ്തതാണ്. മഞ്ചേരിയിൽ ഇന്നലെ ജനതാദളിന്റെ ഒരു സമ്മേളനം നടന്നു. എന്തു സമ്മേളനമാണ്? നിങ്ങളം ഇപ്പോളം ഇടയ്ക്കിടയ്ക്ക് പറയുകയാണ്. അബികളുടെ കൈയിൽനിന്ന് ഒരു മാല കിട്ടും അടുത്തവർഷം വരും. വരുമെന്ന് 33 വട്ടമാണ് പറയുന്നത്. ലീഗുകാർ നിസ്കരിച്ചു കഴിഞ്ഞാൽ ഇങ്ങനെ അടുത്തവർഷം വരുമെന്ന് ചൊല്ലട്ടെ. നിങ്ങളം അടുത്തവർഷം അധികാരത്തിൽ വരില്ല. ഇങ്ങനെ വലിപ്പത്തിൽ പറയുന്നത് കേരംക്കുമ്പോഴാണ് നിങ്ങൾക്കുതന്നെ വിശ്വാസമില്ലെന്ന് മനസിലാക്കുന്നത്. ഇടതുപക്ഷജനാധിപത്യ മുന്നണി സത്യത്തിനും നീതിക്കും ന്യായത്തിനുംവേണ്ടി നിലകൊള്ളും. ഞങ്ങളം അധികാരത്തിൽ വന്നാൽ വർഗ്ഗീയ കോമരങ്ങൾക്ക് വളരാനും വികസിക്കാനും കളളത്തരം കാണിക്കാനും സൗകര്യം ചെയ്യുകയില്ല. സ്കൂളും കോളേജും ജാതി അടിസ്ഥാനത്തിൽ വീതിക്കുകയില്ല. അതൊക്കെ ജനങ്ങൾക്ക് മനസ്സിലായിട്ടുണ്ട്. നിങ്ങളം ബി. ജെ. പി. യെ കൂട്ടുപിടിച്ച് രാജീവ്ഗാന്ധിയെ വെടിവെച്ച് കൊന്നല്ലെ ജയിച്ചത്? ഇനി രാജീവ്ഗന്ധിയെ വെടിവയ്ക്കാൻ കിട്ടുമോ? ബി. ജെ. പി.യെ പിടിച്ച അനുഭവം അങ്ങേയ്ക്കറിയില്ലേ? ബേപ്പൂരും വടകരയും. ആരേയും കൂട്ട് പിടിക്കുകയെന്നുള്ള സംബ്രദായം നല്ലതല്ല.

ശ്രീ. പി. എം. മാത്യു : സർ, ഞങ്ങളുടെ കൺവീനർ പറഞ്ഞത് ആരേയു പിടിക്കുമെന്നല്ല. ആരുടേയും വോട്ടുപിടിക്കുമെന്നാണ്.

ശ്രീ. ടി. കെ. ഹംസ : സർ, അപ്പോളം അന്ന് നിങ്ങളം ജയിച്ചുവെന്ന് പറയുന്നത് രാജീവ് ഗാന്ധിയെ വെടിവെച്ചുകൊന്നിട്ടാണ്. ബി. ജെ. പി.യെ പിടിച്ചിട്ടാണ്. ബേപ്പൂരിലെ അനുഭവം കണ്ടാൽ ഈ ലോകത്തുനിന്ന് ഇനി പിടിക്കാൻ കഴിയുമോ? ബി. ജെ. പി., ലീഗ്, കോൺഗ്രസ് തുടങ്ങിയ കക്ഷികളുടെ വോട്ടു കൂട്ടിയാൽ 12,500 വോട്ടിന് തോറ്റ് തുന്നം പാടുന്നവനാണ് ഞാൻ. ആ പന്തണ്ടായിരത്തിനെ മറി കടന്നിട്ടാണ് 7500-ന് ജയിച്ചു പോന്നത്. മനസ്സിലായിട്ടുണ്ടോ? അപ്പോളം ആ കമ്പം മനസ്സിൽ വച്ചാൽ മതി. ബി. ജെ. പി.ക്ക് ഇപ്പോളം ശ്രീ. കരുണാകരന്റെ കാൽ പിടിക്കണ്ട. ബി. ജെ. പി.യെ പിടിച്ചാൽ മതി. പിന്നെയുള്ള കമ്പം എന്താണ്? ഇന്ദിരാഗാന്ധിയെ വെടിവെച്ചപ്പോളം 400 സീറ്റായി. രാജീവ്ഗാന്ധിയെ വെടിവെച്ചപ്പോളം 402 സീറ്റായി. ശ്രീ. നരസിംഹറാവു കോണിൽനിന്ന് വീണ് മൂക്ക്പൊട്ടി തലപൊട്ടിയാൽ ഒറ്റ വോട്ടു കിട്ടുമോ? ഏതെങ്കിലും ഒരു തെരഞ്ഞെടുപ്പിന് നിങ്ങളം ആ പണം പറ്റിയിട്ടുണ്ടോ? ഒറ്റപ്പാലത്ത് വലിയ തെരഞ്ഞെടുപ്പ് യുദ്ധം കഴിഞ്ഞു. എല്ലാവരുടേയും പണമുണ്ടായിരുന്നു. നരസിംഹറാവുവിന്റെ പണമുണ്ട്.

ശ്രീ. കൃഷ്ണൻ കണിയാം പറമ്പിൽ : സർ, ശ്രീ. നരസിംഹറാവുവിന്റെ ഫോട്ടോ.....

ശ്രീ. ടി. കെ. ഹംസ : സർ, ഈ മാതിരി ചോദ്യം എന്നോടുചോദിക്കരുത്. ഇത് നിയമസഭയാണ്. എന്റെ വീട്ടിൽ ശ്രീ. നരസിംഹറാവുവിന്റെ ഒരു പടം അയാളം കണ്ടിട്ടുണ്ട്. ഒരു ദിവസം അദ്ദേഹം എന്റെ വീട്ടിൽ ചായ കുടിക്കാൻ വന്നപ്പോളം അദ്ദേഹം ആ പടം കണ്ടു. അത് സത്യമാണ്. ഞാൻ എന്തിനാണ് ആ പടം കൊണ്ടുനടക്കുന്നതെന്ന് അദ്ദേഹത്തോട് പറഞ്ഞിട്ടുണ്ട്. എന്റെ

LIBRARY ARCHIVES Kerala Legislative Assembly

മകന്റെ കുട്ടി ക്ഷേണം കഴിക്കണമെങ്കിൽ ഈ പടം കാണിച്ചുകൊടുത്താൽ 5 മിനിറ്റുകൊണ്ട് ക്ഷേണം കഴിക്കും. അതാണ് ഈ പടം ഞാൻ എന്റെ വീട്ടിൽ വച്ചിരിക്കുന്നത്. ഈ പടം കണ്ടാൽ ഏത് കുട്ടികളും കരച്ചിൽ നിർത്തി, ഊണ് കഴിച്ച് കിടന്നുറങ്ങും. ആ തല കാണിച്ച് വോട്ടു പിടിക്കാം, ജാതിവർഗ്ഗീയത ഇളക്കിവിട്ട് വോട്ടുപിടിക്കാമെന്ന് നിങ്ങൾ വിചാരിക്കണ്ട, ഇടതുപക്ഷ ജനാധിപത്യമുന്നണി അത് എല്ലാം തട്ടിത്തകർത്തു കൊണ്ട് തിരിച്ചുവരും. അതൊരു സംശയവുമില്ല. ഈ വികലമായ, നിരർത്ഥകമായ സത്യവുമായി ബന്ധമില്ലാത്ത ആളുകളെ തെറ്റിദ്ധരിപ്പിക്കുന്ന കള്ള പ്രചരണത്തിന് ഊക്കുകൂട്ടാൻ പറ്റുന്ന ഈ ബഡ്ജറ്റിനെ ഞാൻ ശക്തിയായി എതിർത്തുകൊണ്ട് നിർത്തുന്നു.

മീ. സ്പീക്കർ : ശ്രീ. ടി. കെ. ഹംസ പ്രസംഗിച്ചപ്പോൾ ശ്രീ. ബാലൻ വൈദ്യർ നടത്തിയ പരാമർശം രേഖയിൽനിന്ന് നീക്കം ചെയ്തിരിക്കുന്നു. അത് പത്രങ്ങളിൽ പ്രസിദ്ധീകരിക്കാൻ പാടില്ല.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1996 മാർച്ച് 15-ാം തീയതി വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 5.47-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly